
275
OCTOBER 2019

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



വിദ്യാർത്ഥിപക്ഷ നിലപാടുകളും അനാവശ്യവിവാദങ്ങളും
വിദ്യാഭ്യാസത്തെ വെല്ലുവിളിക്കുന്ന നയരേഖ
നാരായണഗുരു: ഭാഷയുടെ ആധുനികതാദർശനം

## തളരുന്ന ഇന്ത്യൻ സാമ്പത്തിക രംഗം: വസ്തുതകളും യാഥാർത്ഥ്യങ്ങളും

# OCTOBER 2019

EDITORIAL BOARD

**Chief Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Design
**Jwala Creatives**
Ph: 9447853005


AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* 3
- *വിദ്യാർത്ഥിപക്ഷ നിലപാടുകളും അനാവശ്യ വിവാദങ്ങളും*
**ഡോ. പി.എൻ. ഹരികുമാർ** 4
- *വിദ്യാഭ്യാസത്തെ വെല്ലുവിളിക്കുന്ന നയരേഖ* 6
- *സ്മരണകൾ: എ.കെ.പി.സി.ടി.എ. ഒരവലോകനം*
**ആർ.ആർ.സി.** 11
- *തളരുന്ന ഇന്ത്യൻ സാമ്പത്തിക രംഗം വസ്തുതകളും യാഥാർത്ഥ്യങ്ങളും*
**ഷൈല ഹമീദ്** 22
- *ആത്മകഥയുടെ ശരീരം കാഴ്ചയുടെ ആനന്ദമാർഗ്ഗം*
**കെ.പി. ജയകുമാർ** 26
- *നാരായണഗുരു: ഭാഷയുടെ ആധുനികതാദർശനം*
**ഡോ. ബിനീഷ് പുതുപ്പണം** 35
- *ശാസ്ത്രജ്ഞരുടെ അന്ധവിശ്വാസങ്ങൾ*
**വൈശാഖൻ തമ്പി ഡി.എസ്.** 39
- *When it was Spring in the Pink City...*
**Sreelakshmi A.R.** 43
- *ജാതിസംസ്കാരം കേരളത്തിൽ*
**പ്രിയമോൾ പി.** 47
- *കഥകളിയും കവിതക്കളിയും*
**അനൂപ് വി.** 48
- *Occupational Health and Safety at Work Place*
**Dr. Raji Prasad G.V.** 53
- *ബക്രതിനും രംഗഭാഷയും*
**ഡോ. സ്മിത ജി. നായർ** 57
- *സർവ്വീസ് സെൽ*
**ജോജി അലക്സ്** 63

എഡിറ്റോറിയൽ



# വ്യാജവാർത്തകളുടെ പുകമറയ്ക്കുള്ളിൽ

രണ്ട് തവണ ചാൻസലേഴ്സ് അവാർഡ് നേടുക, നാക് അക്രെഡിറ്റേഷനിൽ എ ഗ്രേഡ് നേടുക, എൻഐആർഎഫ് റാങ്കിങ്ങിൽ ഇന്ത്യയിൽ മുപ്പത്തിനാലാം റാങ്ക് കരസ്ഥമാക്കുക, പിജി തലത്തിൽ ഓൺലൈൻ ചോദ്യപേപ്പർ വിതരണ സമ്പ്രദായം ആദ്യമായി സംസ്ഥാനത്തെ സർവകലാശാലകളിൽ നടപ്പിലാക്കി വിജയിപ്പിക്കുക, ബിരുദ ബിരുദാനന്തര സിലബസ് കൃത്യമായി പരിഷ്കരിക്കുക, എല്ലാ പരീക്ഷകൾക്കും വേണ്ടി വിപുലമായ ചോദ്യ ബാങ്ക് തയ്യാറാക്കുക, സർവകലാശാലയിലെ എല്ലാ സാമ്പത്തിക ഇടപാടുകളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക, അക്കാദമിക് വർഷത്തിന്റെ തുടക്കത്തിൽ തയ്യാറാക്കുന്ന കലണ്ടർ പ്രകാരം പരീക്ഷകളും ഫലപ്രഖ്യാപനവും നടത്തുക, സുതാര്യവും വിദ്യാർത്ഥി സൗഹൃദവുമായ പ്രവേശന നടപടികൾ നടപ്പിലാക്കുക, മുഴുവൻ അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലവും സമഗ്രവുമായ മൂല്യനിർണയ ക്യാമ്പുകൾ നടത്തുക. ഈ പറഞ്ഞത് ഒന്നും ഒരു പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ അല്ല. ഇത് മധ്യകേരളത്തിലെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിൽ നിർണ്ണായകസ്ഥാനത്ത് നിൽക്കുന്ന മഹാത്മാഗാന്ധി സർവകലാശാല പോയ മൂന്നരവർഷം കൊണ്ട് നടപ്പിലാക്കി വിജയിപ്പിച്ച പദ്ധതികളുടെയും അതിന്റെ ഫലമായി ലഭിച്ച പുരസ്കാരങ്ങളുടെയും രത്നച്ചുരുക്കമാണ്.


കാര്യങ്ങൾ വ്യക്തമാണ്. ഒരു സർവകലാശാല ഈ തരത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന എന്നതല്ല പ്രശ്നം. അതിൽ വിളറിപിടിച്ചവർ നടത്തുന്ന ദുഷ്പ്രചരണം എന്ന് ചെറുതായി കാണുകയും വയ്യ. ഇത് ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തോടോ, ആ വകുപ്പ് കാര്യക്ഷമമായി നയിക്കുന്ന നേതൃത്വത്തോടോ ഉള്ള അസഹിഷ്ണുത അല്ല. ഇത് കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളും അവരുടെ സാമ്പത്തിക പിണിയാളുകളും ചേർന്ന് നടപ്പിലാക്കിയ കൃത്യമായ തിരക്കഥ തന്നെ ആണ്. ഇതിൽ വിദ്യാർത്ഥി ഇല്ല, അവരുടെ കാതലായ പ്രശ്നം ഇല്ല. ഉള്ളത് കെട്ടിച്ചമച്ച വാർത്തകൾ തങ്ങൾ ആഗ്രഹിക്കുന്ന പ്രകാരം പൊതുജന മധ്യത്തിലേക്ക് തുടർച്ചയായി എത്തിക്കുകയും മറുപക്ഷത്തിന് പറയാനുള്ള ജനാധിപത്യ അവകാശത്തെപോലും നിഷേധിക്കുകയും ചെയ്യുക എന്ന വിഷലിപ്തമായ മാധ്യമപ്രവർത്തനമാണ്.

ചർച്ചകളുടെ അജണ്ട മുൻപേ നിശ്ചയിച്ചുകഴിഞ്ഞു മാധ്യമങ്ങൾ. അവർ പടയൊരുക്കം നടത്തി. തങ്ങൾക്ക് ആവശ്യമുള്ള ആളുകളെ മുൻകൂട്ടി നിശ്ചയിച്ചു. അന്തിചർച്ചകളിൽ ആധികാരികം എന്ന വ്യാജേന വളച്ചൊടിച്ച് സംസാരിക്കാൻ പഴക്കം ചെന്നവരുടെ ഇടയിലേക്ക് നീതിയുക്തവും സത്യസന്ധവുമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യു മാത്രം ശീലമുള്ള അക്കാദമിക് വ്യക്തിത്വങ്ങളെ എറിഞ്ഞുകൊടുത്തു. ഒടുവിൽ പല ആവർത്തി പറഞ്ഞ് നുണകളെ സത്യമാക്കി അവർ പൊതു ഇടത്തിൽ ഉറപ്പിച്ചു. അവർ പറഞ്ഞത് കേവലം നിയമം ആണ് എങ്കിൽ സർവകലാശാല പറഞ്ഞത് മനുഷ്യത്വമാണ്.

ഒരുപാട് പറയേണ്ടതില്ല. കേരളത്തിലെ മാധ്യമ സുഹൃത്തുക്കൾ മറുപടി പറയേണ്ട ചില ചോദ്യങ്ങൾ ഉണ്ട്. നിങ്ങൾ ആർക്കൊപ്പം ആണ്? ഇത്രയും ചർച്ചകൾ വീറോടെ നടത്തുമ്പോഴും സർവവിധ വിശദീകരണങ്ങളോടും കൂടി സർവകലാശാല നിങ്ങൾക്ക് പ്രസിദ്ധീകരണത്തിന് നൽകിയ പതിമൂന്ന് പേജ് കുറിപ്പ് നിങ്ങൾ കാണാതെ പോയത് എന്ത് കൊണ്ട് ആണ്?

പ്രിയദർശിനി കുന്നുകളുടെ മുകളിൽ ഉയർന്ന് നിൽക്കുന്നത് മഹാത്മാവിന്റെ പേരാണ്. അവിടെ കാർമേഘങ്ങൾ ഒഴിയുന്ന ഒരു ദിനം വിദൂരമല്ല. ഒടുവിൽ അവിടെ നിന്ന് ഉയർന്ന് കേൾക്കുക മനുഷ്യത്വത്തിന്റെ ഗാംഭീര്യമുള്ള ശബ്ദമാവും തീർച്ച.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522




ഡോ. പി.എൻ. ഹരികുമാർ

# വിദ്യാർത്ഥിപക്ഷ നിലപാടുകളും അനാവശ്യ വിവാദങ്ങളും

കേരളത്തിലെ സർവ്വകലാശാല മേഖലയിലടക്കം ഉന്നതവിദ്യാഭ്യാസമേഖലയിൽ ആകെ ഉണ്ടാകുന്ന ഗുണപരമായ മാറ്റങ്ങളിൽ വിറളി പിടിച്ച ഒരുകൂട്ടം ആളുകളാണ് ഇപ്പോൾ മഹാത്മാഗാന്ധി സർവകലാശാലയുടെ പ്രവർത്തനത്തിന് എതിരെ ആക്ഷേപം ഉന്നയിക്കുന്നത്. തികച്ചും വിദ്യാർഥിപക്ഷ നിലപാടുകളുമായി മുന്നോട്ടു പോകുന്ന മഹാത്മാഗാന്ധി സർവകലാശാലയുടെ പ്രവർത്തനങ്ങളെ കരിവാരിത്തേക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമായി മാധ്യമങ്ങൾ പടച്ചു വിടുന്ന വ്യാജ വാർത്തകൾ മാത്രമാണ് ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന മാർക്ക് ദാന വിവാദം. സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ സാധിക്കാതിരുന്ന ഫയലുകൾ സർവ്വകലാശാലയിൽ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലാണ് സർവകലാശാലയിൽ പരാതിപരിഹാര അദാലത്ത് നടത്തിയത്. പല മേഖലകളിൽ നിന്നുള്ള കെട്ടിക്കിടന്ന പരാതികൾ പരിഹരിക്കാൻ  ഈ അദാലത്തിലൂടെ സാധിച്ചു.

സർവ്വകലാശാല ചട്ടപ്രകാരം സർവകലാശാലയുടെ അധികാരികൾ ചാൻസലറും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായ പ്രോ ചാൻസലറും ആണ്. ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന കെ ടി ജലീൽ അദാലത്ത് ഉദ്ഘാടനം ചെയ്തു എന്നതിൽ  യാതൊരു ക്രമ പ്രശ്നവുമില്ല. എന്നാൽ യുഡിഎഫ് ഭരണകാലത്ത് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തനിക്ക് ഇല്ലാത്ത അധികാരം ഉപയോഗിച്ചുകൊണ്ട് സർവകലാശാലയിൽ അദാലത്ത് നടത്തിയിരുന്നു. ആരോപണം ഉന്നയിക്കുന്ന പ്രതിപക്ഷനേതാവ് ഇക്കാര്യം അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു.

2019 ഫെബ്രുവരി 22 ന് മഹാത്മാഗാന്ധി സർവകലാശാലയിൽ വച്ച് നടന്ന അദാലത്ത് വീഡിയോ കോൺഫറൻസിലൂടെയാണ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി കെ ടി ജലീൽ ഉദ്ഘാടനം ചെയ്തത്. അദ്ദേഹത്തിന്റെ  പ്രൈവറ്റ് സെക്രട്ടറി ചടങ്ങിന്റെ ഉദ്ഘാടന വേളയിൽ പങ്കെടുത്തിരുന്നെങ്കിലും മറ്റു നടപടിക്രമങ്ങളിൽ ഒന്നും ഇടപെട്ടില്ല. കാര്യങ്ങൾ ഇങ്ങനെ ആയിരിക്കെ മന്ത്രിയുടെ ഓഫീസ് ഇടപെട്ട് വിദ്യാർഥികളെ അനർഹമായി  സഹായിച്ചു എന്ന ആരോപണം ഉപതെരഞ്ഞെടുപ്പ് ആസന്നമായ  അവസരത്തിൽ പ്രതിപക്ഷ നേതാവ് ഉയർത്തിക്കൊണ്ടുവന്നത് തികച്ചും രാഷ്ട്രീയ ലക്ഷ്യത്തോടെ മാത്രമാണ്. കാലാകാലങ്ങളായി സർവകലാശാല വിദ്യാർത്ഥി



കൾക്ക് നൽകുന്ന മോഡറേഷൻ മാർക്ക് ദാനം എന്ന പേരിൽ വിളിച്ച് അപമാനിക്കുകയാണ് പ്രതിപക്ഷനേതാവ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേക മന്ത്രാലയത്തിൻെറ കീഴിൽ രൂപീകൃതമായ ചുരുങ്ങിയ കാലം കൊണ്ടു തന്നെ ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ബിരുദ ബിരുദാനന്തര ക്ലാസുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിച്ചും ബിരുദ ഫലപ്രഖ്യാപനം റെക്കോർഡ് വേഗതയിൽ പൂർത്തിയാക്കിയും, മികവുറ്റ അക്കാദമിക് പ്രവർത്തനങ്ങളിലൂടെയും കേരളത്തിലെ സർവകലാശാലകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്.

അനാവശ്യ വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന കുതിപ്പിന് കടിഞ്ഞാണിടാൻ ആർക്കൊക്കെയോ വേണ്ടി ശ്രമിക്കുകയാണ് വിഷയ ദാരിദ്ര്യം കൊണ്ട് വിവേകം നഷ്ടപ്പെട്ട പ്രതിപക്ഷ നേതാവ്. യുഡിഎഫ് ഭരണകാലത്ത് നടന്ന കുറ്റകരമായ അനാസ്ഥയുടെയും മെല്ലെപ്പോക്കിന്റെയും അഴിമതി നിറഞ്ഞ അന്തർനാടകങ്ങളുടെയും ഓർമയിൽ ആണ് അദ്ദേഹം ഇപ്പോഴും. ദിശാബോധത്തോടെ പ്രവർത്തിക്കുന്ന മഹത്തായ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിനെതിരെ അടിസ്ഥാനമില്ലാത്ത ആരോപണം ഉന്നയിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ മേഖലയെ ആകെ ആണ് അദ്ദേഹം തകർക്കാൻ ശ്രമിക്കുന്നത്. ഉന്നത വിദ്യാഭ്യാസമേഖലയുടെ മികവ് സംരക്ഷിക്കുന്നതിനുവേണ്ടി എടുക്കുന്ന പുരോഗമനപരമായ എല്ലാ നടപടികൾക്കും എകെപിസിടിഎ ഒപ്പം ഉണ്ടാകും. സർവകലാശാലകളുടെ പ്രവർത്തന സ്വാതന്ത്ര്യം നിലനിർത്തുകയും ഒപ്പം വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക് ഒപ്പം നിൽക്കുകയും ചെയ്യുന്നത് ആണ് കേരളത്തിലെ കപട മാധ്യമങ്ങളുടെ കണ്ണിൽ തെറ്റ് എങ്കിൽ അവരോട് സഹതപിക്കുകയേ വഴിയുള്ളൂ. ഒരു കാര്യം ഉറപ്പാണ് ഞങ്ങളാണ് ശരിയെന്ന് കാലം തെളിയിക്കുക തന്നെ ചെയ്യും.

**അനാവശ്യവിവാദങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉണ്ടാകുന്ന കുതിപ്പിന് കടിഞ്ഞാണിടാൻ ആർക്കൊക്കെയോ വേണ്ടി ശ്രമിക്കുകയാണ് വിഷയദാരിദ്ര്യം കൊണ്ട് വിവേകം നഷ്ടപ്പെട്ട പ്രതിപക്ഷനേതാവ്. യുഡിഎഫ് കാലത്ത് നടന്ന കുറ്റകരമായ അനാസ്ഥയുടെയും മെല്ലെപ്പോക്കിന്റെയും അഴിമതി നിറഞ്ഞ അന്തർനാടകങ്ങളുടെയും ഓർമയിലാണ് അദ്ദേഹം ഇപ്പോഴും.**

# വിദ്യാഭ്യാസത്തെ വെല്ലുവിളിക്കുന്ന നയരേഖ

**ദേശീയ വിദ്യാഭ്യാസനയം സംബന്ധിച്ച്
എ.കെ.പി.സി.ടി.എ. അക്കാഡമിക് കമ്മിറ്റിയുടെ നേതൃത്വത്തിൽ
തൃശ്ശൂർ കേരളവർമ്മ കോളേജിൽ വെച്ച് നടന്ന സിമ്പോസിയത്തിൽ
എം.ബി. രാജേഷ് നടത്തിയ ഉദ്ഘാടന പ്രസംഗം**

സങ്കീർണ്ണവും വലിയ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതുമായ ഒരുവിഷയമാണ് ദേശീയ വിദ്യാഭ്യാസനയം. ഇതിനെക്കുറിച്ച് അക്കാദമിക സമൂഹത്തിൽ മാത്രമല്ല, പൊതുസമൂഹത്തിലും ധാരണയുണർത്തേണ്ടതുണ്ട്. കരട് വിദ്യാഭ്യാസനയം മുന്നോട്ടുവെക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരെ ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടുവരുന്നതിൽ നേതൃത്വപരമായ ഉത്തരവാദിത്തം അക്കാദമിക സമൂഹത്തിലെ സംഘടനകൾക്കുണ്ട്. കരട് വിദ്യാഭ്യാസനയം സംബന്ധിച്ച് സിമ്പോസിയങ്ങൾ സംഘടിപ്പിക്കാനും കേരളത്തിലാകെ സാമൂഹികസംവാദം ഉയർത്തിക്കൊണ്ടുവരാനും എ.കെ.പി.സി.ടി.എ. നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനീയമാണ്. കരട് ദേശീയ വിദ്യാഭ്യാസനയം തയ്യാറാക്കിയത് ഡോ. കസ്തൂരി രംഗൻ അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയാണ്. അതിനു മുമ്പ് അത് നടപ്പാക്കാനുള്ള പശ്ചാത്തലമൊരുക്കിയത് ടി.എസ്.ആർ. സുബ്രഹ്മണ്യൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി നേരത്തെ തയ്യാറാക്കിയ റിപ്പോർട്ടാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറ് വർഷം കൊണ്ട് നയരേഖ രൂപീകരിക്കുക എന്നത് അസാധ്യമാണെന്ന് സ്വയം തിരിച്ചറിയുകയും വീണ്ടും രണ്ടുവർഷം കൂടി എടുത്താണ് കസ്തൂരിരംഗൻ കമ്മിറ്റി കരടുരേഖ ഉണ്ടാക്കുന്നത്. ഇതിൽ ശ്രദ്ധേയമായ കാര്യം ഡോ. കസ്തൂരിരംഗനോ ടി.എസ്.ആർ. സുബ്രഹ്മണ്യനോ വിദ്യാഭ്യാസ വിചക്ഷണരായിരുന്നില്ല എന്നതാണ്. ടി.എസ്.ആർ. ക്യാബിനറ്റ് സെക്രട്ടറിയായിരുന്നു. കസ്തൂരിരംഗനെ ടെക്നോക്രാറ്റ് എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. ഇത് തൊണ്ണൂറുകൾക്കുശേഷം വന്നിട്ടുള്ള ഒരു പ്രവണതയാണ്. അതിനു മുൻപ് ഇന്ത്യയിലെ വിദ്യാഭ്യാസപരിഷ്കാരം സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ച എല്ലാ കമ്മീഷനുകളെയും നയിച്ചത് വിദ്യാഭ്യാസ വിചക്ഷണരായ വ്യക്തികളായിരുന്നു. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട എന്നാണ് കോത്താരി കമ്മീഷൻ റിപ്പോർട്ട് അറിയപ്പെടുന്നത്. ഡോ. എസ്. രാധാകൃഷ്ണൻ, ലക്ഷ്മണസ്വാമി മുതലിയാർ തുടങ്ങിയവരെല്ലാം തന്നെ വിദ്യാഭ്യാസ വിചക്ഷണരായിരുന്നു. ബ്യൂറോക്രാറ്റുകളും ടെക്നോക്രാറ്റുകളും ഇൻഡസ്ട്രി ലീഡേഴ്സും കമ്മീഷന്റെ തലപ്പത്തുവരുന്നു എന്ന് മാത്രമല്ല, അവരുടെ ശുപാർശകൾ സർക്കാറിന്റെ വിദ്യാഭ്യാസ അജണ്ടയായി മാറുന്നു. വാജ്പേയ് ഗവൺമെന്റിന്റെ കാലത്താണ് അംബാനി-ബിർല കമ്മീഷനെ നിയോഗിച്ചത്. മുകേഷ് അംബാനിയും കുമരമംഗലം ബിർലയുമാണ് ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച ഒരു കമ്മീഷനെ നയിച്ചത്. പ്രധാനമന്ത്രിയുടെ ട്രേഡ് ആന്റ് ഇൻഡസ്ട്രിയൽ കൗൺസിലിനാണ് ആ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യാനന്തര കാലത്ത് വിദ്യാഭ്യാസത്തിന്റെ സാമൂഹികമായ ലക്ഷ്യങ്ങളിൽ ഊന്നിയിട്ടുള്ള കാഴ്ചപ്പാടായിരുന്നു ഉണ്ടായിരുന്നത്. രാഷ്ട്രനിർമാണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപാധി എന്ന നിലയിലാണ് വിദ്യാഭ്യാസത്തെ കണ്ടിരുന്നത്. എന്നാൽ നവഉദാരവൽക്കരണത്തിന്റെ (ഗ്ലോബലൈസേഷൻ) കാലത്ത് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുതന്നെ പുനർനിർവ്വചി




2019ലെ കരട് ദേശീയ വിദ്യാഭ്യാസ നയം സ്വകാര്യവൽക്കരണത്തിനും വരേണ്യവൽക്കരണത്തിനും ആക്കംകൂട്ടും എന്ന് മുൻ എം.പി.യും സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗവുമായ എം.ബി. രാജേഷ് പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് എ.കെ.പി.സി.ടി.എ. സംസ്ഥാന അക്കാദമിക് കമ്മിറ്റി സംഘടിപ്പിച്ച സിംപോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള യൂണിവേഴ്സിറ്റി മുൻ പ്രോ-വൈസ് ചാൻസലറും വിദ്യാഭ്യാസ വിചക്ഷണനും ആയ ഡോ. ജെ. പ്രഭാഷ് മുഖ്യപ്രഭാഷണം നടത്തി. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് ഡോ. സി. പത്മനാഭൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ. സന്തോഷ്, ഡോ. വി.പി. മാർക്കോസ്, ഡോ. എൻ. ലക്ഷ്മിപ്രിയ എന്നിവർ സംസാരിച്ചു. എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി ഡോ. പി.എൻ. ഹരികുമാർ സ്വാഗതവും തൃശ്ശൂർ ജില്ലാ സെക്രട്ടറി ഡോ. പ്രദീപ്കുമാർ കെ. നന്ദിയും പറഞ്ഞു.

ക്കപ്പെട്ടു. വിദ്യാഭ്യാസം എന്നാൽ ചരക്കായി മാറുകയും അത് വിലയ്ക്ക് വാങ്ങേണ്ട ഒന്നാണ് എന്ന ധാരണ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും ചെയ്തു. രാഷ്ട്രവീക്ഷണത്തിൽ, വെൽഫെയർസ്റ്റേറ്റ് എന്ന സങ്കല്പത്തിൽ വന്ന മാറ്റമാണിത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൗരാവകാശങ്ങളിൽ സ്റ്റേറ്റിന് ഉത്തരവാദിത്തമുണ്ട് എന്ന കാഴ്ചപ്പാട് ഇക്കാലത്ത് കയ്യൊഴിയപ്പെട്ടു. സാമൂഹ്യമേഖലകളിൽ നിന്ന് ആസൂത്രിതവും ക്രമാനുഗതവും ത്വരിതഗതിയിലുമുള്ള സ്റ്റേറ്റിന്റെ പിന്മാറ്റം തൊണ്ണൂറുകൾക്കുശേഷം നമ്മൾ കാണുന്നുണ്ട്. വിദ്യാഭ്യാസം കമ്പോളവസ്തുവായി. അതിന്റെ വിപണിയെക്കുറിച്ചാണ് ഈ നയരേഖകളിലെല്ലാം പരാമർശമുണ്ടാകുന്നത്. അംബാനി ബിർല റിപ്പോർട്ട് പറയുന്നതിനനുസരിച്ച് "ഉന്നതവിദ്യാഭ്യാസത്തിന്റെ ഉപഭോക്താവ് വിദ്യാർത്ഥിയാണ്. ആ ഉപഭോക്താവ് തന്നെ അതിന്റെ ചെലവ് വഹിക്കണം എന്നാണ്. വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ഉത്തരവാദിത്തം എന്നതിൽ നിന്ന് ഉപഭോക്താവ് വിലയ്ക്ക് വാങ്ങുന്നതോടെ ഒരുല്പന്നമെന്ന നിലയിലേക്ക് മാറുന്നു.

ദേശീയവരുമാനത്തിന്റെ 6 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവെക്കണമെന്നത് കോത്താരി കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ശുപാർശയായിരുന്നു. അക്കാലത്തെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ മുദ്രാവാക്യമായി ഇതു മാറി. എന്നാൽ വിദേശമൂലധനത്തിനും സ്വകാര്യമൂലധനത്തിനും ലാഭകരമായി ഇടപെടാവുന്ന രീതിയിൽ വിദ്യാഭ്യാസത്തെ തുറന്നിട്ടുകൊടുക്കുന്ന ഭരണകൂട പ്രവണതകൾ 86ലെ New Education Policy മുതൽ തുടക്കം കുറിച്ചു. 91-ലെ സാമ്പത്തിക പരിഷ്കാരം മുതൽ അത് ശക്തിയാർജിച്ചു. 2019ലെ കരട് വിദ്യാഭ്യാസ നയരേഖ ഭരണകൂടപിന്മാറ്റത്തിൽ തീവ്രമായ ഘട്ടത്തിനാണ് തുടക്കം കുറിച്ചത്. മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രത്തിന് അനുയോജ്യമായ വിദ്യാഭ്യാസക്രമം എന്നതിൽ നിന്ന് മതാധിഷ്ഠിത രാഷ്ട്രത്തിന്റെ ശിലാന്യാസത്തിനുതകുന്ന വിദ്യാഭ്യാസരീതിയിലേക്കടക്കമുള്ള മാറ്റത്തിനാണ് ഈ രേഖ ഊന്നൽ നൽകുന്നത്.

രണ്ട് അജണ്ടകളാണ് അത് മുന്നോട്ടുവെക്കുന്നത്. 1) നവലിബറൽ കോർപ്പറേറ്റ് അജണ്ട. 2) ഹിന്ദുത്വ മതാധിഷ്ഠിത രാഷ്ട്രവീക്ഷണം.

മുപ്പത്തിമൂന്നു വർഷത്തിനുശേഷം വരുന്ന നയരേഖ എന്ന നിലയിൽ അതുൾക്കൊള്ളേണ്ടതായ ചില കാര്യങ്ങളുണ്ട്. മുപ്പത്തിമൂന്ന് വർഷത്തെ നയങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വസ്തുനിഷ്ഠ വിശകലനം, വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന വെല്ലുവിളികൾ, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട്. ആദ്യത്തെ രണ്ടു ഘടകങ്ങളെയും നയരേഖ അവഗണിക്കുകയാണ്. ഭാവിയെ സംബന്ധിച്ച അജണ്ട വ്യക്തമാണ്. സാധാരണക്കാരന് അപ്രാപ്യമായ ചിലവേറിയ മേഖലയായി ഇന്ത്യൻ വിദ്യാഭ്യാസം മാറുന്നു.

സാമൂഹികമായ അരികവത്കരണം ശക്തിപ്പെടുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ജാതിഭീകരതയുടെ കേന്ദ്രങ്ങളായി മാറുന്നു. ജാതിപീഡനത്തിന്റെ രക്തസാക്ഷികളാണ് രോഹിത് വെമുലയും അതുപോലുള്ള മറ്റ് വിദ്യാർത്ഥികൾ. നീറ്റ് തമിഴ്നാട്ടിൽ അടിച്ചേൽപിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് അനിത എന്ന പെൺകുട്ടി ആത്മഹത്യ ചെയ്യുന്നത്. അവളുടെ ആത്മഹത്യാകുറിപ്പിൽ പറയുന്നുണ്ട്: നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരും ഒരിക്കലും തുല്യാവസരങ്ങൾ കൈവന്നിട്ടില്ലാത്തവരുമായ ആളുകൾ മത്സരിക്കണമെന്നു പറയുന്നത് എന്തൊരനീതിയാണ് എന്ന ചോദ്യം ഉന്നയിച്ചുകൊണ്ടാണ് അവൾ ആത്മഹത്യചെയ്യുന്നത്. അങ്ങനെ അനീതികളുടെ പേരിൽ വിദ്യാഭ്യാസം ഉപേക്ഷിച്ചുപോകുന്നവരും ആത്മഹത്യചെയ്യുന്നവരും പെരുകുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. കരട് വിദ്യാഭ്യാസ നയം ഈ വിഷയങ്ങളെയൊന്നും അഡ്രസ്സ് ചെയ്യുന്നില്ല. ഇന്ത്യൻ ഭരണഘടനയിൽ പൗരന്റെ മൗലികകടമയായി പറയുന്ന ശാസ്ത്രാവബോധം നിർമ്മിക്കുന്നതിൽ ഈ രേഖ ഒരു പരാജയമാണ്. കഴിഞ്ഞ മുപ്പത്തിമൂന്ന വർഷത്തെ അനുഭവമെന്താണ്? ശാസ്ത്രവിരുദ്ധത, വിജ്ഞാനവിരുദ്ധത, അന്ധവിശ്വാസങ്ങളുടെ വളർച്ച, ഉന്നതവിദ്യാഭ്യാസരംഗത്ത് ഉള്ളവർ വിജ്ഞാനവിരോധത്തിന്റെ പ്രചാരകരായി മാറുന്നു. അംബാനിയുടെ ആശുപത്രി ഉദ്ഘാടനത്തിലാണ് പ്രധാനമന്ത്രി പ്രസംഗിച്ചത് ഇന്ത്യയിൽ പ്ലാസ്റ്റിക് സർജറി പണ്ടേ നിലവിലുണ്ടായിരുന്നുവെന്ന്. അതിന്റെ തെളിവിനായി അദ്ദേഹം പറഞ്ഞത് ഗണേശവിഗ്രഹത്തെയാണ്. ഇത്തരത്തിലുള്ള പ്രസ്താവങ്ങൾ വ്യാപകമായി നടത്താവുന്ന അന്തരീക്ഷം സ്വാഭാവികമായി ഉണ്ടായതെങ്ങനെയെന്ന് അന്വേഷിക്കണം. തുടർന്നുവന്ന ഉന്നതവിദ്യാഭ്യാസമൊന്നും ശാസ്ത്രബോധം സൃഷ്ടിക്കാൻ ഉതകുന്നതായിരുന്നില്ല എന്ന് വ്യക്തമാകും.

മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അടിയുറച്ച പൗരബോധത്തെ സൃഷ്ടിക്കുന്നതിൽ നമ്മുടെ വിദ്യാഭ്യാസം പരാജയപ്പെട്ടിട്ടുണ്ട്. അത്തരം പ്രശ്നങ്ങളാണ് ഒരു നയരേഖ അഭിസംബോധന ചെയ്യേണ്ടത്. ദേശീയ വിദ്യാഭ്യാസനയം ആവർത്തിച്ചുപറയുന്ന മൂന്നുകാര്യങ്ങളുണ്ട്. 1) Access 2) Equity 3) Quality. ഇത് ഇപ്പോൾപോലും പാലിക്കപ്പെടുന്നുണ്ടോ? വിദ്യാഭ്യാസ അവകാശനിയമം പൂർത്തിയായി പത്തുവർഷത്തിനുശേഷവും എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? 1950-ൽ ഭരണഘടനയുടെ മാർഗനിർദ്ദേശകതത്വങ്ങൾ വിഭാവനം ചെയ്ത ലക്ഷ്യമാണ് പതിനാല് വയസ്സുവരെ സൗജന്യവും നിർബന്ധിതവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നൽകുകയെന്നത്. മുപ്പതുവിദ്യാർത്ഥികളിൽ താഴെയുള്ള സ്കൂളുകൾ പൂട്ടുകയോ വലിയ സ്കൂളുകളുമായി കൂട്ടിയോജിപ്പിക്കുകയോ ചെയ്യണമെന്നാണ് കരടുരേഖ നിർദ്ദേശിക്കുന്നത്. മുപ്പത് കുട്ടികളിൽ താഴെയുള്ള സ്കൂളുകൾ എവിടെയാണ്? ഇന്ത്യയുടെ അതിവിദൂരമായ ഗ്രാമപ്രദേശങ്ങളിലും മലമ്പ്രദേശങ്ങളിലും ആദിനദീമേഖലകളിലുമാണ് അവയുള്ളത്. അവികസിതമേഖലകളിൽ 30ൽ താഴെ വിദ്യാർത്ഥികൾ പഠിക്കുന്ന 40 ശതമാനം സ്കൂളുകൾ. അപ്പോൾ ആകെ 40 ശതമാനം സ്കൂളുകൾ അപ്രത്യക്ഷമാകും. നിലനിൽക്കുന്ന 60 ശതമാനം ഗ്രാമങ്ങൾ പ്രൈമറി വിദ്യാലയവിമുക്തമായിത്തീരും. പൊതുമുതൽമുടക്ക് വർദ്ധിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനു പകരം അവ പൂട്ടാനാണ് നയരേഖ ആവശ്യപ്പെടുന്നത്. കസ്തൂരിരംഗൻ Public Philanthropic Partnership (PPP) യിലൂടെ മുന്നോട്ടുവെക്കുന്നത് വിദ്യാഭ്യാസം എന്നത് സ്റ്റേറ്റിന്റെ കൂട്ടുത്തരവാദിത്തമല്ല എന്നാണ്. എങ്ങനെയാണ് access എന്ന ലക്ഷ്യം കൈവരിക്കുന്നത്? സ്വകാര്യപങ്കാളികൾക്ക് സ്വയംപൂർണ്ണമായ അവകാശം നൽകിയാൽ അവ സ്വയമേവ, സ്വമേധയാ Rationalize ചെയ്യും എന്ന അനുഭവങ്ങളുടെ പിൻബലമില്ലാത്ത ശുഭപ്രതീക്ഷയാണ് നയരേഖയ്ക്കുള്ളത്. റഗുലർ കോഴ്സുകൾ അവതരിപ്പിച്ചുകൊണ്ടല്ല, പകരം സ്വകാര്യനിക്ഷേപങ്ങൾ വർധിപ്പിച്ചും MOOC ഓൺലൈൻ കോഴ്സുകൾ വാഗ്ദാനം ചെയ്തും സ്വകാര്യവൽക്കരണത്തിന്റെ പാത പിന്തുടരുന്നു.

പൗരന്മാരുടെ വിദ്യാഭ്യാസം ഉറപ്പാക്കുവാൻ ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള ഒന്നാണ് സംവരണം. പ്രത്യേക പരിഗണനയാണിത്. ദേശീയാടിസ്ഥാനത്തിൽ 12-ാം ക്ലാസ് പൂർത്തിയാക്കുന്ന SC/ST, OBC (Muslim) വിദ്യാർത്ഥികൾ 10 ശതമാനത്തിൽ താഴെയാണ്. ഇതിനർത്ഥം വലിയൊരു വിഭാഗം സംവരണത്തിന് അർഹരാകുന്നില്ല എന്നാണ്. അംബേദ്കറെ പലപ്രാവശ്യം ഈ രേഖ ഉദ്ധരിക്കുന്നുണ്ടെങ്കിലും അംബേദ്കർ പറഞ്ഞ സുപ്രധാനമായ ഒരു കാര്യം അവഗണിക്കുകയാണ്. "പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ തുല്യതയുടെ പ്രശ്നം നാം പരിഗണിക്കുമ്പോൾ അസമത്വത്തിന്റെ ഒരു മാനദണ്ഡം നാം കണക്കിലെടുക്കണം. അവർക്ക് പ്രത്യേക പരിഗണന കൊടുക്കണം" എന്ന ഭാഗം നയരേഖയിൽ വരുന്നതേയില്ല. ജാതി എന്ന വാക്കുതന്നെ രണ്ടേ രണ്ട് സന്ദർഭത്തിലാണ് ഉപയോഗിക്കുന്നത്. സംവരണം എന്ന പദം എവിടെയുമില്ല. വിദ്യാഭ്യാസതുല്യത എന്നത് സർക്കാറിന്റെ ഉത്തരവാദിത്തമല്ല എന്നു മാത്രമല്ല അത് സ്വകാര്യതയുടെ ഔദാര്യമായിത്തീരുകയും ചെയ്യുന്നു.

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെക്കുറിച്ചാണ് മൂന്നാമത് പറയുന്നത്. ഒരു വിജ്ഞാനസമൂഹ (Knowledge Society)ത്തിന് ഗുണമേന്മയുള്ള വിദ്യാഭ്യാസം അനിവാര്യമാണ്. നിലവാരം ഇല്ലാതാകുന്നത് എന്തുകൊണ്ട്? അതു വർദ്ധിപ്പിക്കാൻ എന്തുചെയ്യും? ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം കുറവാണ്. പലതും ഏകാധ്യാപകവിദ്യാലയങ്ങളാണ്. ഇൻഫ്രാസ്ട്രക്ചർ ലഭ്യമാക്കുക, ഗുണനിലവാരമുള്ള അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതൊക്കെ ചെയ്യുന്നതിന് പകരം കോർപ്പറേറ്റുകൾക്ക് കൂടുതൽ അവസരം നൽകുന്ന ഇന്ത്യയിൽ ദശലക്ഷക്കണക്കിന് കുട്ടികൾ പോഷകാഹാരം കിട്ടാതെ മരിക്കുന്ന, വിദ്യാഭ്യാസം കിട്ടാതെ അലയുന്ന സാഹചര്യത്തിൽ പൊതുമുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിന് പകരം ആഗോളശരാശരിയെക്കാൾ കുറവായി കോർപ്പറേറ്റ് നികുതിയിളവ് 8 ശതമാനം മാത്രമാക്കി. നയരേഖ നിർദ്ദേശിക്കുന്നത് പാരാ ടീച്ചിംഗ് ആണ്. വോളന്റിയേഴ്സിനെ ഉപയോഗിച്ചും, സമർത്ഥരായ വിദ്യാർത്ഥികളെ ഉപയോഗിച്ചും നിലവാരം കൂട്ടിയും അങ്ങനെ വിദ്യാഭ്യാസത്തിനുള്ള മുതൽമുടക്ക് വെട്ടിക്കുറക്കാം.

Right to Education Act നിർദ്ദേശി



ക്കുന്ന ചില നിലവാര മാനദണ്ഡങ്ങളുണ്ട്. മിനിമം നിലവാരത്തിൽ അയവുവരുത്തണമെന്നത് സ്വകാര്യവിദ്യാഭ്യാസലോബിയുടെ നിരന്തരമായ ആവശ്യമാണ്. കാരണം ആ മാനദണ്ഡങ്ങൾ അവർക്കു വായിക്കാൻ കഴിയുന്നില്ല. അതും നയരേഖ അംഗീകരിക്കുകയാണ്. ആക്ട് അനുസരിച്ച് 25 ശതമാനം സീറ്റുകളിലേക്ക് സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രവേശിപ്പിക്കണമെന്നാണ്. ഇതിനെല്ലാം അയവുവരുത്തിക്കൊണ്ടുള്ള നയമാണിത്.

ഗുണമേന്മയെക്കുറിച്ചു പറയുമ്പോൾ ഗവേഷണമേഖലയെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഗവേഷണത്തെ നിയന്ത്രിക്കുവാൻ National Research Foundation (NRF) എന്ന പേരിൽ കേന്ദ്രീകൃത സംവിധാനമുണ്ടാകുകയാണ്. ദൽഹി ഐ.ഐ.ടി.യിൽ അംഗികാരം കിട്ടിയ 18 റിസർച്ച് പ്രോജക്ടുകളും ചാണകത്തിന്റെയും ഗോമൂത്രത്തിന്റെയും ശാസ്ത്രീയമൂല്യം കണ്ടെത്തുന്നവയാണ്. അംഗീകാരവും ഫണ്ടും ടാർഗറ്റഡ് ആയ വിഷയങ്ങൾക്കാണ് നൽകുന്നത്. അതിലും മതാധിഷ്ഠിത പ്രക്രിയ അനുവർത്തിച്ചുവരികയാണ്. ഗവേഷണത്തിന്റെ മുൻഗണന കോർപ്പറേറ്റ് അജണ്ട തന്നെയാണ്. ഗവേഷണം ലാഭാധിഷ്ഠിതമാക്കുക. അതിനെ ശക്തിപ്പെടുത്തുന്ന രീതിയിലാണ് NRF ന്റെ ഇടപെടൽ. ഗവേഷണത്തെ കേന്ദ്രീകൃതമായ രീതിയിൽ നിയന്ത്രിക്കുന്നത് യൂണിവേഴ്സിറ്റി എന്ന ആശയത്തെ തന്നെ ഇല്ലാതാക്കും. രാഷ്ട്രീയ ശിക്ഷാ ആയോഗ് (RSA) വരികയാണ്. വിദ്യാഭ്യാസം സംബന്ധിച്ച റഗുലേഷൻ നിലവാര മാനദണ്ഡങ്ങൾ നിർണ്ണയിക്കൽ, അക്രഡിറ്റേഷൻ എന്നിവ നിയന്ത്രിക്കുന്ന പരിപൂർണ്ണമായ അധികാരമുള്ള സംവിധാനമായി ആർഎസ്.എ. മാറുന്നു. ഫെഡറൽ സംവിധാനങ്ങളെ പാടേ നിരാകരിച്ചുകൊണ്ടുള്ള സമീപനരീതിയാണിത്. മറ്റെല്ലാ കാര്യത്തിലും ഈ ഗവൺമെന്റ് പുലർത്തുന്ന കാഴ്ച്ചപ്പാടിന്റെ ഭാഗം തന്നെയാണിത്. മതാധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, ജാതിയധിഷ്ഠിത ഗുരുകുല സമ്പ്രദായത്തെ മാതൃകയായി അവതരിപ്പിക്കുക, ലോ കരിക്കുല നിർമാണത്തിൽ പൗരാണിക ഭാരതത്തിലെ നിയമവ്യവസ്ഥ അനുസരിക്കുക എന്നിങ്ങനെ ഭാരതീയ വിദ്യാഭ്യാസം എന്ന് നയരേഖ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

'ഭാരതീയത' എന്നത് ഹിന്ദുത്വവാദികൾ നിർവ്വചിക്കുന്ന ഭാരതീയതയാണ്. ഭാഷയുടെ കാര്യത്തിലും ഇതുതന്നെയാണ് കാണാനാകുന്നത്. ത്രിഭാഷാപദ്ധതിയനുസരിച്ച് സംസ്കൃതത്തെ പ്രോത്സാഹിപ്പിക്കണം എന്നാണ്. ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം, ഭരണഘടന അംഗീകരിച്ച ഇരുപത്തിരണ്ടോളം ദേശീയ ഭാഷകളെ വെറും പ്രാദേശികഭാഷകളായി കണക്കാക്കുകയും സംസ്കൃതം ആധുനിക ഇന്ത്യൻ ഭാഷയാണെന്ന് നയരേഖ വ്യക്തമാക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ സാംസ്കാരികമായ ബഹുസ്വരതയെ മുഴുവൻ നിഷേധിക്കുന്ന, കൃത്രിമമായ ഏകതാനത അടിച്ചേൽപിക്കുന്ന ഈ സർക്കാരിന്റെ മുഖമുദ്രയാണ് 'ഒരു രാജ്യം, ഒരു റിപബ്ലിക്, ഒരു ടാക്സ്' എന്ന നയത്തിലും വ്യക്തമായത്. കോർപ്പറേറ്റുകൾക്ക് സ്വീകാര്യമായ ഈ ഏകതാനത ജി.എസ്.ടി.യിൽ മാത്രമല്ല, വിദ്യാഭ്യാസ നയരേഖയിലും ആവർത്തിക്കുന്നു.

മതപരമായ വിദ്യാഭ്യാസത്തിനു കൂടുതൽ ഇടം സൃഷ്ടിച്ചുകൊടുക്കുന്നു. സർക്കാർ സംവിധാനത്തിനു സമാന്തരമായി മതസംഘടനകൾക്ക് സ്വന്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും സിലബസ് ഉണ്ടാക്കുന്നതിനും പരീക്ഷ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമടക്കം പരമാധികാരം ഭാരതീയ ശിക്ഷാബോർഡിന് നൽകിക്കഴിഞ്ഞു. ഭാരതീയ ശിക്ഷാ ബോർഡിന്റെ ഫണ്ടിങ്ങ് ഏജൻസി രാംദേവിന്റെ പതഞ്ജലിയാണ്. ആർഎസ്എസ്സിന്റെ വിദ്യാഭാരതി, ആര്യസമാജത്തിന്റെ ഗുരുകുലം തുടങ്ങിയവയെല്ലാം ഈ സമാന്തരപദ്ധതിയിലേക്ക് വന്നുതുടങ്ങി.


കോർപ്പറേറ്റ് അജണ്ടയോടൊപ്പം ഹിന്ദുത്വ അജണ്ടയും സമന്വയിക്കുന്നതാണ് കരട് നയരേഖ. ഹിന്ദുത്വ അജണ്ട മുന്നോട്ടുവെക്കുന്ന യുക്തിരഹിത, വിജ്ഞാനവിരുദ്ധ കാഴ്ച്ചപ്പാടുകളോട് നവലിബറൽ കോർപ്പറേറ്റ ശക്തികൾക്ക് വിയോജിപ്പുണ്ടാകാൻ വഴിയില്ല. അവർക്ക് ആവശ്യമുള്ള വൈദഗ്ധ്യവും നൈപുണ്യവും തികഞ്ഞ മനുഷ്യവിഭവശേഷി ഉണ്ടാകണമെന്നു മാത്രം. മാത്രമല്ല, സ്വതന്ത്രചിന്ത, ക്രിയാത്മക ചിന്ത, ആശയവികാസം എന്നിവ ഉണ്ടാകാൻ പാടില്ല. അവ ഇത്തരം താല്പര്യങ്ങൾക്ക് എതിരാണ്. ഈ വിദ്യാഭ്യാസ നയം നടപ്പാക്കിയാൽ ഇന്ത്യ എന്ന ആശയത്തെത്തന്നെയാണ് അത് വെല്ലുവിളിക്കുക. വിദ്യാഭ്യാസം വലിയ ഒരു സംഘർഷമേഖലയുമായി മാറിപ്പോവുകയാണ്. അതിനെ ചെറുക്കുക എന്നത് രാഷ്ട്രീയ ഉത്തരവാദിത്തമാണ്.

തയ്യാറാക്കിയത്:

**ഡോ. എൻ. രേണുക**

# ശില്പശാല

എ.കെ.പി.സി.ടി.എ. എറണാകുളം ജില്ലാക്കമ്മിറ്റി, സർവ്വീസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ യു.ജി.സി. ഏഴാം ശമ്പളക്കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി എറണാകുളം ആശിർഭവനിൽ വെച്ച് ഒരു ശില്പശാല നടത്തി. അതിൽ സംഘടനയുടെ ജേർണൽ കമ്മിറ്റി കൺവീനർ ഡോ. എ.എസ്. സുമേഷ് ക്ലാസ്സുകൾ കൈകാര്യം ചെയ്തു. എറണാകുളം ജില്ലയിലെ പതിനഞ്ചോളം കോളേജുകളിൽ നിന്നായി അമ്പതോളം അദ്ധ്യാപകർ പങ്കെടുത്തു.




# ജില്ലാ കൺവെൻഷൻ



എറണാകുളം നിയമസഭാമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എ.കെ.പി.സി.ടി.എ.യുടെ നേതൃത്വത്തിൽ ജില്ലാ കൺവെൻഷൻ നടത്തി. എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗം എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ. അജി സി. പണിക്കർ ഉദ്ഘാടനം ചെയ്യുകയും മേഖലാ സെക്രട്ടറി ഡോ. സി.എം. ശ്രീജിത്ത് സ്വാഗതവും ജില്ലാ സെക്രട്ടറി ഡോ. അരുൺ എ.യു. നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എ.കെ.പി.സി.ടി.എ. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് മാർഗരേഖ രൂപപ്പെടുത്തുകയും ചെയ്തു. എറണാകുളം ആശിർഭവനിൽ നടന്ന യോഗത്തിൽ ജില്ലയിലെ പതിനഞ്ചോളം കോളേജുകളിൽ നിന്നായി അമ്പതോളം അദ്ധ്യാപകർ പങ്കെടുത്തു.

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

ഭാഷ അടക്കമുള്ള മാനവിക വിഷയങ്ങൾക്കായി എ.കെ.പി.സി.ടി.എ. ഉടൻ പ്രസിദ്ധീകരണം ആരംഭിക്കുന്ന പിയർ റിവ്യൂഡ് അക്കാദമിക് ജേർണലിലേക്ക് ഗവേഷണപ്രബന്ധങ്ങൾ ക്ഷണിക്കുന്നു. പുതുമയാർന്നതും കാലികപ്രസക്തിയുള്ളതുമായ വിഷയങ്ങളെ ആസ്പദമാക്കി APA സ്റ്റൈലിൽ ഇംഗ്ലീഷിലോ മലയാളത്തിലോ തയ്യാറാക്കിയിട്ടുള്ള പ്രബന്ധങ്ങൾ പേജ്മേക്കർ ഫയൽ ആയും പി.ഡി.എഫ്. ഫയൽ ആയും അയക്കേണ്ടതാണ്. 2019 ഡിസംബർ 15ന് മുമ്പ് **markosemalayalam@gmail.com** എന്ന വിലാസത്തിലാണ് അയക്കേണ്ടത്.

ഡോ. വി.പി. മാർക്കോസ്
കൺവീനർ, അക്കാദമിക് കമ്മിറ്റി
എ.കെ.പി.സി.ടി.എ.
9447161628

സ്മരണകൾ

ആർ.ആർ.സി.

# എ.കെ.പി.സി.ടി.എ. ഒരവലോകനം

(കഴിഞ്ഞലക്കത്തിൽ നിന്നും തുടർച്ച)

ഗ്രാന്റ് ഇൻ എയ്ഡ് കോഡ് നടപ്പിലാക്കുക എന്നത് നാം അന്ന് ഉയർത്തിയ ഒരു സുപ്രധാന മുദ്രാവാക്യമായിരുന്നു. പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് മെച്ചപ്പെട്ട ശമ്പളം ലഭിക്കുവാൻ ഉതകുന്ന സംവിധാനമെന്നതിൽ കവിഞ്ഞ് ഇതിന് നമ്മെ സംബന്ധിച്ചിടത്തോളം മറ്റൊരു അർത്ഥവും കൂടി ഉണ്ടായിരുന്നു. പ്രൈവറ്റ് കോളേജിൻമേൽ സർക്കാരിന് കൂടി താൽപര്യമുണ്ടാവുന്ന ഒരു സ്ഥിതിവിശേഷം ഗ്രാന്റ് ഇൻ എയ്ഡ് കോഡ് നടപ്പാക്കുന്നതോടെ സംജാതമാവുന്നെന്ന് നാം പ്രതീക്ഷിച്ചു. യു.ജി.സി. ശമ്പളനിരക്ക് നടപ്പാക്കിയെങ്കിലും നിലവിൽ ഉണ്ടായിരുന്ന ശമ്പളനിരക്കും യു.ജി.സി. നിരക്കും തമ്മിലുണ്ടായിരുന്ന വ്യത്യാസം ആണ്ടിലൊന്നോ രണ്ടോ തവണ ബോണസ് പോലെ കിട്ടിയിരുന്ന സ്ഥിതി മാറി. മാസംതോറും യു.ജി.സി. നിരക്കിൽ ശമ്പളവും ഗവൺമെന്റ് നിരക്കിൽ ക്ഷാമബത്തയും ലഭിക്കുന്ന ഒരു സംവിധാനം ഉണ്ടാവുക എന്നതു കൂടി ഗ്രാന്റ്



ഇൻ എയ്ഡ് കോഡിനുവേണ്ടിയുള്ള സമരത്തിന്റെ ആവശ്യമായിരുന്നു. ഗ്രാൻറ് ഇൻ എയ്ഡ് കോഡ് തയ്യാറാക്കുന്നതിനുവേണ്ടി സർക്കാർ നിയമിച്ച സ്പെഷൽ ഓഫീസർ മുമ്പാകെ എ.കെ.പി.സി.ടി.എ. തയ്യാറാക്കിയ ഒരു കരട് കോഡും മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള കോഡുകളുടെ കോപ്പികളും നാം പരിഗണനക്കായി സമർപ്പിച്ചു. അദ്ധ്യാപകർക്ക് യു. ജി. സി. നിർദ്ദേശിച്ച അഖിലേന്ത്യാ ശമ്പളസ്കെയിൽ തന്നെ നൽകണമെന്നും, സർക്കാർ നിരക്കിൽ ക്ഷാമബത്ത കിട്ടണമെന്നും റിട്ടയർമെന്റ് ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും ഗ്രാൻറ് ഇൻ എയ്ഡ് കോഡിൽ ഉൾക്കൊള്ളിക്കണമെന്നും നാം ആവശ്യപ്പെട്ടു. നമ്മുടെ സംഘടിത പ്രവർത്തനങ്ങളുടെ ഫലമായി 1962 ഡിസംബർ 31-ാം തീയതി കേരള സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് കോഡ് നടപ്പിലാക്കി, യു.ജി.സി. നിരക്കിലുള്ള ശമ്പളവും ഗവൺമെന്റ് നിരക്കിലുള്ള ക്ഷാമബത്തയും നൽകുമ്പോൾ ഉണ്ടാകുന്ന ചെലവും മറ്റു ചില അനുവദനീയ ചെലവുകളും മൊത്തം ചെലവും യഥാർത്ഥത്തിൽ പിരിച്ചുകൊണ്ടിരുന്നതിൽ നിന്ന് ചുരുങ്ങിയ സാങ്കല്പിക സ്റ്റാന്റേർഡ് ട്യൂഷൻ ഫീസ് വരുമാനമായി കണക്കാക്കിയാൽ ഉണ്ടാകുന്ന കമ്മിയുടെ 60 ശതമാനം ഗ്രാന്റ് ആയി സർക്കാർ മാനേജ്മെന്റുകൾക്ക് നൽകുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. അങ്ങനെ 1958ൽ താൽക്കാലികമായി ആരംഭിച്ച പ്രൈവറ്റ് കോളേജ് രംഗത്തെ സർക്കാരിന്റെ സാമ്പത്തിക പ്രതിബദ്ധത



ഗ്രാന്റ് ഇൻ എയ്ഡ് കോഡ് വന്നതോടെ ശാശ്വതമാക്കപ്പെട്ടു. പാരിറ്റി എന്ന നമ്മുടെ ചിരകാല ലക്ഷ്യത്തിലേക്ക് അടുത്തെത്തിയെങ്കിലും ഈ ഗ്രാന്റ് ഇൻ എയ്ഡ്കോഡ് എന്ന സംവിധാനം പിൽക്കാലത്ത് നമ്മുടെ മുഖ്യ പ്രശ്നങ്ങളിൽ ഒന്നായിരുന്ന ജൂനിയർ ലക്ചർ തസ്തിക എന്ന വിന വരുത്തിവെച്ചു.

സർക്കാർ കോളേജ് ലക്ചററുമായി വേതന തുല്യത, സീനിയർ ലക്ചറർമാർക്ക് പ്രത്യേക ഗ്രേഡ്, ഫസ്റ്റ് ഗ്രേഡും സെക്കന്റ് ഗ്രേഡും പ്രൊഫസർമാർക്ക് ഒരേകീകൃത ശമ്പളനിരക്ക്, ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കൽ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തുടങ്ങി നമ്മുടെ പല ആവശ്യങ്ങളും അനുവദിക്കപ്പെടാതെ കിടന്നു. ഗ്രാന്റ് ഇൻ എയ്ഡ് കോഡ് നടപ്പാക്കുന്നതിൽ പല അപാകതകളും കടന്നുകൂടി. പല മാനേജ്മെന്റുകളും ശമ്പള കുടിശ്ശിക മുഴുവനും കൊടുക്കുവാൻ വിസമ്മതിച്ചു. പല കോളേജുകളിലും കൃത്യമായി ശമ്പളം കിട്ടുക എന്നത് വീണ്ടും സ്വപ്നമായിത്തന്നെ അവശേഷിച്ചു. മാന്യമായ വേതനത്തിനും, മാസംതോറും മുടങ്ങാതെ അത് ലഭിക്കുന്നതിനും വേണ്ടി നമുക്ക് സമരരംഗത്ത് ഇറങ്ങേണ്ടിവന്നു.

1964ൽ ചരിത്രത്തിലാദ്യമായി യൂണിവേഴ്സിറ്റി ഭരണസമിതിയിലേക്ക് അസോസിയേഷൻ ഔദ്യോഗിക സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചു. സെനറ്റിലേക്ക് അധ്യാപക നിയോജക മണ്ഡലത്തിൽ നിന്ന് പതിനൊന്ന് സ്ഥാനാർത്ഥികളിൽ പത്തുപേരും, രജിസ്ട്രേഡ് ഗ്രാജ്വേറ്റ് മണ്ഡലത്തിൽ നിന്ന് നാലുപേരും തെരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ നമ്മുടെ പ്രസിഡന്റായിരുന്ന പ്രൊഫ. വി.ആർ.എസ്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. സിൻഡിക്കേറ്റിൽ പ്രിൻസിപ്പാളല്ലാത്ത ഒരു പ്രൈവറ്റ് കോളേജ് അധ്യാപകൻ അംഗമായത് അന്ന് ആദ്യമായിട്ടായിരുന്നു. യൂണിവേഴ്സിറ്റി ഭരണസമിതിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിലെ നമ്മുടെ വിജയം നമ്മുടെ പ്രസ്ഥാനത്തിന്റെ ജനസ്വാധീനതയും നാം ഉന്നയിക്കുന്ന ആവശ്യങ്ങളുടെ ന്യായയുക്തതയും വിളിച്ചോതുന്നതായിരുന്നു.

കേരള ഗവർണർക്കും കേന്ദ്ര വിദ്യാഭ്യാസമന്ത്രിക്കും കേരള വിദ്യാഭ്യാസമന്ത്രിക്കും നമ്മുടെ പരാധീനതകളെക്കുറിച്ച് നാം തുടരെ തുടരെ നിവേദനങ്ങൾ സമർപ്പിച്ചു. മുമ്പെന്നത്തെയും പോലെ ഇപ്പോഴും അധികാര സ്ഥാനങ്ങളിൽ നിന്ന് അനുകൂല പ്രതികരണങ്ങളൊന്നും ഉണ്ടായില്ല. അവകാശദിനാചരണവും, പ്രതിഷേധ പ്രമേയങ്ങൾ പാസ്സാക്കലും കഴിഞ്ഞ നാം വീണ്ടും പൊതു പണിമുടക്കിന്റെ രംഗത്ത് ഇറങ്ങാൻ തന്നെ തീരുമാനിച്ചു. 1965 ഫെബ്രുവരി 1 മുതൽ പണിമുടക്കുവാനുള്ള തീരുമാനവുമായി നാം സമരസജ്ജരായി. ലക്ചറർമാർക്ക് 250-500 എന്ന അഖിലേന്ത്യാ ഗ്രെയിഡ് ഇദംപ്രഥമമായി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആ കേഡറിലെങ്കിലും പാരിറ്റി നൽകുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഇത്തവണയും പൊതു പണിമുടക്ക് മാറ്റിവെക്കാൻ നാം തീരുമാനിച്ചു. (ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഇതിനുമുമ്പ് അനുവദിച്ചുകിട്ടിയ യു. ജി. സി. ശമ്പള നിരക്ക് സംസ്ഥാന ഗവൺമെന്റ് വെട്ടിക്കുറച്ചശേഷമാണ് നമുക്ക് കിട്ടിയിരുന്നത്). ഇതിനിടയിൽ സർക്കാർ ജീവനക്കാർക്ക്

അനുവദിച്ച ഇടക്കാലാശ്വാസം നമുക്കും ബാധകമാക്കണമെന്ന് നാം സർക്കാറിനോട് അപേക്ഷിച്ചു. 1-10-65 മുതൽ പുതിയ സ്കെയിലും വർദ്ധിപ്പിച്ച ക്ഷാമബത്തയും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് വന്നതോടെതന്നെ മാനേജ്മെന്റുകൾ കൂടുതൽ ധനസഹായം ഗവൺമെന്റിൽനിന്നു കിട്ടിയാലല്ലാതെ ഇവ നടപ്പിലാക്കാൻ സാദ്ധ്യമല്ലെന്ന തടസ്സവാദമുന്നയിച്ചു. 'ദൈവം പ്രസാദിച്ചാലും പൂജാരി പ്രസാദിക്കില്ലെന്ന നമ്മുടെ എക്കാലത്തെയും ശാപം ഇപ്പോഴും' നമ്മെ ചൂഴ്ന്നുനിന്നു. 12-6-'66ന് മുമ്പ് പരിഷ്ക്കരിച്ച ശമ്പള സ്കെയിലും ക്ഷാമബത്തയും നൽകിയില്ലെങ്കിൽ മാററിവെച്ച പ്രത്യക്ഷ സമരപരിപാടികൾ പുനരാരംഭിക്കണമെന്ന് നാം തീരുമാനിച്ചു. പതിവുപോലെ എ.കെ.പി.സി.ടി.എ. വീണ്ടും ഒരു പൊതുപണിമുടക്കിന്റെ വക്കിലെത്തി. മാനേജ്മെന്റുകൾക്ക് നൽകിയിരുന്ന ഗ്രാന്റ് 60% ൽ നിന്ന് 80% മായി ഉയർത്തി സർക്കാർ ഇത്തവണയും നമ്മെ പണിമുടക്കിലേക്ക് നീക്കിയില്ല.

1966 ഏപ്രിലിൽ നാലാം പദ്ധതിയിലെ പുതുക്കിയ യു. ജി.സി. ശമ്പള സ്കെയിലുകൾ പ്രഖ്യാപിക്കപ്പെട്ടതോടെ ആ സ്കെയിലുകൾ ഈ സംസ്ഥാനത്തിലും നടപ്പിലാക്കിക്കിട്ടുന്നതിലുള്ള പ്രവർത്തനങ്ങളിൽ എ.കെ. പി.സി.ടി.എ. വ്യാപൃതമായി. പ്രൈവറ്റ് കോളേജധ്യാപകർക്ക് ഇദംപ്രഥമമായി വേതനതുല്യത അനുവദിച്ചുകൊണ്ട് ലക്ചറർ തസ്തികയിലെങ്കിലും യു.ജി. സി. സ്കെയിൽ നടപ്പാക്കിയ അഡ്വൈസർ ശ്രീ. എൻ.ഇ.എസ്. രാഘവാചാരി ഇത്തവണയും നമ്മുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പ് തന്നു. 1966 സെപ്തംബർ വരെ കാത്തിരുന്നിട്ടും സർക്കാർ കൽപനകളൊന്നും വരാതിരുന്നപ്പോൾ 1-10-'65 മുതൽ നിലവിൽവന്ന യു ജി സി. സ്കെയിലുകൾ എല്ലാ കോളേജുകളിലും നടപ്പിലാക്കിക്കിട്ടുന്നതിനും സേവന വ്യവസ്ഥകൾക്കും നാലാം പദ്ധതിക്കാലത്തെ യു ജി.സി സ്കെയിലുകൾ ലഭിക്കുന്നതിനും സർവ്വോപരി ഡയരക്ട് പേമെൻറ് എന്ന തത്വം അംഗീകരിപ്പിക്കുന്നതിനുമായി അനിശ്ചിതകാലത്തേക്ക് പണിമുടക്ക് സമരത്തിലേർപ്പെടാൻ നാം തീരുമാനിച്ചു. ഡയരക്ട് പേമെന്റ് എന്ന ആവശ്യം നാം ആദ്യമായി മുന്നോട്ട് വെച്ചത് ഈ അവസരത്തിലാണ്. പണിമുടക്കിന് നോട്ടീസ് നൽകിയതിനുശേഷം 1966 നവമ്പറിൽ ശ്രീ. രാഘവാചാരി ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടി. 1966 അവസാനത്തോടുകൂടി പുതിയ യു.ജി.സി. സ്കെയിലിനെപ്പറ്റിയുള്ള സർക്കാറിന്റെ തീരുമാനം വെളിപ്പെടുത്തുന്നതാണെന്നും ഉറപ്പു നൽകപ്പെട്ടു. ശമ്പളം കുടിശ്ശിക വരുത്താതെ കൊടുക്കുന്നതാണെന്ന് മാനേജ്മെൻറുകളും ഉറപ്പുനൽകിയതിനാൽ ഡയറക്ട് പേമെൻറ് എന്ന കാര്യത്തിൽ ആ ഘട്ടത്തിൽ നാം മുറുകെ പിടിച്ചില്ല. കൂട്ടത്തിൽ പറയട്ടെ, കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ട ഒരു നാമമാണ് ശ്രീ എൻ. ഇ. എസ്. രാഘവാചാരിയുടേത്. വേതനത്തിന്റെ കാര്യത്തിൽ, പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് സാരമായ നേട്ടങ്ങളുണ്ടായതെല്ലാം അദ്ദേഹത്തിന്റെ കാലത്തായിരുന്നു. 1967 ഫെബ്രുവരിയിൽ 1-4-'66 മുതൽ മുൻകാല പ്രാബല്യത്തോടെ സർക്കാർ പുതിയ യു ജി. സി. സ്കെയിലുകൾ നടപ്പിലാക്കി. ലക്ചറർ തസ്തികയിലടക്കം പല കേഡറുകളിലും ഗവൺമെന്റ് കോളേജ് അധ്യാപകരുമായി പാരിറ്റി അനുവദിച്ചുകൊണ്ടുള്ള ശമ്പളപരിഷ്ക്കാരം നമുക്ക് കരഗതമായി. ഇതിനു മുമ്പ് ലക്ചറർ തസ്തികയിൽ പാരിറ്റി കൈവന്നു എന്ന് തോന്നിയെങ്കിലും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളനിരക്ക് സ്റ്റെയിറ്റ് പേ റിവിഷൻ മൂലം വർദ്ധിച്ചതിനാൽ കൈവന്ന പാരിറ്റി വീണ്ടും വഴുതിപ്പോയിക്കൊണ്ടിരിക്കയായിരുന്നു. മെച്ചപ്പെട്ട ശമ്പളത്തിനും തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം അംഗീകരിപ്പിക്കുന്നതിനുമായി എ.കെ.പി.സി.ടി.എ.യുടെ കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് കേരളത്തിലെ പ്രൈവറ്റ് കോളജ് അദ്ധ്യാപകർ നടത്തിയ കൂട്ടായ വിലപേശലിന്റെ ഒരു നിർണ്ണായകഘട്ടമായിരുന്നു ഇത്.

പക്ഷെ 1970 ഏപ്രിലിൽ ഒരു സംസ്ഥാന ശമ്പള പരിഷ്ക്കാരണം വന്നതോടെ '61 ൽ നമുക്ക് ലഭിച്ച പാരിറ്റി ഒരു താൽക്കാലിക പ്രതിഭാസമായിത്തീർന്നു. ജൂനിയർ ലക്ചറർ, സെക്കൻഡ് ഗ്രേഡ് പ്രൊഫസർ എന്നീ തസ്തികകളിൽ ഗവൺമെന്റ്, പ്രൈവറ്റ് കോളജുകൾ തമ്മിൽ പ്രകടമായ അന്തരം ഈ ശമ്പള പരിഷ്കരണം വരുത്തിവെച്ചു. മാത്രമല്ല, പതിനഞ്ചുകൊല്ലം ലക്ചറർ സർവ്വീസുള്ള എല്ലാ ഗവൺമെന്റ് കോളേജ് അദ്ധ്യാപകർക്കും സെക്കൻഡ് ഗ്രേഡ് നോൺ കേഡർ പ്രൊഫസർഷിപ്പ് ലഭിച്ചപ്പോൾ ഈ ആനുകൂല്യം നമുക്ക് കൈവന്നില്ല. അതിനാൽ പാരിറ്റിക്കും നോൺ കേഡർ പ്രൊഫസർഷിപ്പിനും ഡയരക്ട് പേമെന്റിനും മറ്റാവശ്യങ്ങൾക്കും വേണ്ടി 1970 ഒക്ടോബറിൽ പണിമുടക്കുവാൻ തന്നെ നാം തീരുമാനിച്ചു. പണിമുടക്ക് നോട്ടീസ് കൊടുത്തതിനുശേഷം നടന്ന അനുരഞ്ജന സംഭാഷണങ്ങളുടെ ഫലമായി നോൺ കേഡർ പ്രൊഫസർഷിപ്പും പാരിറ്റിയും നമുക്ക് അനുവദിക്കപ്പെട്ടു. ഡയരക്ട് പേമെന്റിന്റെ കാര്യത്തിൽ പരമകമാർ കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശോധനയ്ക്കായി ഗവൺമെന്റ് തീരുമാനം നാമും

നീട്ടിവെച്ചു. അങ്ങിനെ 1-4-70 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ പരിഷ്കരിച്ച ശമ്പളവും പാരിറ്റിയും ഈ പണിമുടക്ക ഭീഷണിയിലൂടെ നമുക്ക ലഭിച്ചു.

1974ൽ യു.ജി.സി. പ്രഖ്യാപിച്ച മെച്ചപ്പെട്ട ശമ്പളനിരക്കുകൾ നമുക്കിനിയും ലഭിച്ചിട്ടില്ല. ഇതിനാവേണ്ടി നിവേദനങ്ങളും സംഭാഷണങ്ങളും നടത്തിയതിനു ശേഷം ഫലമില്ലെന്ന് വന്നപ്പോൾ 1974 ഒക്ടോബർ 8-ാം തീയതി അഖിലകേരളാടിസ്ഥാനത്തിൽ നാം ഒരു ദിവസത്തെ സൂചനാ പണിമുടക്കം നടത്തി. പണിമുടക്കിയ അദ്ധ്യാപകരുടെ ആ ദിവസത്തെ ശമ്പളം നഷ്ടപ്പെട്ടു. ഈ പ്രശ്നം അധികാരികളുടെയും പൊതുജനങ്ങളുടെയും അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായും യു.ജി.സി. സ്കെയിലുകൾ നേടുന്നതിനുള്ള നമ്മുടെ സമര പ്രസ്ഥാനത്തിന്റെ ഭാഗമായും 1975 ഏപ്രിൽ-മെയ് യൂണിവേഴ്സിറ്റി പരീക്ഷകൾ ബഹിഷ്കരിക്കുവാൻ നാം തീരുമാനിച്ചു. എന്നാൽ ഒരു ദിവസത്തെ പരീക്ഷപോലും ബഹിഷ്കരിച്ചാൽ മുഴുവൻ വെക്കേഷൻ ശമ്പളവും നഷ്ടപ്പെടുമെന്ന നിർദ്ദാക്ഷിണ്യമായ ഗവൺമെന്റ് ഉത്തരവിന്റെയും, ഏത് തരത്തിലെങ്കിലും ബദൽ സംവിധാനങ്ങളേർപ്പെടുത്തി പരീക്ഷ നടത്തുമെന്ന അയവില്ലാത്ത തീരുമാനത്തിന്റെയും പശ്ചാത്തലത്തിൽ അദ്ധ്യാപകർക്ക് അനാവശ്യമായ കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കരുതെന്ന അടിസ്ഥാനത്തിൽ പരീക്ഷാ ബഹിഷ്ക്കരണ പരിപാടി നാം തൽക്കാലം ഉപേക്ഷിച്ചു.

## സേവന വ്യവസ്ഥകൾ

സേവനവ്യവസ്ഥകൾക്ക് വേണ്ടിയുള്ള പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ സമരകഥ ഇതോളം ദീർഘിച്ചതാണ്. അദ്ധ്യാപകരെ തോന്നുമ്പോൾ നിയമിക്കുവാനും, തോന്നുമ്പോൾ പിരിച്ചുവിടാനും കർത്തകാധികാരമുള്ള, സൃഷ്ടിസ്ഥിതിസംഹാരശക്തികളുള്ള മാനേജ്മെൻറുകൾ സമൂഹം ശ്രേഷ്ഠമായ പദവി നൽകി ബഹുമാനിക്കുന്ന അദ്ധ്യാപകനെ തങ്ങളുടെ അടിമയായിട്ടാണ് ഇന്നോളം കണക്കാക്കിയിട്ടുള്ളത്. ഇവിടത്തെ വിദ്യാഭ്യാസരംഗമാകെ ചൂഷ്റിങ്ങിനിൽക്കുന്ന ഈ വിഷവേരുകൾ പിഴുതെറിയപ്പെടാത്ത കാലത്തോളം സേവനഭദ്രത എന്നത് അവരുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വെറും ആകാശ കുസുമം തന്നെയായിരിക്കും. എ.കെ. പി.സി.ടി.എ.യുടെ നിരന്തരമായ ജാഗവത്തായ പ്രവർത്തനങ്ങൾ മൂലം പഴയ പോലെ അദ്ധ്യാപകനെ ഇട്ട് കൊട്ടയാടുവാൻ ഇന്നിവർക്കും കഴിയുന്നില്ല എന്നത് സത്യം തന്നെ. പക്ഷെ, ആത്യന്തികമായി ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകണമെങ്കിൽ ഇടത്തട്ടുകാരായ മാനേജ്മെൻറുകൾ ഇല്ലാതാകുന്ന ഒരു വിദ്യാഭ്യാസ സംവിധാനം ഉണ്ടായേതീരൂ എന്നത് അവിതർക്കിതമായ വസ്തുതയാണ്.

തങ്ങളുടെ ചൊൽപ്പടിക്ക് നിൽക്കാത്ത ഏത് വമ്പനെയും കൂസലന്യേ പിരിച്ചുവിടുന്ന കോളേജ് മാനേജ്മെന്റുകളുടെ ദുഷ് ചെയ്തികളെപ്പറ്റി ഒരുപാട് സംഭവകഥകൾ കേരളത്തിൽ എല്ലാവർക്കും അറിയാവുന്നതാണ്, പ്രൊഫ. എം.പി. പോൾ, ജോസഫ് മുണ്ടശ്ശേരി തുടങ്ങി സമൂഹത്തിൽ ലബ്ധപ്രതിഷ്ഠരായ മഹാശയൻമാർപോലും മാനേജ്മെന്റുകളുടെ നയവൈകല്യങ്ങൾക്ക് പാത്രമായി ജോലി നഷ്ടപ്പെട്ടവരാണ്.

അദ്ധ്യാപകർ വളരെ വർഷങ്ങളോളം ജോലി ചെയ്താലും താൽക്കാലിക ജീവനക്കാരായി കഴിഞ്ഞുകൂടേണ്ടി വന്നിട്ടുണ്ട്. അക്കാലങ്ങളിൽ താൽക്കാലിക ജീവനക്കാരെ എന്തു കുറ്റവുമാരോപിച്ച് ഏത് നിമിഷത്തിലും പിരിച്ചുവിടുവാൻ മാനേജ്മെൻറുകൾക്ക് നിഷ്പ്രയാസം സാധിക്കുമായിരുന്നു. ജോലി സ്ഥിരതയില്ലാത്ത ഒരു 'പെർമെനന്റ്ലി ടെംപററി' വിഭാഗം തന്നെ ഉണ്ടായിരുന്നു. മിഷ്യനറി സ്ഥാപനങ്ങൾ നടത്തുന്ന പല കോളേജുകളിലും അദ്ധ്യാപികമാരുടെ കാര്യം കുറെക്കൂടി ദയനീയമായിരുന്നു. അവർ വിവാഹിതരായാൽ ജോലി നഷ്ടപ്പെട്ട ഒരു ഒരു സ്ഥിതി വിശേഷം ഈ നാട്ടിൽ ഉണ്ടായിരുന്നു! ഗർഭവതികളാകമെന്നും അവർക്ക് പ്രസവാവധി നൽകേണ്ടിവരുമെന്നുമുള്ള 'ആശങ്ക'യാൽ അവരെ നിഷ്കരുണം പിരിച്ചുവിട്ട മാനേജ്മെൻറുകളുണ്ട്. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ സൂസൻ കോശി ഈ ക്രൂരതക്ക് വിധേയയായ ഒരു അദ്ധ്യാപികയാണ്. കേരളത്തിലെ പ്രശസ്ത വനിതാ കോളജുകളായ സെൻറ് തെരേസാസ്, സെന്റ് മേരീസ് എന്നിവയിലും ഇതേ സ്ഥിതിവിശേഷം തന്നെ നിലവിലിരുന്നു. ഇരുപതാം നൂററാണ്ടിൽ ഒരു പരിഷ്കൃത സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തു പ്രവർത്തി ക്കുന്ന ഉന്നത ബിരുദധാരിണികളായ നമ്മുടെ സഹോദരിമാർക്ക് ഈ കാട്ടുനീതിയുടെ ഇരകളാകേണ്ടി വന്നു എന്ന വസ്തുത സംസ്ക്കാരമുള്ള ഏത് കേരളീയനേയും ലജ്ജിപ്പിക്കുന്ന ഒന്നാണ്, ഈ ധിക്കാരത്തിനും അധികാര ഗർവിനുമെതിരായി നിയമസംരംക്ഷണം ആവശ്യപ്പെടാൻ നമുക്ക് മാർഗങ്ങളില്ലായിരുന്നു. നിയമദത്ത സംരംക്ഷണം എന്ന ഒന്ന് നമുക്ക് ഉണ്ടായിരുന്നില്ല. കോടതികളിൽ എത്തിയ പരാതികൾ സ്വകാര്യ കോളജ് മാനേജ്മെൻറ്കളുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ വേലക്കാരുടേതിൽ കൂടുതലായി ഒരു നിയമപദവിയും ഇല്ല എന്ന അടിസ്ഥാനത്തിൽ തള്ളിക്കളയപ്പെട്ടു. നിസ്സഹായരായി മാനേജർമാരുടെ ക്രൂരതാണ്ഡവങ്ങൾക്കിരയായി കഴിഞ്ഞുവന്ന പ്രൈവറ്റ് കോളേജ് അദ്ധ്യാപക സമൂഹം സംഘടിക്കുകയും അവകാശങ്ങൾക്കുവേണ്ടി പടപൊരുതുന്ന ഒരു പ്രസ്ഥാനത്തിൽ നിലയുറപ്പിക്കുകയും ചെയ്തതോടെയാണ് ഇവിടത്തെ

കോളേജ് മേധാവികളുടെ ദർപ്പവും നിരങ്കുശമായ അദ്ധ്യാപക മർദ്ദനവും ഒട്ടൊന്ന് ശമിച്ചത്.

സേവന ഭദ്രതയ്ക്കു വേണ്ടി നാം നടത്തിയ പോരാട്ടങ്ങൾ അനേകങ്ങളാണ്. അഖില കേരള അടിസ്ഥാനത്തിൽ നടത്തിയ സമരപ്രസ്ഥാനങ്ങൾക്കു പുറമെ, ഒററപ്പെട്ട കോളേജുകളിൽ ബന്ധപ്പെട്ട മാനേജ്മെൻറുകൾക്കെതിരെ എ.കെ.പി.സി.ടി.എ. യുടെ കൊടിക്കീഴിൽ അദ്ധ്യാപകർ നടത്തിയ ധീരമായ ചെറുത്തുനിൽപ്പും ത്യാഗോജ്ജ്വലമായ സമരങ്ങളും നമ്മുടെ അവശതകളെക്കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന് സഹായിച്ചു. 1963-ൽ തൃശ്ശൂർ കേരളവർമ്മ കോളേജിലും 1966-ൽ കോഴിക്കോട് ഗുരുവായൂരപ്പൻകോളേജിലും പ്രിൻസിപ്പൾമാരെ അതാത് മാനേജ്മെന്റുകൾ കെട്ടിച്ചമച്ച കാരണങ്ങൾ ഉണ്ടാക്കി പിരിച്ചുവിട്ടു. കേരളവർമ്മയിലെ പ്രശ്നം ഹൈക്കോടതിയിലെത്തിയെങ്കിലും നിയമത്തിന്റെ കരിമ്പാറക്കെട്ടുകളിൽ ചെന്നടിച്ച് ആ കേസ് തകർന്നുപോയി. ഗുരുവായൂരപ്പനിൽ എ.കെ.പി.സി.ടി.എ. യുടെ നേതൃത്വത്തിൽ ആവേശകരമായ സമരം നടന്നു. കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപക സമൂഹമാകെ ഒന്നിച്ചണിനിരന്നുകൊണ്ട് ആ അനീതിക്കെതിരെ പോരാടി. പ്രിൻസിപ്പൾ ശ്രീ. മാധവൻനമ്പ്യാരെ ന്യായമായ ഒരു കാരണവുമില്ലാതെ പിരിച്ചുവിട്ട മാനേജ്മെൻറിന്റെ അദ്ധ്യാപക വിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് ആ കോളേജിലെ വർഗ്ഗബോധമുള്ള ഒരു വിഭാഗം അദ്ധ്യാപകർ അന്ന് എ.കെ.പി.സി.ടി.എ.യുടെ സംസ്ഥാന ജോയിൻറ് സെക്രട്ടറിയായിരുന്ന പ്രൊഫ. ഐ.ജി. ഭാസ്ക്കരപ്പണിക്കരുടെ നേതൃത്വത്തിൽ സമരമാരംഭിച്ചു. അന്യായമായി പിരിച്ചുവിട്ട പ്രിൻസിപ്പൽ ശ്രീ. നമ്പ്യാരെ നിരുപാധികം തിരിച്ചെടുപ്പിക്കുന്നതിനായി പ്രൊഫ: ഐ.ജി ബി. യുൾപ്പെടെ അഞ്ച് ധീരസത്യാഗ്രഹികൾ മരണംവരെ ഉപവാസം ആരംഭിച്ചു. സേവനഭദ്രതയ്ക്കു വേണ്ടി എ.കെ.പി.സി.ടി.എ. പ്രവർത്തകർ തങ്ങളുടെ ജീവൻ തന്നെ ബലി കഴിക്കാൻ തയ്യാറായ ആ ധീരസംരംഭം നമ്മുടെ സമര പ്രസ്ഥാനത്തിൽ നവചൈതന്യം വിതറിയ ഒന്നായിരുന്നു. പ്രശ്നം ഒത്തുതീർപ്പിലെത്തിയില്ലെങ്കിൽ അഖില കേരള അടിസ്ഥാനത്തിൽ പ്രത്യക്ഷസമര മാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് അസോസിയേഷൻ മുന്നറിയിപ്പു നൽകി. നമ്മുടെ അഞ്ച് സമരനേതാക്കളുടെ ജീവൻ ശ്രേഷ്ഠമായ ഒരു ലക്ഷ്യത്തിനു വേണ്ടിയാണെങ്കിലും അനുദിനം അപകടത്തിലായിരുന്നപ്പോൾ ഗുരുതരമായ ഒരു സ്ഥിതിവിശേഷം തന്നെ കോഴിക്കോട് സംജാതമായി. അഡ്വൈസർ രാഘവാചാരി പ്രശ്നത്തിൽ ഇടപെടുകയും, ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുകയും ചെയ്തു. ശ്രീ. നമ്പ്യാർക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുവാൻ ശ്രീ. ഗംഗാധരൻ തമ്പിയെ ഏകാംഗകമ്മീഷനായി നിയമിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. മാധവൻ നമ്പ്യാർ പിരിച്ചുവിടലിന്ന് ഇരയാകത്തക്കവണ്ണം ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് പ്രസ്താവിച്ചിരുന്നു. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ തമ്പി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുമെന്ന് സമ്മതിച്ചിരുന്ന മാനേജ്മെൻറ് വിസമ്മതിച്ചു. പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ നിലനിൽപിനുനേരെ മുഴങ്ങിയ ഈ വെല്ലുവിളിയെ നാം നേരിടുകതന്നെ ചെയ്തു. വീണ്ടും പ്രത്യക്ഷ സമര പരിപാടിയിലേക്ക് തന്നെ നാം നീങ്ങി. കോഴിക്കോട് കലക്ടറേറ്റിന് മുമ്പിൽ നമ്മുടെ സമരഭടൻമാർ സൂചന സത്യാഗ്രഹങ്ങളും, തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുമ്പിൽ കൂട്ടസത്യാഗ്രഹവും പ്രകടനവും നടത്തി. അനുകൂലമായ പ്രതികരണങ്ങൾ എന്നിട്ടും ഉണ്ടാവാതെ വന്നപ്പോൾ മരണം വരെ ഉപവസിക്കുന്ന പ്രതിജ്ഞയുമായി അഞ്ച് സന്നദ്ധ സേനാനികൾ സെക്രട്ടറിയറ്റ് നടയിൽ നിരാഹാര സമരമാരംഭിച്ചു. മുമ്പെങ്ങുമില്ലാത്തവിധം നമ്മുടെ പ്രശ്നങ്ങളിലേക്ക് ജനശ്രദ്ധയാകർഷിച്ചു ഈ സമരം. അവസാനം മാധവൻ നമ്പ്യാർ പ്രശ്നത്തിൽ തമ്പികമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ കഴിയുന്നത് ശ്രമിക്കുമെന്നും, പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് നിയമാധിഷ്ഠിത സേവനവ്യവസ്ഥകൾ നൽകുന്ന വകുപ്പുകൾ കേരള യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾപ്പെടുത്തുവാനുള്ള ഭേദഗതി ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നും ഉള്ള ഗവൺമെന്റ് ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം പിൻവലിക്കപ്പെട്ടു.


സേവനഭദ്രതയില്ലാത്ത അദ്ധ്യാപകന്റെ ദയനീയനില, ഗുരുവായൂരപ്പൻ കോളേജിലെ സംഭവം കൂടുതൽ വ്യക്തമാക്കി. കേരള യൂണിവേഴ്സിറ്റി നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയൊരു നിയമം നിർമ്മിക്കണമെന്ന പൊതുജനാഭിപ്രായം സൃഷ്ടിക്കുവാൻ നമുക്ക് കഴിഞ്ഞു. 1969ൽ പുറത്തുവന്ന കേരള യൂണിവേഴ്സിറ്റി നിയമത്തിൽ പ്രൈവറ്റ് കോളേജ് അദ്ധ്യാപകരെ സംബന്ധിക്കുന്ന ഒരു പ്രത്യേക അദ്ധ്യായം തന്നെ എഴുതിച്ചേർക്കുവാൻ അധികാരികൾ ഒരുങ്ങിയെന്നത് ഈ വിഷയത്തിൽ നാം നടത്തിയ നിരന്തര സമരങ്ങളുടെ വിജയത്തെത്തന്നെ സൂചിപ്പിക്കുന്നതാണ്.

യൂണിവേഴ്സിറ്റി ബില്ലിന്റെ സെലക്ട് കമ്മിറ്റി മുമ്പാകെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് നാം തെളിവുകൾ കൊടുത്തു. നിയമവിദഗ്ദ്ധന്മാരിൽ നിന്ന് എ.കെ.പി.സി.ടി.എ. സമാഹരിച്ച വിദഗ്ദ്ധോപദേശങ്ങൾ അവരുടെ മുമ്പിൽ ഹാജരാക്കി. നമ്മുടെ

നിർദ്ദേശങ്ങൾ ബില്ലിൽ ഉൾക്കൊള്ളിക്കുന്നതിനായി എ.കെ.പി.സി.ടി.എ.യുടെ ബാനറിൽ നാം രംഗത്തിറങ്ങി. സ്വകാര്യകോളേജ് അദ്ധ്യാപകന്റെ സേവനവ്യവസ്ഥകൾ വ്യക്തമായി ഉൾക്കൊള്ളുന്ന ഒരു അദ്ധ്യായം തന്നെ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്ന നമ്മുടെ ആവശ്യത്തിന് അനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിനായി 1968 ജനവരി 21-ാം തീയതി തിരുവനന്തപുരത്ത് വെച്ച് ഒരു കൺവെൻഷൻ വിളിച്ചുകൂട്ടുകയും 3000ൽ പരം അദ്ധ്യാപകർ പങ്കെടുത്ത ഒരു ഉശിരൻ പ്രകടനം നടത്തുകയും ചെയ്തു. കൺവെൻഷന്റെ തീരുമാനമനുസരിച്ച് 12-2-68 മുതൽ 7 ദിവസം നീണ്ടുനിന്ന ഒരു പൊതുപണിമുടക്കു സമരം നാം നടത്തി. ഇതിനു മുമ്പൊരിക്കലും കേരളത്തിൽ കോളേജ് അദ്ധ്യാപകർ പണിമുടക്കിയ സംഭവം ഉണ്ടായിട്ടില്ല. സ്വന്തം നിലനിൽപ്പിന്റെ ഭാഗമായ ഒരു ധർമ്മസമരമെന്ന നിലയിൽ അഭൂതപൂർവ്വമായ ആവേശത്തോടും ത്യാഗമനസ്ഥിതിയോടും കൂടി എ.കെ.പി.സി.ടി.എയുടെ ആഹ്വാനം ചെവിക്കൊണ്ടു കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ വിദ്യാലയങ്ങൾ വിട്ടിറങ്ങി. കേരളത്തിന്റെ സാംസ്ക്കാരിക മനസ്സാക്ഷി സ്തംഭിച്ചുനിന്ന നിമിഷങ്ങളായിരുന്നു അവ. ജോലിസ്ഥിരതയില്ലാത്ത പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ പ്രശ്നം എത്രമേൽ തീവ്രതരമാണെന്നും അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾ എത്രകണ്ട് ദയനീയമാണെന്നും നമ്മുടെ നാട്ടിലെ പുരോഗമന ശക്തികളെയും നല്ലവരായ ജനങ്ങളെയും ഈ പണിമുടക്കുസമരം ബോദ്ധ്യപ്പെടുത്തി. ബൃഹസ്പതിയുടെ പിൻഗാമികളായ അദ്ധ്യാപകർക്ക് വീട്ടുവേലക്കാരന്റെ സേവന സ്ഥിരതപോലുമില്ലെന്ന വസ്തുത അവരെ വേദനിപ്പിച്ചു. ഇന്നാട്ടിലെ പ്രബുദ്ധരായ ജനനേതാക്കളും സാംസ്കാരിക നായകരും പത്രങ്ങളും നമ്മുടെ സമരത്തെ അനുഭാവപൂർവ്വം വീക്ഷിക്കുകയും നമുക്കനുകൂലമായ പ്രസ്താവനകളും മുഖ പ്രസംഗങ്ങളും എഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ ഈ ജീവൽപ്രശ്നം സാമൂഹ്യപുരോഗതിക്കുതന്നെ തടസ്സം നിൽക്കുന്ന ഒന്നാണെന്ന് കണ്ടറിഞ്ഞ തൊഴിലാളി പ്രസ്ഥാനങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും നമ്മുടെ പിന്നിൽ അണിനിരന്നു. അജയ്യമായ ഒരു സംഘടിത ശക്തിയായി നിലകൊണ്ട് നമ്മുടെ ശബ്ദം അർഹിക്കുന്ന ഗൗരവത്തോടെ തന്നെ അന്നത്തെ ഗവൺമെൻറ് ചെവിക്കൊണ്ടു. സർക്കാറിന്റെ നേതൃത്വത്തിൽ നടന്ന ഒത്തുതീർപ്പ് സംഭാഷണങ്ങളുടെ ഫലമായി അധ്യാപകന് നിയമാധിഷ്ഠിത സേവനഭദ്രതയും മെച്ചപ്പെട്ട സേവന വ്യവസ്ഥകളും ഉറപ്പുവരുത്തുന്ന വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് യൂണിവേഴ്സിറ്റി നിയമം പാസ്സാക്കാമെന്ന് ഗവൺമെൻറ് ഉറപ്പുതന്നു. സിലക്ട് കമ്മറ്റി നമ്മുടെ ആവശ്യങ്ങളായ യൂണിവേഴ്സിറ്റി ഭരണസമിതികൾ പുനഃസംഘടിപ്പിക്കുന്നതിനു വേണ്ട വ്യവസ്ഥകളും, ഇന്ത്യയിലെ മററു യൂണിവേഴ്സിറ്റി നിയമങ്ങളിൽനിന്ന് വിഭിന്നമായി പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ സേവന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച ഒരു പ്രത്യേക അദ്ധ്യായവും (8-ാം അധ്യായം) ബില്ലിൽ ചേർത്തുകൊണ്ട് ശുപാർശകളയച്ചു. നമ്മുടെ സംഘടനയുടെ ചരിത്രത്തിലാദ്യമായി നാം നടത്തിയ പണിമുടക്ക് സമരത്തിന്റെ വിജയവൈജയന്തിയായി ഈ അദ്ധ്യായം യൂണിവേഴ്സിറ്റി ബില്ലിൽ സ്ഥലം പിടിച്ചു.

കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ നമ്മുടെ വർഗ്ഗശത്രുക്കൾ വിഷം ചീറ്റി രംഗത്തെത്തി. കൊല്ലും കൊലയും കലാധികാരമായുള്ള ഇക്കൂട്ടർ മതവികാരങ്ങളും വർഗ്ഗീയതയും ഇളക്കിവിട്ടുകൊണ്ട് പുതിയ ബില്ലിനെ നഖശിഖാന്തം എതിർത്തു. പുതിയ ബില്ലിലെ വ്യവസ്ഥകൾ അദ്ധ്യാപകർക്ക് ഗുണം ചെയ്യുന്നവയല്ലെന്ന പ്രചരണം മാനേജുമെന്റുകളുടെ പിണിയാളുകളായ ഒരുപറ്റം പ്രിൻസിപ്പൾമാരുടെ ഒരു കടലാസ്സ് സംഘടനയും മാനേജർമാരുടെ പാദസേവ ജീവിതവ്രതമായി കണക്കാക്കിട്ടുള്ള ചില അദ്ധ്യാപകരും അഴിച്ചുവിട്ടു. കാലഗതി കാണാൻ കൂട്ടാക്കാത്ത ചില ദിനപത്രങ്ങളും മറ്റ് പരിവർത്തന വിരോധികളും കൂടി ആകപ്പാടെ അന്തരീക്ഷം വീണ്ടും കലുഷിതമാക്കി. പ്രചണ്ഡമായ ഈ പ്രചാരണ കോലാഹലങ്ങളുടെ മുമ്പിൽ, കേരള രാഷ്ട്രീയ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെൻറ് വഴങ്ങിയേക്കുമെന്ന ഭയം നമ്മെ വീണ്ടും ആശങ്കാകുലരാക്കി. നമ്മുടെ സംഘടിതശക്തി ഒന്നുകൊണ്ടുമാത്രമേ ഈ പിന്തിരിപ്പൻ ശക്തികളെ തളച്ചുനിർത്താനാവൂ എന്ന് ബോദ്ധ്യം വന്നതിനാൽ 1968 ഒക്ടോബറിൽ തിരുവനന്തപുരത്തുവെച്ച് ഒരു സ്പെഷൽ കൺവെൻഷനും പ്രകടനവും നാം സംഘടിപ്പിച്ചു. കൺവൻഷൻ നിർദ്ദേശമനുസരിച്ച് സിലക്ട് കമ്മറ്റി റിപ്പോർട്ട് പരിഗണനയ്ക്ക് എടുത്ത നിയമസഭയുടെ മുമ്പിൽ പതിനേഴ ദിവസങ്ങളോളം നമ്മുടെ സന്നദ്ധ ഭടൻമാർ സത്യാഗ്രഹമനുഷ്ഠിച്ചു.

സെലക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്തവിധത്തിൽതന്നെ യൂണിവേഴ്സിറ്റി നിയമം പാസ്സാക്കിയെടുക്കണമെന്ന് ആവശ്യം ഉന്നയിച്ചു കൊണ്ട് ആയിരക്കണക്കിന് അദ്ധ്യാപക ഒപ്പിട്ട ഭീമഹർജി നിയമസഭാ സ്പീക്കർക്ക് സമർപ്പിച്ചു. നമ്മുടെ ആശയാഭിലാഷങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമം ഉണ്ടാക്കിക്കാണുവാൻ ഉള്ള അദമ്യമായ ആഗ്രഹ അഭിനിവേശത്താൽ പ്രചോദിതരായി ഏഴ് സന്നദ്ധ സേനാനികൾ വേണ്ടിവന്നാൽ മരണംവരെ ഉപവസിക്കുന്നതിന് തയ്യാറായി രംഗത്തുണ്ടായിരുന്നു. ഭരണകക്ഷിയുടെ ഏകോപനസമിതി യോഗത്തിന്റെ മുമ്പിൽ നിമിഷവേഗത്തിൽ സംഘടിപ്പിച്ച ഒരു ഉശിരൻ പ്രകടനം നാം കാഴ്ചവെച്ചു. സിലക്ട് കമ്മറ്റി റിപ്പോർട്ടിൽ സാരമായ മാററങ്ങൾ വരുത്താതെ ബിൽ പാസ്സാക്കുകയാണെങ്കിൽ കോളേജുകൾ അടച്ചിടുമെന്ന് വളരെ ലാഘവബുദ്ധിയോടുകൂടി മാനേജർമാർ മുഴക്കിയ ഭീഷണിയെ നേരിടാൻ വേണ്ടി വിവിധ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും,



സെനറ്റേഴ്സ് ഫോറത്തിന്റെയും, പ്രൈവറ്റ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സംയുക്ത സമരസമിതി രൂപീകരിച്ച്, കോളേജുകൾ സുഗമമായി പ്രവർത്തിക്കുവാൻ വേണ്ട സന്നാഹങ്ങളുമായി നാം സുസജ്ജരായിനിന്നു. ഇങ്ങിനെ നാം പുലർത്തിയിരുന്ന ജാഗ്രതയുടെയും പ്രവർത്തനങ്ങളുടെയും ഫലമായി സുപ്രധാനമായ എട്ടാം അദ്ധ്യായം അതേപടി നിലനിർത്തിക്കൊണ്ട് യൂണിവേഴ്സിറ്റി ഭരണസമിതികളിൽ ന്യായമായ അദ്ധ്യാപക പ്രാതിനിധ്യം അനുവദിച്ചു കൊണ്ടും പുതിയ യൂണിവേഴ്സിറ്റി ബിൽ നിയമസഭ പാസ്സാക്കി. പ്രൈവറ്റ് കോളേജ് അദ്ധ്യാപകന്റെ അവകാശരേഖയായി വിശേഷിപ്പിക്കപ്പെട്ട, ഉന്നതവിദ്യാഭ്യാസരംഗത്ത് വിപ്ളവകരമായ ഫലങ്ങൾ ഉളവാക്കുമായിരുന്ന ഈ ബിൽ പാസ്സാക്കാൻ മുൻകൈ എടുത്ത അന്നത്തെ ഗവൺമെന്റിന്റെ ക്രാന്തദർശിത്വത്തെയും, ഇക്കാര്യത്തിൽ പ്രബുദ്ധമായ ഒരു നിലപാടെടുത്ത അന്നത്തെ പ്രതിപക്ഷത്തെയും, സെലക്ട് കമ്മറ്റി അംഗങ്ങളുടെ ദീർഘവീക്ഷണത്തെയും കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ കൃതജ്ഞതാപൂർവ്വം സ്മരിക്കുമെന്നതിൽ സംശയമില്ല.

വിധിവൈപരീത്യമെന്നല്ലാതെ മറ്റെന്തുപറയാൻ? ഭഗീരഥ പ്രയത്നം ചെയ്ത് നാം കൈവരിച്ച ഈ മഹത്തായ നേട്ടം ഭരണഘടനയുടെ കുന്തമുനകളേറ്റ് ദുർമൃതിയടഞ്ഞ കഥ പിൽക്കാലചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

തങ്ങൾ ഇതുവരെ നിർബാധം നടത്തിപ്പോന്ന അദ്ധ്യാപക ചൂഷണത്തിനും, മർദ്ദനത്തിനും വിലങ്ങുതടിയായേക്കാവുന്ന ചില വകുപ്പുകൾ അടങ്ങിയ യൂണിവേഴ്സിറ്റി നിയമം സർവ്വശക്തിയും എടുത്ത് എതിർത്തിട്ടും കേരള നിയമസഭ പാസ്സാക്കിയപ്പോൾ ഇന്നാട്ടിലെ പ്രൈവറ്റ് കോളേജ് മാനേജുമെന്റുകൾ അടിയേറ്റ പാമ്പിനെപ്പോലെ പ്രതികാരസന്നദ്ധമായി. അദ്ധ്യാപകർക്ക് ഇന്നോളം കൈവരാത്ത സേവനഭദ്രത ഈ നിയമത്തിലൂടെ ലഭിക്കുമെന്ന പ്രതീക്ഷയിൽ എ.കെ.പി.സി.ടി.എ. യുടെ ആഹ്വാനമനുസരിച്ച് കേരള യൂണിവേഴ്സിറ്റി ബില്ലിന് ജീവൻ നൽകാൻ എന്തു വിലകൊടുത്തും രംഗത്തിറങ്ങുകയും പണിമുടക്കുകയും ചെയ്ത അദ്ധ്യാപകരെ ഒരു പാഠം പഠിപ്പിക്കുവാനെന്നോണം വ്യാപകമായ തോതിൽ പിരിച്ചുവിടലുകൾ ആരംഭിച്ചു. ഇതുവരെ നാം നടത്തിയ സമരപ്രസ്ഥാനങ്ങളെല്ലാം പരോക്ഷമായി മാനേജരെ സഹായിക്കുന്നവയായിരുന്നു. ഇതഃപര്യന്തമുള്ള നമ്മുടെ സമരങ്ങളിൽ ശമ്പളവർദ്ധനവും ക്ഷാമബത്താവർധനവുമായിരുന്നുവല്ലോ പ്രധാന ആവശ്യങ്ങൾ. ഗവൺമെന്റ് ഇവ അനുവദിച്ചപ്പോഴൊക്കെ അതിന്റെ മെച്ചം അദ്ധ്യാപകരെക്കാൾ കൂടുതൽ കിട്ടിയത് മാനേജ്മെന്റിനാണ്. വർദ്ധിച്ച ഗ്രാന്റ് അവർക്കു ലഭിച്ചു. പലപ്പോഴും അദ്ധ്യാപകന് ശമ്പള വർധന നൽകിയുമില്ല. പക്ഷെ, ഇത്തവണ നാം നടത്തിയ പൊതുപണിമുടക്കും മറ്റു സമരങ്ങളും അവയുടെ പ്രത്യക്ഷഫലമായ യൂനിവേഴ്സിറ്റി നിയമവും മാനേജർമാരുടെ സ്ഥാപിത താൽപര്യങ്ങളിൽ കനത്ത ആഘാതങ്ങൾ ഏൽപിക്കുക തന്നെ ചെയ്തു.

1967-68 അദ്ധ്യായനവർഷത്തിന്റെ അവസാനം കേരളത്തിൽ അങ്ങോളമിങ്ങോളം ആരംഭിച്ച പിരിച്ചുവിടൽ എന്ന സംഹാരപ്രക്രിയയുടെ കരിനിഴലോടെയാണ് 1968-'69 അദ്ധ്യയനവർഷം ആരംഭിച്ചത്. സംഘടനയുടെ പല ഘടകങ്ങളിലും ഇതിനെതിരായ പ്രതികരണം വേണ്ടത്ര ആവേശപൂർണ്ണമായിരുന്നില്ല. എന്നാൽ എ.കെ.പി.സി.ടി.എ.ക്ക് ജന്മം നൽകിയ എസ്.എൻ. കോളേജ് ഈ വെല്ലുവിളി നേരിടുക തന്നെ ചെയ്തു. ഏറ്റവും ശക്തമായ ഒരു കോർപ്പറേറ്റ് മാനേജ്മെന്റിനെയും, അവരുടെ രണ്ടാംനിരയായി പ്രവർത്തിച്ച ഒരു സംഘം ഗുണ്ടകളെയും നേരിട്ടു കൊണ്ട് സംഘടനാബോധമുള്ള ഒരു അദ്ധ്യാപക വിഭാഗം എ.കെ.പി.സി.ടി.എ. യുടെ നേതൃത്വത്തിൽ നടത്തിയ

ആ ഐതിഹാസിക സമരം 60 ദിവസം നീണ്ടുനിന്നു. ബഹുജനങ്ങളുടെ നിരാഹാരസഹായവും, അദ്ധ്യാപകരുടെ പതറാത്ത നിശ്ചയദാർഢ്യവും മൂലം പിരിച്ചുവിടപ്പെട്ട 37 പ്രൊബേഷണറി അദ്ധ്യാപകരിൽ 36 പേരെയും ഉഗ്രശാസനനായിരുന്ന മുൻമുഖ്യമന്ത്രി ആർ. ശങ്കറിനെകൊണ്ട് തിരിച്ചെടുപ്പിക്കുവാൻ സാധിച്ചത് നമ്മുടെ സംഘടനയുടെ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു നേട്ടമാണ്. ഭീഷണിക്കും പ്രലോഭനങ്ങൾക്കും ഗുണ്ടായിസത്തിനും മുമ്പിൽ തലകുനിക്കാതെ നിന്ന എസ്.എൻ. കോളേജ് അദ്ധ്യാപകരും അസാധാരണമായ മനസാന്നിധ്യത്തോടെ ഉറച്ചുനിന്ന അദ്ധ്യാപികമാരും കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന്റെ നിത്യരോമാഞ്ചങ്ങളാണ്.

എസ്.എൻ. കോളേജ് അദ്ധ്യാപകരുടെ ഐക്യദാർഢ്യവും, സംഘടനയിലുള്ള അചഞ്ചലമായ വിശ്വാസവും വിളിച്ചറിയിച്ച ഈ ധീരസമരത്തിന്റെ പരിസമാപ്തി മാനേജ്മെന്റിന് അപമാനകരമായ വിധത്തിലായിരുന്നു. തൽക്കാലം പത്തി മടങ്ങിയ അവരുടെ അധികാരദർപ്പം അധ്യാപക സമരത്തിൻറ ചുക്കാൻ പിടിച്ചിരുന്ന നേതാക്കളെയും പ്രവർത്തകരേയും തെരഞ്ഞുപിടിച്ച് വേട്ടയാടുവാൻ പഴുത നോക്കിയിരുന്നു. സമരത്തിനുശേഷം അവരെ കൂട്ടത്തോടെ സ്ഥലം മാറ്റി.

സമരത്തിന്റെ നിർണ്ണായക ഘട്ടങ്ങളിലും അതിനുമുൻപും പുരോഗമന മുഖംമൂടിയണിഞ്ഞ എസ്.എൻ. മാനേജ്മെന്റിന്റെ അഴിമതികളെ പൊതുജനസമക്ഷം കൊണ്ടുവരുന്നതിൽ പ്രധാന പങ്കുവഹിച്ച ശ്രീ. എൻ. രാജശേഖരൻ നായരോട് മാനേജ്മെന്റിന് പ്രത്യേക പക തന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തെ കൊല്ലം കോളേജിൽ നിന്ന് ചേർത്തല കോളേജിലേക്കാണ് സ്ഥലം മാറ്റിയത്. രാജശേഖരൻ നായരെ ദ്രോഹിക്കുന്നതിലൂടെ മാനേജ്മെന്റിന്റെ നല്ലപിള്ളയാകാൻ അവസരം പാർത്തുനിന്ന ഒരു പ്രിൻസിപ്പലായിരുന്നു അവിടെ ഉണ്ടായിരുന്നത്. എസ്.എൻ. കോളേജ് അദ്ധ്യാപകരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സംഘടിത ശക്തി ഒരുക്കുന്നതിൽ വ്യാപൃതനായ രാജശേഖരൻനായരെ ഏററവും നീചവും ഹീനവുമായ വിധത്തിൽ തേജോവധം ചെയ്യുവാനും സ്വഭാവഹത്യപോലും നടത്തുവാനും, വിദ്യാഭ്യാസംകൊണ്ട് സ്വതന്ത്രരാവാനും, സംഘടനകൊണ്ട് ശക്തരാകാനും, ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി കഴിഞ്ഞിരുന്ന ജനലക്ഷങ്ങളോട് ആഹ്വാനം ചെയ്ത മഹാപുരുഷന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഒരു മാനേജ്മെന്റ് വ്യഗ്രത കാട്ടി എന്നത് ഒരു വിരോധാഭാസമായി തോന്നാം. 'ഒരു ജാതി, ഒരു മതം' എന്ന വിശ്വോത്തരസൂക്തം ഉദ്ഘോഷിച്ച ആ ചരിത്രപുരുഷന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ ശ്രീ. രാജശേഖരൻ നായരുടെ നേതൃത്വത്തിൽ തഴച്ചുവളർന്ന അദ്ധ്യാപക സമൂഹത്തിന്റെ സംഘടിത പ്രതിഷേധത്തെ ജാതി ചിന്ത വരെ ഉപയോഗിച്ച് നേരിടാൻ ശ്രമിച്ചു. രാജശേഖരൻനായരെ 'സംഹരിക്കുവാൻ കൊതിപൂണ്ട് നിന്ന മാനേജ്മെൻറ് കള്ളക്കേസുകളുടെ അടിസ്ഥാനത്തിൽ ഒരു അന്വേഷണ പ്രഹസനം നടത്തി. 1970 മാർച്ച് 4-ാം തീയതി അദ്ദേഹത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. നിയമദത്ത സംരക്ഷണമില്ലാത്ത നമ്മുടെ ദുരവസ്ഥയിൽ അദ്ദേഹത്തിന് നീതിപീഠങ്ങളിൽ നിന്ന് നീതി ലഭിച്ചില്ല. തനിക്കും തന്റെ സഹപ്രവർത്തകർക്കും മാന്യമായ സേവനവ്യവസ്ഥകളും, മറ്റാനുകൂല്യങ്ങളും വേണമെന്ന ശ്രേഷ്ഠവികാരത്താൽ പ്രചോദിതനായി അനീതിക്കും അധർമ്മത്തിനുമെതിരായി നടത്തിയ സമരത്തിൽ തന്റെ തൊഴിൽ നഷ്ടപ്പെട്ട അദ്ദേഹത്തെ കേരളത്തിലെ, പ്രൈവറ്റ് കോളേജ് അദ്ധ്യാപകസമൂഹം വിസ്മരിച്ചില്ല. പ്രൈവറ്റ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന് കരുത്തേറ്റിയ ശ്രീ. ശേഖരൻനായർക്ക് നിയമത്തിലൂടെ പരിരക്ഷ നൽകാൻ സാധിക്കാതെ വന്നപ്പോൾ നാം അന്നത്തെ ആറായിരത്തിലധികം വരുന്ന തുക പിരിച്ച് നൽകി.

ഏതാണ്ട് ഇതേ കാലത്തു തന്നെ കോട്ടയം ബസേലിയസ്, കൊല്ലം ഫാത്തിമ മാതാ, കാലടി ശ്രീ ശങ്കര, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്, കോട്ടയം സി.എം.എസ്. കോലഞ്ചേരി സെൻറ് പീറ്റേഴ്സ് എന്നീ കോളേജുകളിൽ പിരിച്ചുവിടലിനെതിരായും സേവന ഭദ്രതയ്ക്കുവേണ്ടിയും പണിമുടക്ക് ഉൾപ്പെടെയുള്ള പ്രത്യക്ഷ സമരങ്ങൾ നടക്കുകയുണ്ടായി. ഇതിൽ കൊല്ലം ഫാത്തിമ മാതായിലെ പ്രശ്നം ഒരു അഖിലകേരള പണിമുടക്കു സമരത്തിനുതന്നെ വഴിവെച്ചു. പതിന്നാലു പേരുള്ള ഒരു ചെറിയ യൂണിറ്റായിരുന്നിട്ടും, അദ്ധ്യാപകരെ പിരിച്ചു വിടുന്നതിൽ പണ്ടു മുതലെ ചരിത്രം സൃഷ്ടിച്ച അതിശക്തമായ ഒരു മാനേജ്മെന്റിനെ ചെറുത്തു നിൽക്കുന്നതിൽ അസാമാന്യമായ ധീരതയും കർമ്മശേഷിയും പ്രകടിപ്പിച്ചവരാണ് ഫാത്തിമയിലെ സുഹൃത്തുക്കൾ. നാലും അഞ്ചും കൊല്ലം സർവ്വീസുള്ള ചില സ്ഥിരാദ്ധ്യാപകരെ പിരിച്ചുവിട്ട മാനേജ്മെൻറ്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മണ്ഡലത്തെ ആകെ നിശ്ചേതനമാക്കിയ അദ്ധ്യാപക സമരത്തെ മതവികാരങ്ങളുണർത്തി ഗുണ്ടകളെ വിട്ട് തച്ചൊതുക്കുവാൻ ശ്രമിച്ചു. പക്ഷെ കൊല്ലം നഗരത്തിലെ ആദർശ ധീരരായ വിദ്യാർത്ഥികളും സംഘടിത തൊഴിലാളി വർഗവും സ്നേഹസമ്പന്നരായ പൊതുജനങ്ങളും ദിനപത്രങ്ങളും നമ്മോടൊപ്പം നിന്ന് പോരാടി. അവസാനം 14 ദിവസം നീണ്ടുനിന്ന ഈ സമരം ഒത്തുതീർപ്പിലെത്തി. പിരിച്ചുവിട്ട അദ്ധ്യാപകരെയെല്ലാം തിരിച്ചെടുക്കണമെന്ന് ഉറപ്പു നൽകുന്ന ഒരു തീരുമാനം ഗവൺമെൻറ് മുൻകയ്യെടുത്തുകൊണ്ട് നടത്തിയ ഒത്തുതീർപ്പിന്റെ ഫലമായുണ്ടായി.

കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സിലേയും പ്രശ്നം അദ്ധ്യാപകനെ പിരിച്ചുവിടാൻവേണ്ടി

കോഴ്സ് നിർത്തലാക്കിയതു തന്നെയായിരുന്നു. സുറിയാനി ഒരു പാഠഭാഷയാകേണ്ട ആവശ്യമില്ലെന്ന് ഏകപക്ഷീയമായി തീരുമാനിച്ച മാനേജ്മെന്റ് അത് പഠിപ്പിച്ചിരുന്ന വൈദികനായ അദ്ധ്യാപകനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. റവ: ഫാദർ ജോസഫ് നെടുംതകിടിയോട് ഒരു കാത്തലിക് മാനേജ്മെന്റ് കാണിച്ച ഈ അനീതിക്കെതിരായി എ.കെ.പി.സി.ടി.എ.യുടെ നേതൃത്വത്തിൽ സമരം നടന്നു. "കത്തോലിക്കാ മാനേജ്മെന്റ് സ്ഥാപനങ്ങളിലെ അഴിമതികളുടെ 'ഹാലേലുയ്യാ'കൾ കൊച്ചു കൊച്ച് ഇടവകകളിൽ ഇരുന്ന് കേൾക്കേണ്ടിവന്നതിൽ" ദുഃഖിച്ച വൈദികർ, റവ: ഫാദർ ജോർജ്ജ് വെള്ളക്കാളത്തിന്റെ നേതൃത്വത്തിൽ ഈ സമരത്തിന്നനുകൂലമായി പേരു വെച്ച പ്രസ്താവന പുറപ്പെടുവിച്ചു.

അദ്ധ്യാപകന്റെ അഭ്യുന്നതികാംക്ഷിക്കുന്ന എല്ലാപേരുടെയും ശബ്ദം എ.കെ.പി.സി.ടി.എ.യുടെ മുദ്രാവാക്യത്തിന് ആക്കം നൽകി. മാനേജുമെന്റിന് റവ: ഫാദർ നെടും തകിടിയെ ജോലിയിൽ തിരിച്ചെടുക്കാതെ നിർവ്വാഹമില്ലാതായി.

'വർക്കിസമര'മെന്ന പേരിൽ പ്രസിദ്ധമായ കോലഞ്ചേരി സമരം സെന്റ് പീറ്റേഴ്സ് കോളജിലെ ശ്രീ. എം.എം. വർക്കി എന്ന അദ്ധ്യാപകനെ അന്യായമായി പിരിച്ചുവിട്ടതിനെതിരായി നടത്തിയതായിരുന്നു. സാമൂഹ്യ വിരുദ്ധൻമാരുടെ ഗുണ്ടാപ്പടയെപ്പോലും ചെറുത്തുനിൽക്കേണ്ടിവന്നു, ജോലിസ്ഥിരതയ്ക്കു വേണ്ടി മുറവിളികൂട്ടിയ അവിടത്തെ അദ്ധ്യാപക സുഹൃത്തുക്കൾക്ക് 'ആചാര്യ ദേവോഭവ:' എന്ന് ഉദ്ഘോഷിക്കപ്പെട്ട ആർഷഭാരതത്തിൽ ദൈവത്തിന്റെ പ്രതിപുരുഷൻമാരെന്ന് സ്വയം അഭിമാനിക്കുന്ന ഒരുപറ്റം മനുഷ്യർ അധ്യാപകരെയും അവർക്ക് പിൻതുണ നൽകാനെത്തിയ വിദ്യാർത്ഥികളെയും വാടകയ്ക്കെടുത്ത നരാധമൻമാരെക്കൊണ്ട് മർദ്ദിച്ചൊതുക്കുവാൻ മടിയേതുമില്ലാതെ മുന്നോട്ടുവന്ന സംഭവം നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ കറുത്ത അദ്ധ്യായമായി അവശേഷിക്കും. സംഘടിതശക്തി എന്ന ഉരുക്കുമുഷ്ടിയുടെ കരുത്തും, ആദർശധീരതയിൽനിന്ന് ഉടലെടുത്ത ഹൃദയദാർഢ്യവുമുള്ള അദ്ധ്യാപക പ്രസ്ഥാനത്തിനു മുമ്പിൽ അധർമ്മത്തിന്റെ മാത്രം പിൻബലമുള്ള കാളി കൂളിപ്പടകൾ നിസ്തേജരായി. ശ്രീ. വർക്കി വീണ്ടും സെന്റ് പീറ്റേർസിലെ അധ്യാപകനായി.

സാമാന്യനീതിക്ക് നിരക്കാത്തവിധം, സ്വജന പക്ഷപാതപരവും, നീതിരഹിതവുമായ രണ്ടുനിയമനങ്ങൾക്കെതിരായി 1970 ഏപ്രിലിൽ കോട്ടയം സി.എം.എസ്. കോളേജിലെ എ.കെ.പി.സി.ടി.എ. യൂണിറ്റിന്ന് 56 ദിവസം നീണ്ടുനിന്ന ഒരു സമരം നടത്തേണ്ടിവന്നു. ഈ നിയമനങ്ങൾ നീതിക്കും, നിയമത്തിന്നും നിരക്കാത്തവയാണെന്ന് കാണിച്ച് എ.കെ.പി.സി.ടി.എ. നൽകിയ മെമ്മോറാണ്ടങ്ങൾക്ക് സാമാന്യ മര്യാദയനുസരിച്ച് ഒരു മറുപടിപോലും തരാൻ മാനേജുമെൻറു കൂട്ടാക്കാതിരുന്ന സാഹചര്യത്തിലാണ് നമുക്ക് സമരമാർഗ്ഗം അവലംബിക്കേണ്ടി വന്നത്. വിവിധ രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെയും വിദ്യാർത്ഥി സംഘടനകളുടെയും പിൻതുണയോടെ നടത്തിയ ഈ സമരം കോട്ടയം പട്ടണത്തിന്റെ ചരിത്രത്തിൽ തന്നെ അഭൂതപൂർവ്വമായ ഒന്നാണ്. സത്യാഗ്രഹ പന്തൽ കത്തിച്ചും, ഗുണ്ടകളെ ഇറക്കമതിചെയ്തും, ഒരു വിഭാഗം അദ്ധ്യാപകരെ കരിങ്കാലികളാക്കി അവരെക്കൊണ്ട് ക്ലാസുകൾ നടത്താൻ വിഫലശ്രമം നടത്തിയും, സമരത്തെ അടിച്ചമർത്താമെന്ന് വ്യാമോഹിച്ച മാനേജുമെന്റ് അവസാനം കൂടിയാലോചനകൾക്ക് തയ്യാറായി. കൂടിയാലോചനകളുടെ ഫലമായി, ഇംഗ്ളീഷ് ഡിപ്പാർട്ടുമെൻറിലെ നിയമനത്തെപ്പറ്റി അന്ത്യ തീരുമാനം ഒരു കൺസിലിയേഷൻവഴി ഉണ്ടാക്കാമെന്നും, കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ നിയമനത്തെപ്പറ്റി യൂണിവേഴ്സിറ്റി തീരുമാനമെടുക്കാമെന്നും, നിശ്ചയിക്കപ്പെട്ടു. കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ പ്രശ്നം വളരെ പെട്ടെന്നുതന്നെ പരിഹരിക്കപ്പെട്ടു. എന്നാൽ ഭരണഘടനയിലെ 30 (1) വകുപ്പ് എന്ന വൈതരണി കടക്കാനാവാതെ ഇംഗ്ളീഷ് ഡിപ്പാർട്ടുമെന്റിലെ പ്രശ്നം നുക്കനകലമായി പരിഹരിക്കപ്പെടാതെ പോയി. രണ്ടു മാസത്തോളം നീണ്ടുനിന്ന ഈ സമരം കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ ഇന്ന് അനുഭവിക്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും, പ്രൈവറ്റ് കോളേജ് മാനേജർമാരുടെ അനീതികൾ പൊതുജനസമക്ഷം തുറന്നുകാട്ടുന്നതിന്നും വളരെയധികം പ്രയോജകമായി.

എ.കെ.പി.സി.ടി.എ.യ്ക്ക് നിരന്തരമായി മാനേജ്മെന്റിനെതിരായി പോരാടേണ്ടി വന്നിട്ടുള്ള ഒരു കോളേജാണ് കാലടി ശ്രീ. ശങ്കരകോളേജ്. യാതൊരു തത്വദീക്ഷയുമില്ലാതെ അദ്ധ്യാപക വിരുദ്ധ നടപടികൾ അനസ്യൂതം അനുവർത്തിച്ചുപോന്ന ഈ മാനേജർക്കെതിരെ പല ഘട്ടങ്ങളിലും പണിമുടക്കുകൾ ഉൾപ്പെടെയുള്ള പ്രത്യക്ഷസമരപരിപാടികൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. ഓരോ തവണയും ഒത്തുതീർപ്പ് വ്യവസ്ഥകൾ താമസംവിനാ ലംഘിക്കുക എന്നത് ഒരു നയമാക്കി സ്വീകരിച്ച മാനേജർക്കെതിരെ ഈ വ്യവസ്ഥകൾ നടപ്പാക്കി കിട്ടുന്നതിനായി തുടരെത്തുടരെ സമര പരിപാടികൾ നമുക്ക് ആവിഷ്ക്കരിക്കേണ്ടി വന്നു. ഈ സമരങ്ങൾക്കെല്ലാം നേതൃത്വം നൽകിയ പ്രൊഫ: സി.കെ. ശിവരാമപിള്ളയെ വൈരനിര്യാതന ബുദ്ധിയോടെ മാനേജർ ശിക്ഷണ നടപടികൾക്ക് വിധേയനാക്കി. ശ്രീ. ശിവരാമ പിള്ള ട്രൈബ്യൂണലിലും, കോടതികളിലും ഈ അനീതിക്കെതിരായിനിയമസമരങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരള സർവ്വ കലാശാലയിലെ അദ്ധ്യാപകന് സേവന ഭദ്രത നൽകുന്ന വകുപ്പുകൾ

എത്രത്തോളം അദ്ധ്യാപകന് ഗുണകരവുമാവുമെന്ന് ശ്രീ. ശിവരാമ പിള്ളയുടെ കേസ്സുകളിലെ അന്തിമ വിധിയിലൂടെ നമുക്ക് ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു.

അന്യായമായി പിരിച്ചുവിട്ട ഒരദ്ധ്യാപകനായ ശ്രീ. അമീർ ആലിയെ തിരിച്ചെടുക്കുക ഉടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടി നടത്തിയ നിവേദനങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ കൊല്ലം ടി.കെ.എം. കോളേജിലെ അംഗങ്ങൾക്ക് ഒരു പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങേണ്ടി വന്നു. ഇതിനെത്തുടർന്ന് 'ജനസ്വാധീന'വും ധനസ്വാധീനവും ഉള്ള കടുംപിടുത്തക്കാരനായ മാനേജർ അദ്ധ്യാപകരെ കള്ളകേസുകളിൽ കുടുക്കുകയും ധിക്കാരത്തോടുകൂടി അനിശ്ചിതകാലത്തേക്ക് കോളേജ് അടച്ചിടുകയും ചെയ്തു. പക്ഷെ പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും സഹായസഹകരണത്തോടെ പണിമുടക്കിയിരുന്ന അദ്ധ്യാപകർ കോളേജിൽ പ്രവേശിച്ച് ഒരാഴ്ചക്കാലത്തോളം അദ്ധ്യാപനം നടത്തി. സമാധാനപരമായി തൊണ്ണൂറുശതമാനത്തിലധികം വിദ്യാർത്ഥികളും ഹാജരായി തുറന്ന പ്രവർത്തിച്ചുപോന്ന ആ കോളേജിൽ ഒരു ദിവസം ഗുണ്ടകളെ ഉപയോഗിച്ച് മാനേജ്മെന്റ് മനപൂർവ്വം സംഘർഷാവസ്ഥ സൃഷ്ടിക്കുകയും വീണ്ടും അദ്ധ്യാപനം മുടക്കുകയും ചെയ്തു. ശിക്ഷണനടപടികൾക്കെതിരായി ശ്രീ. അമീർ ആലി ട്രൈബ്യൂണലിൽ കൊടുത്തിരുന്ന കേസ്സിന്റെ വിധിയെ മാനിക്കാമെന്ന് മാനേജർ ഗവൺമെന്റിന്റെ മദ്ധ്യസ്ഥതയുടെ ഫലമായി രേഖാമൂലം ഉറപ്പുതന്നതിനാൽ നാം സമരം നിർത്തിവെച്ചു.

ട്രൈബ്യൂണലിന്റെ വിധി ശ്രീ. അമീർ ആലിക്ക് അനുകൂലമായിരുന്നു. എന്നാൽ ഒത്തുതീർപ്പ് വ്യവസ്ഥകൾ കാറ്റിൽ പറത്തിക്കൊണ്ട് മാനേജർ ഈ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. പക്ഷെ ഹൈക്കോടതി, ട്രൈബ്യൂണലിന്റെ വിധി ശരിവെക്കുകയാണുണ്ടായത്. എന്നാൽ ഹൈക്കോടതി വിധിയെപ്പോലും മാനിക്കാൻ തയ്യാറാവാത്ത മാനേജർ അമീർ ആലിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ വിസമ്മതിച്ചു. കോടതി വിധി നടപ്പാക്കികിട്ടുന്നതിനായി നമ്മുടെ പിന്നീടുള്ള ശ്രമങ്ങൾ. യൂണിവേഴ്സിറ്റി സമിതികളിലും മറ്റും നമ്മുടെ പ്രതിനിധികൾ ഈ പ്രശ്നം ഉന്നയിച്ചു. ഇതുകൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ല. അവസാനം സ്വന്തം വിധി നടപ്പാക്കിച്ച തരണമെന്ന അഭ്യർത്ഥനയുമായി ശ്രീ. അമീർ ആലി കോടതിയെ തന്നെ സമീപിച്ചു. കോർട്ടലക്ഷ്യക്കുറ്റത്തിന്ന് വിധേയനാകേണ്ടിവന്ന മാനേജർ മുട്ടുമടക്കി. 1975 അവസാനം ശ്രീ. അമീർ ആലിയെ ജോലിയിൽ തിരിച്ചെടുത്തു.

പ്രശ്നങ്ങൾ നിറഞ്ഞ മറെറാരു കോളജാണ് പെരിങ്ങമല ഇക്ബാൽ കോളേജ്. ശമ്പളക്കുടിശ്ശികക്കുവേണ്ടിയും, ഒപ്പിടുന്ന തുകതന്നെ ശമ്പളമായി ലഭിക്കുന്നതിനും, അകാരണമായ പിരിച്ചുവിടലിനും എതിരായും മറ്റും പല സമരങ്ങളും ഇവിടെ നടന്നിട്ടുണ്ട്. കള്ളകേസുകളുണ്ടാക്കി അദ്ധ്യാപകരെ പിരിച്ചുവിടുകയും, ഭാരിച്ച കോഴവാങ്ങി പുതിയ ആളുകളെ നിയമിക്കുകയും ആ കോളേജിൽ ഒരു നിത്യസംഭവമായിരുന്നു. ഇവർക്കെല്ലാം എതിരായി നാം നടത്തിയ വിവിധ സമരങ്ങളുടെ പരിസമാപ്തിയിൽ ഉണ്ടാകുന്ന ഒത്തുതീർപ്പുകൾ പാലിക്കുവാൻ ബാദ്ധ്യതയില്ലാത്ത വിധത്തിൽ എന്നും മാനേജർ മാറിക്കൊണ്ടിരിക്കുക എന്നത് അവിടെ ഒരു പ്രതിഭാസമായിരുന്നു. കേരള യൂണിവേഴ്സിറ്റി നിയമത്തിന്റെ പരിരക്ഷ ലഭിച്ചതോടെ പലപ്പോഴായി പിരിച്ചുവിടപ്പെട്ടിരുന്ന അദ്ധ്യാപകർക്ക് കോടതികളിലൂടെ സേവനസ്ഥിരത കൈവന്നിട്ടുണ്ട്. നമ്മുടെ നിരന്തര സമരങ്ങ ളിലൂടെയും മദ്ധ്യസ്ഥ തീരുമാനങ്ങളിലൂടെയും ശമ്പളത്തിന്റെ കാര്യത്തിലും ചില്ലറ ആശ്വാസങ്ങൾ ഈ കോളേജിലെ അദ്ധ്യാപകർക്ക് കൈവന്നിരുന്നു. ഡയരക്ട് പേമെന്റ് നടപ്പായതോടെ കൃത്യമായി ശമ്പളം കിട്ടുക എന്ന ശാശ്വത സംവിധാനം നിലവിൽ വന്നു.

വടക്കാഞ്ചേരി ശ്രീവ്യാസ എൻ.എസ്.എസ്. കോളേജിൽ ഒരു പ്രിൻസിപ്പാളുടെ സ്വേച്ഛാപരമായ അദ്ധ്യാപക വിരുദ്ധ നടപടികൾ മൂലം എ.കെ.പി.സി.ടി.എ.യുടെ നേതൃത്വത്തിൽ അദ്ധ്യാപകസമരം നടക്കുകയുണ്ടായി. മാത്ത്മെറ്റിക്സ് വിഭാഗത്തിലെ കൃഷ്ണനുണ്ണിയെ അന്നത്തെ പ്രിൻസിപ്പാൾ ആയിരുന്ന ശ്രീ. സി പി. ജനാർദ്ദനൻ ധിക്കാരപരമായി കള്ളക്കേസ് ഉണ്ടാക്കി സസ്പെൻഡു ചെയ്തു. ഇതിനെതിരായി ചെറിയൊരു യൂണിറ്റായിരുന്നിട്ടും ശ്രീ വ്യാസയിലെ ധീരരായ നമ്മുടെ സുഹൃത്തുക്കൾ പ്രത്യക്ഷസമരമാരംഭിച്ചു. നാട്ടുകാരുടേയും വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടേയും പൂർണ്ണ സഹകരണത്തോടെ അദ്ധ്യാപകസമരം മുന്നോട്ടു പോയപ്പോൾ വിറളി പൂണ്ട പ്രിൻസിപ്പാൾ കോളേജ് സംരക്ഷിക്കാനെന്ന പേരിൽ ഗുണ്ടകളെ ഇറക്കുമതി ചെയ്തു. തുടർന്നുണ്ടായ സംഘർഷാവസ്ഥയിൽ അടിപിടിയും, കത്തിക്കുത്തും വരെ നടന്നു. മർദ്ദനത്തിനു വിധേയരായ അദ്ധ്യാപകരുടെ പേരിൽ ക്രിമിനൽ കുററങ്ങൾ ചുമത്തി കള്ളക്കേസുകളുണ്ടാക്കി. എ.കെ.പി.സി.ടി.എ. യുടെയും പൗരമുഖ്യൻമാരുടേയും നേതൃത്വത്തിൽ മാനേജ്മെന്റുമായി ഒത്തുതീർപ്പു സംഭാഷണങ്ങൾ നടന്നു. തൽഫലമായി ശ്രീ. കൃഷ്ണനുണ്ണിയുടെ സസ്പെൻഷൻ നിരുപാധികം റദ്ദാക്കുകയും അന്ന് സർവ്വീസിലുള്ള അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വ്യാസാ എൻ.എസ്.എസ്. കോളേജിനെ ഒരു പ്രത്യേക യൂണിറ്റായി എക്കാലവും കണക്കാക്കാം എന്ന ഉറപ്പു ലഭിക്കുകയും ചെയ്തു. ഈ സംഭവ വികാസങ്ങൾക്കൊക്കെ കാരണക്കാരനായ ശ്രീ. സി. പി. ജനാർദ്ദനൻ പിള്ളക്ക് പ്രിൻസിപ്പാൾ സ്ഥാനം വെച്ചൊഴിഞ്ഞ് പോകേണ്ടതായും വന്നു.

സേവനഭദ്രതയ്ക്കു വേണ്ടിയും, മറ്റ് നീതിനിഷേധങ്ങൾക്കെതിരായും മൂവാറ്റുപുഴ നിർമ്മലകോളേജ്, ദേവസ്വം ബോർഡ് കോളേജുകൾ ഉടങ്ങി നിരവധി കോളേജുകളിൽ എ.കെ.പി.സി.ടി.എ.യുടെ നേതൃത്വത്തിൽ നിരന്തരം സമരങ്ങൾ നടന്നിട്ടുണ്ട്. ഈ സമരങ്ങളിലെല്ലാം അറിയുന്നവരും അറിയപ്പെടാത്തവരുമായ അനേകം അദ്ധ്യാപക സുഹൃത്തുക്കളുടെ സമർപ്പണബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾ അലിഞ്ഞുചേർന്നിട്ടുണ്ട്. നാം നേടിയ വിജയങ്ങളെല്ലാം ഇമ്മാതിരിയുള്ള നിസ്വാർത്ഥ പ്രവർത്തകരുടെ കൈമെയ് മറന്നുള്ള അദ്ധ്വാനത്തിന്റെയും ത്യാഗസന്നദ്ധതയുടെയും ഫലമാണ്. നമുക്കവരെ ആദരിക്കാം.

നിയമദത്തമായ സേവനവ്യവസ്ഥകൾ നമുക്കില്ലാതിരുന്നതിനാലാണ് സേവനഭദ്രതയ്ക്കു വേണ്ടി ദീർഘമായ സമരങ്ങൾ നമുക്ക് നടത്തേണ്ടിവന്നത്. ഏറെ പ്രതീക്ഷിച്ച് ഏറെ ത്യാഗങ്ങൾ അനുഭവിച്ച് നാം നേടിയെടുത്ത '69 ലെ കേരള യൂണിവേഴ്സിറ്റി നിയമം ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും പരിശോധനയ്ക്കുശേഷം പുറത്തുവന്നപ്പോൾ പലതും നമുക്കു നഷ്ടപ്പെട്ടു. ഭരണഘടനയുടെ ശരശയ്യയിൽ വീണ പിടഞ്ഞു മരിച്ച വകുപ്പുകളെ നോക്കി നമുക്ക് നെടുവീർപ്പിടക്കി നിൽക്കേണ്ടി വന്നു. കോടതി വിധി വന്നപ്പോൾ ബഹുദൂരമോടിയിട്ടും ഉടങ്ങിയേടത്തുതന്നെ എന്നതായി നമ്മുടെ സ്ഥിതി. 1974 ൽ 1969 ലെ നിയമത്തിൽ കോടതികൾ നിലനിർത്തിയ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കേരള യൂണിവേഴ്സിറ്റി ബിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. പഴയനിയമത്തിലെ 63-ാം വകുപ്പ് (ദുർഭരണം നടത്തുന്ന മാനേജ്മെന്റുകളുടെ കോളേജുകൾ താൽക്കാലികമായെങ്കിലും ഏറ്റെടുക്കുവാൻ ഗവൺമെന്റിന് അധികാരം നൽകുന്ന വകുപ്പ്) പുനഃസ്ഥാപിക്കുന്നതിനും, യൂണിവേഴ്സിറ്റി സമിതികളിൽ അധ്യാപകർക്ക് കൂടുതൽ പ്രാതിനിധ്യം നൽകണ




മെന്നും ആവശ്യപ്പെട്ടുകൊണ്ട്, നാം നിയമസഭാകവാടത്തിൽ 1974 ഏപ്രിലിൽ അഞ്ച് ദിവസത്തെ അഖണ്ഡസത്യാഗ്രഹവും, നിരാഹാരസമരവും നടത്തി. പ്രൈവറ്റ് കോളേജ് അദ്ധ്യാപക സമുദായത്തിന് നിയമദത്തമായ സംരക്ഷണം നൽകുന്ന ചില വകുപ്പുകൾ എങ്കിലും ഈ നിയമത്തിൽ പുനഃസ്ഥാപിച്ചു കിട്ടി. ഇതിൽ രാഷ്ട്രീയമായി വളരെ ഒച്ചപ്പാടുണ്ടാക്കിയ 69-ാം വകുപ്പ് നടപ്പാക്കുന്നതല്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചു. നടപ്പാക്കി കിട്ടിയ വകുപ്പുകളിൽ മുഖ്യമായവ അടുത്തകാലത്ത് ഉണ്ടായ ഹൈക്കോടതിവിധി മൂലം നമുക്ക് നഷ്ടപ്പെട്ടു. കേരള-കാലിക്കറ്റ് സർവ്വകലാശാലാ നിയമങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് കരചരണങ്ങളറ്റു കിടക്കുന്ന കബന്ധങ്ങളാണ്. നഷ്ടപ്പെട്ട വകുപ്പുകൾ ഉൾക്കൊള്ളിച്ച് വീണ്ടും ഒരുനിയമം സൃഷ്ടിച്ച് ഭരണഘടനയുടെ 9-ാം പട്ടികയിൽ ഉൾപ്പെടുത്തി കോടതികളുടെ വിധിവിലാസങ്ങൾക്കു ഇരയാക്കാതെ സംരക്ഷിക്കണമെന്ന് നാം ആവശ്യപ്പെട്ടിരിക്കയാണ്. ഹൈക്കോടതി വിധിയിൻമേൽ അപ്പീൽ ബോധിപ്പിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടെന്ന് ഇയ്യിടെ വെളിവാക്കപ്പെട്ടിട്ടുണ്ടല്ലോ. രണ്ട് യൂണിവേഴ്സിറ്റികളും കേസ്സിൽ കക്ഷിചേരണമെന്ന് ഇരു യൂണിവേഴ്സിറ്റി സെനറ്റുകളിലും നമ്മുടെ പ്രതിനിധികൾ അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയങ്ങൾ വഴി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിനായി നാം ഇയ്യിടെ കേരളമൊട്ടുക്കും നടത്തിയ ജില്ലാ സ്പെഷ്യൽ കൺവെൻഷനുകൾ സേവന ഭദ്രതക്കുവേണ്ടിയുള്ള നമ്മുടെ സുദീർഘമായ കർമ്മപരിപാടികളിലെ ഏററവും അവസാനത്തെ ഇനമായിരുന്നു.

തീർച്ചയായും ഭരണഘടനയിലെ ആർട്ടിക്കിൾ 30 (1) കോടതികൾ വ്യാഖ്യാനിച്ചതു പോലെ നിലനിൽക്കുന്നിടത്തോളം കാലം മാനേജ്മെന്റുകളുടെ മേൽ പരിപൂർണ്ണമായ സാമൂഹ്യ നിയന്ത്രണം കൊണ്ടുവരുന്ന ഒരു നിയമവും നിലനിൽക്കുകയില്ലെന്നത് നിസ്തർക്കമായ ഒരു വസ്തുതതന്നെയാണ്. മതഭാഷാന്യൂനപക്ഷങ്ങൾക്ക് ലഭിക്കേണ്ട സംരക്ഷണം അവർക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതോടൊപ്പം, അതിന്റെ പേരിൽ ഏതു തോന്ന്യവാസവും കാണിക്കാമെന്ന സ്ഥിതി നമ്മുടെ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കരുതെന്ന് ഇന്നാട്ടിലെ പുരോഗമനശക്തികൾക്കെല്ലാം നിർബ്ബന്ധമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സേവനഭദ്രതയ്ക്കുവേണ്ടി നമുക്കിനിയും സംഘടിതശക്തിയായിതന്നെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.



# തളരുന്ന ഇന്ത്യൻ സാമ്പത്തിക രംഗം

## വസ്തുതകളും യാഥാർത്ഥ്യങ്ങളും

**ഷൈല ഹമീദ്**
എം.ഇ.എസ്. നെടുങ്കണ്ടം



1930കളിലെ ആഗോള സാമ്പത്തിക മാന്ദ്യം 'ദി ഗ്രേറ്റ് ഡിപ്രഷൻ' എന്നതിന്റെ അടിസ്ഥാനപരമായ കാരണമായി സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടിയത് രാഷ്ട്രീയപരമായ കാരണങ്ങൾക്ക് പുറമെ ക്ലാസ്സിക്കൽ സാമ്പത്തിക നയങ്ങളിൽ ഉറച്ചുനിന്നിരുന്ന ഒരുകൂട്ടം രാജ്യങ്ങളുടെ തുറന്ന ഉദാരസമീപനങ്ങളുടെ (ലെയിസസ്ഫെയർ) അനന്തര ഫലമായിട്ടാണ് എന്നത് ചരിത്രവസ്തുതയാണ്. ഈ കാലഘട്ടത്തിലാണ് സാമ്പത്തികവിദഗ്ധനായ ജോൺ മെനാർഡ് കെയിൻസ് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിരതയ്ക്ക് Effective Demand ന്റെ ആവശ്യകതയെ ലോകത്തിന് ബോധ്യപ്പെടുത്തിത്തന്നത്. Sharp Slow down in Private and Consumer Demand അതായത് ചോദന വ്യവസ്ഥയിലെ (Demand) കുറവ് മറ്റ് മേഖലകളിലേക്ക് അതിന്റെ വ്യാപന ആഘാതം (Spread effect) ഉണ്ടാകുന്നതിന് കാരണമാകുന്നു. കൺസ്യൂമർ ഡിമാന്റ് എന്നത് ഏതൊരു സാമ്പത്തിക വ്യവസ്ഥയുടെയും ചലനാത്മക ചാലകശക്തിയാണ് എന്നതിൽ തർക്കമില്ല. ഇന്ത്യൻ സാമ്പത്തികരംഗം ഇത്തരത്തിലുള്ള ചില പ്രശ്നങ്ങളിലൂടെയാണ് കടന്നുപോകുന്നത്. 2007-2008ൽ അമേരിക്കയിലും തുടർന്ന് മറ്റ് പല രാജ്യങ്ങളിലേക്കും വ്യാപിച്ച സാമ്പത്തിക മാന്ദ്യത്തിൽ പോലും ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥ യാതൊരു കോട്ടവും തട്ടാതെ നിലനിന്നിരുന്നു എന്നത് ഈയവസരത്തിൽ നാം ഓർക്കേണ്ടതാണ്. മോഡി ഗവൺമെന്റിന്റെ അശാസ്ത്രീയമായ സാമ്പത്തിക അച്ചടക്ക നടപടികളാണ് ഇത്തരം അവസ്ഥയിൽ രാജ്യത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്.



ഇന്ത്യൻ സാമ്പത്തിക രംഗം അതിഭീകരമായൊരു വളർച്ചാമാന്ദ്യത്തിലൂടെയാണ് കടന്ന് പോകുന്നത്. റിസർവ്വ്ബാങ്ക് ഗവർണർ ശക്തികാന്ദ് ദാസ് തന്നെ ഒരഭിമുഖത്തിൽ ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നു. '5 ശതമാനം വളർച്ച എന്നത് ഏറെ ഞെട്ടിക്കുന്നതാണ് എന്നതാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഈ കഴിഞ്ഞ ബഡ്ജറ്റിലൂടെ 5 ട്രില്ല്യൺ ഡോളറെന്ന സാമ്പത്തിക ലക്ഷ്യമാണ് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ എഴുപത് വർഷത്തിനുള്ളിൽ സംഭവിച്ചിട്ടില്ലാത്തവിധം സാമ്പത്തികമാന്ദ്യമാണ് ഇന്ന് നിലനിൽക്കുന്നത്. നവലിബറൽ ആശയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ബഹുദൂരം മുന്നേറുന്ന ഒരു സാമ്പത്തിക വ്യവസ്ഥയ്ക്ക് വേണ്ടിയായിരുന്നു നാളിതുവരെയുള്ള ഗവൺമെന്റുകൾ ശ്രമിച്ചിരുന്നത്. മുതലാളിത്തസൗഹൃദം അതിന്റെ എല്ലാ അതിർവരമ്പുകളും മറികടന്നുകൊണ്ടാണ് ഇന്ത്യൻ വിപണിയെ ലക്ഷ്യംവെച്ചത്. ഇന്ത്യ ഒരു ചലനാത്മക (Vibrant Economy) സാമ്പത്തിക വ്യവസ്ഥയായി നിലകൊള്ളുന്നതിന് പല കാരണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ കുറേ നാളുകളായി അനുഭവപ്പെട്ട് വരുന്ന സാമ്പത്തിക മാന്ദ്യം ഗവൺമെന്റിന്റെ വികലമായ സാമ്പത്തിക നയങ്ങളുടെയും അതുമൂലം വിവിധ മേഖലകളിൽ സംഭവിച്ച നിശ്ചലാവസ്ഥയുടെ (stagnation)യും അനന്തരഫലമാണ്.

രണ്ടാം മോഡി ഗവൺമെന്റ് അധികാരത്തിലേറിയ ആദ്യമാസങ്ങളിൽ ഓഹരിവിപണിയിൽ വലിയ രീതിയിലുള്ള ക്രയവിക്രയങ്ങളാണ് നടന്നത്. എന്നാൽ എത് അധികസമയം നീണ്ടുനിന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഓഹരിവിപണിയിൽ മാത്രമല്ല, അവശ്യവസ്തുക്കളുടെ ഉൽപാദന വിതരണമേഖലകളിൽ പോലും വലിയ രീതിയിലുള്ള മാന്ദ്യമാണ് സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നത്. ഈ കഴിഞ്ഞ ജനുവരി മുതലുള്ള കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ, അതായത് മൂന്നുമാസ കാലയളവിൽ ശരാശരി 5.8 ശതമാനം മാത്രമാണ് ജി.ഡി.പി. വളർച്ചാനിരക്ക്. കഴിഞ്ഞ എൻഡിഎ സർക്കാറിന്റെ വളർച്ചാനിരക്ക് സംബന്ധിച്ച കണക്കുകളിൽ വലിയരീതിയിലുള്ള അവ്യക്തതയാണ് നിലനിന്നിരുന്നത്. അന്ന് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായ അരവിന്ദ് സുബ്രഹ്മണ്യം തന്നെ ജിഡിപി പെരുപ്പിച്ച് കാണിച്ചതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു സാമ്പത്തിക വ്യവസ്ഥയുടെ ഉപഭോക്തൃരീതി (Consumption expenditure എന്ന് പറയുന്നത് PFCE (Private final consumption expenditure), GFCE (Government Final Consumption Expenditure) എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഉപഭോഗ ചെലവ് (Consumption Expenditure) കഴിഞ്ഞ ജൂൺ മുതൽ മാർച്ച് വരെ പരിശോധിക്കുകയാണെങ്കിൽ 7.2 ശതമാനത്തിൽ നിന്ന് 8.1 ശതമാനമായി കുറഞ്ഞതായി കാണുന്നു.

## അശാസ്ത്രീയ സാമ്പത്തിക അച്ചടക്ക നടപടികളും മാന്ദ്യവും

നോട്ടുനിരോധനം എന്ന അശാസ്ത്രീയമായ സാമ്പത്തിക അച്ചടക്ക നടപടിയുടെ ഒരു അനന്തരഫലം കൂടിയാണ് ഈ സാമ്പത്തിക തകർച്ച. ഇതിലൂടെ ഉൽപാദന മേഖല ഹ്രസ്വകാലത്തേക്കെങ്കിലും നിശ്ചലാവസ്ഥയിലായി. അസംഘടിത മേഖലകളിലെ തൊഴിലും ഉല്പാദനവും സേവന വ്യവസ്ഥകളും താറുമാറായി. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ഇന്റർനാഷണൽ ഗ്രോത്ത് സെന്ററിലെ ഇന്ത്യ-പ്രോഗ്രാം ഡയറക്ടറും ഇന്ത്യയുടെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായ ഡോ. പ്രണബ്സെൻ അഭിപ്രായപ്പെട്ടത് "ഡിമോണിറ്റൈസേഷൻ ഇന്ത്യൻ സാമ്പത്തികരംഗത്തെ തകർത്തെറിഞ്ഞു. ഇത് അസംഘടിതമേഖലയെ പാടേ തകർത്തെറിഞ്ഞു. ഇത് അസംഘടിതമേഖലയെ പാടേ തളർത്തിക്കളഞ്ഞു. കാലഹരണപ്പെട്ട ഇത്തരം പരിഷ്കാരങ്ങൾ സാമ്പത്തിക മാന്ദ്യത്തിന് കാരണമായി" എന്നതാണ്. വ്യവസായ മേഖലയിലും കാർഷിക മേഖലയിലും സ്ഥിതി വ്യത്യസ്തമല്ല.

## വ്യവസായമേഖല

**മൊത്തം സംയോജിത മൂല്യം സ്ഥിരവിലയിൽ (GVA)**

| മേഖല | 2016-17 | 2017-18 | 2018-19 | GVAയിലെ സംഭാവന (Gross Value) |
|---|---|---|---|---|
| ഖനനം, കൽക്കരി | 9.5 | 5.1 | 1.3 | 2.4 |
| ഉൽപന്ന നിർമ്മാണം | 7.9 | 5.9 | 6.9 | 16.4 |
| വൈദ്യുതി ജലവിതരണം ഗ്യാസ് | 10.0 | 8.6 | 7.0 | 2.8 |
| കെട്ടിടനിർമാണ മേഖല | 6.1 | 5.6 | 8.7 | 8.0 |
| വ്യവസായം | 7.7 | 5.9 | 6.9 | 29.6 |

Source : Economic Survey 2018-19

നോട്ട് നിരോധനത്തിന് ശേഷം ഗവൺമെന്റ് ഏറ്റെടു ത്ത ഉത്തേജന നടപടികളെല്ലാം വൻ പരാജയമായി രുന്നു എന്നതാണ് ഈ മാന്ദ്യം സൂചിപ്പിക്കുന്നത്. കഴി ഞ്ഞ വർഷങ്ങളിലെല്ലാം പെരുപ്പിച്ച് കാട്ടിയ കണക്കി നാണ് സാമ്പത്തിക രംഗം സാക്ഷ്യം വഹിച്ചത്. നിതി ആയോഗ് ഉപാധ്യക്ഷൻ രാജീവ് കുമാർ അഭിപ്രായപ്പെ ട്ടത് കഴിഞ്ഞ 70 വർഷത്തെ ഏറ്റവും മോശമായ സാമ്പ ത്തിക അവസ്ഥയിലാണ് രാജ്യമെന്നാണ്. ഇപ്പോൾ പറയുന്ന 5 ശതമാനം വളർച്ചാനിരക്ക് പോലും ജിഡിപി അളക്കുന്ന രീതികളിൽ വരുത്തിയ മാറ്റത്തി ന്റെ പരിണിത ഫലമാണ് എന്ന് വിലയിരുത്തേണ്ട ുണ്ട്. യഥാർത്ഥത്തിലുള്ള വളർച്ചാനിരക്ക് അതിലും കുറവാണെന്നാണ് ഓരോ മേഖലയും പരിശോധിക്കു മ്പോൾ മനസ്സിലാകുന്നത്. കണക്കുകളുടെയും താരത മ്യങ്ങളുടെയും പ്രതീകാത്മക അവലോകനം മാത്രമാണ് നിർമല സീതാരാമൻ എന്ന ധനകാര്യമന്ത്രി ഇപ്പോൾ പറഞ്ഞുവെക്കുന്നത്. കൂടാതെ GST നടപ്പിലാക്കിയ തിലൂടെയുണ്ടായ അനിശ്ചിതത്വങ്ങളും സാമ്പത്തിക മാന്ദ്യത്തിന് കാരണമായിരിക്കുന്നു. 2017 ജൂലൈയിൽ ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഇന്ത്യയുടെ തൊഴി ലില്ലായ്മാ നിരക്ക് 3.4 ശതമാനമായിരുന്നത് ആഗസ്റ്റ് അവസാനത്തോടെ 8.4 ശതമാനമായി കൂടിയെന്ന് മുംബൈ ആസ്ഥാനമായിട്ടുള്ള ഗവേഷണസ്ഥാപനമായ 'സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമി' - പഠനത്തിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്.

## ഉൽപാദന വിതരണ മേഖലയിലെ മെല്ലെപ്പോക്ക്

ഉൽപാദന മേഖല വൻതോതിൽ തിരിച്ചടിയാണ് നേ രിട്ടുകൊണ്ടിരിക്കുന്നത്. കാർഷിക-വ്യവസായ മേഖല കളിൽ ഉൽപാദനത്തിൽ ഉണ്ടായ കുറവ് ഗവൺമെന്റി ന്റെ കണക്കുകളിൽനിന്ന് തന്നെ വ്യക്തമാകുന്നതാണ്.

**കാർഷിക മേഖലയുടെ സംഭാവന (Gross Value Added (GVA) യിൽ**

| വർഷം | സംഭാവന (ശതമാനത്തിൽ) |
|---|---|
| 2014-15 | 16.5 |
| 2015-16 | 15.4 |
| 2016-17 | 15.2 |
| 2017-18 | 14.9 |
| 2018-19 | 14.4 |

Source : Economic Survey 2018-19

അശാസ്ത്രീയ നടപടിക്രമങ്ങൾ ഉൽപാദനമേഖലയെ മുരടിപ്പിച്ചു. അടിവസ്ത്ര വ്യാപാരമേഖല മുതൽ കാർ നിർമാണം വരെ പ്രതിസന്ധിയിലായിരിക്കുന്നു. രാജ്യ ത്തിന്റെ വികസനത്തിലേക്ക് വേണ്ട പദ്ധതികൾക്ക് മുൻഗണനാക്രമം നൽകാതെ പ്രതിമാനിർമാണത്തിനും വരുമാനവർദ്ധനവിനെ തടസ്സപ്പെടുത്തുന്ന (Income Depressing Forces) പദ്ധതികൾക്കുമാണ് (Dead Asset) ഗവൺമെന്റ് പ്രാധാന്യം നൽകുന്നത് എന്നാണ് യാഥാർത്ഥ്യം. ബാങ്കുകളുടെ നിഷ്ക്രിയ ആസ്തിയിലു ണ്ടായ വർദ്ധനവും സാമ്പത്തിക മാന്ദ്യത്തിന് കാരണ മായിട്ടുണ്ട്.

5 രൂപയുടെ ഒരു കവർ ബിസ്കറ്റ് വാങ്ങാൻ പോലും ഉപഭോക്താക്കൾ രണ്ടാമതൊന്ന് ആലോചിക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് ബ്രിട്ടാണിയയുടെ മേധാവിയായ വരുൺബെറി അഭിപ്രായപ്പെടുകയുണ്ടാ യി. ഓട്ടോ മൊബൈൽ മാനുഫാക്ചേഴ്സ് അസോ സിയേഷൻ ഓഫ് ഇന്ത്യയുടെ ജനറൽ ഡയറക്ടർ ആയ വിന്നിമേത്ത വെളിപ്പെടുത്തിയ കണക്കുകൾ അനുസരി ച്ച് ആഗസ്റ്റ് മാസത്തിലെ കാർ വില്പന പരിശോധിക്കുക യാണെങ്കിൽ മുൻ വർഷത്തെക്കാളും 41 ശതമാനം ഇടി ഞ്ഞു. കൂടാതെ ബസ്, ട്രക്ക് വിൽപന എന്നിവയിൽ 38 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമീണ ഇന്ത്യയിലെ സമ്പദ് വ്യവസ്ഥയുടെ ആരോ ഗ്യസൂചകമായ മോട്ടോർ സൈക്കിൾവില്പന 22 ശതമാ നമാണ് കുറവ് രേഖപ്പെടുത്തിയിരിക്കുന്നത്. പാർലെ കമ്പനി പതിനായിരം പേരെയാണ് പിരിച്ചുവിട്ടിരിക്കു ന്നത്. ചുരുക്കത്തിൽ ചലനാത്മകമായിരുന്ന ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥ വില്പന മാന്ദ്യത്തിലൂടെ അതിന്റെ ഏറ്റവും മോശമായ അവസ്ഥയിൽ എത്തിനിൽക്കുന്നു എന്നുള്ളതാണ്.

ഉപഭോഗ ചിലവിലുണ്ടാകുന്ന ഏതൊരു കുറവും സാമ്പ ത്തിക മാന്ദ്യം ഉണ്ടാക്കുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം ഉപഭോ ഗചെലവിലുണ്ടാകുന്ന കുറവ് അതിന്റെ അനുബന്ധമേ ഖലകളെയും സാരമായി ബാധിക്കുന്നു. Development Economist ആയ 'Regular Nurks'ന്റെ Vicious Circle ഇവിടെ പ്രസക്തമാണ്. ഉപഭോഗ ചെലവിലെ മാന്ദ്യത (low Demand) ഉൽപാദക തൊഴിൽ മേഖലകളെയും അതിന്റെ അനന്തരഫലമായി സമ്പാദ്യ നിക്ഷേപ (Saving Investment) മേഖലകളിലൊക്കെ നിശ്ചലാ വസ്ഥ സൃഷ്ടിക്കപ്പെടുന്നു. ഇത് മറ്റ് തൊഴിൽ നിക്ഷേ ധങ്ങൾക്കും, പിരിച്ചുവിടൽ പ്രക്രിയകൾക്കും തദ്വാരാ വരുമാനത്തിലും ചോദനത്തിലും (Demand) തകർച്ചയു ണ്ടാക്കുന്നു. ഇത്തരത്തിലൊരു Trickle down Impact - Slow Down of Economy മാന്ദ്യത്തിന്റെ അതിപ്രസര ണത്തിനാണ് ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. ഇത്തരം കാരണങ്ങൾക്ക് പുറമെ ബാഹ്യമായ മറ്റ് ഘടകങ്ങളും മാന്ദ്യത്തിന്റെ ആക്കം വർദ്ധിപ്പിച്ചു. കയറ്റുമതി മേഖല യിലുണ്ടായ കുറവ്, ബാങ്ക് മേഖലയിലെ പ്രതിസന്ധി, തൊഴിൽ മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾ, സാമ്പത്തിക ഉത്തേജകങ്ങളായ (Saving, Investment) സമ്പാദ്യനിക്ഷേപ മേഖലയിലെ പ്രതിസന്ധി എന്നിവ യും ഇത്തരമൊരു അവസ്ഥയ്ക്ക് കാരണമായി.

## സമ്പാദ്യ-നിക്ഷേപങ്ങളിലെ വിള്ളൽ

GDP വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന രീതി യിലുള്ള സമ്പാദ്യ നിക്ഷേപ വിടവ് സാമ്പത്തിക മേഖലയിൽ ഉണ്ടായിരിക്കുന്നതായി കണക്കുകൾ വിശദമാക്കുന്നുണ്ട്. റിസർവ്വ് ബാങ്ക് കണക്ക് പ്രകാരം GDS (Gross Domestic Saving) and GCF (Gross Capital Formation) അതായത് മൊത്തം ആഭ്യന്തര സമ്പാദ്യവും (Saving) മൊത്തം മൂലധന രൂപീകരണവും (Investment) 2011-12ൽ GDP യുടെ 36.7 ശതമാനവും 3.46 ശതമാനവു മായിരുന്നു. എന്നാൽ ഇത് 2017-18 സാമ്പത്തിക വർഷ ത്തിൽ 30.5ഉം 29.7ഉം ശതമാനമായി കുറഞ്ഞിരിക്കുന്നു. സമ്പാദ്യ-നിക്ഷേപമേഖലയിലെ കുറവ് 'Spread Effect' എന്ന രീതിയിൽ വിവിധ മേഖലകളിലെ ഉൽപാദക വിതരണ-ഉപഭോഗമാന്ദ്യത്തിന് കാരണമായിരിക്കുന്നു.



**ഇന്ത്യയുടെ കയറ്റുമതി ഇറക്കുമതി (തുക കോടിയിൽ)**

| വർഷം | കയറ്റുമതി | ഇറക്കുമതി | ട്രേഡ് ബാലൻസ് |
|---|---|---|---|
| 2015-16 | 1716384 | 2490306 | -773921 |
| 2016-17 | 1849434 | 2577675 | -728242 |
| 2017-18 | 1956515 | 3001033 | -1044519 |
| 2018-19 | 2307663 | 3594373 | -1286710 |
| Source: Economic Survey 2018-19 | | | |

## ആർബിഐയുടെ കരുതൽ ധനം ഏറ്റെടുക്കൽ

റിസർവ്വ് ബാങ്കിന്റെ കരുതൽ ധനം നേരത്തെ തന്നെ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടതാണ്. എന്നാൽ അന്നത്തെ ഗവർണറായിരുന്ന ഊർജ്ജിത് പട്ടേൽ അത് വിസമ്മതിക്കുകയും രാജിവെക്കുകയും ചെയ്തു. എന്നാൽ റിസർവ്വ് ബാങ്കിന്റെ സ്വതന്ത്ര അധികാരത്തെപ്പോലും ചോദ്യംചെയ്യുന്ന രീതിയാണ് രണ്ടാം എൻ.ഡി.എ. ഗവൺമെന്റ് സ്വീകരിച്ചത്. പുതിയ റിസർവ്വ് ബാങ്ക് ഗവർണറായ ശക്തികാന്ദ് ദാസ് അധികാരമേറ്റെടുത്തശേഷം രൂപീകരിച്ച ബിമൽജലാൻ കമ്മിറ്റിയുടെ അനുമതിപ്രകാരം ആർബിഐ കേന്ദ്രസർക്കാറിന് 1.76 ലക്ഷം കോടി രൂപയാണ് നൽകിയിരിക്കുന്നത്. കേന്ദ്രബാങ്കിന്റെ കരുതൽ ധനം പ്രധാനമായും മൂന്ന് രീതിയിലാണ് ശേഖരിച്ചിരിക്കുന്നത്. CGRA (Currency and Gold Reservation Account), Contingency fund, കൂടാതെ Asset Development Fund എന്നിങ്ങനെയാണ് കരുതൽ ധനം സൂക്ഷിക്കുന്നത്. ഇങ്ങനെ പല ഫണ്ടുകളിലായി 9.6 ലക്ഷം കോടി രൂപയാണ് കേന്ദ്രബാങ്കിന്റെ കരുതൽ ശേഖരം. ഇതിൻപ്രകാരം റിസർവ്വ്ബേങ്കിന്റെ കണ്ടിജൻസി ഫണ്ട് 5.5 - 6.5 ശതമാനം മാത്രമായി നിജപ്പെടുത്തികൊണ്ടാണ് ബിമൽജലാൻ കമ്മിറ്റി റിപ്പോർട്ട് നൽകിയത്. ആർബിഐയുടെ 2018ലെ റിപ്പോർട്ട് പ്രകാരം ഇത് 6.8 ശതമാനമാണ്. 1.76 ലക്ഷം കോടി രൂപ കേന്ദ്രഗവൺമെന്റിന് കൈമാറുമ്പോൾ ഇത് അഞ്ചരശതമാനമായി കുറയും. യഥാർത്ഥത്തിൽ കേന്ദ്രബാങ്കിന്റെ 'അതിജീവന സ്രോതസ്സി'ലാണ് കേന്ദ്രഗവൺമെന്റ് കൈവെച്ചിരിക്കുന്നത്.

ഇത്തരം പണം ധനക്കമ്മി നികത്തുന്നതിന് പകരം ഉൽപാദനസ്രോതസ്സുകളെ ശക്തിപ്പെടുത്തുന്നതിനും ഉത്തേജക നടപടികൾക്കും വേണ്ടി അടിയന്തിരമായി ഉപയോഗിക്കണം. ഇല്ലാത്തപക്ഷം രാജ്യം ഒരു വലിയ സാമ്പത്തിക തകർച്ചയ്ക്ക് സാക്ഷ്യം വഹിക്കേണ്ടിവരും.

ഇപ്പോൾ സംഭവിച്ചിരിക്കുന്ന ഹ്രസ്വകാല മാന്ദ്യം മറികടക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിൽ ഘടനാപരമായ മാറ്റങ്ങളും ഉത്തേജനനടപടികളും കൈക്കൊള്ളണം. ധനകാര്യമന്ത്രിയായ നിർമ്മലസിതാരാമൻ ഇപ്പോൾ പ്രഖ്യാപിച്ച നടപടികളായ ബാങ്ക് ലയനം, കൽക്കരിമേഖലയിലെ 100 ശതമാനം വിദേശ നിക്ഷേപം, വ്യോമയാനമേഖലയിൽ നിന്ന് ഗവൺമെന്റിന്റെ പിൻമാറ്റം, ലോൺമേളകൾ, വിദേശനിക്ഷേപം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ കൃത്യമായ പഠനത്തിന് ശേഷം നടപ്പിലാക്കുക എന്നതാണ് ഉചിതം. രാജ്യത്തിന്റെ ധനകാര്യമേഖലയുടെ അസ്ഥിത്വവും ഭാവിയിലേക്കുള്ള പദ്ധതികളുടെ സമഗ്രരൂപവുമായ കേന്ദ്രബജറ്റിൽ പോലും കൃത്രിമത്വം നടത്തിയ ഒരു ഭരണകൂടം രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തികൊണ്ടുപോകുന്നത് എങ്ങനെയെന്ന് ആശങ്കയോടെ കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു.

# ആത്മകഥയുടെ ശരീരം കാഴ്ചയുടെ ആനന്ദമാർഗം

**കെ.പി. ജയകുമാർ**
എൻ.എസ്.എസ്. കോളേജ്,
ചേർത്തല



"...at the end of the war that men returned from the battlefield grown silent...''

**Walter Benjamin**. The story teller.

മഹായുദ്ധം കഴിഞ്ഞ് മടങ്ങിയെത്തിയവർ മൗനികളായിരുന്നു. അവർക്ക് പറയാനൊന്നുമുണ്ടായിരുന്നില്ല. അവരുടെ യുദ്ധാനുഭവങ്ങളെ സൈനിക തന്ത്രങ്ങൾ നിർവീര്യമാക്കി. ശരീരത്തിലൂടെ അറിഞ്ഞതെല്ലാം യുദ്ധതന്ത്രങ്ങൾ മായ്ച്ച കളഞ്ഞു. സൈനിക മേധാവികളുടെ അധികാരത്തിന് വിധേയമായിരുന്നു അവരുടെ നൈതികാനുഭവങ്ങൾ (വാൾട്ടർ ബഞ്ചമിൻ. പുറം.336). യുദ്ധം ഒരു രൂപകമായെടുത്താൽ ജീവിത സംഘർഷങ്ങളുടെ ഭൂമികയിലൂടെ കടന്നുപോകുന്ന വ്യക്തിയും കഥാപാത്രങ്ങളും ഇത്തരമൊരവസ്ഥ നേരിടുന്നുണ്ട്. കഥാപാത്രങ്ങൾ സ്ത്രീകളാകുമ്പോൾ ജീവിത സംഘർഷമെന്നത് ആത്മ സംഘർഷമായിത്തീരുന്നു. സാമൂഹിക സദാചാര യുദ്ധതന്ത്രങ്ങൾ മായ്ച്ചുകളഞ്ഞ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വകാര്യ നീറ്റലുകളാണ് സ്ത്രീയുടെ ആത്മകഥനങ്ങൾ. വാക്കുകളിലും ദൃശ്യാഖ്യാനങ്ങളിലും അത് അത്രമേൽ നിശബ്ദമായാണ് രേഖപ്പെടുന്നത്. പുരുഷന്റെ ആത്മകഥകൾ മിക്കപ്പോഴും സ്വകാര്യാനുഭവങ്ങളല്ല. പൊതു ജീവിതത്തിന്റെ ആഖ്യാനമാണ്. പൊതുമണ്ഡലവുമായി ബന്ധപ്പെട്ടുനിൽക്കുന്ന പരസ്യമായ ഒരാഖ്യാനരീതിയാണ് ഇന്ത്യൻ ആത്മകഥകളിൽ മിക്കതിന്റെയും സ്വഭാവം (ഉദയകുമാർ. പുറം: 12). ആന്തരികസത്തയുടെ ആവിഷ്കാരമെന്നതിനേക്കാൾ ജീവിത സംഭവങ്ങളുടെ പൊതുപ്രദർശനമായി



ഭരത് ഗോപി: ആദാമിന്റെ വാരിയെല്ല്

അത് അനുഭവപ്പെടുന്നു.

ജീവിതത്തിന്റെ പൊതുപ്രദർശനമാണ് ചലച്ചിത്രം. സ്ത്രീയുടെ ആന്തരിക ലോകം സിനിമയ്ക്ക് ബാഹ്യയാഥാർത്ഥ്യമാണ്. പെൺജീവിതത്തിന്റെ ആന്തരികസത്ത ചലച്ചിത്രം എങ്ങനെ ആവിഷ്കരിക്കുന്നു? ഇരുപതാം നൂറ്റാണ്ടിന്റെ സാമൂഹിക ചരിത്രം പേറുന്ന മൂന്ന് ചലച്ചിത്രങ്ങളാണ് ആദാമിന്റെ വാരിയെല്ലും (കെ ജി ജോർജ്ജ്, 1983) പരിണയവും (ഹരിഹരൻ,1994) ഒഴിമുറിയും (മധുപാൽ, 2012). നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ അന്ത്യം വരെ നീളുന്ന ഏഴ് ദശകങ്ങളാണ് സിനിമയുടെ കഥാകാലം. നായികയുടെ സ്വകാര്യജീവിതത്തെപ്പറ്റി പരിണയവും ഒഴിമുറിയും അധികമൊന്നും സംസാരിക്കുന്നില്ല. ദാമ്പത്യത്തിന്റെ സന്ദർഭം മുതൽ ആരംഭിക്കുന്ന 'ഒരു ജീവിതം' എന്നതിനപ്പുറവും ഇപ്പുറവും നിഗൂഢമാണ്. ആദാമിന്റെ വാരിയെല്ലിൽ തെരുവിലെ നിരവധി സ്ത്രീകളുടെ അസാധാരണവും വൈവിധ്യവുമായ ബഹുവചനത്തിലൂടെയാണ് നായികമാരിലേക്കെത്തുന്നത്. കുടുംബത്തിനുള്ളിലേയ്ക്ക് യാത്ര ചെയ്തെത്തുന്ന സ്ത്രീ, അടുക്കളയിൽ കഴിയുന്ന ജോലിക്കാരി, വീട്, കുടുംബം, വിവാഹ, വിവാഹേതര ലൈംഗികത ഇടങ്ങിയ നുറുങ്ങിയ കാഴ്ചകളിലൂടെയാണ് നായികാ ജീവിതങ്ങൾ ആഖ്യാനത്തിലേക്ക് പ്രവേശിക്കുന്നത്. ഈ അനുഭവാഖ്യാനങ്ങളിൽ പെണ്ണുടലുകൾ ഏറെക്കുറെ നിശബ്ദമായാണ് കാഴ്ചപ്പെടുന്നത്.

അഭ്യസ്തവിദ്യരായ ആധുനിക സ്ത്രീകളുടെ സ്ത്രീത്വാഭിമാനബോധത്തിൽ നിന്നും ഭിന്നമാണ് ഈ മൂന്നു സിനിമയിലെയും സ്ത്രീകൾ. കുറിയേടത്ത് താത്രിയുടെ സ്മാർത്തവിചാരമാണ് പരിണയത്തിന്റെ ചരിത്ര പശ്ചാത്തലം. നമ്പൂതിരി സാമുദായിക പരിഷ്കരണത്തിന്റെയും ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളുടെയും വർത്തമാനകാല പരിസരമാണ് സിനിമയുടെ കഥാകാലം. ഒഴിമുറിയുടെ ഇടം സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട ഭൂപടത്തിനകത്തും പുറത്തുമായി തുളുമ്പിനിൽക്കുന്ന ദേശസ്വത്വത്തിന്റേതുകൂടിയാണ്. ഫ്യൂഡൽ ആണധികാരത്തിന്റെയും ജനാധിപത്യ കാർഷിക വ്യവസ്ഥയുടെയും ജാതി-ദേശ സ്വത്വങ്ങളുടെയും സംഘർഷ സ്ഥലമാണത്. സേവനമേഖലാ മധ്യവർഗ സ്ത്രീ പുരുഷ സ്വത്വ പ്രകാശനത്തിന്റെ സവിശേഷമായൊരു സംക്രമണഘട്ടത്തിലെ വരേണ്യസ്ത്രീയാണ് ഒഴിമുറിയിലെ നായിക. ആദാമിന്റെ വാരിയെല്ലിൽ ആധുനികതയിലെ അഭ്യസ്തവിദ്യരും സാമൂഹ്യ സാഹചര്യങ്ങളാൽ പിന്തള്ളപ്പെട്ടവരുമായ സ്ത്രീകളാണ് ദൃശ്യപ്പെടുന്നത്. വ്യവസ്ഥയുടെ ഭ്രമണപഥത്തിൽനിന്ന് തെറ്റിസഞ്ചരിക്കാൻ പ്രേരിപ്പിക്കുന്ന ഉള്ളടക്കവും ഉള്ളുരുക്കവുമാണ് ഈ സ്ത്രീകൾ.

## ആഖ്യാനത്തിലെ ശൂന്യസ്ഥലം

സ്മാർത്തവിചാരത്തിന്റെ സൂക്ഷ്മ ആഖ്യാനമാണ് പരിണയം. സമുദായ സദാചാരത്തിന് വിധേയമായിരിക്കണം വ്യക്തികളുടെ നൈതികാനുഭവങ്ങളെന്ന സൈനിക തന്ത്രമാണ് വിചാരണയുടെ കാതൽ. വ്യക്തിയുടെ തൃഷ്ണകളും സമുദായനീതിയും തമ്മിലുള്ള സംഘർഷ സ്ഥലമാണത്. എന്നാൽ, സവിശേഷമായ ദൃശ്യപരിചരണത്തിലൂടെ ഈ ബന്ധ സംഘർഷം പിൻവാങ്ങി നിൽക്കുകയും സ്മാർത്തവിചാരത്തിന്റെ നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ മുഖ്യമാവുകയും ചെയ്യുന്നു. ബ്രാഹ്മണ സമുദായ ജീവിതത്തിന്റെ ദൈനംദിന വ്യാപാരങ്ങളെ വിവരണാത്മകമായി ആലേഖനം ചെയ്യുകയാണ് ചലച്ചിത്രം. ജാത്യാചാരം, അനുഷ്ഠാനം, ചടങ്ങുകൾ, ക്രമങ്ങൾ, രീതികൾ, ഭാഷ, ഭാഷണം, കളി, തേവാരം, വെടിവട്ടം, താംബൂലം, പൊറാട്ട് എന്നിങ്ങനെ സംഭവങ്ങൾ വിശദമായ ആലേഖനം (documentation). പാരമ്പര്യ അനുഷ്ഠാനങ്ങളിലേക്കുള്ള കാഴ്ചയുടെ അമിതമായ ഊന്നൽ വംശീയ കാലത്തെ കാൽപനികമായി പുനരാനയിക്കുന്നു. അതോടെ സ്മാർത്തവും വിചാരണയും ഭ്രഷ്ടും ഏറെക്കുറെ സ്വാഭാവിക ചര്യകളും പുരുഷാനന്ദ വേളകളുമായിത്തീരുന്നു. അനുഷ്ഠാനത്തിനപ്പുറത്തേയ്ക്ക് പൊട്ടിത്തെറിക്കാനുള്ള സാധ്യതകൾ പാഠത്തിനുള്ളിൽത്തന്നെ ഉണ്ടായിരുന്നിട്ടും സൗന്ദര്യാനുഭവമെന്നതിന് അപ്പുറത്തേക്ക് വളരാൻ ദൃശ്യപരിചരണംമൂലം സിനിമയ്ക്ക് കഴിയാതെ പോകുന്നു. ചലച്ചിത്രാ



ശ്രീവിദ്യ: ആദാമിന്റെ വാരിയെല്ല്

ഖ്യാനം വംശീയ ആലേഖനത്തിലാണ് (ethnographic documentation) ഊന്നുന്നത്. ബ്രാഹ്മണാചാരാനുഷ്ഠാനങ്ങളുടെ ദൃശ്യരേഖ എന്ന നിലയിലുള്ള 'പാരമ്പര്യ' മൂല്യമാണ് സിനിമയുടെ ഭാവിമൂലധനം.

സമകാലിക സമുദായ ജീവിതത്തിൽ ദൃശ്യമല്ലാത്ത ഒരു കാലത്തെയാണ് സിനിമ പുനരാവിഷ്കരിക്കുന്നത്. അതോടെ നമ്പൂതിരി സമുദായ ചരിത്രത്തിലെ വലിയൊരു നൈരന്തര്യഭംഗത്തിന്റെ പൂരണമായി പരിണയത്തിന്റെ ദൃശ്യസ്ഥലം മാറുന്നു. ഈ ദൃശ്യരേഖയ്ക്ക് മറഞ്ഞാണ് സ്ത്രീയുടെ/നായികയുടെ ആത്മസംഘർഷങ്ങൾ ഇടം നേടുന്നത്. പുരുഷാധികാരത്തിന്റെ സമുദായ നീതിക്ക് സംസാരിപ്പിക്കാനാവാതെപോയ പെൺ മൗനത്തിന്റെ ആഴത്തെ ചരിത്രപരമായി വീണ്ടെടുക്കാനുള്ള സാധ്യതയാണ് പരിണയത്തിന്റെ ഈ ദൃശ്യപരിചരണം അസാധ്യമാക്കുന്നത്. നായികയുടെ മൗനവും ശരീരം അവശേഷിപ്പിച്ചുപോകുന്ന ശൂന്യതയും പുരുഷഭാവനയ്ക്ക് പൂരിപ്പിക്കാനാവാത്തതാണ്. ഈ ശൂന്യസ്ഥലത്തെ മറികടക്കാനുള്ള ഉപായമായാണ് സിനിമ ഉണ്ണിമായയുടെ ജീവിതത്തെ കുറിയേടത്ത് താത്രിയ്ക്ക് സമാന്തരമായി സങ്കല്പിക്കുന്നത്. താത്രിയുടെ ഭൂതകലവും ദേശീയ പ്രസ്ഥാനങ്ങളുടെയും സമുദായ പരിഷ്കരണത്തിന്റെയും വർത്തമാനവും ചേർന്ന് ഉണ്ണിമായയുടെ ആത്മലോകത്തെ പൊതുപ്രദർശനത്തിന് വയ്ക്കുന്നു.


## കാഴ്ചയുടെ ആനന്ദമൂല്യം

പരിണയത്തിലെ സ്മാർത്തവിചാരത്തിന്റെ നീണ്ട ദൃശ്യാഖ്യാനം പാരമ്പര്യത്തെ കൂടെക്കൊണ്ടുവരുകയോ കൂട്ടിക്കൊണ്ടുവരുകയോ മാത്രമല്ല ചെയ്യുന്നത്. യുക്തിബോധവും നീതിബോധവുമില്ലാത്ത സമുദായാചാരങ്ങളോട് കുറഞ്ഞൊരു പരിഹാസവും സിനിമയിലുണ്ട്. സ്മാർത്തവിചാരത്തിലും വിചാരണയിലും ആത്യന്തികമായി തുളുമ്പിനിൽക്കുന്നത് ആൺകൂട്ടത്തിന്റെ ലൈംഗികാഹ്ലാദമാണ്. സ്മാർത്തവിചാരത്തിലേക്ക് എത്തിച്ചേരുന്ന നായികയുടെ ലൈംഗിക ജീവിതമായിരുന്നു ചലച്ചിത്രം പ്രമേയമാക്കിയതെങ്കിലോ? അത്തരമൊരാവിഷ്കാരത്തെ സമൂഹം സ്വീകരിക്കുമോ? നളിനി ജമീലയുടെ ആത്മകഥയെ ചൊല്ലിയുണ്ടായ വിവാദത്തിൽ ലൈംഗിക തൊഴിലാളിയോ പെൺവാണിഭക്കാരിയോ ആണ് ഇനി മലയാള സാഹിത്യത്തിന്റെ ഭാഗധേയം നിശ്ചയിക്കാൻപോകുന്നതെന്നും മഹാനായ എഴുത്തുകാരന് സ്ഥാനമില്ലാതാകുന്നു, എന്നുമുള്ള വാദങ്ങൾ ഉയർന്നിരുന്നു. എഴുതാനുള്ള സ്ത്രീയുടെ അവകാശത്തെ നിഷേധിക്കുക മാത്രമല്ല, എഴുത്തിന്റെ ആൺകോയ്മയെ സാംസ്കാരികമായി ഉറപ്പിക്കുന്നതുമായിരുന്നു ഈ വാദം. അനാദവാവിഷ്കാരത്തിൽ ആഖ്യാനങ്ങളെല്ലാം ചില സദാചാര നിബന്ധനകൾ പാലിക്കേണ്ടതുണ്ടെന്നാണ് ഈ വിവാദം അർത്ഥമാക്കുന്നത്. സദാചാര ഭദ്രമായ ദൃശ്യപരിചരണത്തിൽ നായികയുടെ സ്മൃതികഥയ്ക്കും രതികഥയ്ക്കും സ്ഥാനമില്ലാതാകുന്നു. കുറിയേടത്തു താത്രിയെന്ന ഭൂതകാലത്തെ സ്മൃതിപ്പെടുത്തി രതികഥയെ ചരിത്രകഥയാക്കി മാറ്റുന്ന ആഖ്യാന തന്ത്രമാണ് ചലച്ചിത്രം സ്വീകരിക്കുന്നത്. ആഖ്യാതാവ് ചലച്ചിത്രകാരൻ മാത്രമല്ല, ചരിത്രകാരൻകൂടിയാണ്.

ചരിത്രവും ചലച്ചിത്രവും എത്രത്തോളം നിഷ്കളങ്കമാണ്? സുന്ദരിയും യൗവ്വനയുക്തയും ഭർതൃരഹിതയുമായ സ്ത്രീ എന്ന ആൺകാമനയിലും രഹസ്യഗമനം എന്ന ഒളിനോട്ടത്തിലും മെനഞ്ഞെടുത്തതാണ് പരിണയത്തിന്റെ ലാവണ്യാനുഭവം. പുരുഷരതിഭാവനയുടെ ഒളിനോട്ടത്തിലാണ് കാഴ്ചയുടെ ഊന്നൽ. ചരിത്രവും സ്മാർത്തവിചാരവും അതിനെ വരേണ്യമാക്കി നിർത്തുന്ന പശ്ചാത്തലമാണ്. കുലംവിട്ടുപോകുന്ന നായികയുടെ ഉടലഴകിനെച്ചുറ്റി വിടരുന്ന നെടുവീർപ്പുകളാണ് പരിണയത്തിലെ നായികയെ രക്തസാക്ഷിത്വത്തിലേക്ക് ഉയർത്തുന്നത്. കുലമഹിമവിട്ട്, ഭ്രഷ്ടിലേക്ക് സ്ത്രീത്വത്തെ തുറന്നുവിടുന്ന ഉടലിന്റെ രാഷ്ട്രീയ സന്ദർഭമല്ല, മറിച്ച് ആഖ്യാനത്തിന് പുറത്തേക്ക് പോകുന്ന നായികാശരീരത്തെ പ്രതിയുള്ള നഷ്ടബോധമാണ് സിനിമയ്ക്ക് പ്രേക്ഷകാനുഭാവം നേടിക്കൊടുക്കുന്നത്. പ്രണയ-രതി വിശ്വാസ വഞ്ചനയുടെ, ആത്മസംഘർഷങ്ങളുടെ, മർദ്ദനത്തിന്റെ ദുരിതകാലത്തുകൂടി കടന്നുപോകുന്ന ഉടലിലല്ല, ഉടലഴക് എന്ന കാമനയിലാണ് കാഴ്ചയുടെ ഊന്നൽ.

## ബന്ധസംഘർഷങ്ങളുടെ ഘടന

സ്ത്രൈണ ലൈംഗികതയുടെ ഈ പ്രതിരോധ സന്ദർഭങ്ങളെ കൊളോണിയൽ ആധുനികത വരുതിയിലാക്കുന്നുണ്ട്. സ്ത്രീയുടെ സാമൂഹിക കർതൃത്വത്തെ സംബന്ധിക്കുന്ന തർക്കവും അധിനിവേശ ആധുനികതയുടെ കാലത്ത് ആരംഭിക്കുന്നു. സ്ത്രീയുടെ വ്യക്തിത്വം, പൗരത്വം, സ്വാതന്ത്ര്യം



മോഹിനി: പരിണയം


എന്നിവ വ്യക്തി നിയമത്തിന്റെ പരിധിയിലേയ്ക്ക് വന്നുചേരുന്നതും ഈ ഘട്ടത്തിലാണ്. സ്വതന്ത്ര്യയും ബുദ്ധിമതിയുമായ 'ഇന്ദുലേഖ'യിൽ ഈ ആശയമാണ് പ്രവർത്തിക്കുന്നത്. നോവലിന്റെ രണ്ടാം അധ്യായത്തിൽ നായർ സംബന്ധത്തെക്കുറിച്ച് ഇന്ദുലേഖയും മാധവനും സംവാദത്തിലേർപ്പെടുന്നുണ്ട്. സ്വന്തം ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്ത്രീയുടെ അവകാശത്തിന്റെ അംഗീകാരമായാണ് സംബന്ധത്തെ ഇന്ദുലേഖ വ്യാഖ്യാനിക്കുന്നത്. മരുമക്കത്തായത്തിലെ സ്ത്രീ സ്വാതന്ത്ര്യത്തെ ആദർശവൽക്കരിക്കുന്നതിലൂടെ പാരമ്പര്യമൂല്യങ്ങളെ നിലനിർത്തിക്കൊണ്ട് ആധുനികതയെ ഉൾക്കൊള്ളുക എന്ന ആശയമാണ് ഇന്ദുലേഖ മുന്നോട്ടുവയ്ക്കുന്നത്. കൊളോണിയൽ വ്യവസ്ഥയും സാംസ്കാരികത്തനിമയും സമന്വയിക്കുന്ന ദാമ്പത്യസ്ഥാപനം വിഭാവനം ചെയ്യപ്പെടുന്നു. പിതൃകേന്ദ്രീകൃതമായ പുതിയ ഗാർഹിക വ്യവസ്ഥയാണ് ഇതിന്റെ ഫലമായുണ്ടായത്. ഇത് സ്ത്രൈണ സത്തയെ ഗാർഹിക ലോകത്തിന്റെയും ആത്മീയതയുടെയും മേഖലയിൽ പ്രതിഷ്ഠിച്ചു. പാരമ്പര്യം, വിധേയത്വം ത്യാഗമനോഭാവം എന്നിവയിലധിഷ്ഠിതമായ ആദർശവനിതാ സങ്കൽപ്പങ്ങൾ നിലവിൽവന്നു. കുടുംബം, വിവാഹം തുടങ്ങിയ സാമൂഹ്യസ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് സ്ത്രീയുടെ സ്വകാര്യ ബാഹ്യലോകങ്ങൾ ക്രമപ്പെടുത്തുമ്പോൾ പുരുഷന്റേത് കുടുംബം എന്ന സ്വകാര്യലോകവും സമൂഹം എന്ന പൊതുമണ്ഡലവുമായി വിഭജിച്ച് നിലകൊണ്ടു.

ഈ അകംപുറം സംഘർഷങ്ങളുടെ സവിശേഷമായ ചരിത്ര സന്ദർഭമാണ് ഒഴിമുറി ആഖ്യാനം ചെയ്യുന്നത്. പഴയ ജാതി സമൂഹത്തിൽ പുരുഷൻ വഹിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന നാഥ-നായക സ്ഥാനത്തിന് ഇളക്കം തട്ടുന്നു എന്നതാണ് ചിത്രത്തിന്റെ ആഖ്യാനസന്ധി. ശിവൻ പിള്ള ചട്ടമ്പിയുടെയും കാളിപ്പിള്ളയുടെയും മകനാണ് താണുപിള്ള. പണ്ഡിതനും കലാകാരനുമായ സംബന്ധക്കാരനെ ലഭിച്ചപ്പോൾ ശിവൻ പിള്ളച്ചട്ടമ്പിയെ കാളിപ്പിള്ള ഒഴിവാക്കി. മരുമക്കത്തായ വ്യവസ്ഥയിൽ കുടുംബനാഥൻ എന്ന ആധികാരികസ്ഥാനം നേടാൻ കഴിയാതെപോയ നിരാലംബ ജീവിതവും മരണവുമായിരുന്നു ശിവൻ പിള്ളയുടേത്. വീണ്ടടഞ്ഞ പിതൃ-നായക ബിംബത്തോടുള്ള അനുതാപം കാളിപ്പിള്ള എന്ന സർവാധികാര രൂപത്തോടുള്ള എതിർപ്പായാണ് താണുപിള്ളയിൽ തിടംവയ്ക്കുന്നത്. സമ്പത്തും അധികാരവും കുടുംബവുമില്ലാതെ നിസ്സഹായനായി മരിച്ച പിതാവ് എന്ന ഭ്രഷ്ടു സ്വത്വത്തോടുള്ള അനുകമ്പയിൽ നിന്നാണ് താണുപിള്ള രൂപം കൊള്ളുന്നത്.

മക്കത്തായ കുടുംബത്തിൽ നിന്നുള്ള വിവാഹത്തിലൂടെ ഗൃഹനാഥസ്ഥാനവും പിതൃത്വാധികാരവും മാത്രമല്ല താണുപിള്ള നേടിയെടുക്കുന്നത്. ഭാര്യയുടെ ഭൂമി എഴുതിവാങ്ങി സ്ത്രീക്കും ഭൂമിക്കും മേൽ ആധിപത്യം നേടിയെടുക്കുകയും ചെയ്യുന്നു. തിരുവിതാംകൂർ നായർ എന്ന സാംസ്കാരിക മൂലധനവും സർക്കാർ ഉദ്യോഗം നൽകുന്ന സാമൂഹികാധികാരവും കൈയ്യാളുന്ന സുരക്ഷിത പുരുഷനാണ് താണുപിള്ള. അപ്പന്റെ അനാഥവം വരാതിരിക്കാനുള്ള യത്നമാണ് താണുപിള്ളയുടെ ജീവിതം. താണുപിള്ള എന്ന പിതൃ രൂപത്തോടുള്ള പകയും നിസ്സഹായയായ അമ്മയോടുള്ള അനുകമ്പയുമാണ് മകൻ ശരത്ചന്ദ്രന്റെ ജീവിതം. അച്ഛനെപ്പോലെയാകാതിരിക്കാനാണ് ശരത്ചന്ദ്രൻ ആഗ്രഹിക്കുന്നത്. രണ്ടുപേരും അവരുടെ പിതൃരൂപങ്ങളെ നിഷേധിക്കുന്നവെന്ന തോന്നലാണ് ഉളവാക്കുന്നത്. ആത്യന്തികമായി അവർ പിതൃസത്തയെ സ്വാംശീകരിക്കുകയാണ് ചെയ്യുന്നത്. സ്വത്വ നിർമ്മിതികളുടെ അസംസ്കൃത ഭൂതമായി പിതൃസത്ത അവരിൽ ലീനമായിരിക്കുന്നു. ഈ പൈതൃക വംശാവലിയിലാണ് തലമുറകളുടെ കർതൃത്വത്തിന്റെ വേരുകൾ ആണ്ടിരിക്കുന്നത്.

## പ്രതികഥയുടെ അടരുകൾ

ഏത് ആഖ്യാനത്തിനുള്ളിലും പ്രതികഥയുടെ അടരുകൾ മറഞ്ഞുകിടക്കുന്നുണ്ടാകും. ദൃശ്യവ്യാഖ്യാനങ്ങളുടെ ലാവണ്യ ദിശയിൽനിന്ന് തെറ്റിനിൽക്കുന്ന ശരീരത്തിന്റെ പ്രതിരോധം. സ്ത്രീയെ ചില നിർമ്മിതികളിലേയ്ക്ക് വ്യവസ്ഥപ്പെടുത്താനാണ് സമൂഹം ശ്രമിക്കുന്നത്. മകൾ, സഹോദരി, ഭാര്യ, അമ്മ അമ്മായിയമ്മ, അമ്മൂമ്മ എന്നിങ്ങനെ ഏറെക്കുറെ ചുമതലാധിഷ്ഠിതമായി ക്രമീകരിക്കപ്പെടുന്നതാണത്. കാമുകി, സുഹൃത്ത് എന്നീ അവസ്ഥകളും ഈ ക്രമത്തിലേയ്ക്ക് ചാഞ്ഞാണ് നിൽക്കുന്നത്. ജാര, വേശ്യാത്വങ്ങൾ അപരമാണ്. അവരുടേത് അപരലോക വാഴ്വുകളാണ്. രാത്രി, ഇരുൾ ബിംബങ്ങൾ ഈ വാഴ്വുകളെ ചൂഴ്ന്നു. കളിവിളക്കണയുകയും അരങ്ങൊഴിയുകയും ചെയ്യുന്ന നിശീഥിനികൾ മറ്റൊരു സ്വതന്ത്രജീവിത, അപര ജീവിത സന്ദർഭമായിത്തീരുന്നു.



ഹരിഹരൻ

പരിണയം നിശാജീവിതത്തിന്റെ അഥവാ പ്രതിജീവിതത്തിന്റെ ലീലാസന്ദർഭമാണ്. പകലിന്റെ സദാചാര ജീവിതത്തിന് എതിരെ പ്രതിഷ്ഠിക്കുന്ന ശരീരത്തിന്റെ കലാപസന്ദർഭം.

തന്നെ സ്ത്രീയായി തിരിച്ചറിയുന്ന, ചോദനകളെ നിഷേധിക്കാത്ത, ശരീരത്തിനുമേൽ ശരീരത്തിന്റെ ആധിപത്യം സ്ഥാപിക്കാത്ത, തൃഷ്ണകളെ പരസ്പരം പുൽകിപ്പുണരുന്ന ഉടൽ സമത്വത്തിന്റെ സന്ദർഭമായി നിശാഗമന/ലയനങ്ങൾ മാറുന്നു. സമത്വത്തിന്റെ ഉടൽ നിലകൾ സാധ്യമാക്കുന്ന ജീവിതാഘോഷമാക്കി ലൈംഗികതയെ ആവിഷ്കരിക്കാൻ പരിണയത്തിന് കഴിയുന്നുണ്ട്. ഭാഷയ്ക്കും ദൃശ്യത്തിനും ദൃശ്യപരിചരണത്തിനും പൂർണ്ണമായി വിശദീകരിക്കാനാവാത്ത അനുഭവസ്ഥലങ്ങളുണ്ട്. സ്മാർത്തവിചാര വേളയിൽ പുലർത്തുന്ന പ്രകോപനപരമായ നിശബ്ദതയോടെ നായിക അടയാളപ്പെടുത്തുന്നത് ഈ സ്ഥലരാശികളെയാണ്. തൃഷ്ണകൾ ചരിത്രത്തിൽ ഇടപെടുകയും ചരിത്രത്തെ തന്നെ നിർണ്ണയിക്കുകയും ചെയ്യുന്ന സന്ദർഭമാണിത്. വിശ്വസ്തതയും വഞ്ചനയും ഇവിടെ ഇതിവൃത്തമാകുന്നു.

വിചാരണത്തടവുകാരിയായി കഴിയുന്ന ഉണ്ണിമായയുടെ സമീപം കാമുകനായ മാധവൻ എത്തുന്നത് തന്റെ പേര് പറയരുതെന്ന് അപേക്ഷിക്കാനാണ്. നിശബ്ദയായിരുന്ന ഉണ്ണിമായ പിന്നീട് സംസാരിച്ചു തുടങ്ങുന്നു. ആരാണ് ഗർഭത്തിന് ഉത്തരവാദി എന്ന ചോദ്യത്തിന് 'പലരും, പേര് ഓർമ്മയില്ല...' എന്നാണ് മറുപടി. അനുഭവവും പ്രതിനിധാനവും തമ്മിലുള്ള ഈ സംഘർഷം ഉണ്ണിമായയെ ചരിത്രത്തിൽ കണ്ണിചേർക്കുന്നു. സ്മാർത്തവിചാരവേളയിൽ കുറിയേടത്ത് താത്രി അറുപത്തിനാല് പുരുഷൻമാരുടെ പേരുകൾ വെളിപ്പെടുത്തുന്നുണ്ടല്ലോ. ജാരൻ എന്ന ഏകവചനത്തെയല്ല, മറിച്ച് പുരുഷൻ എന്ന ഹിംസാത്മകവും അധാർമ്മികവുമായ ബഹുവചനത്തെയാണ് ഉണ്ണിമായ പ്രതീകവൽക്കരിക്കുന്നത്. അറുപത്തിനാല് കലകളിൽ കാമകലയാണ് അവൾ ആവിഷ്കരിക്കുന്നത്. പുരുഷാധികാരം വരുധിയിലാക്കിയ ലൈംഗികതയുടെ നിർണ്ണയാധികാരത്തെയും ശരീരത്തിന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തെയും കലയോടടുപ്പിക്കുന്ന കലാപസന്ദർഭമായി അത് മാറുന്നു. സമുദായ നീതിയുടെ വിചാരണയ്ക്കും സ്മർത്തവിചാരത്തിനും ആണിന്റെ കുറ്റബോധത്തിനും കലാപത്തിന്റെ ഈ സന്ദർഭത്തെ സ്പർശിക്കാനാവുന്നില്ല.

സമുദായ ഭ്രഷ്ടയാക്കപ്പെട്ട ഉണ്ണിമായയയെ കാണാൻ കുറ്റബോധത്താൽ നീറുന്ന മനസ്സുമായി മാധവൻ എത്തുന്നുണ്ട്. മാധവനെ സ്വീകരിക്കാൻ വിസമ്മതിക്കുന്ന ഉണ്ണിമായ തന്റെ പ്രണയം നളനോടും അർജ്ജുനനോടും ഭീമനോടുമായിരുന്നുവെന്ന് പറയുന്നു. വേഷങ്ങൾ കെട്ടിയാടിയ മാധ്യമം മാത്രമായി നായകശരീരം ചുരുങ്ങുന്നു. പരകായത്തിനുമേൽ ആട്ടക്കാരനാണെന്നു കരുതുന്ന അധികാരം റദ്ദ് ചെയ്യപ്പെടുകയാണ്. കഥാ യാഥാർത്ഥ്യങ്ങൾ തമ്മിലുള്ള ഈ സംഘർഷം ജീവിതത്തിനും ഭാവനയ്ക്കുമിടയിലുള്ള ചുമർ പൊളിച്ചുകളയുന്നു. ഉണ്ണിമായയുടെ അനുഭവലോകം കഥയ്ക്കും കഥകളിയ്ക്കുമപ്പുറം രക്തവും മാംസവുമുള്ള ശരീരങ്ങളുടെ പ്രതി-കാമനാലോകം സൃഷ്ടിക്കുന്നു. കൃത്യമായി നിർവചിക്കാൻ സദാചാരപ്പെടാൻ വിസമ്മതിക്കുന്ന ബന്ധലോക കൽപനകളാൽ നായികാശരീരം അതിന്റെ അഴകോടെ തന്നെ വിധ്വംസക കേന്ദ്രമാകുന്നു.

## ദൃശ്യങ്ങളുടെ നിഗൂഢസ്ഥലം

പ്രമേയം എന്നതിനേക്കാൾ പ്രത്യയശാസ്ത്രപരമായാണ് പുരുഷാധിപത്യം ചലച്ചിത്രത്തിൽ സന്നിവേശിക്കപ്പെട്ടിരിക്കുന്നത്. പെൺജീവിതസംഘർഷങ്ങളെ പ്രമേയവൽക്കരിക്കുമ്പോഴും ആൺകോയ്മയുടെ ഭാവുകത്വ ഭാവനാലോകത്തെയാണ് അത് നിരന്തരം സാധൂകരിക്കുന്നത്. അനുഭവങ്ങൾക്കും അഴലുകൾക്കും മേലെ ആൺകോയ്മയുടെ നൈതികാനുഭങ്ങൾ സ്ഥാപിക്കപ്പെടുന്നു. പുരുഷാധികാരസമൂഹം സ്ത്രീയുടെ അനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും ഭയപ്പെടുന്നുണ്ട്. സ്ത്രീയുടെ സ്വകാര്യത, സ്വത്വം, സ്വയംനിർണ്ണയം, ലൈംഗികത അതിന്റെ വിചാരഭാവനാലോകം എന്നും പുരുഷന് ഭയത്തിന്റെ കേന്ദ്രങ്ങളാണ്. പുരുഷൻ സ്ത്രീയെ അവളുടെ പാതിവ്രത്യത്തിലും ഏകപുരുഷകാമനയിലും പരിണയത്തിലും ദാമ്പത്യമെന്ന സ്ഥാപനത്തിനുള്ളിലും സങ്കൽപ്പിക്കുന്നു. സ്ത്രീയെ സ്വയം ഒഴുകുന്ന ജീവിതമായി സമഗ്രതയിൽ സമീപിക്കുന്നതിൽ പുരുഷ ഭാവന വിമുഖമാണ്. തൃഷ്ണയുടെയും കാമനയുടെയും ലോകം സദാചാരവിരുദ്ധമാകുന്നത് അത് ശരീരത്തിന്റെ സ്വയം നിർണയത്തെയും, സ്വത്വപ്രകാശനത്തെയും സ്വതന്ത്രലോക വിനിമയത്തെയും ഭാവന ചെയ്യുന്നതുകൊണ്ടാണ്.

പ്രതികഥയുടെ സാധ്യതകളെ മറികടക്കുകയും മറച്ചുപിടിക്കുകയും


ചെയ്യുന്ന ആഖ്യാന തന്ത്രം പ്രമേയ
ത്തിനപ്പുറം ആഖ്യാന ഘടനയിൽ
എങ്ങനെയാണ് സന്നിവേശിപ്പിക്ക
പ്പെട്ടിരിക്കുന്നത്? ദേശീയ പ്രസ്ഥാ
നത്തെയും സമുദായ നവീകരണ
ത്തെയും അനുസ്മരിപ്പിക്കുംവിധം
നൂൽ നൂൽക്കുന്ന ഉണ്ണിമായയിൽ
ചലച്ചിത്രം അവസാനിക്കുന്നു.
സമുദായ പരിഷ്കരണ പ്രസ്ഥാന
ങ്ങളുടെ സവിശേഷ സന്ദർഭത്തിൽ
പുരോഗമന സാഹിത്യ ഭാവുകത്വ
മാണ് ഉണ്ണിമായയെ സമുദായത്തി
ന് പുറത്ത് (ആൺ തുണയുള്ള)
സ്വതന്ത്ര ഇടത്ത് എത്തിക്കുന്നത്.
പുരുഷാധികാര വ്യവസ്ഥയ്ക്കുള്ളിൽ
ആവിഷ്കാരം അസാധ്യമായ
സ്ത്രീയുടെ കർതൃത്വം കാമനകളുടെ
ലോകത്തുനിന്നും വൈരാഗ്യത്തി
ന്റെ ഗാന്ധി മാർഗത്തിലേയ്ക്ക്
പരിവർത്തനം ചെയ്യപ്പെടുന്നു.
ജാതിവ്യവസ്ഥയുടെയും ബ്രാഹ്മണ
പുരുഷാധികാരത്തിന്റെയും ഹിംസാ
ത്മകതയെ പുരോഗമന സാഹിത്യ
ഭാവനയുടെ കേവല യുക്തികൊണ്ട്
സാധൂകരിക്കുകയാണ് പരിണയം.
ദേശീയപ്രസ്ഥാനത്തിന്റെയും
സമുദായ പരിഷ്കരണത്തിന്റെയും
കടക്കീഴിൽ ഉണ്ണിമായയ്ക്ക് കർതൃത്വം
നിഷേധിക്കപ്പെടുകയാണ്. ഉണ്ണി
മായയുടെ ശരീരലാവണ്യം ഖാദി
വസ്ത്രംകൊണ്ട് മറച്ചെടുക്കുന്നതിലൂടെ
യാണ് ആഖ്യാനം പെണ്ണുടലിന്റെ
വിധ്വംസകതയെ റദ്ദ് ചെയ്യുന്നത്.
വിപ്ലവകരമായ മുന്നേറ്റമെന്ന് തോ
ന്നിപ്പിക്കുകയും ആസൂത്രിതമായ
ദൃശ്യ പരിചരണങ്ങളിലൂടെ യാഥാ
സ്ഥിതികവും സാമ്പ്രദായികവുമായ
സദാചാര വിചാരലോകങ്ങളെ സാ
ധൂകരിക്കുകയുമാണ് ചലച്ചിത്രം.

ഒഴിമുറിയിൽ സമുദായ സദാചാരം
പ്രവർത്തിക്കുന്നത് അനവധി വൈ
രുധ്യങ്ങളോടെയാണ്. സമുദായ
ത്തിനുള്ളിലോ കുടുംബത്തിനുള്ളിൽ
തന്നെയോ വിമോചനത്തിന്റെ
സാധ്യതയും സമരമുഖവും തുറക്കാൻ
ഒഴിമുറിയിലെ നായികയ്ക്ക് കഴിയുന്നു
ണ്ടോ? സ്വന്തം പണ്ടങ്ങളും സ്വത്തും
എഴുതിനൽകി സാമ്പത്തിക സ്വാത
ന്ത്ര്യത്തിലേയ്ക്ക് മരുമകളെ (സ്ത്രീയെ)
ഉയർത്തുന്ന കാളിപ്പിള്ളയും അമ്പ
ത്തിയഞ്ചാം വയസ്സിൽ ഒഴിമുറി
വാങ്ങി സ്വയം വിമോചിപ്പിക്കുന്ന
മീനാക്ഷി പിള്ളയും മരുമക്കത്തായ
മാതൃദായ വ്യവസ്ഥയിലെ ഭദ്രമ
ല്ലാത്ത രണ്ട് ജീവിതങ്ങളെയാണ്
പ്രതിനിധീകരിക്കുന്നത്. പദവിയും
സമ്പത്തും ആരോഗ്യവും ക്ഷയിച്ച്



മകന്റെ ആശ്രിതത്വത്തിലേയ്ക്ക്
വന്നടിയുകയും വഴിയോരത്ത് നിരാ
ലംബയായി മരിക്കുകയും ചെയ്യുന്ന
കാളിപ്പിള്ള ഒരു പെൺകോയ്മാ
ദുരന്തമായാണ് കാഴ്ചപ്പെടുന്നത്. ഈ
ദുരന്തത്തിനുള്ള പ്രതിവിധിയാണ്
മീനാക്ഷി പിള്ളയുടെ ജീവിതം.

രോഗിയും വൃദ്ധനുമായ ഭർത്താ
വിനെ വിട്ടുപോയവൾ, എന്ന
അപവാദത്തെയല്ല, ദുർബലനായ
പുരുഷനോട് രോഗിയോട് സ്ത്രീയ്ക്ക്
തോന്നേണ്ട അനുകമ്പയാണ്
മീനാക്ഷിയെ വ്യത്യസ്തയാക്കുന്നത്.
ഈ അനുകമ്പ പെൺകോയ്മയുടെ
ദുരന്തസ്ഥലത്തുനിന്ന് മീനാക്ഷിയെ
വിമോചിപ്പിക്കുന്നു. മാത്രവുമല്ല,
മകനും അച്ഛനുമിടയിൽ വൈകാ
രിക അടുപ്പത്തിന്റെ ഇഴ ചേർക്കുന്ന
തിലൂടെ മകൾ എന്ന ഇടനില ഉറ
പ്പിച്ചെടുക്കുന്നുമുണ്ട്. ആൺകോയ്മയു
ടെ രക്ഷാകർതൃത്വം നിരാകരിക്കുന്ന
മീനാക്ഷി സ്വയം കർതൃത്വത്തിലേ
യ്ക്ക് വളരുകയാണോ? രണ്ട് ദുർമരണ
ങ്ങളുടെ (അച്ഛന്റെയും അമ്മയുടെയും)
പാരമ്പര്യത്തിലേയ്ക്ക് താണുപിള്ളയു
ടെ ജീവിതം (മരണവും) വിട്ടുകൊ
ടുക്കാതെ സംരക്ഷിക്കുന്നതിലൂടെ
മീനാക്ഷി ത്യാഗനിർഭരയായ ആദർ
ശവനിത എന്ന വാർപ്പുരൂപത്തെ
സാക്ഷാത്കരിക്കുകയാണ്. ബന്ധ
ങ്ങളിൽനിന്ന് വിടുതൽ നേടിയെന്ന്
കരുതുമ്പോഴും കർമ്മബന്ധങ്ങളുടെ
കെട്ടിനുള്ളിലേയ്ക്ക് പിൻവലിയുന്ന
തരത്തിൽ സ്ത്രീ കഥാപാത്രം നിഗൂ
ഢവൽക്കരിക്കപ്പെടുന്നു. അവരുടെ
അന്തർലോകം ആഖ്യാനഘടനയു
ടെ ഭാഗമല്ല. മീനാക്ഷിയുടെ ഈ
പിൻവാങ്ങൽ അനിവാര്യവും സ്വീ
കാര്യവുമാകുന്നത് ആഖ്യാനത്തിലും
സമൂഹത്തിലും പ്രവർത്തിക്കുന്ന



മധുപാൽ

പുരുഷാധികാര ഘടനയാണ്.

## ആഖ്യാനത്തിന്റെ അതിരുകൾ

വിദ്യാഭ്യാസം, തൊഴിൽ, തൊഴിലിടങ്ങളിലെ പൊതുജീവിതം എന്നിങ്ങനെയുള്ള ഇടങ്ങളിലേയ്ക്ക് സഞ്ചരിക്കുമ്പോഴും പാരമ്പര്യത്തിന്റെയും സമുദായ, ജാതി സദാചാരത്തിന്റെയും വാഹകരും സംരക്ഷകരുമായിരിക്കേണ്ട 'കടമ്പ്കൂടി ആധുനിക സ്ത്രീയ്ക്ക് നിർവഹിക്കേണ്ടി വരുന്നു. വരേണ്യവും പുരുഷാധികാരപരവുമായ മധ്യവർഗ അണുകുടുംബത്തിലെ സ്ത്രീ കടന്നുപോകുന്ന ആത്മസംഘർഷങ്ങളുടെ വിഭിന്നമായ ആഖ്യാനങ്ങളാണ് ആദാമിന്റെ വാരിയെല്ല്. വ്യത്യസ്ത ജാതിയിലും വർഗത്തിലും പെട്ട മൂന്നു സ്ത്രീകളാണ് സിനിമയുടെ പ്രമേയം. സിനിമയുടെ വ്യവഹാരം തന്നെ പുരുഷാധിപത്യ നിഷ്ഠമാകയാൽ ആൺനോട്ടത്തെ നിഷേധിക്കുക എന്നത് പലപ്പോഴും ചലച്ചിത്രാഖ്യാനത്തിന്റെ പാരമ്പര്യത്തെ നിഷേധിക്കുന്നതിന് തുല്യമായിരിക്കും. ആൺനോട്ട വ്യവസ്ഥയുടെ പ്രധാന ഉപകരണമായ കുടുംബത്തെ വ്യത്യസ്ത ദൃശ്യകോണുകളിലൂടെ ആവിഷ്കരിക്കുന്ന ചലച്ചിത്രം ചലച്ചിത്രാഖ്യാനത്തിന്റെ ഘടനയെത്തന്നെ വിമർശനവിധേയമാക്കുന്നു.


സാമ്പത്തികമായി ഭദ്രവും സുരക്ഷിതവുമെന്നു തോന്നാവുന്ന ക്രിസ്തീയ കുടുംബമാണ് ആലീസിന്റേത്. ചലച്ചിത്രാരംഭം മുതൽ അവർ ഉറങ്ങാൻ മരുന്ന് കഴിക്കുന്നു. കോൺട്രാക്ടർ മാമച്ചന്റെ വളർച്ചയ്ക്ക് ആലീസിന്റെ ശരീരം പലവിധം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. സമ്പത്തും കാമവും പരസ്പര പൂരകമായ വ്യവസ്ഥകളിൽ പുരുഷൻമാത്രമാണ് അഭിസംബോധന ചെയ്യപ്പെട്ടത്. വിവാഹത്തിലൂടെയും വിവാഹേതര ലൈംഗികതയിലൂടെയും പുരുഷകാമനകൾ മാത്രമാണ് പൂർത്തീകരിക്കപ്പെട്ടത്. അടുക്കളക്കാരി അമ്മിണിയെ തന്റെ ലൈംഗിക ഉപകരണമായാണ് മാമച്ചൻ കണക്കാക്കുന്നത്. രണ്ട് മക്കളിൽ മകനെ പട്ടണത്തിലെ ഉയർന്ന സ്കൂളിൽ പഠിക്കാനയക്കുന്ന മാമച്ചൻ മകളെ നാട്ടിലെ സ്കൂളിലാണ് പഠിപ്പിക്കുന്നത്. മകനാണ് പഠിച്ച് വലിയ നിലയിലെത്തേണ്ടതെന്ന് അയാൾ കരുതുന്നു. ഏതോ ഒരാണിന്റെ ലൈംഗിക ഉപകരണമായിത്തീരേണ്ടവൾ എന്നതിലപ്പുറം മകളെക്കുറിച്ച് അയാൾക്ക് സങ്കൽപങ്ങളില്ല. സമ്പത്ത്കേന്ദ്രിത ആനന്ദമെന്ന നിലയിൽ മാത്രമാണ് മാമച്ചൻ ജീവിതത്തെ സമീപിക്കുന്നത്. അവിടെ വൈകാരികമായ ബന്ധസംഘർഷങ്ങളില്ല. മാമച്ചന്റെ രാത്രി ഗമനങ്ങൾ ഇതിന്റെയെല്ലാം തുടർച്ച മാത്രമാണ്.

ദാമ്പത്യത്തിന്റെ ശൂന്യതയിൽ നിന്നുള്ള പുറത്തുചാടലാണ് ആലീസ് കണ്ടെത്തുന്ന പ്രണയം. എന്നാൽ മധ്യവർഗ പുരുഷന്റെ പാപബോധം കാമുകനെ ചൂഴുന്നു. ദാമ്പത്യത്തിനകത്തും പുറത്തും വൈകാരികമായി അനാഥമാക്കപ്പെടുകയാണ് ആലീസ്. അവളുടെ പരപുരുഷബന്ധം വിചാരണ ചെയ്യപ്പെടുന്ന സന്ദർഭത്തിൽ മാത്രമാണ് ആലീസ് ശബ്ദമുയർത്തി സംസാരിക്കുന്നത്. "കുട്ടികളൊക്കെ നിങ്ങളുടെ തന്നെയാണെന്നുറപ്പുണ്ടോ?" എന്നായിരുന്നു ആലീസിന്റെ ചോദ്യം. ഒന്നു പതറിപ്പോകുന്നുണ്ടെങ്കിലും മാമച്ചൻ ആലീസിനെ ഭാര്യാപദവിയിൽ നിലനിർത്താനാണ് യത്നിക്കുന്നത്. ഭർതൃഗൃഹത്തിൽ നിന്നിറങ്ങിപ്പോകുന്ന ആലീസ് ദാമ്പത്യ ദുരന്തത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നു. എന്നാൽ മാതാപിതാക്കളും സഹോദരനും സഭയും ചേർന്ന് അവളെ അതിൽ നിന്നു തടയുന്നു. ഭർതൃഗൃഹത്തിലേയ്ക്ക് മടങ്ങേണ്ടിവരുന്ന ആലീസ് പരിണയത്തിലെ

ഉണ്ണിമായയ്ക്ക് എതിർ ദിശയിലാണ്. ഭ്രഷ്ടിനേക്കാൾ സംഘടിതമായി സമുദായ സദാചാര നിയമാവലികളിലൂടെ ആലീസ് എന്ന ആധുനിക സ്ത്രീ കുടുംബത്തിലേയ്ക്ക് തിരിച്ചെത്തുന്നു. ദാമ്പത്യത്തിന്റെ അത്യാപത്തിൽനിന്ന് രക്ഷപ്പെടാനുള്ള അവളുടെ ശ്രമം വീട്ടുകാരും സഭയും ചേർന്ന് തകർത്തുകളഞ്ഞു. ഉറങ്ങാൻ നിത്യവും കഴിച്ചിരുന്ന മരുന്നുകളുടെ സഹായത്തോടെ ആലീസ് ഒടുവിൽ മരണംവരിക്കുന്നു. മരണത്തേക്കാൾ ദാരുണമായ ജീവിതത്തെ ആലീസ് ആത്മഹത്യകൊണ്ട് ആവിഷ്കരിക്കുന്നു.

ആലീസ് ഏകവചനമല്ല, അവൾ അനുഭവിച്ച അഴലിന്റെ ആഴം ഹിംസാത്മകമായി വെളിപ്പെടുത്താൻ ചലച്ചിത്രകാരൻ സ്വീകരിക്കുന്നത് സമാന്തര ആഖ്യാനമാണ്. ആലീസിന് സമാന്തരമായി വാസന്തിയുടെ ജീവിതം ദൃശ്യമാകുന്നു. മധ്യവർഗ സവർണ്ണ കുടുംബിനിയാണ് വാസന്തി. മദ്യത്തിൽ അഭയംതേടുന്ന, പത്രപ്രവർത്തകനായ, തൊഴിൽ സ്ഥിരതയില്ലാത്ത ഗോപിയാണ് ഭർത്താവ്. ആധുനിക മലയാളി മധ്യവർഗ വരേണ്യപുരുഷന്റെ വിചാര-വികാരലോകങ്ങളെ മഹത്വവൽക്കരിച്ച ശൂന്യതാവാദ, അസ്ഥിത്വവാദങ്ങളുടെ ഉടൽരൂപമാണ് ഗോപി. അയാൾ തൊഴിൽ ഉപേക്ഷിക്കുന്നത് സ്വന്തം സ്വാതന്ത്ര്യത്തിനും ഇച്ഛയ്ക്കും അവിടെ സ്ഥാനമില്ലന്ന കാരണത്താലാണ്. വാസന്തിയുടെ ജോലിയാണ് കുടുംബത്തിന്റെ ഏക സാമ്പത്തിക സ്രോതസ്. പാരമ്പര്യത്തിന്റെ വാഹകരും സംരക്ഷകരുമായി സ്ത്രീകളെ സങ്കൽപ്പിക്കുന്നതാണ് കൊളോണിയൽ ആധുനികതയെങ്കിൽ,  മലയാളി മധ്യവർഗ ആധുനികതയിലെ സ്ത്രീയ്ക്ക് പണിയെടുത്ത് കുടുംബം നിലനിർത്തേണ്ട ബാധ്യതകൂടി വന്നുചേരുന്നു. എന്നാൽ, ഈ സ്വയാർജിത സമ്പത്തിനും ശരീരത്തിനും മേൽ വാസന്തിക്ക് അധികാരമുണ്ടായിരുന്നില്ല. പണം ആവശ്യമുള്ളപ്പോൾ അവളിൽനിന്നു പിടിച്ചുവാങ്ങുന്ന ഗോപി ലൈംഗികതയും പിടിച്ചുവാങ്ങുകയാണ്. പുരുഷന്റെ ഇച്ഛക്കും ആനന്ദത്തിനും വേണ്ടി സ്വയം സമർപ്പിക്കുന്നതായിരുന്നു വാസന്തിയുടെ ജീവിതം. സാമ്പത്തികവും ശാരീരികവും മാനസികവുമായ പെൺ ജീവിതാനന്ദങ്ങൾ കുടുംബവ്യവസ്ഥകളുള്ളിൽ എത്രത്തോളം അസാധ്യമാണെന്ന് ചലച്ചിത്രം പരിശോധിക്കുന്നു.

ചലച്ചിത്രത്തിലെ കുടുംബം ഹിംസാത്മകമായൊരു ശൂന്യസ്ഥലമാണ്. വാസന്തി ഈ ശൂന്യതയെ മറികടക്കുന്നത് ഉൻമാദത്തിന്റെ പ്രതിലോകം നിർമ്മിച്ചാണ്. സിനിമയിൽ ഉടനീളം വിഷാദവതിയായികാണപ്പെടുന്ന വാസന്തി നിറഞ്ഞു ചിരിക്കുന്നതും സംസാരിക്കുന്നതും മനോവിഭ്രാന്തിയിലാണ്. ആ ലോകം പുരുഷനെ സംബന്ധിച്ചും സമുദായത്തെ സംബന്ധിച്ചും സദാചാരപരമല്ല. അതിനാൽ വാസന്തിയെ സമൂഹത്തിനും സമുദായത്തിനും സദാചാരത്തിനും പാകമായ പെണ്ണാക്കി പുനരുൽപ്പാദിപ്പിക്കേണ്ടതുണ്ട്. അസൈലം ആ പുനഃനിർമ്മാണത്തിന്റെ സ്ഥലമാണ്. ഈ പുനഃനിർമ്മാണ പ്രകിയ മണിച്ചിത്രത്താഴിലും (ഫാസിൽ, 1993) കാണാം. (മണിച്ചിത്രത്താഴ് എന്ന പഠനത്തിൽ എസ് സഞ്ജീവ് ഇത് വിശദമായി പരിശോദിക്കുന്നുണ്ട്, പുറം: 65.) സവർണ്ണവും നാഗരികവുമാണ് നകുലന്റെയും ഗംഗയുടെയും ദാമ്പത്യലോകം. ഗംഗയുടെ ഭാവനാലോകത്തെ നേരിടാൻ നാഗരിക ഉപരിമധ്യവർഗ സാമൂഹ്യാന്തരീക്ഷം മതിയാകാതെ വരുന്നു. അതുകൊണ്ടാണ് ഗംഗയിലെ ഉന്മാദിനിയെ നാട്ടിൻപുറത്തേയ്ക്കും കോവിലകത്തേയ്ക്കും മാറ്റിസ്ഥാപിക്കുന്നത്. പാരമ്പര്യവും ആധുനിക ശാസ്ത്രവും ഒന്നിച്ചുചേർന്നാണ് ഗംഗയുടെ മനോലോകത്തെ വരുതിയിലാക്കുന്നത്. "ഇനി ഞാനെന്നും നകുലേട്ടന്റെ മാത്രം ഗംഗയായിരിക്കും" എന്ന ഉറപ്പോടുകൂടി കുടുംബത്തിലേയ്ക്ക് പുനഃപ്രവേശിക്കുന്ന ഗംഗയെ അനിവാര്യവും സ്വീകാര്യമാക്കുന്നത് സമൂഹത്തിൽ പ്രവർത്തിക്കുന്ന അധികാര കേന്ദ്രങ്ങളാണ്. തൃഷ്ണകളെയും ഇന്ദ്രിയ സുഖങ്ങളെയും തള്ളിപ്പറയാത്ത സ്ത്രീകളിൽ വേശ്യാത്വം ആരോപിച്ച് പുറത്താക്കുകയായിരുന്നു കൊളോണിയൽ ആധുനികതയിലെ വരേണ്യ ഗാർഹിക സദാചാരമെങ്കിൽ, ആധുനിക അണുകുടുംബത്തിലെ സ്ത്രീകളിൽ മനോരോഗം ആരോപിക്കുന്നു. വരേണ്യ സാംസ്കാരിക സദാചാരത്തിന്റെ കാർമികത്വത്തിലാണ് സ്ത്രീകൾ



കെ.ജി. ജോർജ്



ആണാകാട്ടുംബ വ്യവസ്ഥയിലേയ്ക്ക് തിരികെ പ്രവേശിക്കുന്നത്.

വരേണ്യ സമുദായ നിർമ്മിതമായ കുടുംബ വ്യവസ്ഥയ്ക്ക് പുറത്തുനിൽക്കുന്ന കഥാപാത്രമാണ് ആദാമിന്റെ വാകരിയെല്ലിലെ അമ്മിണി എന്ന ദളിത് യുവതി. അവളെ മാമച്ചന്റെ വീട്ടിലാക്കിയിട്ട് അച്ഛനമ്മമാർ ജീവിതം തേടി മലബാറിലേയ്ക്കോ മറ്റോ പോയതാണ്. ഉറ്റവരില്ലാത്ത അമ്മിണി മാമച്ചൻ ഇരതേടിയെത്തുന്ന രാത്രികളിൽ നിസഹായമായി കീഴടങ്ങുകയാണ്. ഗർഭിണിയായ അമ്മിണിയെ മാമച്ചൻ വീട്ടിൽ നിന്ന് നാടുകടത്തുന്നു. അവളുടെ ജീവിത കാമനകളും ഗർഭവും ദാരുണമാംവിധം ഉപേക്ഷിക്കപ്പെടുന്നു(നീലക്കുയിലിലും ഇത് കാണാം). സർക്കാർ ആശുപത്രിയിൽ ഏറെക്കുറെ അനാഥയെപ്പോലെ കുട്ടിക്ക് ജൻമം നൽകുന്ന അമ്മിണി നവജാത ശിശുവിനെ വഴിയിൽ ഉപേക്ഷിക്കുന്നു. പിതൃത്വം എന്നത് അഭിമാനവും മാതൃത്വം ദിവ്യവുമായി സങ്കൽപിക്കുന്ന സമൂഹ-ധാർമികതയിൽ അമ്മിണിയുടെ അനാഥത്വം മുഴച്ചുനിൽക്കുന്നു. മാതൃത്വത്തിന് സമൂഹം കൽപ്പിച്ച് നൽകിയ പവിത്രതയുടെ ഭാരം വഴിയിൽ ഉപേക്ഷിക്കുന്നു. മാതൃത്വത്തിന്റെ പാവനതയെ അനുഭവത്തിന്റെ തീക്ഷ്ണതകൊണ്ട് തിരുത്തുകയാണ് അമ്മിണി. ഉദാത്ത മാതൃത്വത്തിന് പുറത്തെ സ്ത്രീയുടെ വൈകാരിക ലോകമാണ് അമ്മിണി ആവിഷ്കരിക്കുന്നത്.

റസ്ക്യൂ ഹോമിൽ അടയ്ക്കുന്ന അമ്മിണിയിൽ മുളപൊട്ടുന്നത് ഒരുതരം ഉൻമാദമാണ്. ആലീസിലും വാസന്തിയിലും ദൃശ്യമാകുന്ന നിസ്സഹായതയും ഏകാന്തതയും അമ്മിണിയിലില്ല. പെൺകൂട്ടത്തിന്റെ ഊർജ്ജത്തെ കൂട്ടുതുറന്നുവിടുന്ന വിമോചന സന്ദർഭമാണ് അവളുടെ ഉൻമാദം. റസ്ക്യൂ ഹോമിൽ നിന്ന് അവൾ പുറത്തേക്ക് പായുന്നു. ആ സമയം അവൾ ഒറ്റയ്ക്കല്ല. അവളുടെ ഭ്രമകൽപന തനിയ്ക്ക് ചുറ്റുമുള്ള അശരണരും ഭ്രഷ്ടകളുമായ മുഴുവൻ സ്ത്രീകളെയും കൂടെക്കൂട്ടുന്നു. ജാതി നിയമാവലികളും ശാസനങ്ങളും അത്രയേറെ സമുദായവൽക്കരിക്കാത്ത ദമിത സ്വത്വമാണ് അമ്മിണിയുടേത്. അവളിലെ ഊർജ്ജം വിമോചനത്തിന്റെ ജയിൽ ചാട്ടമാണ് സ്വപ്നം കാണുന്നത്. സിനിമ ചിത്രീകരിച്ചുകൊണ്ടിരിക്കുന്ന സംഘത്തെ (അതൊരു പുരുഷ സംഘമാണ്) പിന്തള്ളി സിനിമയ്ക്ക് പുറത്തേയ്ക്ക്, ആഖ്യാനത്തിന് വെളിയിലെ തുറന്ന സ്ഥലരാശിയിലേയ്ക്ക് അമ്മിണി സ്ത്രീകളെ തുറന്നുവിടുകയാണ്. സമുദായ, ജാതി സദാചാരങ്ങളുടെ അടഞ്ഞ ഘടനയ്ക്ക് ബദലായി സ്ത്രീ സമൂഹത്തിന്റെ തുറന്ന പ്രതിരോധമാണ് ചലച്ചിത്രം സങ്കൽപ്പിക്കുന്നത്. പുരുഷാധികാരത്തിന്റെ സൈനിക യന്ത്രങ്ങൾ മായ്ച്ചുകളഞ്ഞ പെണ്ണനുഭവങ്ങളുടെ ആവിഷ്കാരത്തിന് സോഷ്യൽ റിയലിസ്റ്റ് സങ്കേതത്തിലൂന്നിയ ആഖ്യാനം മതിയാകാതെവരുന്നു. അമ്മിണിയുടെ വിമോചന സ്വപ്നത്തിന്റെ ഭ്രമാത്മക ദൃശ്യാവിഷ്കാരത്തിലൂടെ ചലച്ചിത്രാഖ്യാനത്തിന്റെ പരിമിതിയെക്കൂടിയാണ് ചലച്ചിത്രകാരൻ അഭിസംബോധന ചെയ്യുന്നത്.

സഹായഗ്രന്ഥങ്ങൾ

1. Walter Benjamin. The story teller. E-book. 2006.

2. Partha Chatterjee. Women and the Nation, Nation and Its Fragments. Oxford, Delhi, 1993.

3. Udaya Kumar. Writing The First Person. Permanent black, Ranikhet, 2016.

4. Foucault, Michael. Madness and civilization: A History of Insanity in the Age of Reason. (trans)Richard Howard. Routledge. 1971

5. Nagaraj D R. The Flaming Feet: A Study of the Dalit Movement in India. South Forum Press. Bangalore. 1993

6.. ദേവിക ജെ. പൗരിയുടെ നോട്ടങ്ങൾ. ഒലിവ്, കോഴിക്കോട്, 2013

7.. രാജൻ ചുങ്കത്ത്. സ്വാർത്ഥം. പൂർണ, കോഴിക്കോട്, 2016

8. ചന്ദുമേനോൻ, ഒ. ഇന്ദുലേഖ. ഡി സി ബുക്സ് കോട്ടയം

9. രാമകൃഷ്ണൻ ഇ വി. ദേശീയതകളും സാഹിത്യവും. ഡി.സിബുക്സ്, കോട്ടയം, 2001

10. രാമകൃഷ്ണൻ ഇ വി. അനുഭവങ്ങളെ ആർക്കാണ് പേടി. ഡി സി ബുക്സ്, കോട്ടയം, 2012

11. രവീന്ദ്രൻ പി പി. എതിരെഴുത്തുകൾ: ഭാവുകത്വത്തിന്റെ ഭൂമിശാസ്ത്രം. എസ് പി സി എസ്, കോട്ടയം, 2013

12. എസ്. സഞ്ജീവ്. മണിച്ചിത്രത്താഴ്: കേരള പഠനങ്ങൾ. ഭാഗം:5.

# നാരായണഗുരു: ഭാഷയുടെ ആധുനികതാദർശനം

ഡോ. ബിനീഷ് പുതുപ്പണം
എൻ.എസ്.എസ്. കോളേജ്, നിലമേൽ



കോളനിവത്ക്കരണത്തിന്റെയും സാമ്രാജ്യത്വപ്രക്രിയകളുടെയും ഭാഗമായി രൂപപ്പെട്ട എല്ലാ ആധുനികപ്രവണതകളെയും പ്രക്രിയകളെയും വിശാലാർത്ഥത്തിൽ കൊളോണിയൽ ആധുനികത എന്ന വിശേഷിപ്പിക്കാം. ആചാരാനുഷ്ഠാനങ്ങൾ, ജീവിതരീതികൾ, ഭക്ഷണക്രമങ്ങൾ, വസ്ത്രങ്ങൾ, വിദ്യാഭ്യാസ സാംസ്കാരികരംഗങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും പരിവർത്തനവും പുരോഗമനവും സാധ്യമായ ഈ ഘട്ടത്തിൽ സ്വാഭാവികമായും പൗരസ്ത്യ വിജ്ഞാനവും ഭാഷയും ആധുനികീകരണത്തിന് വിധേയമാകമെന്നതിൽ സംശയമില്ല. ബ്രിട്ടീഷ് ആധിപത്യത്തെ വിമർശിച്ചവർ പോലും ഇംഗ്ലീഷ് ഭാഷയും സാഹിത്യവും ഉപയോഗിച്ചാണ് പിന്നീട് കോളനി വിരുദ്ധസമരങ്ങൾക്ക് നേതൃത്വം നൽകിയത്. (ബാലഗംഗാധരതിലകൻ കേസരി എന്ന മറാത്തി ഭാഷാപത്രം ആരംഭിച്ച അവസരത്തിൽ തന്നെയാണ് ഇംഗ്ലീഷ് ഭാഷയിൽ 'മറാത്ത' എന്ന പത്രവും തുടങ്ങിയത്. ഗാന്ധിയുടെ 'യങ്ങ് ഇന്ത്യ', ദാദാഭായ് നവറോജിയുടെ 'വോയ്സ് ഓഫ് ഇന്ത്യ', ഗോപാലകൃഷ്ണഗോഖലയുടെ 'നേഷൻ', ആനിബസന്റിന്റെ 'ന്യൂ ഇന്ത്യ' ഇങ്ങനെ ആംഗലേയഭാഷാ പ്രയോഗങ്ങൾക്ക് ഉദാഹരണങ്ങൾ അനവധി).

ഇംഗ്ലീഷ് ഭാഷയും അതുപയോഗിച്ച് കൊണ്ടുള്ള വിജ്ഞാനത്തിന്റെ വ്യാപനവും (സ്വദേശി/വൈദേശിക വിജ്ഞാനങ്ങൾ, വിവർത്തനങ്ങൾ, വ്യാഖ്യാനങ്ങൾ) ആധുനികതയുടെ വെള്ളിമേഘങ്ങളെ ഇടയ്ക്കിടെ ഇന്ത്യൻ സാഹിത്യാകാശങ്ങളിൽ പറത്തിവിട്ടു. സ്വദേശകൃതികളിൽ ഇംഗ്ലീഷ് പദങ്ങളും അർത്ഥങ്ങളും വൈദേശികത്വമെന്ന അന്യഥാബോധം വിട്ട് ഇഴുകിച്ചേർന്നു.

കേരളത്തിലെ സ്ഥിതിയും മറ്റൊന്നായിരുന്നില്ല. 1615-ൽ കേരളം സന്ദർശിച്ച വില്യം കീലിങ്ങ് ഈസ്റ്റ് ഇന്ത്യാകമ്പനിയെ ഇവിടെ എത്തിച്ചതുമുതൽ കേരള സാംസ്കാരിക പൈതൃകങ്ങളിൽ യൂറോപ്പ്യൻ-ആംഗലബോധങ്ങളും വിജ്ഞാനങ്ങളും കലരാൻ തുടങ്ങി. താളിയോലകൾക്ക പകരം കടലാസുകൾ വന്നു. അച്ചടി ആരംഭിക്കപ്പെട്ടു, നിഘണ്ടുക്കളും വ്യാകരണകൃതികളും ഒപ്പം സാഹിത്യകൃതികളും അച്ചടിമഷി പുരണ്ടു. സാഹിത്യം ആധുനികതയുടെ വെളിച്ചം ദൂരെ നിന്നു നോക്കികണ്ടു. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി ഈ നോട്ടം ദൃഢമാവുകയും അപരപദങ്ങൾ സ്വദേശപദങ്ങളായി പരിണമിക്കുകയും ചെയ്തു. ഈ പരിണാമത്തിന് തുടക്കമിട്ടത് നാരായണഗുരുവായിരുന്നു.



ഗുരു തന്റെ കൃതികളിൽ ചെയ്ത വിപ്ലവമെന്താണ്? പാരമ്പര്യത്തെയോ, അതുവരെ തുടർന്നുവന്ന രീതികളെയോ ഉടച്ചുവാർത്ത് പുതുലോകം സൃഷ്ടിക്കുന്ന എന്തിനെയും വിപ്ലവം എന്ന് വിശേഷിപ്പിക്കാമെങ്കിൽ സുബ്രഹ്മണ്യസ്തോത്രത്തിലും ദൈവദശകത്തിലുമെല്ലാം ഗുരു ഉണർത്തിയത് ആധുനികതയുടെ വിപ്ലവ ശബ്ദങ്ങളാണ്. അതുവരെയുണ്ടായിരുന്ന കാവ്യലക്ഷണങ്ങളെപ്പോലും ഗുരു തകർത്തെറിഞ്ഞു. നമസ്കാരം, ആശിസ്, സിദ്ധാന്തോക്തി, പരാക്രമം, വിഭൂതി, പ്രാർത്ഥന എന്നീ ആറ് ഘടകങ്ങൾ അടങ്ങിയതാണ് സ്തോത്രലക്ഷണം.

'നമസ്കാരസ്തഥാശീശ്ച
സിദ്ധാന്തോക്തി പരാക്രമ
വിഭൂതി പ്രാർത്ഥനാചേതി
ഷഡ്‌വിധം സ്തോത്രലക്ഷണം'

ഈ ലക്ഷണമനുസരിച്ച് എഴുതപ്പെട്ട സ്തോത്രങ്ങളെല്ലാം സംസ്കൃതപദങ്ങളെ, വാക്യങ്ങളെ പരമ്പരാഗതമായ ഭാഷയിൽ തുടരുകയാണ് ഉണ്ടായത്. മലയാളത്തിലെഴുതപ്പെട്ട പൂന്താനമടക്കമുള്ളവരുടെ സ്തോത്രകൃതികളും സംസ്കൃത/മലയാള ഭാഷകളെമാത്രം പിൻപറ്റുന്നു. എന്നാൽ നാരായണഗുരുവാകട്ടെ സ്തോത്ര-കീർത്തനങ്ങളിൽ മലയാളഭാഷാപദങ്ങൾക്കൊപ്പം തന്നെ ആംഗലേയ പദങ്ങളും കൂട്ടിച്ചേർത്തു. ഭാഷ ആധുനികീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഗുരു കൊളോണിയൽ കാലത്തുതന്നെ മനസ്സിലാക്കിയിരുന്നു. പതിനഞ്ച് പദ്യങ്ങൾ മാത്രമടങ്ങുന്ന 'സുബ്രഹ്മണ്യകീർത്തന'ത്തിൽ ജയിൽ, റെയിൽ, റോഡ് എന്നീ ആധുനികപദങ്ങൾ ഗുരു ഉപയോഗിക്കുന്നു. ഇവ മൂന്നും കേരളത്തിലെ കൊളോണിയൽ ആധിപത്യത്തിനുശേഷം രൂപപ്പെട്ട പദങ്ങളാണു താനും.

'റെയ്‌ലിൻ വേഗം ജയിക്കും ജരാ
നരമൃതരാം മൂഢരാം ഞാനമായി
ജയ്‌ലിൽ പാർപ്പാൻ ഞെരുക്കം
ജവമായി പരൻ ചിത്സുഖം നൽ
കിടണം.'

(തീവണ്ടിയുടെ വേഗതയെ തോൽപ്പിക്കും മട്ടിൽ വന്നണയുന്ന ജരാനരകളുമൊത്ത് ശരീരമാകുന്ന ജയിലിൽ പാർക്കുവാൻ വലിയ പ്രയാസമാണ്. അല്ലയോ പരമേശ്വരാ സുഖം നൽകിയാലും) എന്ന ഭക്തന്റെ പ്രാർത്ഥനയാണ് കീർത്തനത്തിന്റെ ഉള്ളടക്കം. മറ്റു കീർത്തനങ്ങളിലും സ്തോത്ര, ഉപദേശകൃതികളിലുമെല്ലാം പ്രയോഗിച്ചതുപോലെ ഗുരുവിന് സംസ്കൃതജടിലമായ ഭാഷാപ്രയോഗങ്ങൾ നടത്താമായിരുന്നു. 'ജയിൽ' എന്ന പദത്തിനു പകരം തടവറയെന്നോ കാരാഗൃഹമെന്നോ എഴുതാമായിരുന്നു. അത്തരം അനേകം പദങ്ങളുണ്ടായിട്ടും പാശ്ചാത്യർ കൊണ്ടുവന്ന (ഇന്ത്യക്കാരായ വിപ്ലവകാരികളെയും സ്വാതന്ത്ര്യ സമരാനുകൂലികളെയും പിടിച്ചിടാനും താമസിപ്പിക്കാനുമായി നിർമ്മിച്ച) 'ജയിൽ' (ജയ്‌ൽ) എന്ന വാക്കുതന്നെ ഗുരു ഉപയോഗിച്ചത് എന്തിനായിരുന്നു? നാട്ടുരാജാക്കന്മാരും നാടുവാഴികളും ജന്മിമാരും മുന്നോട്ടുവെച്ച ജാതി-വർണ്ണ-പ്രാദേശികബന്ധിതമായ 'കാരാഗൃഹ' സങ്കല്പമല്ല ബ്രിട്ടീഷുകാരുടെ വരവോടുകൂടി രൂപപ്പെട്ട ജയിൽ എന്ന സങ്കല്പം. ജാതി തിരിച്ചുകൊണ്ട്, വർണ്ണത്തെ മാത്രം മുൻനിർത്തി കുറ്റകൃത്യങ്ങൾക്ക് നൽകിവന്ന പ്രാകൃത തടവറ ശിക്ഷകളായിരുന്നില്ല ബ്രിട്ടീഷുകാരന്റെ 'ജയിൽ ശിക്ഷകൾ'. ഉഗ്രവിഷമുള്ള, പട്ടിണിക്കിട്ട, മൂർഖൻ പതിയിരിക്കുന്ന കടത്തിലേക്ക് കരങ്ങൾ കടത്തിക്കുകയും തിളച്ച എണ്ണയിൽ കൈപ്പത്തികൾ മുക്കുകയും, ഗൂർത്താ ഗൃഹത്തിൽ ഇരിപ്പിക്കുകയും ചെയ്ത മാനവവിരുദ്ധ ജാതിഗൃഹങ്ങളായിരുന്നില്ല ഇംഗ്ലീഷുകാർ നിർമ്മിച്ച ജയിലുകൾ. അത് ഒരു ജനതയുടെ ഐക്യബോധത്തിന്റെ പ്രതീകമായിരുന്നു. പ്രതിഷേധത്തിന്റെയും പ്രതിരോധ

ത്തിന്റെയും അടയാളമായിരുന്നു. ജാതി-മത-വർഗ്ഗ-വ്യത്യാസമില്ലാതെ ഭാരതീയർ എന്ന ഏകസ്വരത്തിൽ ജീവിച്ച ഒരു കൂട്ടം മനുഷ്യരുടെ സ്വപ്നങ്ങൾ പൂത്തുലഞ്ഞ ഇടങ്ങളായിരുന്നു ജയിലുകൾ. അതുകൊണ്ടു ഗുരു പ്രാകൃതവത്ക്കരണത്തിന്റെ അടയാളമായ കാരാഗൃഹം (തടവറ) ഉപേക്ഷിക്കുകയും സമരതീക്ഷ്ണതയുടെ, പുതുയുഗസ്വപ്നങ്ങളുടെ നേരറിവായ 'ജയിലിനെ' തന്റെ കീർത്തനത്തിൽ സ്വീകരിക്കുകയും ചെയ്തു. നിഷാദയുഗത്തിനെതിരെയുള്ള ആധുനികതയുടെ 'പദയുദ്ധ'മായിരുന്നു സുബ്രഹ്മണ്യകീർത്തനത്തിൽ മുഴങ്ങിയത്. 'ശരീര'ത്തെയാണ് ഗുരു ജയിൽ എന്ന പദം കൊണ്ട് വിശേഷിപ്പിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യാവസ്ഥയുമായി ഈ പദത്തെ പരിശോധിക്കണം. തൊട്ടുകൂടാത്ത, തീണ്ടിക്കൂടാത്ത, ദൃഷ്ടിയിൽ പോലും വന്നുകൂടാത്ത, അയിത്തം ബാധിച്ച ശരീരങ്ങൾ സ്വാഭാവികമായും ജയിലിനുസമം തന്നെയാണ്. പാരതന്ത്ര്യശരീരംപേറുന്നതിനേക്കാൾ കഷ്ടമായി മറ്റൊന്നും തന്നെയില്ല. അതുകൊണ്ട് ജാതി ശരീരത്തിൽ പാർക്കാൻ പ്രയാസമുണ്ടെന്നും അതിനെ മനുഷ്യശരീരമാക്കി തീർക്കണമെന്നുമുള്ള അത്യധികമായ സ്വാതന്ത്ര്യവാഞ്ഛയുള്ള ഒരു സാമൂഹ്യജീവിയുടെ വിപ്ലവസ്വരമാണ് ഈ വരികൾ.

മറ്റൊന്ന് 'റെയിൽ' എന്ന പദമാണ്. വേഗതയെ സൂചിപ്പിക്കാനാണ് ഗുരു ഇത് പ്രയോഗിച്ചത്. കേരളജനത അക്കാലത്തു കണ്ട ഏറ്റവും വേഗതയേറിയ വാഹനം ആധുനികതയുടെ ഫലമായി രംഗത്തുവന്ന തീവണ്ടി തന്നെ. ഗുരു 'സുബ്രഹ്മണ്യകീർത്തന'മെഴുതുന്നത് അരുവിപ്പുറം പ്രതിഷ്ഠയ്ക്കു തൊട്ടുമുമ്പ് 1887-ലാണ്. ഈ കൃതി രചിക്കുന്നതിനും ഇരുപത്തിയാറു വർഷങ്ങൾക്കു മുമ്പ് 1861-ൽ കേരളത്തിൽ ആദ്യത്തെ റെയിൽപ്പാത വന്നിട്ടുണ്ട്. മലയാളികൾ അതുവരെ പരിശീലിച്ച കാളവണ്ടികളുടെയും പല്ലക്കുകളുടെയും മഞ്ചലുകളുടെയും വില്ലുവണ്ടികളുടെയും വേഗതയേക്കാൾ നൂറിരട്ടി വേഗതയുള്ള വാഹനമാണ് തീവണ്ടി. മലയാളിയുടെ വേഗതാസങ്കല്പത്തെ പാടേ തിരുത്തിക്കുറിച്ചതും തീവണ്ടിയോട്ടങ്ങൾ തന്നെ. ആദ്യഘട്ടത്തിൽ ബേപ്പൂർ മുതൽ തിരൂർവരെ മാത്രം നീണ്ടു കിടന്ന റെയിൽപ്പാളങ്ങൾ കേരളത്തിലുനീളം പടർന്നതും പെട്ടെന്നായിരുന്നു. മാത്രമല്ല പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ വിമാനമോ വിമാനത്താവളമോ മലയാളികളുടെ സ്വപ്നങ്ങളിൽ പോലും ഇല്ലായിരുന്നു. സ്വാഭാവികമായും വേഗതയുടെ തീവ്രതയെ പകർത്താൻ റെയിൽ എന്ന ആംഗലേയ പദത്തിനുമാത്രമേ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് ഗുരു ആ പദത്തെ ദൈവസന്നിധിയിൽ പോലും പ്രയോഗിച്ചു. സാമൂഹ്യാസമത്വമെന്ന ജരാനരകൾ അതിവേഗം കേരളസമൂഹത്തെ കീഴടക്കുന്നതിന് ഗുരുസാക്ഷിയായിട്ടുണ്ട്. ഈ ജരാനരകളെ പിഴുതെറിയാൻ ഗുരു അനുകൂലമായികണ്ടത് ആധുനികതയെയും ബ്രിട്ടീഷ് ഭരണസംവിധാനത്തെയുമായിരുന്നു.

ദൈവത്തെ സ്തുതിക്കുന്ന, പ്രകീർത്തിക്കുന്ന ഭക്തിയുടെ/ഭക്തന്റെ അപേക്ഷകളാണ് കീർത്തനങ്ങൾ. ദൈവഭയത്തിന്റെ/പ്രീതിയുടെ/സന്താപനിഗ്രഹേച്ഛയുടെ പ്രതിഫലനം കൂടിയാണത്. അങ്ങനെയൊരു ദൈവകീർത്തനത്തിൽ ഇംഗ്ലീഷ് പദങ്ങൾ ഉപയോഗിക്കാൻ കുറഞ്ഞ ചങ്കൂറ്റമൊന്നും പോരാ. പൂർവ്വകവികളോ ആധുനികരെന്ന് കേളികേട്ട ബ്രിട്ടീഷ് അനുകൂലകവികളോ/(കുമാരനാശാൻ പോലും) മടിച്ച/ഭയന്നു/കൈകൂപ്പി നിന്ന കാവ്യപരമ്പരയുടെ സവർണബോധത്തെ ഉടച്ചുകളയുകയായിരുന്നു ഗുരു. ഇക്കാലത്തുപോലും ദൈവത്തെക്കുറിച്ചെഴുതുമ്പോൾ കവികൾ സംസ്കൃതീകരിക്കപ്പെട്ട ഭാഷമാത്രമാണ് ഉപയോഗിക്കുന്നത്. (അയ്യപ്പഭക്തഗാനങ്ങളിലോ കൃഷ്ണഭക്തിഗാനങ്ങളിലോ ഇംഗ്ലീഷ് പദം കാണാൻ ഇന്നും സാധ്യമല്ല) ഇവിടെയാണ് ഗുരു പ്രസക്തനാവുന്നത്. സുബ്രഹ്മണ്യകീർത്തനങ്ങളിലോ ഗാനസുധകളിലോ ഫ്ളൈറ്റ് (വിമാനം എന്നെങ്കിലും) എന്നോ ജറ്റ് എന്നോ ഒക്കെ എഴുതപ്പെട്ടും വരെ ആധുനികതയുടെ/ഉത്തരാധുനികതയുടെ ഓരേയൊരു സ്തോത്രകാവ്യവക്താവായി നാരായണഗുരു നിഷേധിക്കപ്പെടാനാവാത്ത വിധം നിലനിൽക്കുകതന്നെ ചെയ്യും.

ദൈവദശകത്തിലും കൊളോണിയൽ ആധുനികതയുടെ കരുത്തുറ്റ അംശങ്ങൾ കണ്ടെത്താനാകും. മതാതീതമായ പ്രാർത്ഥനയാണ് ഈ കാവ്യം.

"ദൈവമേ കാത്തുകൊൾകങ്ങ്
കൈവിടാതിങ്ങു ഞങ്ങളെ
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻതൻ തോണി നിൻപദം".

എന്നാരംഭിക്കുന്ന ഈ കൃതിയിലെ 'നാവികൻ', 'ആവിവൻതോണി' എന്നിവ ആധുനികതയുടെ ബിംബങ്ങളാണ്. നവോത്ഥാനത്തിന്റെ പരിണിതഫലമായ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളാണ് വലിയകപ്പലുകൾക്കും വടക്കുനോക്കി യന്ത്രങ്ങൾക്കുമെല്ലാം രൂപം നൽകിയത്. യൂറോപ്യരുടെ കടൽ സഞ്ചാരത്തിനും, കച്ചവടകേന്ദ്രങ്ങളും ഭൂപ്രദേശങ്ങളും തേടിയുള്ള യാത്രകൾക്കും ഒരു നിയന്താവ് ആവശ്യമായിരുന്നു. ഇത്തരം നിയന്താക്കളെ പരിശീലിപ്പിച്ചെടുക്കാനുള്ള നാവികകേന്ദ്രങ്ങൾ യൂറോപ്പിൽ സജീവമായതോടെയാണ് 'നാവികൻ' എന്ന സങ്കല്പം ഉടലെടുക്കുന്നത്. പാശ്ചാത്യആഗമനങ്ങളുടെ/മാറ്റത്തിന്റെ യുഗങ്ങളുടെ പേരുകൂടിയായിരുന്നു 'നാവികൻ'. നാവിഗേറ്റർ (ിമ്ശഴമീ്യേ) എന്ന പാശ്ചാത്യപദത്തിൽ നിന്നും ഉടലെടുത്തതാണല്ലോ മലയാളത്തിലെ നാവികൻ എന്ന പദം. നാവികപരിശീലനങ്ങളും കടൽ സഞ്ചാരങ്ങളും കോളനിവത്ക്കരണവും വ്യാപകമായതോടുകൂടി പായക്കപ്പലുകൾക്ക് പകരം ആവിക്കപ്പലുകളും യന്ത്രബോട്ടുകളും നിർമ്മിക്കപ്പെട്ടു. അത്തരം കപ്പലോടിക്കുന്ന നാവികന്മാർക്ക് നായകപരിവേഷം ലഭിച്ചു. അവർ കൊടുങ്കാറ്റുകളും മഞ്ഞുപാളികളും തരണം ചെയ്ത്, സമുദ്രങ്ങളെ തോൽപ്പിച്ച് സഞ്ചരിക്കുകയും സുരക്ഷിതരായി തിരിച്ചെത്തുകയും ചെയ്തു. ലോകത്തെ സമുദ്രമായും ദൈവത്തെ നാവികനായും സങ്കല്പിക്കാൻ ഗുരുവിന് കഴിഞ്ഞത് ഇത്തരം ആധുനികബോധമാണ്. ഗുരു നൗകയെന്നോ, തോണിയെന്നോ കുറിച്ചില്ല. കാരണം അത് ആധുനികതയുടെ പിറവിക്കുമുമ്പുള്ള വേഗതകുറഞ്ഞ സഞ്ചാരങ്ങളെക്കുറിക്കുന്നവയായിരുന്നു.

ബംഗാൾ വിഭജനഘട്ടത്തിൽ ശക്തമായിത്തീർന്ന സ്വദേശിബഹിഷ്ക്കരണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്ത്യയുടെ നാനാഭാഗങ്ങളിലും സ്വദേശീയമായ വ്യവസായശാലകൾ ഉയർന്നുവന്നിരുന്നു. ദക്ഷിണേന്ത്യയിലും അതിന്റെ അലയൊലികളുണ്ടായി. കപ്പൽ നിർമ്മാണരംഗത്തുപോലും ഇന്ത്യക്കാർ പ്രവേശിക്കുകയുണ്ടായി. ലക്ഷങ്ങൾ മുടക്കി ചിദംബരം പിള്ള 1906-ൽ ആരംഭിച്ച സ്വദേശി

സ്റ്റീം നാവിഗേഷൻ കമ്പനിയടക്കം (മുത്തുക്കുടി) ദേശീയതയുടെ ഭാഗമായി പ്രവർത്തിച്ചതിന് ഗുരു സാക്ഷിയായിട്ടുണ്ട്. യഥാർത്ഥത്തിൽ ജാതി-മതാന്ധതാ സമുദ്രത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ജനതയെ കരകേറ്റാൻ ആവിക്കപ്പലിലെത്തിക്കൊണ്ടിരുന്ന ബ്രിട്ടീഷ് ഭരണാധികാരികൾക്കു കഴിഞ്ഞേക്കുമെന്ന് ചിന്തിച്ചിട്ടുണ്ടാകുമോ ഗുരു?

## രണ്ട്

'നമുക്കൊക്കെ സന്ന്യാസം നൽകിയ ഗുരുക്കന്മാരാണവർ' എന്ന ഇംഗ്ലീഷുകാരെക്കുറിച്ച് നാരായണഗുരുവിനെക്കൊണ്ട് പറയിച്ചത് എന്താവാം? അതിനുള്ള ഉത്തരം ഗുരു തന്നെ നൽകുന്നു. 'ഹിന്ദുക്കൾ സ്മൃതികൾ നോക്കി ഭരിക്കുന്നവരാണല്ലോ'. ബ്രിട്ടീഷ് ആഗമനത്തിനുമുൻപ് വരെ സ്മൃതികളെ മുൻനിർത്തിയുള്ള ജീവിത നിയമങ്ങളാണ് ഇന്ത്യക്കാർ തുടർന്നുവന്നത്, ഒപ്പം പ്രാദേശികമായ സങ്കുചിത ദേശീയവാദവും. ശൈശവവിവാഹം, വിധവകൾ പാലിക്കേണ്ട നിയമങ്ങൾ, സതി തുടങ്ങിയ അനാചാരങ്ങളും ശൗചാദികർമ്മങ്ങളുമെല്ലാം സ്മൃതിയെ മുൻനിർത്തിയാണ് നിലനിന്നതും. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ, കോളനിഭരണത്തിലൂടെ ലഭിച്ച വിദേശവെളിച്ചമാണ് ആര്യസമാജം, പ്രാർത്ഥനാ സമാജം, തിയോസഫിക്കൽ സൊസൈറ്റി, അലിഗഡ് പ്രസ്ഥാനം തുടങ്ങിയവയ്ക്കെല്ലാം രൂപം കൊടുത്തത്. ശൂദ്രർക്ക് സന്യസിക്കാനുള്ള അവകാശം പോലും ലഭ്യമായത് കൊളോണിയൽ ആധുനികതയിൽ മാത്രമായിരുന്നു. (സന്ന്യാസമാഗ്രഹിച്ച രാമസ്വാമി നായ്ക്കരുടെ ജീവിതം തന്നെ ഉദാഹരണം) ഗുരുവിന്റെ ഭാഷയിൽ, 'ശ്രീരാമന്റെ കാലത്തു കൂടി ശൂദ്രാദികൾക്ക് സന്യസിക്കാൻ പാടില്ലായിരുന്നു. 'ജാതിതിരിച്ചുള്ള സന്ന്യാസത്തിന്, വർണ്ണം തിരിച്ചുള്ള കർമ്മങ്ങൾക്ക് അറുതി വരുത്താൻ ബ്രിട്ടീഷ് ഭരണത്തിനു കഴിയുമെന്ന ഉറച്ചബോധം ഗുരുവിനുണ്ടായിരുന്നു. ജാതി-മത-വർണ്ണങ്ങളാൽ ഭിന്നമാക്കപ്പെട്ട ഒരു ജനതയ്ക്കുമുന്നിൽ ദേശീയത എന്ന തത്വം ചോർന്നുപോകുന്നതായി ഗുരു കണ്ടു. ഗുരുവിന്റെ വാക്കുകൾ തന്നെ നോക്കാം 'ബുദ്ധന്റെ കാലത്ത് ഹിംസ കലശലായിരുന്നു. അതിനാൽ അഹിംസാധർമ്മിന് ബുദ്ധൻ മുഖ്യതകല്പിച്ചു. നബിയുടെ കാലത്ത് അറേബ്യയിൽ സാഹോദര്യത്തിന് മുഖ്യത കല്പിക്കേണ്ടതു ആവിശ്യമായിരിക്കാം. അതിനാൽ അദ്ദേഹത്തിന് മതത്തിൽ സാഹോദര്യത്തിനു മുഖ്യത കാണാനു. ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മത്സരത്തിൽ നിന്നുള്ള മോചനം.' ദൈവത്തിന്റെയും വർണ്ണത്തിന്റെയും പേരിൽ കലഹിക്കുന്ന ഒരു ദേശത്ത് ആധുനികതയിലൂന്നിയ ദേശം/ ദേശരാഷ്ട്രം എന്ന സങ്കല്പനം ഉയർന്നുവരണമെങ്കിൽ ആധുനികീകരണത്തിനും വിമോചനത്തിനുമുള്ള സാധ്യതകൾ അനിവാര്യമാണെന്ന സത്യം ഗുരു തിരിച്ചറിഞ്ഞിരുന്നു. ഈ ആധുനിക വിമോചനസാധ്യതകൾ ഗുരു കണ്ടെത്തിയത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലും ഇംഗ്ലീഷ് ഭരണത്തിലുമായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസവും കലയും ശാസ്ത്രബോധവും പുതിയൊരു വൈജ്ഞാനിക മണ്ഡലങ്ങളിലേക്ക് വഴിതുറക്കുമെന്ന് ഗുരു കണ്ടെത്തി. കുമാരനാശാനെ കൽക്കട്ടയിലേക്കും ബാംഗ്ലൂരിലേക്കുമെല്ലാം ഇംഗ്ലീഷ് പഠിക്കാൻ പറഞ്ഞയച്ചതും ഈ ലക്ഷ്യങ്ങൾക്കുവേണ്ടിയായിരുന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ കാതൽ തന്നെ വിജ്ഞാനത്തിലാണ്. പുതിയത് അറിയുക എന്നത് പുതുലോകത്തെ അറിയുക എന്നതാകുന്നു. പാരമ്പര്യത്തെ മാത്രം മുറുകെപ്പിടിച്ചുകൊണ്ട് ഒരു ജനതയ്ക്കും ജീവിക്കാനാവില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസം എന്താണെന്ന് അറിയാതെ അതിനെ തള്ളിക്കളയുന്നതിലെ അർത്ഥശൂന്യത ഇംഗ്ലീഷ് ഭാഷാവിരോധികളായ ദേശീയവാദികൾ തിരിച്ചിറിഞ്ഞിരുന്നില്ല. 'അറിയുക, അറിയിക്കുക' എന്ന ലക്ഷ്യത്തിനാണ് ഗുരു ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചത്. മതേതര വിദ്യാഭ്യാസശാലകൾ ഇംഗ്ലീഷ് ആധിപത്യത്തിൽ വളർന്നു വന്നതിൽ ഗുരുവും ഏറെ സന്തോഷിച്ചിരിക്കാം. 1817-ൽ തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന ഗൗരി പാർവ്വതിഭായി പ്രൈമറി വിദ്യഭ്യാസം സൗജന്യമാക്കിയതുപോലും ബ്രിട്ടീഷ് നവീകരണത്തിന്റെ/ആധുനികതയുടെ ഫലമായായിരുന്നു. അതിന്റെ തുടർച്ചയെ നിലനിർത്തുകയായിരുന്നു ഗുരുവും.

## മൂന്ന്

വിപ്ലവങ്ങളും രാജഭരണത്തിന്റെ തകർച്ചയുമാണ് ദേശരാഷ്ട്രങ്ങളെ വളർത്തിയത്. വിവിധഭാഷകളിൽ, ആചാരാനുഷ്ഠാനങ്ങളിൽ, പ്രദേശികതത്വത്തിൽ അങ്ങനെ എണ്ണിയാലൊടുങ്ങാത്തത്ര വൈവിധ്യങ്ങൾക്കിടയിലും 'ഒരു ദേശം' എന്ന ആശയത്തെ ഇന്ത്യക്കാർക്ക് മുന്നോട്ടുവെക്കാനായതും കോളനിവത്ക്കരണത്തോടുകൂടിയാണ്. ഈ ആധുനികദേശസങ്കല്പം ഗുരു സംസാരത്തിൽ പോലും പാലിച്ചിരുന്നു. 'ഞാൻ' എന്നോ 'എന്റേ'തെന്നോ ഗുരു വാക്കുകളിലോ കാര്യങ്ങളിലോ, പ്രവൃത്തികളിലോ പ്രയോഗിച്ചിട്ടില്ല. 'നാം' എന്ന വാക്കായിരുന്നു ഗുരുവിന് പഥ്യം. നീയും-ഞാനും, ആത്മവും-അപരവും ഒന്നായിത്തീരുന്നതാണ് 'നാം'. 'അവനവനാത്മസുഖത്തിനാചരിക്കു/ന്നതപരന്നുസുഖത്തിനായ് വരേണം' എന്ന് ആത്മോപദേശശതകത്തിൽ ഗുരു വിവരിക്കുന്നുണ്ട്. ആത്മസുഖത്തിന് ആചരിക്കുന്നതെല്ലാം മറ്റുള്ളവർക്കു കൂടി സുഖം നൽകുന്നതാവണം-അപ്രകാരം ദേശീയത എന്ന ബോധം എല്ലാവരും ഉൾക്കൊള്ളുന്ന ബോധമാവണം. പണ്ഡിതനും പാമരനും, ധനികനും ദരിദ്രനും, സവർണനും ദളിതനുമെല്ലാം ഐക്യത്തോടെ ജീവിക്കുന്ന, പുലരുന്ന ദേശീയതയാണ് ഗുരു സ്വപ്നം കണ്ടത്. ആ സ്വപ്നം തന്നെ 'നാം' എന്ന വാക്കും.

പ്രാർത്ഥനകളിൽ പോലും ഗുരു ഇത് പാലിച്ചു. 'ദൈവമേ, കാത്തുകൊൾകങ്ങു/കൈവിടാതിങ്ങു ഞങ്ങളെ' എന്നാണ് പ്രാർത്ഥന. 'ഞങ്ങൾ' എല്ലാജനവിഭാഗങ്ങളുമാണ്, 'എന്നെ', 'എന്റെ വസ്തുക്കളെ' കാത്തുകൊള്ളാനല്ല, പകരം 'ഞങ്ങളെ' കൈവിടാതെ കാത്തുകൊള്ളാനാണ് അപേക്ഷിക്കുന്നത്. തൊഴിലാളി വർഗ്ഗങ്ങളും കർഷകരും നിന്ദിതരും പീഢിതരും ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനുമെല്ലാമടങ്ങുന്ന, നാനാത്വത്തിലും ഒറ്റ ജനത എന്ന ഏകത്വത്തെ പ്രാപിക്കുന്ന ദേശീയതയാണ് ഗുരുവിന്റെ ദേശീയത. ഈ ദേശീയത സാധ്യമാവുക ആധുനികതയ്ക്ക് തിരിതെളിച്ച പാശ്ചാത്യഭരണത്തിൽ നിന്നും ഉണർന്നു വന്ന വിമോചനബോധത്തിലൂടെയാണെന്ന് ഗുരുവിന് ഉറപ്പുണ്ടായിരുന്നു. ആ ഉറപ്പാണ് ആധുനികതയെ അത്രമേൽ ആവിഷ്ക്കരിക്കാൻ/സ്നേഹിക്കാൻ ഗുരുവിനെ പ്രേരിപ്പിച്ചതും.




# ശാസ്ത്രജ്ഞരുടെ അന്ധവിശ്വാസങ്ങൾ

**വൈശാഖൻ തമ്പി ഡി.എസ്.**
മഹാത്മാഗാന്ധി കോളേജ്,
തിരുവനന്തപുരം



ശാസ്ത്രജ്ഞരെന്ന് പറയുന്നവരുടെ അന്ധവിശ്വാസത്തെ കുറിച്ച് എല്ലാവർക്കും അറിയാം. ചിലർ അത് പരിഹാസ്യമായി കാണുമ്പോൾ ചിലരതിനെ തങ്ങളുടെ അന്ധവിശ്വാസങ്ങൾക്ക് കിട്ടുന്ന മെരിറ്റ് സർട്ടിഫിക്കറ്റായിട്ടാണ് കാണുന്നത്. ഇതിൽ ആദ്യത്തെ കൂട്ടരിൽ പലരും, ഇവർക്കെങ്ങനെയാണ് ഇത്രയൊക്കെ സയൻസ് പഠിച്ചിട്ടും അന്ധവിശ്വാസിയാവാൻ കഴിയുന്നത് എന്ന് സംശയിക്കുന്നത് കണ്ടിട്ടുണ്ട്. സത്യത്തിൽ അതത്ര ദുരൂഹമായ ഒരു കാര്യമല്ല.

സയൻസിന്റെ പ്രത്യേകത അതിനെ ആർക്കും സ്വാധീനിക്കാൻ ആവില്ല എന്നതാണ്. നിങ്ങളുടെ വിശ്വാസങ്ങൾക്കോ ആഗ്രഹങ്ങൾക്കോ താത്പര്യങ്ങൾക്കോ ഒന്നും അതിനെ സ്വാധീനിക്കാൻ പറ്റില്ല. കാരണം അതിന് വസ്തുനിഷ്ഠമായ (objective) നിലനില്പ് മാത്രമേ ഉള്ളൂ. വസ്തുനിഷ്ഠമല്ലാത്ത ഒരുപാട് കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. ഉദാഹരണത്തിന് 'ചുവപ്പാണോ നീലയാണോ നല്ല




നിറം?' എന്ന് ചോദിച്ചാൽ, അതിന്റെ ഉത്തരം വസ്തുനിഷ്ഠമായി പറയാൻ സാധിക്കില്ല. അത് ഓരോരുത്തർക്കും ഓരോന്നുപോലെയാണ്. അല്ലെങ്കിൽ, അവിടെ ഉത്തരം വ്യക്തിനിഷ്ഠമാണ് (subjective) എന്ന് പറയാം. വ്യക്തിയുടെ താത്പര്യം അനുസരിച്ചായിരിക്കുമല്ലോ അവിടെ ഉത്തരം. ഒന്ന് തെറ്റെന്നോ മറ്റേത് ശരിയെന്നോ പറയുന്നതിൽ അർത്ഥമില്ല. എന്നാൽ 'ചുവപ്പിനാണോ നീലയ്ക്കാണോ തരംഗദൈർഘ്യം കൂടുതൽ?' എന്നാണ് ചോദ്യമെങ്കിൽ അവിടെ വ്യക്തിനിഷ്ഠമായ ഉത്തരത്തിന് പ്രസക്തിയില്ല. ആരാണ് അളക്കുന്നതെങ്കിലും അവിടെ ചുവപ്പിന് തന്നെയായിരിക്കും തരംഗദൈർഘ്യം കൂടുതൽ. അവിടെ, നീലയ്ക്ക് തന്നെ തരംഗദൈർഘ്യം കൂടിയേ പറ്റൂ എന്ന് ആഗ്രഹിച്ചിട്ടോ വാശിപിടിച്ചിട്ടോ കാര്യമില്ല.

ഗുരുത്വാകർഷണം മുകളിലോട്ട് പ്രവർത്തിക്കണം എന്ന് വാശിപിടിച്ചിട്ട് കെട്ടിടത്തിൽ നിന്ന് ചാടിയാൽ എങ്ങനെയിരിക്കും? അവിടത്തെ സയൻസ് പറഞ്ഞാൽ, രണ്ട് വസ്തുക്കൾ തമ്മിലുള്ള ഗുരുത്വാകർഷണത്തിന്റെ ദിശ അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന വരയിലൂടെ ആയിരിക്കും. ഇവിടെ ഭൂമിയും ചാടുന്ന മനുഷ്യനും തമ്മിലുള്ള ഗുരുത്വാകർഷണമാണ് പരിഗണിക്കേണ്ടത് എന്നതിനാൽ, മനുഷ്യനിൽ പ്രവർത്തിക്കുന്ന ബലം ഭൂമിയുടെ കേന്ദ്രത്തിലേക്ക് (അതായത്, താഴേയ്ക്ക്) ആയിരിക്കും. ഇതേ ബലത്തിന്റെ അളവ് പരിഗണിച്ചാൽ, അത് രണ്ട് വസ്തുക്കളുടേയും പിണ്ഡത്തിന് ആനുപാതികമായിട്ടും ദൂരത്തിന്റെ വർഗത്തിന് വിപരീത അനുപാതത്തിലും ആയിരിക്കും. ഇത് ആർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇങ്ങനെയേ സംഭവിക്കൂ. ചാടിയാൽ നേരെ താഴോട്ട് തന്നെ വരും. വസ്തുനിഷ്ഠമായ ഈ യാഥാർത്ഥ്യത്തെ ന്യൂട്ടന്റെ ഗുരുത്വാകർഷണനിയമത്തിന്റെ രൂപത്തിൽ നമ്മൾ സയൻസ് ക്ലാസിൽ പഠിക്കുന്നു. ഇങ്ങനെ പ്രസ്താവിക്കാം അതിനെ:

'പ്രപഞ്ചത്തിലെ ഏത് രണ്ട് വസ്തുക്കളും പരസ്പരം ആകർഷിക്കുന്നുണ്ട്. ആ ആകർഷണബലം അവയുടെ പിണ്ഡത്തിന്റെ ഗുണനഫലത്തിന് നേർ അനുപാതത്തിലും, അവ തമ്മിലുള്ള ദൂരത്തിന്റെ വർഗത്തിന് വിപരീത അനുപാതത്തിലും ആയിരിക്കും.'

ഇത് ആദ്യം പറഞ്ഞ ന്യൂട്ടൻ പരീക്ഷിച്ചാലും ഞാനോ നിങ്ങളോ പരീക്ഷിച്ചാലും ഒരുപോലെ ബോധ്യപ്പെടാവുന്ന കാര്യമാണെന്ന് പറഞ്ഞല്ലോ. ഇനി ഈ നിയമത്തിന്റെ പ്രസ്താവനയിൽ നമ്മളൊരു ചെറിയ മാറ്റം വരുത്താൻ പോകുകയാണ്.

'പ്രപഞ്ചത്തിലെ ഏത് രണ്ട് വസ്തുക്കളേയും ദൈവം പരസ്പരം അടുപ്പിക്കാൻ ശ്രമിക്കും. എത്രത്തോളം അടുപ്പിക്കണം എന്നത്, വസ്തുക്കളുടെ പിണ്ഡത്തിന്റെ ഗുണനഫലത്തിന്റെ നേർ അനുപാതവും അവ തമ്മിലുള്ള ദൂരത്തിന്റെ വർഗത്തിന്റെ വിപരീത അനുപാതവും പരിഗണിച്ചാണ് ദൈവം തീരുമാനിക്കുന്നത്.'


ശ്രദ്ധിച്ചാൽ, ന്യൂട്ടന്റെ ഗുരുത്വാകർഷണനിയമത്തിന്റെ ഒരു 'മലിനീകൃത' വെർഷനാണ് ഇതെന്ന് കാണാം. നേരത്തേ ഇല്ലാതിരുന്ന ഒരാൾ ആ നിയമത്തിനകത്തേയ്ക്ക് നുഴഞ്ഞുകയറി ഇരിപ്പുണ്ട് എന്ന വ്യത്യാസമേയുള്ളൂ രണ്ടും തമ്മിൽ. ഇനി ഈ രണ്ട് നിയമങ്ങളും പരീക്ഷിച്ച് നോക്കിയാലോ? നിയമം പ്രവചിക്കുന്ന കാര്യങ്ങൾ, അത്

പരീക്ഷണം നടത്തി നോക്കിയാൽ നേരിട്ട് നിരീക്ഷിക്കാനാവുമോ എന്ന് നോക്കിയാൽ മതി. പിണ്ഡം മാറുന്നതിനനുസരിച്ച് ആകർഷണ ബലം എങ്ങനെ വ്യത്യാസപ്പെടുന്നു, ദൂരം മാറുമ്പോൾ എന്ത് വ്യത്യാസം വരുന്നു എന്നൊക്കെ പരീക്ഷിച്ച് നോക്കിയാൽ രണ്ട് നിയമങ്ങളും പ്രവചിക്കുന്നതുപോലെ തന്നെയാണ് ഫലങ്ങൾ എന്ന് ബോധ്യപ്പെടും.

ഈ പ്രകൃതിനിയമം ഉപയോഗിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ പ്ലാനുണ്ടെങ്കിലും രണ്ടിനേയുംഒരേ രീതിയിൽ ഉപയോഗിക്കാവുന്നതേയുള്ളൂ. അതായത് പ്രയോഗക്ഷമതയിൽ ഈ രണ്ട് നിയമങ്ങളും ഒരുപോലെ തന്നെയാണ്. ഒരു ഷോട്ട്പുട്ട് ബോൾ എറിയുമ്പോൾ പരമാവധി ദൂരെപ്പോകാൻ എത്ര കോണിൽ എറിയണം എന്ന് തീരുമാനിക്കാൻ നിങ്ങൾക്ക് രണ്ട് നിയമങ്ങളും ഒരുപോലെ ഉപയോഗിക്കാം. എന്തിനധികം, ഒരു സാറ്റലൈറ്റിനെ ഭ്രമണപഥത്തിൽ എത്തിക്കാനും രണ്ടും ഒരുപോലെ ഉപയോഗിക്കാൻ പറ്റും. കാരണം ലളിതമാണ്, പ്രകൃതിയിലെ സ്വാഭാവികപ്രതിഭാസങ്ങൾ ചില ഭൗതികനിയമങ്ങൾ അനുസരിക്കുന്നുണ്ട്. ആ നിയമങ്ങൾ താനേ ഉണ്ടായതാണോ അതോ ആരെങ്കിലും ഉണ്ടാക്കിയതാണോ, ആണെങ്കിൽ ആരുണ്ടാക്കിയതാണ് എന്നതൊന്നും അവിടത്തെ നിരീക്ഷണങ്ങളിൽ ഒരു വ്യത്യാസവും വരുത്തില്ലല്ലോ. നിയമങ്ങൾ എന്താണ് എന്നതിന് മാത്രമേ പ്രസക്തിയുള്ളൂ.

ഇവിടെയാണ് അന്ധവിശ്വാസിയുടെ സുവർണരഹസ്യം കിടക്കുന്നത്. ഏത് പ്രകൃതിനിയമത്തിലും, എന്തും തിരുകിക്കയറ്റാനുള്ള ഒരു സാധ്യത കിടപ്പുണ്ട്. മറ്റൊരു ഉദാഹരണം നോക്കൂ:

'ഏത് ബലം പ്രയോഗിച്ചാലും അതേ സമയം അതിന് തുല്യവും വിപരീതവുമായ ഒരു എതിർബലം ഡിങ്കൻ പ്രയോഗിക്കും'



ന്യൂട്ടന്റെ മൂന്നാം ചലനനിയമവും ഇതും കൃത്യം ഒരേ ഫലമാണ് ഉണ്ടാക്കാൻ പോകുന്നത്. നിരീക്ഷണത്തിലോ പരീക്ഷണത്തിലോ ഒരു വ്യത്യാസവും വരുത്താത്തതും, എന്നാൽ നിങ്ങളുടെ മനസ്സിന് സുഖം തരുന്നതുമായ ഒരു സാധനം കിട്ടിയാൽ അത് ഏത് പ്രകൃതിനിയമത്തിലും തിരുകിക്കയറ്റാമെന്നാണ് ഇതിനർത്ഥം. എല്ലാം കണ്ടും കേട്ടും ഇരിക്കുന്ന, സകലതും പടച്ചുവിട്ട, നിങ്ങളുടെ നന്മയ്ക്ക് സമ്മാനം തരുന്ന, മറ്റുള്ളവരുടെ കുറ്റങ്ങൾക്ക് ശിക്ഷ കൊടുക്കുന്ന സർവശക്തനും സർവവ്യാപിയും ഒക്കെയായ ഒരു ദൈവം ആരും ആഗ്രഹിച്ചുപോകുന്ന ഒരു ഓഫറാണ്. അതിനെ ഇലയ്ക്കും മുള്ളിനും കേടില്ലാതെ ഏത് സിദ്ധാന്തത്തിനകത്തും തിരുകാമെന്നിരിക്കേ, ശാസ്ത്രം പഠിച്ചുവെന്ന് പറയുന്നവർക്ക് അന്ധവിശ്വാസിയാവാൻ പിന്നെ എന്ത് തടസ്സമാണുള്ളത്? ശാസ്ത്രപുസ്തകത്തിൽ എഴുതിവെച്ചിരിക്കുന്നതും വിശ്വാസങ്ങളും ഒരേസ



മയം നിങ്ങൾക്ക് കൊണ്ടുപോകാൻ സാധിക്കും.

ഇപ്പറഞ്ഞത്, വിശ്വാസത്തെ കൂടി കൊണ്ടുപോകേണ്ടത് നിങ്ങളുടെ ആവശ്യമോ ആഗ്രഹമോ ആകുമ്പോഴാണ്. പക്ഷേ എല്ലാവർക്കും അത് അങ്ങനെയാകണം എന്നില്ല. ഫ്രഞ്ച് ന്യൂട്ടൻ എന്നറിയപ്പെടുന്ന വിശ്രുതനായ ഒരു ശാസ്ത്രജ്ഞനുണ്ട് - പിയറി സൈമൺ ലപ്ലാസ് (Pierre Simon Laplace). അദ്ദേഹം ഒരിക്കൽ പ്രപഞ്ചത്തിന്റെ പ്രവർത്തനത്തെ അന്ന് അറിയപ്പെട്ടിരുന്ന ഭൗതിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്ന ഒരു വലിയ പുസ്തകം രചിച്ച് നെപ്പോളിയനെ കാണിക്കാൻ ചെന്നുവത്രേ. ഇതിനെപ്പറ്റി നേരത്തേ പറഞ്ഞറിഞ്ഞിരുന്ന നെപ്പോളിയൻ ചോദിച്ചു -

'അല്ലാ ലപ്ലാസ്, പ്രപഞ്ചത്തിന്റെ പ്രവർത്തനത്തെ കുറിച്ച് ഇത്രേം വലിയൊരു പുസ്തകം എഴുതിയിട്ട് ഇതിലെങ്ങും നിങ്ങൾ ദൈവത്തെക്കുറിച്ച് ഒരിടത്ത് പോലും പറഞ്ഞിട്ടില്ല എന്നാണല്ലോ കേട്ടത്.'

ലപ്ലാസ് കൊടുത്ത മറുപടി ഇങ്ങനായിരുന്നു -

'ശരിയാണ്. കാരണം, എനിക്ക് അങ്ങനൊരു സങ്കല്പത്തിന്റെ ആവശ്യം വന്നേയില്ല' (I had no need of that hypothesis)

നിരീക്ഷണങ്ങളേയും പ്രയോഗത്തേയും ഒരു രീതിയിലും സ്വാധീനിക്കാത്ത സങ്കല്പങ്ങളെ ഭൗതികനിയമങ്ങളിൽ കുത്തിത്തിരുകി അതിനെ കൂടുതൽ സങ്കീർണമാക്കേണ്ട ആവശ്യമുണ്ടോ? അതിന്റെ ഉത്തരം വസ്തുനിഷ്ഠമല്ല, വ്യക്തിനിഷ്ഠമാണ്. ചിലർക്കത് വേണം, ചിലർക്കത് വേണ്ട. ന്യൂട്ടന് അത് വേണമായിരുന്നു, ലപ്ലാസിന് അത് വേണ്ടിയിരുന്നില്ല.

എല്ലാവർക്കും ഒരുപോലെ ബോധ്യപ്പെടാനാവാത്ത, വ്യക്തിനിഷ്ഠമായതൊന്നും സയൻസിന്റെ പരിധിയിൽ വരുന്നതല്ല എന്ന് പറഞ്ഞല്ലോ. അതുകൊണ്ട് തന്നെ അത്തരം കലർപ്പുകൾക്കൊന്നും സയൻസിൽ പ്രത്യേകിച്ച് പങ്കൊന്നുമില്ല. നിയമങ്ങൾ ഇങ്ങനൊക്കെയാണ് എന്ന് പറയാമെന്നല്ലാതെ, അത് ആരോ ഉണ്ടാക്കിവെച്ചതാണ് എന്ന് പറയാൻ വസ്തുനിഷ്ഠമായ ഒരു തെളിവും ഇല്ല. ഉണ്ടാവണമെങ്കിൽ, കുറഞ്ഞത് ആ ഉണ്ടാക്കിവെച്ച ആളെ സ്വാധീനിച്ച് നിയമത്തിൽ ഒരു ഒഴികഴിവ് (exception) ഉണ്ടാക്കിയെങ്കിലും കാണിക്കണം. ഉദാഹരണത്തിന്, കെട്ടിടത്തിന് മുകളിൽ നിന്ന് ചാടുന്ന ഒരു ഭക്തൻ ഗുരുത്വാകർഷണനിയമം ഉണ്ടാക്കിയ ആ ദൈവത്തെ സ്വാധീനിച്ച് കുറച്ചുനേരത്തേക്ക് താഴോട്ടുള്ള ആകർഷണം നിർത്തിവെപ്പിച്ച് കാണിച്ചാൽ സംഗതി ക്ലീൻ. നിയമം ഉണ്ടാക്കിയ ആളിന്റെ സാന്നിദ്ധ്യം അവിടെ വെളിപ്പെട്ട് കിട്ടും. പക്ഷേ അങ്ങനത്തെ വെല്ലുവിളികളൊന്നും, ഇതുവരെ നിയന്ത്രിത സാഹചര്യങ്ങളിൽ ചെയ്ത് കാണിക്കാൻ ഒരു സൂപ്പർനാച്ചുറൽവാദക്കാരുമെനക്കെട്ടിട്ടില്ല. തട്ടിപ്പാണെന്ന് സ്വയം സമ്മതിച്ചുകൊണ്ട് കാണികളെ ആസ്വദിപ്പിക്കാൻ വേണ്ടി ജാലവിദ്യ കാണിക്കുന്നവർ മാത്രമാണ് അത്തരം കൃത്യങ്ങൾ ചെയ്തിട്ടുള്ളത്.


# When it was Spring in the Pink City...

**Sreelekshmi A.R.**
Sree Sankara Vidyapeetom College, Perumbavoor



Culture is something that attracts everyone. Literature of all times give glimpses of language and culture beyond the thematic literary nuances. The splendour of colours in attires and festivals, the grandeur of forts and palaces, the delicacies in food, music and art, the richness of painting and artistry- all adds to the exuberance of Rajastan. As a child, I was marvelled by the lehariyas and goongads the Rajasthani women adorned themselves with. My liking to know more about them grew with me. I did not stop to think when a casual conversation turned out to trigger an amazing trip- an all 19 women trip to Jaipur- the city of heritage. Thus the desire to witness the proceedings of JLF (Jaipur Literature Festival), which was hitherto a dream, got transformed into a reality.

An informal excursion with students and teachers from the district of Ernakulam began on




24.01.2018 from Cochin International Airport. To travel with such vibrant and intelligent girls was a memorable experience. Even the first year undergraduate students were updated with the latest trends in global arts and literature. We had to catch a connection flight from the Chatrapati Shivaji International Airport, Mumbai (To accommodate 19 passengers in a single direct flight at the eleventh hour was a bit difficult task!). Spending a few hours with them in the airport evolved to be a splendid ice-breaking experience. The age group ranged from 18 years to 52 years, and all of us had one common trait- the love of exploring new places, new experiences and new books. The Mumbai airport gave us a nostalgic feel as it also showcased sculptures and artefacts from Kerala, ranging from temple architecture to mural paintings. Then we flew to Jaipur International Airport. As had already been arranged, the local guide and travel conveyance were ready for us at the airport. After a brief hangout at Ganpati Plaza, one of the first and oldest shopping centres in Jaipur, and a visit to Birla Mandir, we arrived at Hampton Park, Jaipur where our accommodation was arranged.

**Hamid Karsai, the former Afghan President, in conversation with Dalrymple, shared his life experiences and the recent violent history of his country and the baby steps it was taking towards democracy.**

The eleventh Zee Jaipur Literature Festival had 380 speakers representing 15 Indian languages and 20 international languages, and diverse disciplines, who addressed around 1.5 lakh audience on 5 days at Diggi Palace, the historic monumental building known for its art and architecture. There were parallel venues named Durbar Hall, Front Lawn, Samvad, Charbagh, Baithak and Mughal Tent. This gave the participants an opportunity to listen to speakers of their choice. Though most of the venues were overcrowded, the audience maintained decorum and discipline. The magnificent book-house which exhibited prominent works from all walks of life gave the participants a chance to purchase their favourite books. At every venue, there was "Meet the Author" corner where the audience could get the books autographed by their favourite author.

To listen to the keynote address by Pico Iyer, the British born Amer-





ican essayist and novelist was overwhelming. He carried out an overview of literature in the present times, when poets are eclipsed by novelists, and novelists by multimedia. Namita Gokhale and William Dalrymple, the festival co-ordinators briefed the evolution of Zee Jaipur Literature Festival. Amy Tan'sconversation with the writer Siddharth Dhanvant Shanghvi on 'The Joy Luck Club' was very entertaining.

Arundhati Subramaniam's session on Indian women mystic poets gave the audience a poetic discourse where her speech marvelled poetry. The way she talks, her vision, poise and presentation were so captivating that the audience really wanted to listen more to her. 'Eating God',her debut book was discussed with special emphasis on the various mystic women poets across the ages. To listen to her being interviewed, and being an interlocutor were, to the audience, witnessing two vivid variations of her persona. To watch and listen her talking on mystic writing was an enchanting experience; to witness her encounter Sashi Tharoor was an enthralling one. Her eloquence, choice of expressions, frame and focus of questions gave the audience a platform to listen to Tharoor answering much deabated questions on his celebrated book 'Why I am a Hindu'. A discerning listener would find the conversation very intriguing.The audience had a double delight at the launch of Ashwin Sanghi's 'The Keepers of Kalachakra'where they could listen to Tharoor as a dialogist leading Ashwin Sanghi to reflect on the latter's use of intrinsically Indian themes ranging from Vedanta to Quantum Physics.

Manu Joseph's session on #metoo campaign, Nandita Das's session on 'Manto, the Man and the Legend' discussing the challenge to freedom of expression, Mira Nair's conversation with Vir Sanghvi on the growth and development of the personal and political realms as a director, and Helen Fielding's conversation with Meru Gokhalewere quite engaging. Hamid Karsai, the former Afghan President, in conversation with Dalrymple, shared his life experiences and the recent violent history of his country and the baby steps it was taking towards democracy. In the session titled 'The Real Thing' Tom Stoppard conversed with Sanjana Kapoor about his childhood in Darjeeling and also about theatre and creative expression.

Of all the sessions, there were, of course, a few personal favourites too. Apart from Mira Nair and Arundhanti Subramaniam, luminaries like Manu S. Pillai, Sagarika Ghose, and Sethumadhavan turned special for exquisite reasons. Interaction with writers and artists were often moments of reflection. Most of the speakers at JLF were found very jovial and approachable to the public when compared to other literature festivals which I attended later. Both the speaker and the audience kept each other's esteem high and gave due respect. Diggi Palace, the discussions and interactions there, the moments of life, the artful creations, concerts, dinner with the speakers, stalls, the theatrical performances- all took the delegates to another world- a world distanced from one's woes and despair. The immense work behind such endeavours and the heartful engagement of the volunteers give perfection to such events.

After getting enriched with the literary ebullience, we decided to explore the cultural and architectural heritage of Jaipur. To us, the students of literature and history, the city of Jaipur exuded the aura of the memories of Maharani Gayathri Devi, the icon of grace, charm and royalty. Thus wevisited City Palace, which was constructed by Maharaja Sawai Jai Singh II. Similar to most structures in Jaipur this palace also reflects the fusion of Mughal and Ra-



jput architecture. The entire complex contains various sections of royal residences like the Mubarak Mahal, Pritam Niwas Chowk, Chandra Mahal, Diwan-I-Khas, Diwan-I-Aam, Baaghi Khana, Maharani Palace and even more. The City Palace is now a museum, a great place exemplifying how design, art and creativity can be blended to form an exquisite symbol of the exchange of art and trade.

We visited Jantar Mantar at Jaipur, the best preserved Indian astronomical marvel, which was used to measure the distances and positions of celestial objects. This observatory consists of 19 large instruments, each serving a very specific purpose. The most significant among these is the Samrat Yantra which is the largest sundial in the country. The Hawa Mahal or the Air Palace is all facade and no palace. The tall structure is a historical attraction where people are allured by its structure and architecture. History sleeps where every stone has stories to tell. This was evident as we visited Amber Fort (Amer Fort), the UNESCO-listed worldheritage site, which was built in the 16th century. There are many courtyards, pavilions and halls of labyrinthine structure, of which the Mirror Palace (Sheesha Mahal)being the most supreme, for it is famous for its intricate mirror work. The Light and Sound Show at Amer lit up against the night sky was indeed a sensuous treat uncovering the history of the Kachwaha dynasty. The show highlighted the local legends, folklore, folk music that gave Rajasthan its unique identity.

Our visit to Choki Dhani village in Jaipur, the ethnic village resort that presents the Rajasthani culture in its most vibrant forms gave a mystic folk carnivalesque feel to our sojourn at Jaipur. The evening at Choki Dhani with magic shows, puppet shows, Rajasthani dance, Rajasthani folk music etc. made the day memorable for obvious reasons. Sangri and Chaupad,and Jeeman Ghar, the absolute dining areas at Choki Dhani serving us delectable Rajasthani cuisine, the typical authentic Rajasthani thali gave us the fragrances, flavoursand much more, for all of us were having our debut traditional Rajastani feast.

The trip to Jaipur, for us would be incomplete without a visit to Bapu Bazaar, which is a one-stop destination for Jaipuri items, with around three hundred shops clustered and numbered, each offering their specialised merchsndise. To pass by the shops itself catered colourful sights to our eyes. We got sweets from-Doodh Mishtaan Bhandaraka DMB which serves some unique flavoured sweets.

As I returned from Jaipur by flight via Bengaluru, I wondered if someone had said, "See Jaipur and die!".

October 2019 | KERALA PRIVATE COLLEGE TEACHER

# ജാതിസംസ്കാരം കേരളത്തിൽ

കേരളീയരുടെ സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്നതാണ് ഇവിടുത്തെ ജാതി സങ്കല്പങ്ങളും വിശ്വാസങ്ങളും. പാരമ്പര്യ വിജ്ഞാനത്തിന്റെ ഭാഗമായി സാമൂഹികജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നത് അത്തരം ജാതിക്കൂട്ടങ്ങളും പ്രാദേശിക വിശ്വാസങ്ങളുമായിരുന്നു.

ജാതി എന്നത് അന്തർജനിത സ്വഭാവമുള്ള ഗുണമാണെന്ന് എഡ്വേഡ് ബ്ലെന്റ് പറയുന്നു. അതു ചിലപ്പോൾ ഉള്ളിൽ നിന്നുള്ള വളർച്ചകൊണ്ട് വർദ്ധിക്കുന്ന അന്തർജനിത ഗുണദശപരമാകാം. ഒരു സാമാന്യപ്പേര് അതിനുണ്ടാകുമെന്നും അതിലെ അംഗത്വം പാരമ്പര്യവഴിക്കായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സാമൂഹികബന്ധങ്ങളിലും തൊഴിൽക്കൂട്ടായ്മകളിലും മറ്റും നിശ്ചിത നിയന്ത്രണങ്ങളുണ്ടാവുകയെന്നതും അതിന്റെ സവിശേഷതയത്രേ.


ഈ പ്രത്യേകതകൾ കേരളത്തിലെ നാനാജാതി വർഗങ്ങളുടെ ജീവിത സംസ്കാരങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ജാതിസംജ്ഞകൾ പലതും ഉണ്ടായിട്ടുള്ളത് അവർ വംശീയമായി ഏർപ്പെട്ടുപോന്നിരുന്ന തൊഴിലിന്റെ അടിസ്ഥാനത്തിലായിരുന്നു.
(ഡോ. എം.വി. വിഷ്ണുനമ്പൂതിരി, നാടൻകലകൾ, നാടൻപാട്ടുകൾ പുറം-12)

ദ്രാവിഡ സംസ്കാരത്തിന് കുലവൃത്തിയെ സൂചിപ്പിക്കുന്ന ജാതിപ്പേരുകൾ ഉണ്ടായിരുന്നെങ്കിലും അത് വലിപ്പച്ചെറുപ്പങ്ങളുടെ സൂചനകളായിരുന്നില്ല. തൊഴിലുകളെ ആസ്പദമാക്കിയുള്ള വിഭജനമേ അന്നുണ്ടായിരുന്നുള്ളൂ. പുറനാനൂറിൽ തുടിയൻ തുടികൊട്ടുന്നവൻ, പറയൻ, പറകൊട്ടുന്നവൻ, പാണൻ-പാട്ടുകുലവൃത്തിയായിട്ടുള്ളവൻ, കടമ്പൻ കർഷകൻ എന്നിങ്ങനെ 4 ജാതിക്കാരെ പരാമർശിച്ചിട്ടുള്ളതായി കാണാം. സംഘകാലത്ത് ഇടയനോ, പുലയനോ കുറവനോ എന്നല്ല കാടത്തത്തിൽ കഴിഞ്ഞുകൂടിയിരുന്ന കള്ളർ, നാഗർ തുടങ്ങിയ വർഗക്കാർക്കുപോലും ജാതിപരമായ താഴ്ച കല്പിച്ചിരുന്നില്ല. ഓരോ ജാതിയും അവരവർക്ക് കല്പിച്ചുകിട്ടിയ തൊഴിലുകളിൽ മാത്രം ഏർപ്പെടുകയും മറ്റുള്ള ആവശ്യങ്ങൾക്ക് ഇതരജാതികളെ ആശ്രയിക്കുകയും ചെയ്യുമ്പോൾ സമൂഹം കെട്ടുറപ്പുള്ളതായി നിലനിന്നു.

കേരളത്തിൽ ഫ്യൂഡൽകാലഘട്ടം ആവിർഭവിച്ചതിനുശേഷം തൊഴിലിനെ മുൻനിർത്തി നിറത്തിന്റെയും ധനത്തിന്റെയും അടിസ്ഥാനത്തിൽ ജാതിചിന്ത രൂപംകൊണ്ടു. വ്യക്തികൾക്ക് സമൂഹത്തിൽ മാന്യതയും പ്രതാപവും കല്പിക്കപ്പെടുന്നതിൽ നിറവും ജാതിയും യോഗ്യതയായി മാറി. അങ്ങനെ അധികാരം,

**പ്രിയമോൾ പി.**
ഡി.ബി. പമ്പാ കോളേജ്, പരുമല





പ്രതാപം, മാന്യത, ആഭിജാത്യം എന്നിവയുടെ 'ഏറ്റക്കുറച്ചിലനുസരിച്ച്' സമൂഹഘടന രൂപപ്പെട്ടു. ജാതികളിൽ പോലും ഉപജാതികൾ ഉണ്ടായിരുന്നു. ഇവയെല്ലാം ചേർന്ന് സൃഷ്ടിച്ചത് അന്യോന്യം ഇടപെടാൻ സാധിക്കാത്ത അതിർവരമ്പുകൾ ആയിരുന്നു.

ജാതിവ്യവസ്ഥകൾ വളരെ കർക്കശമായി തന്നെ പരിപാലിച്ചുവന്ന അക്കാലത്ത് വിവിധ ജാതിക്കാർക്ക് തമ്മിൽ കല്പിച്ചിരുന്ന അകലം മാത്രം മതി അന്നത്തെ ജാതിവിവേചനത്തിന്റെ അളവ് മനസ്സിലാക്കാൻ. "നായർ ബ്രാഹ്മണരിൽ നിന്ന് 16 അടി അകന്നുനിൽക്കണം. നായരിൽ നിന്ന് 16 അടി അകലെ നിൽക്കണം ഈഴവർ. ഈഴവനിൽ നിന്ന് 32 അടി അകലെ നായാടിയും നിൽക്കണം" (പ്രൊഫ. കെ. മഹേശ്വരൻ നായർ, ശ്രീനാരായണഗുരു, മതം, മാർക്സിസം. പുറം 23) ബ്രാഹ്മണരിൽ നിന്ന് എല്ലാവരെയും അകറ്റിയാണ് നിർത്തിയിരുന്നത്. അതിൽ കീഴ്ജാതിക്കാർക്ക് പരാതി ഉണ്ടെങ്കിൽ അതു തീർക്കാൻ അവരെക്കാൾ താഴ്ന്ന ജാതിക്കാരെ ഇരട്ടിയകലത്തിൽ നിർത്താനുള്ള സ്വാതന്ത്ര്യം കീഴാളന് കൊടുത്തിരുന്നു. സവർണ്ണ ദൈവങ്ങളെ ആരാധിക്കുന്നതിനോ ക്ഷേത്രങ്ങളിൽ പോകുന്നതിനോ അവർണ്ണന് അനുവാദം ഉണ്ടായിരുന്നില്ല. ജന്മിയുടെ വീടിന്റെ പിന്നാമ്പുറത്ത് ഓച്ഛാനിച്ചുനിന്ന് മുറ്റത്തെ ചെറുകുഴികളിൽ വെച്ച ഇലകളിൽ വീഴുന്ന ഉച്ഛിഷ്ടം മൃഗങ്ങളെപ്പോലെ കുമ്പിട്ടിരുന്ന് കുടിക്കേണ്ടിവന്ന കീഴാളന് തമ്പ്രാന് നേരെ തലയുയർത്തിനോക്കാനോ ഭക്ഷണം വേണ്ടാതെ എഴുന്നേൽക്കാനോ കഴിയുമായിരുന്നില്ല. ഇത്തരം ഭീകരമായ അന്തരീക്ഷം കേരളത്തിലെ ജാതി സംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്നു.

കാലഘട്ടങ്ങൾക്കനുസരണമായി വന്ന മാറ്റങ്ങളും ചെറുത്തുനിൽപ്പുകളും വിപ്ലവപ്രസ്ഥാനങ്ങളുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും പുരോഗമനപരമായ ഇടപെടലുകളുടെയും ഫലമായി കേരളത്തിലെ ജാതിഭ്രാന്തിന്റെ മുറികിയ അന്തരീക്ഷത്തിന് അയവുവന്നു. ഇതോടെ അവർണ്ണന്റെ അധ്വാനഭാരത്തിന് കൂലി ലഭിക്കാതിരുന്ന തൊഴിൽ മേഖലയിൽ അവന്റെ അവകാശങ്ങൾക്ക് അംഗീകാരവും സ്വീകാര്യതയും ലഭിച്ചുതുടങ്ങി. കൂടാതെ അവർണ്ണരുടെ നാടോടി കലകൾക്കും, ആചാരാനുഷ്ഠാനങ്ങൾക്കും അവകാശങ്ങളും അധികാരങ്ങളും നൽകിയ സാമൂഹ്യഘടനയിൽ സാംസ്കാരികമായ ഐക്യം വിളക്കിച്ചേർക്കാൻ കേരളസമൂഹം ഒന്നടങ്കം ശ്രദ്ധിച്ചു.

സാമൂഹിക രംഗത്തും വിദ്യാഭ്യാസ രംഗത്തും നൂതന ശാസ്ത്രസാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള മാറ്റങ്ങൾ പ്രാവർത്തികമാകുന്നു. വർത്തമാനകാലഘട്ടത്തിൽ ജാതി, മത ചിഹ്നങ്ങൾക്കു നൽകുന്ന അമിത പ്രാധാന്യം ഈ പുരോഗതിക്ക് തിരിച്ചടിയാണ്. വ്യക്തിജീവിതവുമായി ബന്ധപ്പെട്ട തലങ്ങളിലെല്ലാം (അധികാരം, പദവി etc) ഇന്ന് ജാതിയുടെ പ്രഭാവം കണ്ടെത്താം. കേരളീയ സമൂഹത്തിന്റെ പൊതുവീക്ഷണത്തെ ഈ കാഴ്ചപ്പാടുകൾ സ്വാധീനിക്കുന്നുണ്ട്. നവോത്ഥാന പരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ ശ്രീനാരായണനും ചട്ടമ്പിസ്വാമിയും, അയ്യാവൈകുണ്ഠനും അയ്യങ്കാളിയും പൊയ്കയിൽ യോഹന്നാനുമെല്ലാം മുന്നോട്ടുവെച്ച ആശയസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടവരായ നവയുഗ സാമൂഹ്യപരിഷ്കർത്താക്കളും സാംസ്കാരിക നായകരും ജാതിക്കോമരങ്ങളായി മാറുന്ന കാഴ്ച ആശാവഹമല്ല.

കേരളത്തിൽ സാമ്പത്തികാവസ്ഥയിലും ജീവിതസാഹചര്യങ്ങളിലും മാറ്റങ്ങൾ കടന്നുവരുന്നതുപോലും ജാതിയിലും ആരാധനാസമ്പ്രദായത്തിലും വന്ന പരിണാമത്തിലൂടെയാണ്. ആരാധനാരീതികൾ എക്കാലവും ജനങ്ങളെ സമന്വയിപ്പിക്കാൻ ഉള്ളതായിരുന്നു. വ്യത്യസ്ത ചിന്താസരണികളെ ഏകോപിപ്പിച്ചുനിർത്തുന്ന ആദ്ധ്യാത്മിക പാരമ്പര്യം കേരളത്തിലെ ജാതി സംസ്കാരങ്ങളിൽ കണ്ടെത്താനാകും. ബൃഹത്തായ ആ പാരമ്പര്യത്തെ കോർത്തിണക്കുന്ന കണ്ണികളാവണം ഓരോ കേരളീയനും. എങ്കിൽ മാത്രമേ ദേശതാല്പര്യത്തിനേക്കാൾ ഉപരിയായി ജാതിക്കും മതത്തിനും മുൻഗണന കൊടുക്കുന്ന സ്ഥിതിവിശേഷം കേരളീയരിൽ നിന്നും ഒഴിഞ്ഞുപോവുകയുള്ളൂ.



# കഥകളിയും കവിതകളിയും

പാതിരകളിൽ ആടിയുലഞ്ഞുയരുന്ന ദീപപ്രഭകളുടെ വെളിച്ചത്തിൽ പകർന്നാടുന്ന രൗദ്രവേഷങ്ങളെ നിറഞ്ഞാസ്വദിച്ചിരുന്ന ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു. ഇരവുകളിൽ മഹാനടന്മാർ ശരീരം കൊണ്ട് തുന്നിച്ചേർത്ത ചിത്രങ്ങൾ ആസ്വാദകരുടെ മനസ്സിൽ തീർത്ത അനുഭൂതികളുടെ ഭാവുകത്വപരിസരം വിഭിന്നമാണ്. ആ സ്മൃതിചിത്രങ്ങളിൽ നിന്നും പിറന്നുവീണ സർഗ്ഗാത്മകരചനകളും മലയാളത്തിൽഒരുപാടുണ്ടായിട്ടുണ്ട്. അത്തരമൊരു പശ്ചാത്തലത്തിലാണ് കഥകളിയെന്ന മഹാനടനം മലയാളസാഹിത്യത്തിൽ ആവിഷ്കൃതമാകുന്നത്. കഥകളി പശ്ചാത്തലത്തിലുള്ള ഒരുപാടു രചനകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. പി.യുടെ കളിയച്ഛൻ മുതൽ എൻ.എസ്സ്.മാധവന്റെ കാർമ്മെൻ വരെ. പക്ഷെ അവയിൽ നിന്നെല്ലാം വിഭിന്നമായി, നിനവുകളിൽ നമ്മെ മോഹിപ്പിക്കുന്ന കഥകളിയുടെ രസതന്ത്രം ഉള്ളിലാവാഹിച്ച് ഒറ്റ തിരിഞ്ഞു നില്ക്കുന്ന കാവ്യമാണ് എം.ഗോവിന്ദന്റെ കൂടിയാട്ടത്തിന്റെ കഥ.

മലയാളകാവ്യചരിത്രത്തിൽ ഒറ്റത്തിരിഞ്ഞു നില്ക്കുന്ന ഇരുത്തുകളാണ് എം.ഗോവിന്ദന്റെ കാവ്യങ്ങൾ; വേണ്ടവിധം ആരും ഗൗനിക്കാതെ പോയ മുത്തുകൾ. കാവ്യചരിത്രത്തിൽ ഇത്തരം അവഗണനകൾ അപൂർവ്വമല്ലതാനും. ഗോവിന്ദനെക്കുറിച്ച് നടന്നിട്ടുള്ള പഠനങ്ങൾ പലപ്പോഴും അദ്ദേഹത്തിന്റെ ധൈഷണിക വ്യാപാരത്തിൽ മാത്രമാണ് ശ്രദ്ധയൂന്നിയിട്ടുള്ളത്. അദ്ദേഹത്തിന്റെ കവിതകളെകുറിച്ച് വന്നിട്ടുള്ള പഠനങ്ങളാവട്ടെ ആ കവിതകളിൽ കാണുന്ന ദ്രാവിഡ വഴക്കങ്ങളെ


**അനൂപ് വി.**
എസ്.എസ്.വി. കോളേജ്, പെരുമ്പാവൂർ




കുറിച്ചുമാണ് ശ്രദ്ധയൂന്നിയിട്ടുള്ളത്. കേന്ദ്രീകൃതമായ ആസ്വാദനം ആ കവിതകളുടെ വ്യത്യസ്ത മാനങ്ങളെ പലപ്പോഴും നിരാകരിക്കുന്നുണ്ട്. കഥകളിയുടെ പശ്ചാത്തലത്തിൽ എം.ഗോവിന്ദൻ എഴുതിയ 'കൂടിയാട്ടത്തിന്റെ കഥ' എന്ന കവിതയിലെ ആഖ്യാനതന്ത്രം മലയാളകാവ്യരചനാരീതിക്ക് അത്രകണ്ട് പരിചിതമല്ല എന്നതിനാൽത്തന്നെ സവിശേഷവിശകലനം ആവശ്യപ്പെടുന്ന ഒന്നാണ്.

## ശില്പഘടനയുടെ ക്ഷണികത -കലയുടെ രസതന്ത്രം

കവിതയുടെ ഘടനയും കഥകളിയുടെ ഘടനയും വിഭിന്നമാണ്. കഥകളിയുടെ സ്വത്വം ക്ഷണികമാണ് ; രാവിന്റെ മാറിൽ കലാകാരൻ നിർമ്മിച്ച് തച്ചുടയ്ക്കുന്ന രേഖാചിത്രങ്ങളാണ് കഥകളിയുടെ സ്വത്വത്തെ നിർണ്ണയിക്കുന്നത്. എന്നാൽ കവിതയുടെ തലമാകട്ടെ അതിൽ നിന്നും ഭിന്നമാണ്. അക്ഷരങ്ങളിലൂടെ യുള്ള അതിന്റെനിർമ്മിതി സ്വത്വപരമായ സ്ഥായി അതിനു നല്കുന്നുണ്ട്. ഈ രണ്ടു സവിശേഷ ആവിഷ്കരണമാതൃകകളെ സമന്വയിപ്പിക്കുന്ന എം.ഗോവിന്ദന്റെ കൂടിയാട്ടത്തിന്റെ കഥ എന്ന കവിത മലയാളകാവ്യങ്ങളിൽ സവിശേഷ ശ്രദ്ധയാകർഷിക്കേണ്ടുന്ന ഒന്നാണ്. കഥകളി ഈ കവിതയിൽ കേവലം ചരിത്രപശ്ചാത്തലമായി മാത്രമല്ല മറിച്ച കഥാപാത്രചിത്രീകരണത്തിലുമെല്ലാം ഒരു പ്രധാനഘടകമായി മാറുന്നു എന്നതാണ് ഈ കവിതയെ ശ്രദ്ധേയമാക്കുന്നത്.

"'കളിയരങ്ങ്, അതിന്റെ പശ്ചാത്തലം, മുന്നിലിരിക്കുന്ന കാണികൾ, അവരിലുറകൂടുന്ന വിചാരങ്ങൾ, അഭിനയചാതുരി കണ്ടാസ്വദിക്കുമ്പോൾ ഉണ്ടാകുന്ന വിചാരങ്ങൾ ഇവയെല്ലാം കൂടിച്ചേരുന്നതാണ് ഈ കവിതയുടെ രൂപഭാവം." (എം. ഗോവിന്ദന്റെ കവിതകൾക്ക് അദ്ദേഹം തയ്യാറാക്കിയ കുറിപ്പ്)

ഗോവിന്ദൻ തന്നെ സാക്ഷ്യപ്പെടുത്തുന്നതാണിത്. കവിതയുടെ രൂപഘടന ഇവിടെ കഥകളിയുടേതുമായി ഒന്നുചേരുന്നു. കേരളത്തിന്റെ സാംസ്കാരികചരിത്രത്തെ പിടിച്ചുലക്കിയ കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരം പശ്ചാത്തലമാക്കി എഴുതപ്പെട്ട ഈ കവിതയിലെ ആദ്യ ഖണ്ഡം 'കലയും കാമവും' എന്ന ആശയത്തെ അധികരിച്ച് താത്രിയേയും രണ്ടാമത്തെ ഖണ്ഡം 'കലയും കലാപവും' എന്ന ആശയത്തെ അധികരിച്ച് ഭ്രഷ്ടാക്കപ്പെട്ട പ്രശസ്തകഥകളിനടൻ കാവുങ്കൽ ശങ്കരപ്പണിക്കരെയും അവരുടെ സ്വതന്ത്രീകരണത്തെയും ചരിത്രപരവും സൗന്ദര്യാത്മകവുമായി ചിത്രീകരിക്കുന്നു.

കുറിയേടത്തു താത്രി-കലയിലെ കാമനയുടെ പൊരുൾ

"ധാത്രിക്കരുകിൽ മരുവുന്ന താത്രിയൊ

രത്ഭുത ദൃശ്യം അതീവ വശ്യം""

കാവായകാലം കനിഞ്ഞു നൽകിയ കിനാവുകൾ കാളിക്കരിഞ്ഞതില്ലുള്ളുരുകി/ശിഥിലമാക്കപ്പെട്ട വ്യക്തിസത്തയോടെയുള്ള താത്രിയുടെ അവതരണം തന്നെ രാത്രിയുടെ മായികതയിൽ, കഥകളിയുടെ ശില്പഭംഗി വിടർത്തുന്ന ദൃശ്യചാതുരിയുടെ അനുരണനമായിമാറുന്നു. ഇവിടെ താത്രി കേവലം ആസ്വാദക സ്വത്വത്തിൽനിന്നുയർന്ന് തീവ്രമായ ഒരു തന്മയീഭാവമായി മാറുന്നു. രാവിന്റെ മാറിൽ സൃഷ്ടിച്ചും തകർത്തും മറയുന്ന വൻവേഷങ്ങളുടെ സ്വത്വത്തിന്റെ പ്രതിരൂപമാണ് :

"കൈവിരൽ തുമ്പാൽ തുടയ്ക്കുന്ന തൻ ബിംബം

ചിന്നി, അതൊന്നാകം കാഴ്ച്ച കാണ്മൂ

തന്നെ നിഷേധിച്ചും നിർമ്മിക്കുമീ വിദ്യ

എന്നു മുതൽക്കു നീയഭ്യസിച്ചു""

എന്ന വരികളിൽ തെളിയുന്ന താത്രിയുടെ സ്വത്വബോധത്തിലും പ്രകടമാകുന്നത്.

'അത്ഭുതകരമായ തോന്നാം എങ്കിലും താത്രി തൊട്ടതെല്ലാം പൊന്നായിരുന്നു'വെന്ന് കവി തന്നെ പറയുന്ന വിദുഷിയായ അന്തർജ്ജനമാണ് ഈ കവിതയിലെ നായിക. മലയാളിയുടെ സാംസ്കാരികബോധത്തിൽ എറെ ഉപയോഗിക്കപ്പെട്ട ഒരു ബിംബമാണ് താത്രിയുടേത്. തകർക്കപ്പെട്ട സ്വപ്നങ്ങളുടെ ക്ഷണികതയെ, ആ നായികാ സ്വത്വത്തെ ആവിഷ്കരിക്കുവാൻ ഗോവിന്ദൻ കണ്ടെത്തിയത് കഥകളിയുടെ തന്നെ ശിൽപഘടനയുടെ അന്തസത്തയാണെന്നത് ശ്രദ്ധേയമാണ്.

കുറിയേടത്തു താത്രിയുമായി ബന്ധപ്പെട്ട സ്മാർത്ത വിചാരത്തിൽ ഭ്രഷ്ടരായത് 63 പേരാണ് ; അതിൽ ഒരു പാട് കലാകാരന്മാരും. താത്രിയുടെ ആസ്വാദനത്തെ/കാഴ്ചയെ കലയും കാമവും എന്ന സങ്കല്പത്തിലേക്ക് ഗോവിന്ദൻ ഇവിടെ വികസിപ്പിക്കുന്നു. താത്രിക്ക് കീചകവേഷത്തോടുതോന്നുന്ന ഭ്രമത്തെ ഇവിടെ കലയും കാമവും എന്ന സങ്കല്പത്തിലേക്കുയർത്തുന്നു. ഭ്രമം എന്ന വാക്ക് കഥകളിയുടെ ആസ്വാദനത്തിൽ ഏറെ ഉപയോഗിക്കപ്പെടുന്ന ഒന്നാണ്. കാവുങ്കൽ ശങ്കരപ്പണിക്കരുടെ വേഷത്തെക്കുറിച്ച് പറയുമ്പോൾ കെ.പി.എസ്സ് മേനോൻ എനിക്ക് എന്നും ശങ്കരപ്പണിക്കരുടെ വേഷങ്ങളോട് ഭ്രമമായിരുന്നുവെന്നാണ് (198;260).

കലയിലെ കാമന ഇതിനു മുൻപും ഗോവിന്ദന്റെ മനസ്സിൽ പ്രകടമായിരുന്നു.അദ്ദേഹത്തിന്റെ സർപ്പം എന്ന നോവലിൽ ഇതു വ്യക്തമാക്കിന്നുണ്ട് :

"കീചകൻ കെട്ടിയാടാറുള്ള ശങ്കരപ്പണിക്കരുടെ മനയോലയിട്ട മുഖത്ത് അഭ്രശകലങ്ങൾ മിന്നുന്നത് അവൻ കണ്ടിട്ടുണ്ട്. കൈത്തണ്ടവണ്ണത്തിൽ തിരിയിട്ട നിലവിളക്കിന്റെ ആളിക്കത്തലിനിടയിൽ പവിഴച്ചുവപ്പുള്ള ചുണ്ടുകളിലും പച്ചപ്പുള്ള ചുണ്ടുകളിലും പൊന്നോലപോലെ മിന്നിയ അഭ്രത്തുണ്ടുകൾ, കീചകന്റെ കൊഞ്ചലിന് അതൊരു മോടി നൽകി. ആ മനയോലയും അഭ്രക്കഷ്ണങ്ങളും മായ്ക്കാതെ കീചകപ്പണിക്കരെ ഒരു നമ്പൂതിരി പെൺകിടാവ് ക്ഷണിച്ചെന്ന കേൾവിയും അവനോർത്തു.

ആരെയായിരുന്നു അവൾക്കാവശ്യം? കീചകനെയോ?

ആ വേഷം കെട്ടിയ ശങ്കരപ്പണിക്കരെയോ?

കീചകൻ ചൊല്ലാർന്ന ചൊടിയിലും വല്ലായ്മയിലുമാടിയ വിടൻ അവളിൽ ചൂടുള്ള വികാരങ്ങളുണർത്തി, ചടുലതകൂടിയ ചാരുവാക്യങ്ങൾ ചോർന്നിറങ്ങിയ ചാരുതകൾ.

അല്ലെങ്കിൽ ചൂട്ടിയും ചുട്ടുമഴിക്കാതെ വരണേയെന്നവൾ പ്രാർത്ഥിക്കില്ലായിരുന്നു.

മനുഷ്യനല്ല കലയാണവളിൽ കാമമുണർത്തിയത്." (സർപ്പം -നോവൽ)"

കലയും കാമവും എന്ന അടിസ്ഥാന

സങ്കല്പത്തെ കഥകളിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയാണ് കവി. കലയും കാമവും കൂടിക്കലർന്ന രാവുകൾ അവ പകർത്താൻ കവി തിരഞ്ഞെടുക്കുന്ന ബിംബങ്ങളും കഥകളിയിലേതുതന്നെയാണ്.

"കീചകനാടി മുടിഞ്ഞു സൈരന്ധ്രിയെ

കാമിച്ച ഭാവം കാതരമായി"

അരങ്ങിലെ ആ 'ഭാവത്തിന്റെ തുടർച്ചതന്നെയാണ് താത്രിയിലെ അനുരാഗം/കാമം എന്നുകാണാം. ശങ്കരപ്പണിക്കരിലുയർത്തെഴുന്നേറ്റ വികാരത്തേയും തുടർന്നുള്ള യോഗത്തേയും:

"ചത്തുമലച്ചോരു കീചകചാപല്യം

ഏത്തിലുയർത്തെഴുന്നേറ്റ പോലെ

.........................................................

.........................................................

ആശാനമിന്നേരം മറ്റൊരു രംഭയെ

ആലിംഗനംചെയ്യതാരറിഞ്ഞു""

കവി ആവിഷ്ക്കരിക്കുന്നത് കഥകളി ചിത്രങ്ങളിലൂടെയാണ്. ഇവിടെ അരങ്ങും പ്രേക്ഷകനും ഒന്നാകുന്നു. അരങ്ങിലെ 'ഭാവങ്ങൾ നടനിലും അനുവാചകനിലും ഒരു പോലെ വികാരങ്ങളുണർത്തുന്നു. കേവലം കാഴ്ച്ചയിൽ നിന്നും ഭിന്നമായി കല/കഥകളി അവരിലെ കാമനകളെ ഉണർത്തുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്.

## കവിതയുടെ ആഖ്യാനത്തിലെ സ്ഥലകാലങ്ങൾ-കഥകളിയുടെ ചരിത്രവായന

"ജാതിഭ്രഷ്ടനായിരുന്നതുകൊണ്ടുള്ള പാതിത്യം ഇല്ലായിരുന്നെങ്കിൽ ഈ കാലഘട്ടത്തിന് കാവുങ്കൽ ശങ്കരപ്പണിക്കരുടെ കാലം എന്നാണ് പറയേണ്ടിയിരുന്നത്." (1986: 254)

എന്ന് കെ.പി.എസ്സ്.മേനോൻ പറയുന്ന ഇതിഹാസപുരുഷനാണ് ഈ കവിതയുടെ രണ്ടാം ഖണ്ഡത്തിലെ കേന്ദ്രകഥാപാത്രം. ശങ്കരപ്പണിക്കരുടെ ജീവിതകാലഘട്ടമാണ് കവിതയിലെ യഥാർത്ഥകാലം. ഐക്യകേരളമെന്ന സങ്കല്പത്തിനും ഏറെ മുമ്പ് സംഭവിച്ച ഒരു സാംസ്കാരിക സമന്വയത്തിലേക്കാണ് കവിതയുടെ രണ്ടാം ഖണ്ഡം വിരൽ ചൂണ്ടുന്നത്. കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങൾ സ്വതന്ത്രാസ്തിത്വം കൈക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് കവിതയിലെ പ്രമേയം/സംഭവവികാസങ്ങൾ നടക്കുന്നത്. അതു കൊണ്ടു തന്നെയാണ് കൊച്ചിയിലെ ഭ്രഷ്ടൻ തിരുവിതാംകൂറിൽ നായകനായി തിളങ്ങിയത്. ഭ്രഷ്ടും അതിന്റെ ദുരന്തപൂർണ്ണമായ മുൻ കാഴ്ചകളിൽ നിന്നാണ് കവിത തുടങ്ങുന്നത് തന്നെ.

"നമ്പൂരിവിട്ട കളിയാൾ കറവന്റെ

നമ്പോലൻ പോലെ......................

.........................................................

.........................................................

ആണ്ടിപാരമായ് പാ‌ിയിൽ പിച്ച

തെണ്ടാം തെരുക്കുത്തിൽ നൊണ്ടിയിടാം""

എന്ന വിവരണം അക്കാലത്ത സാംസ്കാരികാന്തരീക്ഷത്തെ വ്യക്തമാക്കുന്നു.

1080-ലെ സ്മാർത്തവിചാരമാണ് കവിതയിലെ പ്രമേയത്തിനടിസ്ഥാനം.കൊച്ചിരാജ്യത്തിലെ ദേശമംഗലത്തിനടുത്ത് ആറങ്ങോട്ടു ദേശത്തെ കല്പകശ്ശേരി ഇല്ലത്തെ താത്രി എന്ന അന്തർജ്ജനമായിരുന്നു സാധനം.അതിനനുബന്ധിയായി ഭ്രഷ്ടരാക്കപ്പെട്ട 65 പേരിൽ പ്രധാനിയായിരുന്നു കാവുങ്കൽ ശങ്കരപ്പണിക്കർ.കെ.പി.എസ്സ്.മേനോൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

"കഥകളിക്കാരിൽ ശങ്കരപ്പണിക്കർക്കു പുറമെ കാവുങ്കൽ രാമുണ്ണിപ്പണിക്കർ, പാലത്തോൾ ഇട്ടീര നമ്പൂതിരി, കാട്ടാളത്തു മാധവൻ നായർ, പനങ്ങാവിൽ ഗോവിന്ദൻ നമ്പ്യാർ, നായ്ക്കാലി കഞ്ഞിരാമൻ നമ്പീശൻ, അച്യുതപൊതുവാൾ എന്നിവർ ഭ്രഷ്ടരായി. ശങ്കരപ്പണിക്കരൊഴിച്ച് മറ്റെല്ലാവരും കഥകളി രംഗമുപേക്ഷിച്ചു. ചിലർ നാട്ടിൽ നിന്നും തന്നെ അപ്രത്യക്ഷരായി. കളിഭ്രാന്ത് താത്രിക്കില്ലായിരുന്നെങ്കിൽ! "(1986: 255)

ഭ്രഷ്ടനാക്കപ്പെട്ട ആ കലാകാരന്റെ തിരിച്ചു വരവിനായുള്ള കലാപമാണ് ഈ കവിതയുടെ രണ്ടാം ഖണ്ഡത്തിലെ കേന്ദ്ര ബിന്ദു. കാലത്തെ അടയാളപ്പെടുത്തുന്ന ബിംബങ്ങൾക്ക് പോലും കഥകളിക്കാരുടെ പരാമർശമാണ് കവിതയിൽ പ്രയോഗിച്ചിരിക്കുന്നത്.

"നാരായണൻ ബകനായാൽ ഭയാനകം

ആരാണീവണ്ണം ചുവന്നതാടി""

ആശാരി കോപ്പൻനായർ, കവളപ്പാറ നാരായണൻ നായരുടെ ചുവന്നതാടി ഇതൊക്കെ ആ കാലഘട്ടത്തിന്റെ സൂചകങ്ങളായി വരുന്ന വേഷങ്ങളാണ്.

## രാത്രി/പകൽ-മാറുന്ന സ്വത്വം ഉണരുന്ന കലാപവും

"രാവിൻ കഥ തീർന്നു മന്ദം ഉടഞ്ഞുന്നു

"ഭൂവിലും ദ്യോവിലും കളിവേറെ""

രാവിന്റെ ഭ്രമാത്മകമായ കളിയരങ്ങാണ്, അതു തീരുന്നിടത്തെ പുലർച്ച യാഥാർത്ഥ്യങ്ങളിലേയ്ക്കെടുത്തെറിയപ്പെടുന്ന നടന്റെ സ്വത്വത്തെക്കൂടി കാണിക്കുന്നുണ്ട്. കുറിയേടത്തുതാത്രിയുടെ വിചാരണ

"പൊള്ളുന്ന പട്ടാഗം പേടിച്ച സ്മാർത്തന്മാർ

കള്ളക്കളിക്ക് കലാശമിട്ട"

അവിടെ തീരുന്നു. ഒരു രാവിന്റെ വശ്യത സ്മരണയിൽ വിടർത്തി പുലർച്ചയിൽ ശങ്കരപ്പണിക്കർ ഭ്രഷ്ടനാകുന്നു. ഭ്രഷ്ടകാമുകന്, അയാൾക്ക് കഥകളി നടനല്ലാതെ മറ്റൊന്നുമാകാൻ സാധിക്കില്ലായിരുന്നു. അദ്ദേഹത്തിന് തന്റെ കലയെ കലാപമാക്കി മാറ്റേണ്ടി വന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഭ്രഷ്ടനാക്കപ്പെട്ട ആ കലാകാരന്റെ കലാപമാണ് ഈ കവിതയിലെ രണ്ടാംഖണ്ഡം. ഗോവിന്ദന്റെ തന്നെ അരങ്ങേറ്റം എന്ന കവിതയിലും ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. കലാപം എന്ന കേവലം വാച്യാർത്ഥത്തിൽ നിന്നും ഭിന്നമായ ഒരു സങ്കൽപ്പം അദ്ദേഹം നിർമ്മിച്ചെടുക്കുന്നു.

അകത്തളങ്ങളിലെ/ഇരവുകളിലെ കളിയരങ്ങുകളിലെ സ്വത്വത്തിൽ നിന്നും 'ഭിന്നമായി പകൽവെളിച്ചത്തിലേക്ക് കലയെ ഉയർത്തികൊണ്ടുവന്നതാണ് അദ്ദേഹത്തിന്റെ കലാപം.

"കൂരിരുൾ തീരുമ്പോൾ

കൂട്ട തകരുമ്പോൾ

കൂകിയുയരും കിളികണക്കെ

ദൂരെ നവജന്മമേഖല പൂകെ

പാറുകപ്പാറി പറന്നു കൊൾക""

കവിതയിയെ സ്ഥലരാശി ഇവിടെ



മാറുന്നു. തന്റെ കലാപത്തിനായി ശങ്കരപ്പണിക്കർ വേദി കണ്ടെത്തുന്നത് തിരുവിതാംകൂറാണ്.

"കൊച്ചിയിൽക്കൊളെളത്തോൻ, കൊട്ടാരയോഗത്തിൽ

പച്ചയായ്,കത്തിയായ്,പാർത്ഥിവനായ്""

അന്യോന്യം കണ്ടും കാണിച്ചും കൊച്ചിയിലെ ഭ്രഷ്ടൻ അവിടെ കലാപമുയർത്തി. തിരുവിതാംകൂറിലെ പ്രവർത്തികളുടെ സ്വത്വപരമായ ഉണർവ്വുമായാണ് അദ്ദേഹം സ്വന്തം മണ്ണിലേക്ക് തിരിച്ചെത്തുന്നത്.

"പിണ്ഡം വെച്ചാലും പടിയടച്ചിട്ടാലും

മണ്ണേ നിന്നുണ്ണി മടങ്ങിയെത്തി

എന്നിലുയിരുള്ള നാൾ വരെ എങ്ങിനെ

അന്യതാ"ഭാവം നമുക്ക് തമ്മിൽ""

സ്വന്തം കളരിയിലേക്കുള്ള മടക്കം കഥകളിയിലേക്കും കളരിയിലേക്കും തന്നിലേക്കും തന്നെയാണ് എന്നു കാണാം.

"മണ്ണും മലയും മരവും മനുഷ്യനും

ഒന്നാണിവിടെ കഥകളിയിൽ""

എന്നദ്ദേഹം തിരിച്ചറിയുന്നു. സ്നാനക്കളിൽ സ്നേഹധാരപകർന്നു നൽകി സ്വായത്തമാക്കിയ കഥകളി ആ നടനിൽ നിറയുകയായിരുന്നു. അതല്ലാതെ മറ്റൊന്നാവാൻ കഴിയാത്തവിധം പൂർണ്ണമായ കീഴടങ്ങൽ.

പിന്നീട് കൊച്ചി രാജ്യത്തിലെ ഉത്പതിഷ്ണുക്കളായ ചെറുപ്പക്കാരുടെ മുൻപിൽ,സാധാരണ ജനങ്ങളെ പ്രേക്ഷകരാക്കി

"കോപ്പും ചമയവുമില്ലാതെ ഉച്ചയ്ക്കൊ-

രാട്ടക്കഥ അരങ്ങേറ്റമായി""

ഭ്രഷ്ടനായ ആ കലാകാരന് ആഢ്യഗൃഹങ്ങളിൽ അരങ്ങ് ലഭിച്ചിരുന്നില്ല.എന്നാൽ ആ കാലഘട്ടത്തിലെ പുതിയ വിദ്യാഭ്യാസവും ഉണർവ്വും ലഭിച്ച ചെറുപ്പക്കാരും പുരോഗമനമായി ചിന്തിക്കുന്ന ആസ്വാദകരും പുതുവേദികളുണർത്തി.കോവിലകങ്ങളിലും പ്രഭുഗൃഹങ്ങളിലും ക്ഷേത്രങ്ങളിലും മാത്രം ഒതുങ്ങിയിരുന്ന കഥകളിയുടെ ജനകീയതക്ക് അതു വഴിയൊരുക്കി. കോപ്പ് ചമയം തുടങ്ങി എല്ലാ മായികതകളേയും തച്ചുടച്ച് വെളിച്ചത്തിലേക്ക് ആ കലയെ കൊണ്ടു വരുന്നു.കവിതയിലെ കലാപം അവിടെ പൂർണ്ണമാകുന്നു.

"ഭ്രഷ്ടൻ തുറന്നിട്ടൊരാട്ടക്കളൊശാല

നാട്ടിൻപുറത്തിനുപുത്തനുറ്റം""

കഥകളിയുടെ ചരിത്രത്തിലെ വഴിത്തിരിവായ ഒരു കാലഘട്ടത്തെ കഥകളിയിലെ വശ്യവും മായികവുമായ ഭാവ പൊലിമയോടെ ആവിഷ്കരിക്കുകയാണ് ഗോവിന്ദൻ ചെയ്യിരിക്കുന്നത്.

"കണ്ടു കഥകളി കൊണ്ടു കഥകളി

രണ്ടുമകത്തുംപുറത്തുമൊപ്പം""

എന്നിങ്ങനെ കഥകളിയുടെ രസതന്ത്രം ഉള്ളിലാവാഹിച്ച ഗോവിന്ദൻ കഥകളിയുടെ ശില്പഘടനയിലേക്ക് കവിതയെ ഉരുക്കിയൊഴിച്ച് നിർമ്മിച്ച കവിതക്കളിയാണ് 'കൂടിയാട്ടത്തിന്റെ കഥ' . പാത്രചിത്രീകരണത്തിലും സ്ഥലകാല സങ്കല്പത്തിലും വൈകാരികതയിലുമെല്ലാം പൂർണ്ണതവിടർത്തി കഥകളി ഒരു ശക്തമായ സാന്നിദ്ധ്യമായി ഈ കവിതയിൽ നിറയുന്നു. രാവിൽ തുടങ്ങി പകലിൽത്തിരുന്ന ഈ കവിത കഥകളിയുടെ ചരിത്രത്തിന്റെ വെളിച്ചത്തിലേക്കുള്ള സ്നിഗദ്ധവും ശക്തവുമായ ഒരു മടക്കയാത്രകൂടിയാണ് ഈ കവിത. ഭ്രഷ്ടനായ ഒരു കലാകാരന്റെ കലാപത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലും.


'കലയും കലാപവും', 'കലയും കാമവും' എന്നീ സവിശേഷ സങ്കൽപ്പത്തിനകത്തു രൂപപ്പെടുത്തിയെടുത്ത കവിതകളാണ് അരങ്ങേറ്റവും ഒരു കൂടിയാട്ടത്തിന്റെ കഥയും. തുള്ളൽ എന്ന കലാരൂപത്തിലൂടെ നമ്പ്യാർ നടത്തിയ കലാപങ്ങളാണ് അരങ്ങേറ്റം എന്ന കവിതയുടെ വിഷയം. കേരളത്തെ പിടിച്ചുലക്കിയ താത്രീ സ്മാർത്തവിചാരത്തിന്റെ പശ്ചാത്തലത്തിൽ ഇതൾ വിടർത്തുന്നതാണ് ഒരു കൂടിയാട്ടത്തിന്റെ കഥ. ബഹിഷ്കൃതനാകപ്പെട്ട കാവുങ്കൽ ശങ്കരപ്പണിക്കർ എന്ന കലാകാരനിലൂടെ നടത്തുന്ന കലാപത്തിന്റെ അടയാളമാണ് ഈ കവിത. ആത്മസാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ ഏറ്റവും പ്രകടമാകുന്ന കവിതയാണ് എന്നതാണ് കൂടിയാട്ടത്തിന്റെ കഥയെ ഗോവിന്ദന്റെ കവിതകളിൽ ശ്രദ്ധേയമാക്കുന്നത്.

**ആധാരഗ്രന്ഥങ്ങൾ**


ഗോവിന്ദൻ, എം .1989. എം. ഗോവിന്ദന്റെ കവിതകൾ (രണ്ടാം ഭാഗം)

ഗോവിന്ദൻ, എം . സർപ്പം (നോവൽ)

മേനോൻ, കെ.പി.എസ് . 1986. കഥകളിരംഗം. മാതൃഭൂമി പബ്ലിഷേഴ്സ്, കോഴിക്കോട്.



# OCCUPATIONAL HEALTH AND SAFETY AT WORK PLACE

## INTRODUCTION

Occupational Health is a branch of medicine that is concerned with the relationship and interaction between health and work, namely how an individuals' health affects their ability to work and how the work affects their health. Occupational Health and Safety is one of the most important aspects of human concern.It aims at an adaptation of working environment to workers for the promotion and maintenance of the highest degree of physical, mental and social well-being of workers in all occupations. Mental Health problems and musculoskeletal problems are high on the list of the common causes of both short and long term absences in this sector. Physical fitness is often a significant issue for sedentary workers as they spend most of their working day sitting down.

All Service Sector organisations rely on their staff to deliver the services that are the reason for the organisations existence. However, many don't understand that investment in the health and well-being of their staff will help the organisations performance and bottom line. In this situation, there are many organisations which recognise the value of providing occupational health services to their staff On the contrary, there are also organisations which don't recognise that health issues in their staff may well be one of their most significant business risks.

## SCOPE OF OCCUPATIONAL HEALTH PRACTICE

The objectives of Occupational Health Practice that were originally defined in 1950 by the Joint ILO/ WHO Committee on Occupational Health States that:

"Occupational health should aim at

**Dr. Raji Prasad G V**
NSS College, Cherthala



the promotion and maintenance of the highest degree of physical, mental and social well-being of workers in all occupations; the prevention amongst workers of departures from health caused by their working conditions; the protection of workers in their employment from risks resulting from factors adverse to health; the placing and maintenance of the worker in an occupational environment adapted to his physiological and psychological capabilities; and, to summarize: the adaptation of work to man and of each man to his job".

The ILO Occupational Health Services Convention (No. 161) and Recommendation (No. 171) promote the advisory role of occupational health professionals in the enterprise. To promote the adaptation of work to the workers and improve working conditions and environment, occupational health services should act as advisers on occupational health, hygiene, ergonomics, collective and individual protective equipment to the employers, the workers and their representatives in the enterprise, and to the safety and health committee, and should collaborate with other services already operating as advisers in these fields. They should advise on the planning and organization of work, the design of workplaces, on the choice, maintenance and condition of machinery and other equipment, as well as on the substances and materials used in the enterprise. They should also participate in the development of programmes for the improvement of working practices, as well as in the testing and evaluation of health aspects of new equipment.Occupational health services should provide workers with personal advice concerning their health in relation to work.

Another important task is to provide advice and information related to the integration of workers who have been victims of work accidents or diseases in order to help them in their rapid rehabilitation, protect their working capacity, reduce absenteeism and restore a good psychosocial climate in the enterprise.

Educational and training activities are closely linked to the advisory task that occupational health professionals perform vis-à-vis the employers and workers. They are of particular importance when the modification of existing installations or the introduction of new equipment are envisaged, or when there may be changes in the layout of workplaces, workstations and in the organization of work. Such activities have an advantage when started at the right time because they provide for better consideration of human factors and ergonomic principles in the improvement of working conditions and environment.

Technical advisory services at the workplace constitute an important preventive function of occupational health services. They should give priority to the awareness of occupational hazards and to the involvement of the employers and workers in hazard control and the improvement of the working environment.

## WORK AND YOUR HEALTH: NEED OF OCCUPATIONAL HEALTH PRACTICES

Work related problems can affect your physical, emotional and mental health. Common issues include job dissatisfaction, workplace injury, discrimination and bullying, violence, accidental death and retirement. Job loss, retrenchment or unexpected loss of income can also cause distress and hardship.

Not everyone has the opportunity to work in a rewarding and challenging job. Some people experience job dissatisfaction because they are unhappy or unsafe at work. People who ae unhappy in their jobs may have problems such as conflict with bosses or workmates, bullying, discrimination or harassment, boredom, overwork, stress or safety issues, no promotion prospects, poor pay etc.

Workplace violence is conflict escalated to the point of physical, emotional or psychological attack. It includes threats, insults, racial abuse, sexual harassment or physical contact such as pushing or punching. The attack may come from anybody in the workplace, including an employer, co-worker, customer or service user.Bullying is a form of violence that can occur in the workplace, Bullying includes any behaviour that intimidates, offends, degrades or humiliates another person.

The issues studied and regulated by occupational health and safety experts today vary widely by occupation. For example, physical threats like tall heights and heavy machinery might be of greater concern to construction workers, whereas mental health and repetitive stress injuries might be the focus of office environments. Even so, despite massive improvements to workplace standards, there are a number of safety and health concerns in America's workforce where much work can be done.

In 1959, based on discussions of the special ILO tripartite committee (representing governments, employers and workers), the Forty-third Session of the International Labour Conference adopted Recommendation No. 112 (ILO 1959) which defined an occupational health service as a service established in or near a place of employment for the purposes of protecting the workers against any health hazard which may arise out of their work or the conditions in which it is carried oncontributing towards the workers' physical and mental adjustment, in particular by the adaptation of the work to the workers and their assignment to jobs for which they are suitedcontributing to the establishment and maintenance of the highest possible degree of physical and mental well-being of the workers.

In 1985, the ILO adopted new international instruments-the Occupational Health Services Convention (No. 161) and its accompanying Recommendation (No. 171) (ILO 1985a, 1985b)- which defined occupational health services as services entrusted with essentially preventive functions and responsible for advising the employer, the workers and their

representatives in the undertaking on: the requirements for establishing and maintaining a safe and healthy working environment which will facilitate optimal physical and mental health in relation to work; and the adaptation of work to the capabilities of workers in light of their state of physical and mental health.

In 1980, the WHO/Euro Working Group on Evaluation of Occupational Health and Industrial Hygiene Services (WHO 1982) defined the ultimate goal of such services as "promoting conditions at work that guarantee the highest degree of quality of working life by protecting workers' health, enhancing their physical, mental and social well-being, and preventing ill-health and accidents".

The extensive survey of occupational health services in the 32 countries in the European Region carried out in 1985 by the WHO Regional Office for Europe (Rantanen 1990) identified the following principles as objectives of occupational health practice

- o Protecting workers' health against hazards at work (the protection and prevention principle)
- o Adapting work and the work environment to the capabilities of workers (the adaptation principle)
- o Enhancing the physical, mental and social well-being of workers (the health promotion principle)
- o Minimizing the consequences of occupational hazards, accidents and injuries, and occupational and work-related diseases (the cure and rehabilitation principle)
- o Providing general health care services for workers and their families, both curative and preventive, at the workplace or from nearby facilities (the general primary health care principle).

Such principles can still be considered to be relevant with respect to the new developments in countries' policies and legislation. On the other hand, the formulation of objectives of occupational health practice as they stand on recent national laws and the development of new needs for working life seem to emphasize the following trends (WHO 1995a, 1995b; Rantanen, Lehtinen and Mikheev 1994):

- The scope of occupational health is expanding to cover not only health and safety but also psychological and social well-being and the ability to conduct socially and economically productive life.
- The full range of objectives extends beyond the scope of traditional occupational health and safety issues.
- The new principles go beyond the mere prevention and control of effects adverse to the health and safety of workers to the positive promotion of health, the improvement of the working environment and work organization.

Thus, there certainly exists a tendency for expansion of the scope of the objectives of occupational health practice towards new types of issues entailing social and economic consequences for workers.

## INITIATIVES TO ASSURE SAFTEY

Occupational health services are responsible not only for the identification and evaluation of potential risks for the health of workers but also for providing advice on preventive and control measures which will help to avoid risks.After analysing the results of surveillance of the working environment, including where necessary workers' personal exposure monitoring, and the results of workers' health surveillance, including where necessary the results of biological monitoring, occupational health services should be in a position to assess possible connections between the exposure to occupational hazards and resulting health impairments and to propose appropriate control measures to protect workers' health. These measures are recommended together with other technical services in the enterprise after consulting the enterprise management, employers, workers or their representatives.

Control measures should be adequate to prevent unnecessary exposure during normal operating conditions as well as during accident and emergencies. Planned modifications in work processes should also be taken into account, and recommendations should be adaptable to future needs.

Measures of control of health hazards are used to eliminate occupational exposure, minimize or in any case reduce it to permissible limits. They include primarily engineering, engineering controls in the work environment, changes in technology, substances and materials and as secondary preventive measures, human behaviour controls, personal protective equipment, integrated control and others.

The formulation of recommendations for control measures is a complicated process that includes the analysis of information on existing health risks in the enterprise and the consideration of occupational safety and health requirements and needs. For analysis of feasibility and costs versus benefits one should consider the fact that the investments made for health and safety may pay back during long periods in the future, but not necessarily immediately.

The ILO instruments include a requirement that the employers, workers and their representatives should cooperate and participate in the implementation of such recommendations. They are usually discussed by the safety and health committee at large-scale enterprises, or in smaller enterprises by the representatives of the employers and workers. It is important to document the proposed recommendations so that there can be a follow-up of their implementation. Such documentation should emphasize the responsibility of management for preventive and control actions at the enterprise.

## FIRST AID SERVICES AND EMERGENCY PREPAREDNESS

The organization of first aid and

emergency treatment is a traditional responsibility of occupational health services. ILO Convention No. 161 and Recommendation No. 171 stipulate that the occupational health service should provide first aid and emergency treatment in cases of accident or indisposition of workers at the workplace and should collaborate in the organization of first aid.

This covers preparedness for accidents and acute health conditions in individual workers, as well as readiness for response in collaboration with other emergency services in cases of serious accidents affecting the entire enterprise. Training in first aid is a primary duty of occupational health services, and the personnel of these services are among the first to respond.

The occupational health service should make appropriate preliminary arrangements for ambulance services and with community fire, police and rescue units and local hospitals in order to avoid delays and confusion that may threaten the survival of critically injured or affected workers. These arrangements, supplemented by drills when feasible, are particularly important in preparing for major emergencies such as fire, explosions, toxic emissions and other catastrophes that may involve many individuals in the enterprise as well as in the neighbourhood and may result in a number of casualties.

OCCUPATIONAL HEALTH CARE, GENERAL PREVENTIVE AND CURATIVE HEALTH SERVICES

Occupational health services may be involved in the diagnosis, treatment and rehabilitation of occupational injuries and diseases. The knowledge of occupational diseases and injuries coupled with the knowledge of the job, the working environment and occupational exposures present in the workplace enable the occupational health professionals to play a key role in the management of work-related health problems.

According to the scope of activities and as required by national legislation or based on national practice, occupational health services fall into three main categories:

1. Occupational health services with essentially preventive functions, including mainly workplace visits, health examinations and the provision of first-aid.

2. Occupational health services with preventive functions supplemented by selective curative and general health care services.

3. Occupational health services with a wide range of activities including both preventive and comprehensive curative and rehabilitation activities.

The ILO Occupational Health Services Recommendation (No. 171) promotes the provision of curative and general health care services as functions of occupational health services where they are found to be appropriate. Based on national legislation and practice, the occupational health service may undertake or participate in one or more of the following curative activities with regard to occupational illnesses:

- Treatment of workers who have not stopped work or who have resumed work after an absence

- Treatment of workers with occupational diseases or health impairments aggravated by work.

- Treatment of victims of occupational accidents and injuries.

- Medical aspects of vocational re-education and rehabilitation.

The provision of general preventive and curative health care services includes the prevention and treatment of non-occupational illnesses and other relevant primary health care services. Usually, general preventive health care services include immunizations, maternity and child care, general hygiene and sanitary services, whereas general curative health care services include conventional general-practitioner-level practice. Here, ILO Recommendation No. 171 prescribes that the occupational health service may, taking into account the organization of preventive medicine at the national level, fulfil the following functions:

- Carry out immunizations in respect of biological hazards in the working environment.

- Take part in campaigns aimed at the protection of workers' health.

- Collaborate with the health authorities within the framework of public health programmes.

Occupational health services set up by large enterprises, as well as those operating in remote or medically underserved areas, may be called upon to provide general non-occupational health care not only for workers but for their families as well. The extension of such services depends on the infrastructure of the health services in the community and on the capacity of the enterprises. When industrial enterprises are established in poorly developed areas, it may even be expedient to provide such services together with occupational health care.

In some countries, occupational health services provide ambulatory treatment during working hours which is normally provided by a general practitioner. It usually concerns simple forms of treatment, or it may be more comprehensive medical care if the enterprise has an agreement with the social security or other insurance institutions providing reimbursement of the cost of workers' treatment.

## CONCLUSION

Occupational health services have an important task to perform by providing advice to the enterprise management, the employers, the workers, and health and safety committees in their collective as well as individual capacities. This needs to be recognized and used in the decision-making processes




# ബക്തിനും രംഗഭാഷയും

വ്യത്യസ്ത സാഹിത്യരൂപങ്ങളെ നാടകീകരിക്കാനുള്ള പ്രവണതയുടെ ഭാഗമായാണ് നാം ബക്തിനെക്കുറിച്ച് ചിന്തിക്കുന്നത്. നോവലുകളെ നാടകീകരിച്ചുകൊണ്ടാണ് ബക്തിൻ തന്റെ  നാടക സിദ്ധാന്തങ്ങൾ വെളിപ്പെടുത്തിയത്. കഥാപാത്രവും (character) എഴുത്തുകാരനും (writer) തമ്മിലുള്ള താരതമ്യബന്ധങ്ങളാണ് ബക്തിൻ ആദ്യമായി പഠനവിധേയമാക്കിയത്. മഹാകാവ്യങ്ങളോടും സാധാരണ കാവ്യങ്ങളോടും ഒപ്പം നിർത്താവുന്ന പൗരാണിക കലയാണ് നാടകം എന്ന് ബക്തിൻ സമർത്ഥിക്കുന്നു. വായനക്കാരന്റെയും കാഴ്ചക്കാരന്റെയും നിലപാടുകളെ മാനിച്ചുകൊണ്ടാണ് അദ്ദേഹം ഇത് സമർത്ഥിക്കുന്നത്. നോവലിസ്റ്റ് കഥാപാത്രങ്ങളെ എപ്രകാരം കാണുന്നുവോ അതുപോലെ തന്നെ സംവിധായകനും കാണുമ്പോഴേ അതിൽ നാടകീയത ഉണ്ടാകൂ എന്നാണ് ബക്തിന്റെ കണ്ടെത്തൽ. അരങ്ങുമായി ദീർഘകാലത്തെ ബന്ധം ബക്തിനുണ്ടായിരുന്നു എന്നതിനുള്ള തെളിവാണ് ഇലിയഡ് പോലുള്ള നാടകങ്ങൾ ബക്തിനും സുഹൃത്തുക്കളും ചേർന്ന് അവതരിപ്പിച്ചത്. 'ഈഡിപ്പസ് അറ്റ് കൊളോണസ്' എന്ന നാടകം അഞ്ഞൂറിലധികം സ്കൂൾ കുട്ടികളെ ചേർത്ത് ബക്തിൻ അവതരിപ്പിച്ചതായി പറയുന്നു. 'തിയേറ്റർ ഫോർ മ്യൂസിക് ആൻഡ് ഡ്രാമ'  എന്ന വിഷയത്തിൽ വർഷങ്ങളോളം ബക്തിൻ പഠനങ്ങൾ നടത്തിയിരുന്നു.

ബക്തിനിൽ കണ്ട മറ്റൊരു വ്യക്തി സവിശേഷത, പ്രത്യേകതരക്കാരായ വ്യക്തികളിലും അവരുടെ ഭ്രാന്തുകളിലും ദുർഗ്രാഹ്യമായ തമാശകളിലും ഉള്ള അദ്ദേഹത്തിന്റെ താത്പര്യമാണ്. ഏറെ വിപ്ലവകരമായ മാറ്റങ്ങളുടെ കാലഘട്ടത്തിനൊടുവിൽ, രംഗാവതരണത്തോടും മറ്റും താത്പര്യം പ്രകടിപ്പിച്ചിരുന്ന ആൾക്കാരുമായി അദ്ദേഹം ബന്ധം നിലനിർത്തി. തമ്മിൽ അകറ്റി നിർത്തിയിരുന്ന പരിമിതികളിൽ നിന്നും ഇറങ്ങി പകരം ഒരു അലൗകിക സമൂഹത്തിന്റെ സ്പിരിറ്റ് ഉൾക്കൊള്ളാൻ ഇത്

**ഡോ. സ്മിത ജി. നായർ**
എസ്.ഡി.കോളേജ്, ആലപ്പുഴ





സഹായകമായിരുന്നു. തിയേറ്ററിൽ അഭിരമിച്ചപ്പോഴും വ്യതിരിക്ത വ്യക്തിത്വങ്ങളോടും അവരുടെ താല്പര്യങ്ങളോടും ബക്തിൻ ബന്ധം പുലർത്തിയിരുന്നു. എന്നിരുന്നാലും സവിശേഷബന്ധങ്ങളിലും നാടകമായിരുന്നു ബക്തിന് പ്രധാനം. നോവലിനേയും നാടകത്തേയും വ്യത്യസ്തമായി കാണാതെ അവയ്ക്ക് സമായോജനം നൽകുകയാണ് ബക്തിൻ ചെയ്തത്. നോവലിലെ സംഭാഷണങ്ങളിൽ ദൃശ്യാംശങ്ങൾ ഒളിഞ്ഞിരിക്കുന്നു എന്നാണ് ബക്തിൻ കണ്ടെത്തിയത്.

നാടകത്തേയും രംഗാഭിനയത്തേയും കുറിച്ച് അത് ഒരു രീതിയാണെന്നോ മാധ്യമമാണെന്നോ ബക്തിൻ ഒരിക്കലും വ്യക്തമാക്കിയിട്ടില്ല. നാടകവും രംഗാവതരണവും അന്വേഷണങ്ങളുടെ പ്രാഥമിക വിഷയം പോലുമായി അദ്ദേഹം കണ്ടിട്ടില്ല. ബക്തിനെ സംബന്ധിച്ച് നോക്കിയാൽ നോവലിന്റെ സ്വഭാവവും വാക് നൈപുണ്യവും അനുകൂലമായോ പ്രതികൂലമായോ ജ്വലിപ്പിക്കാൻ കഴിഞ്ഞാൽ അതാണ് അദ്ദേഹത്തിന് ഏറ്റവും താത്പര്യം ഉണ്ടാക്കിയത്. 'ഭാഷയാണ് നാടകത്തിനടിസ്ഥാനം' എന്ന വിഷയം വിശദമാക്കാൻ കൊമേഡിയ ഡെൽ ആർട്ടിലെ രൂപങ്ങളെ ഉപയോഗിച്ച് ബക്തിൻ നോവലിസ്റ്റിന്റെ കാട്ടുകയറൽ പ്രക്രിയ വിശദീകരിക്കുന്നു. ബക്തിന്റെ വാദമനുസരിച്ച് ഓരോ എഴുത്തുകാരനും തങ്ങൾക്ക് അപരിചിതമായ ശബ്ദങ്ങൾക്ക് രൂപം നൽകി ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ ഒരു നാടകകൃത്ത് ഒളിഞ്ഞിരിക്കുന്നു എന്നാണ്. ഇവിടെ രംഗവേദി അന്വേഷണവിഷയമല്ല പകരം അത് ഭാവാർത്ഥത്തിനുള്ള സ്രോതസ്സായി മാറുകയാണ്.

ഗ്രഹാം പീച്ചെ വാച്യരീതികളെ നാടകവുമായി ബന്ധപ്പെടുത്തി 1993-ൽ പഠനവിഷയമാക്കിയ "ഓൺ ദ ബോർഡേഴ്സ് ഓഫ് ബക്തിൻ" എന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്നത" വ്യക്തിഗതമായ നാടകീയാവതരണം തുടർച്ചയായി മുന്നിൽ നടക്കുന്നില്ലെങ്കിൽ, നല്ലൊരു നോവലിനുള്ള പ്രതലം സംജാതമാകുന്നില്ല" എന്നാണ്. ടൊറഡോവിന്റെ വാക്കുകളാണ് ഭാവനാത്മകതയ്ക്കും ആഖ്യാനത്തിനും മാത്രമല്ല ഇതിഹാസത്തിനും രംഗാവതരണത്തിനും ബ്രഷ്റ്റിനെക്കുറിച്ചുള്ള വിശദീകരണത്തിനും സ്വീകരിക്കുന്നത്. ഗലീലിയോയേയും കറേജിനേയും മുഴുനീള കഥാപാത്രങ്ങളാക്കി പീച്ചെ ഉദാഹരണമായി അവതരിപ്പിക്കുമ്പോൾ അത് നാടകകൃത്തിന്റെ കഥാപാത്രങ്ങളിലുള്ള താൽപ്പര്യത്തെയാണ് കാണിക്കുന്നത്. നാടകീയമല്ലാത്ത സംഭാഷണങ്ങളെ പോലും മനസ്സിലാക്കിത്തരാൻ ബക്തിൻ കൃതികൾ സാഹായിക്കുന്നുവെന്ന് പീച്ചെ വാദിക്കുന്നു.

ഇതിഹാസ രംഗവേദി നാടകീയ/ നാടകീയമല്ലാത്ത സംഭാഷണങ്ങൾ തന്നെയാണെന്നും ഓരോ ചലനവും വാക്കും കാണിക്കുകയല്ല പറയുകയാണെന്നും അതിനാലാണ് അതിനെ ഇതിഹാസമെന്ന് വിളിക്കുന്നതെന്നും ബക്തിന്റെ സഹായത്തോടെ ബ്രഷ്റ്റ് വ്യക്തമാക്കുന്നുന്നു. ഇതിഹാസങ്ങൾ, കാവ്യങ്ങൾ, നാടകം തുടങ്ങിയവയെ നോവൽ പിന്തള്ളി എന്ന ബക്തിന്റെ വാഗ്വാദത്തിന് ഒരു തിരിച്ചടിയാണ് ഇതെന്ന് പറയാം. സമകാലീന സം

സ്കാരത്തിൽ നാടകത്തിന്റെ അതി ഭീമമായ വളർച്ചയെക്കുറിച്ച് പ്രീച്ചെ വാദിക്കുകയും ചൂണ്ടിക്കാണിക്കുക യും ചെയ്യുന്നത്, രംഗവേദിക്കതീത മായി സംജ്ഞാശാസ്ത്രത്തിലുറപ്പിച്ച നാടകത്തിലധിഷ്ഠിതമായ രീതി കൾ അവലംബിച്ച ധാരാളം സ്ഥാ പനങ്ങൾ ജന്മം കൊണ്ടു എന്നാണ്. ഉച്ചരിക്കുന്നതെന്തും വാചി അവത രണവും സംഭാഷണങ്ങൾ സംഭവ ങ്ങൾക്കുള്ള രംഗസജ്ജീകരണങ്ങൾ നടത്തുകയുമാണ്; അത് ആശ്ര യിക്കുന്നത്, സംഘമായി ചേരുന്ന ശബ്ദങ്ങളെയാണ് ഇത്തരത്തിലുള്ള ഒരു സംജ്ഞാശാസ്ത്രം പരിപൂർണമാ യി രംഗവേദിയിലെ ദൃഷ്ടാന്തങ്ങളെ ആശ്രയിച്ചാണ് യോഗ്യത തെളിയി ക്കുന്നത്.

ബക്തിനും അദ്ദേഹത്തിന്റെ കൂട്ടത്തി ലെ പലരും സംഭാഷണങ്ങളിലൂടെ യും എഴുത്തിലൂടെയും രംഗവേദിയെ പല ദൃഷ്ടാന്തങ്ങളായി ഉപയോഗി ച്ചിരുന്നെന്നു കാണാം. ബക്തിൻ സർക്കിളിൽ ഉണ്ടായിരുന്ന ക്രയിഗ് ബ്രാഡിസ്റ്റ്, ഫ്രഡ്റിക്ക് സ്പിൽ ഗാൻ തുടങ്ങിയവർ എത്രത്തോളം ബക്തി നെ സ്വാധീനിച്ചു എന്ന് വിശദീക രിച്ചു തരുന്നു. ഫ്രഡ്റിക് സ്പിൽഗാ നാകട്ടെ നോവലിൽ നേരിട്ടുള്ള വി വരണങ്ങളെ ഏറ്റവും ചുരുക്കുകയും നാടകീയ സംഭാഷണങ്ങളിലൂടെ നായകന്റേയോ നായികയുടേയോ ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ലോകത്തിനു മുമ്പിൽ അവതരി പ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ആഖ്യാതാവ് വിശദീകരിക്കുകയല്ല, കാണിച്ചുകൊടുക്കുകയാണ് വേണ്ട തെന്ന പുതിയ സാഹിത്യവിഷയം ബക്തിൻ ദസ്തയേവസ്കിയുടെ കൃതി കളിലൂടെ നിരന്തരം പുറത്തുകൊണ്ടു വരുന്നതായി കാണാം.

ഒരു നോവൽ എങ്ങനെ ഒരു ചീത്ത നാടകമായി മാറുന്നു എന്ന് ബക്തിൻ തന്റെ Discourse in the Novel എന്ന കൃതിയിലൂടെ വ്യക്തമാക്കുന്നു. ഒരു നോവലിനെ അതിന്റെ വി ശ്വാസയോഗ്യമായ സംസാരഭാഷാ വൈവിധ്യമെല്ലാം മാറ്റിയാൽ, അത് വിശദമായ, പൂർണരൂപം കൊണ്ട, രംഗവിതാനമെല്ലാം കലാപരമായി ചിട്ടപ്പെടുത്തിയ വായനായോഗ്യ മായ ഒരു നാടകമായി മാറുന്നു. ഭാഷാവൈവിധ്യത്തിനു പ്രാമുഖ്യം കൊടുക്കാത്തൊരു നോവലിൽ, നാടകവുമായി ബന്ധപ്പെട്ട രംഗവി താനഭാഷ വിരൂപമായിപ്പോകുന്നത് നമുക്കു കാണാൻ കഴിയും.

## ആദ്യ കൈയ്യെഴുത്തു പ്രതികൾ

പ്രസിദ്ധീകരിക്കാത്ത ബക്തിന്റെ ആദ്യകാല കൃതികളും, പിൽക്കാ ലത്ത് പ്രസിദ്ധീകരിച്ച കൃതികളും രംഗവേദിയെ വ്യത്യസ്തമായാണ് കണ്ടിരുന്നത്. ആദ്യകാല പഠനകൃ തികളിൽ അദ്ദേഹം നടന്മാരുടെ ക്രിയാത്മകതയ്ക്കു മുൻതൂക്കം നൽ കിയപ്പോൾ, പിൽക്കാല കൃതികൾ പലതരത്തിലുള്ള നാടകങ്ങൾക്കും രംഗവേദിയുടെ മാറ്റങ്ങൾക്കും മുൻതൂ ക്കം നൽകി. വേദിയിലായിരിക്കുന്ന നടൻ എന്തു കാണണമെന്നും എന്തു ചെയ്യണമെന്നും അദ്ദേഹത്തിനു സജീവമായി സങ്കൽപിക്കാൻ കഴിയുന്നു. ഒരു വ്യക്തിയായി കണ്ട് ആളെ മനസ്സിലാക്കാൻ ശ്രമിക്കു ന്നതിനപ്പുറം ബക്തിൻ അവരെ കഥാപാത്രങ്ങളായി കാണുന്നു. നടനിലൂടെ അദ്ദേഹം വിശദീകരി ക്കാൻ ശ്രമിക്കുന്നത്, നടൻ മറ്റൊരു വ്യക്തിയായി താദാത്മ്യം പ്രാപി ക്കാൻ ശ്രമിക്കുന്നതിലുപരി, അയാ ളായി മാറുക എന്നതാണ്. എന്നാൽ അതോടൊപ്പം തന്നെ ആ വ്യക്തി ക്കു പുറത്തു വന്ന്, അവനായി മാറി, അതൊരു കഥാപാത്രമാണെന്നും അദ്ദേഹം മനസ്സിലാക്കിത്തരുന്നു.

ബക്തിനെ സംബന്ധിച്ചിടത്തോ ളം, നാടകത്തെ പരിപൂർണ്ണമായി ഉൾക്കൊണ്ട് അതിന്റെ ഭാഗമായി വരുത്തുന്ന മാറ്റങ്ങളിലൂടെ നടൻ രൂപാന്തരം പ്രാപിക്കുമ്പോഴാണ് കഥാപാത്രത്തിന്റെ മേൽ നടന്റെ പ്ര വർത്തനങ്ങൾക്ക് സൗന്ദര്യം കൂടുന്ന ത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഒരു നാടക നടനിൽ ക്രിയാത്മകവും കലാപരവുമായ സൗന്ദര്യം നിറയു ന്നത്, അയാൾ ഒരു കഥാകൃത്തോ, തിരക്കഥാകൃത്തോ, രംഗസംവി ധായകനോ അതുമല്ലെങ്കിൽ ഒരു സജീവ കാഴ്ചക്കാരനോ ആയി മാറു മ്പോഴാണ്.

രംഗസംവിധായകനേയും സജീവ കാഴ്ചക്കാരനേയും പരിചയപ്പെടുത്തു ന്നതിലൂടെ ഇവിടെ വിഷയങ്ങൾ കുറച്ചുകൂടി സങ്കീർണ്ണമാവുകയാണ്. നാടകീയാവിഷ്കരണം തുടങ്ങുന്ന ത്, പുതിയ വേദിയിൽ നേരിട്ടിടപെ ടാത്ത കാഴ്ചക്കാരൻ വരുന്നതോടുകൂ ടിയാണ്. ബക്തിന്റെ പ്രഥമ താൽ പ്പര്യം കൂടിക്കൊണ്ടിരുന്നത് കഥാ പാത്രങ്ങളിലോ രംഗവേദിയിലോ അല്ല, പകരം ഈ നിഷ്ക്രിയനായ കാഴ്ചക്കാരനെ പ്രതി ഉരുവായിരി ക്കുന്ന ക്രിയാത്മക നിരീക്ഷണത്തി ലാണെന്നു കാണാം. നായകന്റെ ധാർമ്മികതയുടെ ഉള്ളടക്കം സൗ ന്ദര്യാത്മകമായി രചിക്കപ്പെടുന്ന അയാളുടെ ജീവിതമാണെന്നു മനസ്സിലാക്കാം. യഥാർത്ഥ ജീവിത ത്തിൽ കൈവരിക്കേണ്ട ധാർമ്മിക തയും വാക്കുകളാൽ രചിക്കുന്ന ജീ വിതത്തിന്റെ സൗന്ദര്യാത്മകതയും സ്പഷ്ടമായിരിക്കണമെന്ന് ബക്തിൻ ശഠിക്കുന്നു. കാഴ്ചക്കാരന്റെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ കാണുന്ന രൂപവും എഴുത്തുകാരൻ ഭാവനയാൽ സൃഷ്ടിച്ചിരിക്കുന്ന രൂപവും തമ്മിൽ പങ്കാളിയാകുന്നതിന്റേയും കാഴ്ച ക്കാരനായിരിക്കുന്നതിന്റേയും സം തുലനത്തെക്കുറിച്ചാണ് അദ്ദേഹം ചിന്തിക്കുന്നത്.

ബക്തിന്റെ ആദ്യകാല കൃതികളിൽ കഥാപാത്രത്തിനു മുൻതൂക്കം വന്ന തിന് ഒരു കാരണം കഥാകൃത്തും നായകനും അദ്ദേഹത്തിന്റെ കാഴ്ച പ്പാടിൽ കാലത്തിലും സമയത്തിലും കാണപ്പെടുകയും കാണുകയും ചെയ്യു ന്ന ശരീരികൾ ആയതിനാലാണ്. ഞാനും മറ്റൊരാളുമായി ബക്തിൻ സാഹചര്യങ്ങളെ നാടകീയമാ ക്കി മുഖാമുഖം കൊണ്ടുവരികയും അന്യോന്യം നോക്കി കാണുകയും ചെയ്യുന്നു.

ബക്തിനും കൂട്ടരും സംഭാഷണങ്ങളി ലൂടെയും എഴുത്തിലൂടെയും രംഗവേദി യെ പല ദൃഷ്ടാന്തങ്ങളായി ഉപയോ ഗിക്കുകയാണ് ചെയ്തത്. നോവലും നാടകവുമായി ബന്ധപ്പെടുത്തി നിരവധി പഠനങ്ങൾ ബക്തിൻ നട ത്തിയിട്ടുണ്ട്. എല്ലാ പഠനങ്ങളിലും ഭാഷണത്തെ രംഗഭാഷയുമായി സംയോജിപ്പിക്കുന്നതെങ്ങനെയെ ന്നാണ് ബക്തിൻ ചർച്ച ചെയ്യുന്നത്. നോവലിനെ സമ്പൂർണ്ണമായ നാടക മാക്കി മാറ്റുന്നിടത്താണ് ബക്തിന്റെ കല വിജയം പ്രാപിക്കുന്നത്.

തന്റെ എഴുത്തു ജീവിതത്തിൽ ബക്തിനെ ഏറ്റവും സ്വാധീനിച്ചത് ദസ്തയേവസ്കിയാണ്. അദ്ദേഹത്തി ന്റെ കൃതികളിലെ നാടകീയതയാ ണ് ബക്തിനെ ഏറ്റവും ആകർഷി ച്ചത്. നോവലിലെ നാടകീതയായി കഥാപാത്ര രൂപീകരണത്തിലും നോവലിന്റെ അർത്ഥതലങ്ങളിലും സംഭാഷണം നൽകുന്ന പ്രാധാ ന്യം (Theory of dialogue) ആണ് ബക്തിന്റെ പ്രധാന കണ്ടെത്തൽ. ആത്മഗതമായി വർത്തിക്കുന്ന ഭാഷണങ്ങളെ സംഭാഷണങ്ങളുടെ രൂപത്തിലേയ്ക്ക് മാറ്റുകയാണ് അദ്ദേ

ഹം ചെയ്തത്.

നാടകകൃത്തായ റാസിനേയും നോവലെഴുത്തുകാരനായ ദസ്തയോവസ്കിയേയും താരതമ്യം ചെയ്ത് നടത്തിയ പഠനങ്ങൾ പ്രസക്തമാണ്. നാടകം ഒരു പ്രത്യേക സാഹിത്യ രീതിയാണെന്നും അതിനാൽ വിഭിന്ന സംഭാഷണങ്ങൾ പറ്റില്ലെന്നും ഏകലോക കാഴ്ചപ്പാടിലേയ്ക്കും അതിനു പറ്റിയ മൂല്യങ്ങളിലേയ്ക്കും അതെത്തിച്ചേരുമെന്നും ബക്തിൻ വാദിക്കുന്നു. നാടകം തനതായാലും മൊഴിമാറ്റം ചെയ്തായാലും അതിലെ നാടകീയ സംഭാഷണങ്ങൾ പ്രധാനമാണെന്ന് ബക്തിൻ കണ്ടെത്തുന്നു. ജീവിക്കാനും നിലനിൽക്കാനും ഏറ്റവും കുറഞ്ഞത് രണ്ട് ശബ്ദങ്ങളെങ്കിലും വേണം, എങ്ങനെ ഒരുമിച്ച് ജീവിക്കണം അല്ലെങ്കിൽ എങ്ങനെ അന്യോന്യം അഭിസംബോധന ചെയ്യണം എന്നതിന്റെ ധാർമ്മിക വശം കൂടിയാണിത്. നാടകത്തിൽ സംഭാഷണങ്ങൾക്കുള്ള പ്രാധാന്യം ബക്തിൻ ഊന്നിപ്പറഞ്ഞിരുന്നു എന്നതിന് തെളിവാണിത്.

## ഉത്സവ മേളകളും നാടകവും

സംഭാഷണങ്ങൾ, വ്യത്യസ്ത സ്വരങ്ങൾ ഈ വാക്കുകൾക്കൊപ്പം ബക്തിനുമായി ബന്ധപ്പെട്ട മറ്റൊരു വാക്കാണ് ' ഉത്സവമേളകൾ' (Carnivalesque). സാഹിത്യവുമായി ബന്ധപ്പെട്ട ഉത്സവ പ്രതീകങ്ങളുടെ നിലനിൽക്കുന്ന രൂപങ്ങൾ ഇപ്പോഴുമുള്ളത്. 'ദസ്തയേവ്സ്കി കലയിലെ പ്രശ്നങ്ങൾ ' (1929) മാറ്റിയെഴുതിയ 1965 - ൽ പുറത്തിറങ്ങിയ 'ദസ്തയേവ്സ്കി കവിതകളിലെ പ്രശ്നങ്ങളിലും' 1940 ൽ റബേലിയായെക്കുറിച്ച് തയ്യാറാക്കിയ (Rabelias and His world) എന്ന ഡോക്ടറൽ തീസസിലുമാണ്. മറ്റ് കൃതികളിലെന്നപോല, രംഗവേദിയെക്കുറിച്ചുള്ള ബക്തിന്റെ പ്രസ്താവനകൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ അത് നമ്മെ എത്തിക്കുന്നത് നോവലെന്ന കലാരീതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശങ്കകളിലേക്കാണ്. ഉത്സവമേളകളിലെ പ്രതിബിംബങ്ങളിലൂടെ അദ്ദേഹം വിശദീകരിച്ചു തരുന്നത് ഒരു ജീവിതശൈലി തന്നെയാണ്.

കലയുടെയും ജീവിതത്തിന്റേയും ഇടയിലെ അതിർവരമ്പാണ് ഉത്സവമേളകൾ എന്നു പറയാം. സത്യം പറഞ്ഞാൽ, ഒരു നാടകത്തിന്റെ ഭാവത്തിലേക്ക് രൂപമാറ്റം വരുത്തിയ ജീവിതം തന്നെയാണത്. അഭിനേതാക്കളേയും കാഴ്ചക്കാരേയും ഒരു തരത്തിലും വേർതിരിക്കാത്ത ഒന്നാണ് ഉത്സവമേളകൾ. അരങ്ങിനു മുമ്പിൽ താഴെ സ്ഥാപിക്കുന്ന വിളക്കുകൾ ഉത്സവമേളകളെ നശിപ്പിക്കുന്നു. എന്നാൽ രംഗാഭിനയത്തിൽ ഈ വിളക്കുകൾ ഒഴിവാക്കിയാലാണ് ഒരു നാടകം പരാജയപ്പെടുക. ഉത്സവമേളകൾ ജനത്തിനു വന്നുകണ്ട് ആസ്വദിക്കാനുള്ള കാഴ്ചവസ്തുവല്ല, അവരതിൽ ജീവിക്കുകയാണ്, എല്ലാ ജനങ്ങളേയും ഒരുപോലെ ഉൾക്കൊള്ളുന്നതിനാൽ എല്ലാവരും അതിൽ തുല്യപങ്കാളികളുമാണ്.

ബാക്കി കാര്യങ്ങളിലെന്ന പോലെ ബക്തിൻ ഇവിടെയും രണ്ടു തലങ്ങളും അവയെ വേർതിരിക്കുന്ന അതിരും നിശ്ചയിക്കുന്നു. നമുക്കേറെ പരിചിതമായ കലയും ജീവിതവുമാണ് ഇരുതലങ്ങൾ. ഒരു രംഗാവതരണത്തിന്റെ ചില രൂപങ്ങൾ സ്വയം ആർജ്ജിച്ച് ഉത്സവത്തിന് ജീവൻ വയ്ക്കുന്നതിനെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നു. എങ്ങനെ ചില സാധാരണ ദൃശ്യങ്ങൾ പോലും വാഗ്വൃത്തിയായി മാറുന്നു എന്നതിനുള്ള വിശദീകരണം ഭംഗിയായി ബക്തിൻ നിർവ്വഹിച്ചിരിക്കുന്നു. ഇതിനു നൽകിയിരിക്കുന്ന രൂപമാതൃകയാവട്ടെ അവയ്ക്ക് പ്രതീകാത്മക അർത്ഥതലങ്ങളും നൽകുന്നു എന്നാണ്. ഇതു സ്ഥാപിച്ചശേഷം ബക്തിൻ പറയുന്നത് താൻ ഒരു നാടകത്തെപ്പറ്റിയല്ല, മറിച്ച് മൊത്തത്തിൽ നാടകമെന്ന കലയെയാണ് വിശദീകരിക്കുന്നത് എന്നാണ് – അതായത് പ്രാതിനിധ്യത്തിനല്ല, പ്രവർത്തനത്തിനാണ് മുൻതൂക്കം എന്നതാണ്. അതിനാൽ അരങ്ങിനു മുമ്പിൽ താഴെ വച്ചു പ്രവർത്തിപ്പിക്കുന്ന വിളക്കുകൾ (ഫുട്ലൈറ്റ് - foot light) എന്നപ്രതിബിംബം ഈ പഠനത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നു.

ബക്തിൻ തന്റെ ലേഖകനും നായകനും (Author and Hero) എന്ന പഠനത്തിൽ, മറ്റാരെങ്കിലും നോക്കിയിരിക്കുമ്പോളല്ലാതെ, ഒരു കുട്ടി കളിച്ചു കൊണ്ടിരിക്കുന്നത് അഭിനയമാകുന്നില്ല എന്നു പറയുന്നു. ഒരു കളി അഭിനയമാകുന്നത് അതിനു കാഴ്ചക്കാരും ശ്രോതാക്കളും ഉണ്ടാകുമ്പോളാണ്. ഇവിടെ കളിയും രംഗവേദിയും തമ്മിലുള്ള വ്യത്യാസം നോക്കുമ്പോൾ അവ വ്യത്യാസമാണെന്ന് അദ്ദേഹം വാദിക്കുന്നു. കളി ശ്രോതാവിനേയും അഭിനേതാവിനേയും ഒരുമിപ്പിക്കുമ്പോൾ രംഗവേദി ( അരങ്ങിലെ വിളക്കുകളോട് ചേർന്ന്) അവയെ തമ്മിലകറ്റുന്നു. ഇവിടെ കളികൾ ഒരു അനുഷ്ഠാനത്തിനുള്ള സാധ്യതയ്ക്കുപ്പുറം ഒരു പ്രകടനം ആയി മാറുകയാണ്. കളിയുടെ പ്രതീകങ്ങളെ ജീവിത ചരിത്ര പ്രക്രിയകളുടെ സൂത്രവാക്യമായാണ് കരുതിയിരുന്നത്. വിധി, ദുർവിധി, നഷ്ടം, ലാഭം, ശ്രേഷ്ഠത, അന്യാധീനത തുടങ്ങി എല്ലാത്തിന്റേയും ജീവിതം അരങ്ങിലെ വിളക്കുകളില്ലാതെ അരങ്ങേറിയിരുന്ന ചെറുനാടകമായി മാറി. രാഷ്ട്രീയ-സാമൂഹിക-ചരിത്രപരമായ പ്രക്രിയകളെ മുന്നോട്ടു നയിക്കുന്നത്, കളികളിലൂടെ വരുന്ന ഊർജ്ജാംശങ്ങളാണെന്ന് തോന്നിക്കും. അദ്ദേഹം ഇതിലൂടെ ചൂണ്ടിക്കാണിക്കാനുദ്ദേശിക്കുന്നത് ഉത്സവമേളങ്ങൾ പങ്കാളിത്തത്തോടെ ചെയ്യുന്ന ആഘോഷങ്ങളാണ്. സജീവവും നിഷ്ക്രിയവുമായ പങ്കാളികളുടെ സാന്നിധ്യത്തിൽ ക്രമീകരിച്ചു നടത്തുന്ന പരിപാടിയല്ല. ശ്രോതാക്കളുടെ സ്ഥാനത്തിനു പ്രാധാന്യം കൊടുത്താണ് അദ്ദേഹത്തിന്റെ വാദഗതികൾ തുടക്കം മുതൽ അവസാനം വരെ നീങ്ങുന്നത്, അത് വളരെ നിർണ്ണായകമാണെങ്കിലും, അരങ്ങിനു വെളിച്ചം പകരുന്ന "ഫുട്ലൈറ്റുകൾ എന്ന പ്രതീകം ഉപയോഗിച്ചതെന്തിനാവാം? ഫുട്ലൈറ്റുകളുടെ അഭാവം രംഗാവതരണത്തെ പാടെ തകർക്കുമെന്ന് അദ്ദേഹം ഗൗരവമായി വിശ്വസിച്ചിരുന്നോ?

1880 കൾ മുതൽ രംഗവേദി ഉപയോഗിച്ചിരുന്നവർ, ഫുട്ലൈറ്റുകൾ രംഗാവതരണത്തെ നശിപ്പിക്കുന്നതിനാൽ അവയെ മാറ്റേണ്ടത് അനിവാര്യമാണെന്നും വാദിച്ചിരുന്നു. എമിലി സോളയുടെ വാക്കുകൾ വേദി ഓഡിറ്റോറിയത്തിന്റെ തന്നെ തുടർച്ചയായി മാറ്റണമെന്നും യാഥാർഥ്യവുമായി താദാത്മ്യം പ്രാപിക്കണം എന്നുമാണ്. സ്റ്റാൻസിലാവ്സ്കി ആവശ്യപ്പെട്ടിരുന്ന യാഥാർഥ്യവും ജീവിതവുമായി ബന്ധപ്പെട്ട രംഗവേദി, സോള മുൻകൂട്ടി പറഞ്ഞു എന്നേയുള്ളൂ. എന്നാൽ എഡ്വേർഡ് ഗോർഡൻ ക്രൈഗ്, അഡോൾഫ് ആപ്പിയ തുടങ്ങിയ വിപ്ലവകാരികളായ ഡിസൈനർമാരാകട്ടെ ഫുട്ലൈറ്റുകൾ നശിപ്പിക്കാനാണ് ആവശ്യപ്പെട്ടത്. ആപ്പിയയെ ക്കുറിച്ചുള്ള ജീ

വചരിത്രത്തിൽ റിച്ചാർഡ് ബീച്ചാം ഇങ്ങനെ പറയുന്നു. "ഫുട്‌ലൈറ്റുകൾ ഒഴിവാക്കിയതോടെ വേദിയിൽ അഭിനേതാക്കളുടെ രൂപം പാടെ വികലമായി പോയിരിക്കുന്നു." ഫുട്‌ലൈറ്റുകൾ എത്രയും വേഗം മാറ്റുകയും അതേക്കുറിച്ച് ഒന്നു പറയാതിരിക്കുകയും ചെയ്യുക" രംഗാവതരണം കൂടുതൽ മെച്ചപ്പെട്ടത് ഫുട്‌ലൈറ്റുകൾ ഉന്മൂലനം ചെയ്തതോടെയാണെന്ന് ആപ്പിയയും ക്രെയ്ഗും വിശ്വസിക്കുന്നു. രംഗവേദിയിൽ ജീവിതവും, യാഥാർഥ്യവും ഉണ്ടാക്കണമെന്ന് സോളയെപ്പോലെ അവർ വിശ്വസിച്ചിരുന്നില്ല. റഷ്യയിൽ മേയർഹോൾഡും മറ്റു സംവിധായകരും ഇതേ സമയം, ഫുട്‌ലൈറ്റുകൾപോലെ തന്നെ പ്രൊസീനിയം ആർച്ച് ഉപേക്ഷിക്കുന്നതിനു വേണ്ടി വാദിക്കുകയായിരുന്നു.

ഒരു കലാമാധ്യമമെന്ന നിലയിൽ രംഗവേദിയുടെ ഭാവിയാണ്, ഒരു കൂട്ടം ലൈറ്റുകൾക്കുമപ്പുറത്തേക്ക് വാദഗതികളെ എത്തിക്കുന്നത്. സ്റ്റാൻസ്‌ലാവ്സ്കി പോലുള്ള സംവിധായകർക്ക് യാഥാർത്ഥ്യമേ അല്ല എന്നു തോന്നിത്തുടങ്ങിയിരുന്ന പ്രകൃതി ദൃശ്യങ്ങളും മറ്റും വരച്ചുചേർത്തുണ്ടാക്കിയിരുന്ന 19-ാം നൂറ്റാണ്ടിന്റെ വേദിയായിരുന്ന പ്രൊസീനിയം ആർച്ച് വേണ്ട എന്ന തരത്തിലേക്കെത്തിയത്. അഭിനേതാവിലേയ്ക്കല്ല, ചിത്രങ്ങൾ നിറഞ്ഞ കാൻവാസിലേക്കാണ് ഈ ലൈറ്റുകൾ ജ്വലിച്ചത് - അതിനാൽ രണ്ടു തലങ്ങളിൽ മാത്രം നിൽക്കുന്ന സെറ്റും, മൂന്നാതലത്തിൽ നിൽക്കുന്ന അഭിനേതാക്കളും പരസ്പരവൈരുദ്ധ്യത്തിലായിരുന്നു എന്നദ്ദേഹം പറയുന്നു. അഭിനേതാവിന് സ്വതന്ത്രമായ നീക്കങ്ങൾ സാധിക്കുന്ന രീതിയിൽ വേദിയുടെ വലിപ്പവും വെളിച്ചത്തിന്റെ രീതികളും മാറ്റി, രംഗസജ്ജീകരണത്തിന് പുതുമാനങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുകയായിരുന്നു ആപ്പിയയും ക്രെയ്ഗും. മായാജാലം പോലെ രംഗവിതാനമൊരുക്കുന്നതിൽ വരുത്തിയിരുന്ന കരവിരുതുകൾ ഇല്ലാതാവുകയും, ശരീരം, വെളിച്ചം, ചലനം ഇവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള യാഥാർത്ഥ്യങ്ങൾ വേദിയിൽ അവതരിപ്പിക്കുകയും ചെയ്തു. 1950 - കളിൽ സരൻസ്കി നടത്തിയ "രംഗവേദിയുടെ സൗന്ദര്യശാസ്ത്രവും ചരിത്രവും (aesthetics and history of the theatre) എന്ന പ്രഭാഷണം



പോലും ബക്തിന്റെ രംഗ/നാടക വേദികളോടും വിഷയങ്ങളോടുമുള്ള താൽപ്പര്യം ദ്യോതിപ്പിക്കുന്നതാണ്. ആപ്പിയയും മറ്റുള്ള എഴുത്തുകാരും മുന്നോട്ടു വയ്ക്കാൻ ശ്രമിച്ച പങ്കാളിത്ത ഉത്സവാഘോഷങ്ങൾ എന്ന വിഷയം ബക്തിൻ റബേലിയായുടെ പുസ്തകത്തിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്നത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

ഡ്രെഡനടുത്തുള്ള (Dreden) ഹെലേരു എന്ന സ്ഥലത്ത്, ആപ്പിയ ഫെസ്റ്റ്സ്പീൽഹൗസ് (Festspeilhaus) എന്ന അരങ്ങിനുള്ള ഇടം സജ്ജീകരിച്ചപ്പോൾ, സമാന്തരമായ ഒരു തലം കിട്ടിയതിൽ ബക്തിൻ ഏറെ സന്തോഷിച്ചിരുന്നു. കാരണം വേദിയേയും സദസ്സിനേയും രണ്ടാക്കി നിർത്താത്ത ഒരു രംഗവേദിയായിരുന്നു ഇത്. കേൾവിക്കാരനേയും അഭിനേതാവിനേയും തമ്മിൽ വേർതിരിക്കാതെ തുടക്കക്കാരനെന്നോ, തൊഴിലാക്കിയെടുക്കുന്നവനെന്നോ വേർതിരിക്കാതെ  മുഴുവൻ സമൂഹത്തെയും ഒരുമിപ്പിക്കുന്ന ഉത്സവാഘോഷമേളകളുടെ രീതികളാണ് ആപ്പിയ വിഭാവനം ചെയ്തത്. ഉത്സവമേളകളെ ജനകീയതയുടെ ബഹുസ്വരതയായി കണ്ടത് ബക്തിനാണ്. കലയുടെയും ജീവിതത്തിന്റെയും ഇടയിലെ അതിർവരമ്പാണ് ഉത്സവമേളകൾ എന്ന് ബക്തിൻ സമർത്ഥിക്കുന്നു. ഒരു വിശാല നാടകത്തിന്റെ വഴിമാറ്റമാണ് നാമിവിടെ കാണുന്നത്. ഓരോ മനുഷ്യനും ജീവിതത്തെ അതായിക്കണ്ടാസ്വദിക്കുന്നത് ബക്തിൻ തന്റെ കാർണിവൽ തിയറിയിലൂടെ വ്യക്തമാക്കുന്നുണ്ട്. ഉത്സവം ഒരു ടോട്ടൽ തിയേറ്ററായിട്ടാണ് (പരിപൂർണ്ണ നാടകം) ബക്തിൻ കാണുന്നത്.

ലോക നാടകവേദിയുടെ ചരിത്രത്തെ സംബന്ധിച്ച് വ്യക്തമായ അവബോധം ബക്തിനുണ്ടായിരുന്നു. വ്യത്യസ്ത നാടക സംവിധായകരുടെ നാടകാവതരണ കാഴ്ചപ്പാടുകളെ സംബന്ധിച്ച് ബക്തിൻ പഠനങ്ങൾ നടത്തിയിട്ടുണ്ട്. രംഗവേദിയുടെ സൗന്ദര്യശാസ്ത്രവും ചരിത്രവും (Asthetics

and History of the Theatre) എന്ന പ്രഭാഷണം ഇതിന് തെളിവാണ്. Theatre എന്ന മൈക്കൾ ബ്രിസ്റ്റോളിന്റെ പുസ്തകത്തെ ജീവിതപാഠമാക്കുകയാണ് ബക്തിൻ ചെയ്യുത്.

നാടകത്തിന് എവിടെയും സ്ഥാനമുണ്ടെന്നും അത് പരിപൂർണ്ണമായ ജീവിതത്തിന്റെ ആഖ്യാനമാണെന്നും ബക്തിൻ കണ്ടെത്തുന്നുണ്ട്. ഉത്സവകാലത്ത് ഉല്ലാസഭരിതമായ പങ്കാളിയുടെ ശരീരം ഒരു നടന്റെ ശരീരവുമായി ബന്ധപ്പെടുത്തി ബക്തിൻ ഇങ്ങനെയാണ് പറയുന്നത്. അതൊരു അടച്ചിട്ട പൂർണമായ വസ്തുവല്ല. സ്വന്തം അതിർത്തികളെ അതിജീവിക്കുന്ന രൂപാന്തരപ്പെടുത്തുന്ന അപൂർണ്ണമായ ഒന്നാണ്. ശരീരം പുറം ലോകവുമായി സംവദിക്കുന്ന ഭാഗങ്ങളിലാണ് സമ്മർദ്ദം ഉണ്ടാകുക - പുറംലോകം ശരീരത്തിലേയ്ക്ക് പ്രവേശിക്കുന്നതോ അത് പുറത്തേയ്ക്ക് പോയി പുറംലോകത്തെ കാണുന്നതോ ആയ ഭാഗങ്ങളാണവ - നാടകവും ജീവിതവും രണ്ടല്ല എന്നതിന് തെളിവാണിത്. നാടകത്തെ നിലനിർത്തിക്കൊണ്ടു തന്നെ നാടകവും ജീവിതവുമായ സജീവ ബന്ധത്തെ വിശദീകരിക്കുകയാണ് ബക്തിൻ ചെയ്യുത്. മനുഷ്യശരീരവും അതിന് ഈ ലോകവുമായുള്ള പ്രതിപ്രവർത്തനങ്ങളും സാഹിത്യപരമായും തത്വശാസ്ത്രപരമായും മനസ്സിലാക്കാൻ ശ്രമിക്കുന്നതോടെ അതിന് രൂപാന്തരം സംഭവിക്കുന്നുവെന്ന് ബക്തിൻ കണ്ടെത്തി.

ശരീരത്തിലെ എല്ലാ അവയവങ്ങളേയും ഏകോപിപ്പിക്കുന്ന ഒരഭിനയ രീതിയാണ് ബക്തിൻ കണ്ടെത്തിയത്. അതുകൊണ്ടുതന്നെയാണ് ഉത്സവമേളകളിൽ സ്വയം മറന്ന് ജീവിക്കുന്നവരുടെ 'തിയേറ്റർ സംസ്കാരം' ബക്തിൻ കണ്ടെത്തിയത്. ഉത്സവമേളകളിലെ ജനതതി വെറും ജനക്കൂട്ടമല്ല മൊത്തത്തിൽ ഓരോരുത്തരും തങ്ങളുടേതായ രീതിയിൽ അവരവരുടെ വഴി ചിട്ടപ്പെടുത്തുകയും അത്തരത്തിൽ ഒരു രാഷ്ട്രീയ സാംസ്കാരിക കൂട്ടായ്മ രൂപപ്പെടുത്തുകയും ചെയ്യുമെന്നാണ് ബക്തിന്റെ കണ്ടെത്തൽ.

ജനസമ്മിതിയുള്ള സാഹിത്യവും രംഗവേദിയും തമ്മിലുള്ള ബന്ധം ബക്തിൻ അവതരിപ്പിക്കുന്നുണ്ട് മാൻകൈൻഡ് (Mankind) എന്ന നാടകത്തിലെ ഹെൽസ് മൗത്തിനെ (Hells mouth) അതിലെ ഏദയാലുക്കളായ ഭീമൻമാരുമായി താരതമ്യം ചെയ്യുന്നത് ഇതിന് തെളിവാണ് രംഗവേദിയെ വ്യത്യസ്ത തലങ്ങളാക്കി ത്രിമാനതലത്തിൽ ചിത്രീകരിച്ചുകൊണ്ട് ബക്തിൻ നാടക വിശദീകരണം നടത്തുന്നുണ്ട്. മുകളിൽ വലതുഭാഗത്തായി പറുദീസ, മധ്യത്തിൽ നടുഭാഗത്തായി ഭൂമി, താഴെ ഇടതുഭാഗത്തായി നരകം എന്ന രീതിയിലുള്ള തീയേറ്റർ ക്രമീകരണത്തെക്കുറിച്ച് ബക്തിൻ പറയുന്നുണ്ട്.

ലോക പ്രശസ്തമായ നാടകസങ്കേതങ്ങളെക്കുറിച്ചെല്ലാം ബക്തിന് സൂക്ഷ്മമായ തിരിച്ചറിവുകൾ ഉണ്ടായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ ആഡംഡിഹാളിന്റെ ഫുട്ലൈറ്റുകളുടെ അഭാവത്തിൽ കളിച്ച The play in the Bower എന്ന നാടകത്തെക്കുറിച്ച് ഒരു സർവ്വവിജ്ഞാനകോശം പോലെയാണ് ബക്തിൻ സംവദിക്കുന്നത്. അരങ്ങും മനുഷ്യനും അഭേദ്യമായി ബന്ധപ്പെടണമെന്ന കാഴ്ചപ്പാടാണ് ബക്തിനുണ്ടായിരുന്നത്. ബക്തിന്റെ കാഴ്ചപ്പാടുകളെക്കുറിച്ച് നിരവധി വിമർശനങ്ങളും നിരൂപണങ്ങളും പിൽക്കാലത്തുണ്ടായിട്ടുണ്ട്.

ഷേക്സ്പിയർ കൃതികളിലെ നാടകീയതയെ സംബന്ധിച്ചും അർത്ഥവ്യാപ്തിയെ സംബന്ധിച്ചും നിരവധി പഠനങ്ങൾ ബക്തിൻ നടത്തിയിട്ടുണ്ട്. ഇത്തരം പഠനങ്ങളെല്ലാം ഷേക്സ്പിയർ നാടകങ്ങളുടെ ഉത്സവപരതകളിലേക്കുള്ള ജനകീയ സാമീപ്യങ്ങളായിട്ടാണ് ബക്തിൻ കണ്ടത്. ലോകപ്രശസ്തരായ എഴുത്തുകാരുടെ വിശിഷ്ടകൃതികളെ ബക്തിൻ ഇത്തരത്തിൽ നാടകീകരിക്കുന്നുണ്ട്. ക്രിയാത്മകമായ സംഭാഷണങ്ങൾക്കാണ് അദ്ദേഹം എപ്പോഴും പ്രാധാന്യം നൽകിയത്. ഒരു വ്യക്തിയെ, ഒരു ബന്ധത്തെ, ഒരു സമൂഹത്തെ ഉണർത്തി നിർത്താൻ വളരെ ഊർജ്ജസ്വലമായ പ്രതികരണങ്ങളിലൂടെ ഉരുത്തിരിയുന്ന ഒരു സംഭാഷണ പരമ്പരയിലൂടെ മാത്രമേ സാധിക്കൂ എന്ന് ബക്തിൻ തന്റെ കൃതികളിലൂടെ വെളിപ്പെടുത്തി. മാനവലോകത്തിൽ അർത്ഥങ്ങളെല്ലാം ജന്മമെടുക്കുന്നത് വ്യക്തിഗതമായ അർത്ഥങ്ങളിൽ നിന്നാണെന്ന് ബക്തിൻ നിർവ്വചിച്ചു.

ഏത് ഭാഷയും ഉച്ചരിക്കപ്പെടുമ്പോൾ സമ്മതമോ വിസമ്മതമോ അല്ല അമ്മാതിരി എന്തെങ്കിലും ഒരു രൂപത്തിലേയ്ക്ക് അത് പരിവർത്തനം ചെയ്യുന്നുവെന്ന് ബക്തിൻ കണ്ടെത്തുന്നു. ഭാഷയുടെ അർത്ഥവും ഉറപ്പുള്ള യാഥാർത്ഥ്യങ്ങളും ഒരുമിച്ചുചരിക്കുന്ന വാക്കിലെത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ പ്രതികരണങ്ങളിൽ ഊർജ്ജസാഫല്യം ഉണ്ടാകൂ എന്ന് ബക്തിൻ കണ്ടെത്തുന്നു. സ്റ്റാൻസലാവസ്കിയുടെ യഥാർത്ഥ ജീവിതം പോലെ നമ്മെ ബോധ്യപ്പെടുത്തുന്ന ഒന്നാവണം അഭിനയവും എന്ന വിശ്വാസത്തിനോട് ഒത്തു നിൽക്കുന്നതാണ് ബക്തിന്റെ കണ്ടെത്തലുകൾ.

നോവലുൾപ്പെടെയുള്ള ഗദ്യസാഹിത്യത്തിലെ രംഗഭാഷകളെക്കുറിച്ചാണ് ബക്തിൻ ചർച്ച ചെയ്യുത്. തന്റെ വിശദീകരണങ്ങളിലൂടെ എഴുത്തുകാരനിലെ നാടക വൈദഗ്ധ്യം പുറത്തു കൊണ്ടുവരാനാണ് അദ്ദേഹം ശ്രമിക്കുന്നത്. സാഹിത്യത്തിന്റെ വിവിധ മേഖലകളുമായി നാടകത്തെ ബന്ധപ്പെടുത്തുകയും ഒരു ഉത്സവകാല കാഴ്ചപ്പാടിൽ അതിനെ വിലയിരുത്തുകയുമാണ് ബക്തിൻ ചെയ്യുത്. രംഗഭാഷയിലെ നൂതന സമീപനങ്ങളെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ബക്തിൻ അവതരിപ്പിക്കുന്നുണ്ട്. ആധുനിക നാടകവേദിക്ക് ഒരു പക്ഷേ അതൊരു മുതൽക്കൂട്ടായിരിക്കും.

### ഗ്രന്ഥസൂചി


1. മുരളീധരൻ നെല്ലിക്കൽ. വിശ്വസാഹിത്യദർശനങ്ങൾ. 6-ാം പ. കോട്ടയം : ഡി.സി.ബുക്സ്, ജൂലൈ 2011.

2. Bakthin, M.M. The Dialogic Imagination, Ed. Michael Holquist, Tr Caryl Emerson and Michael Holquist. Austin: University of Texas Press, 1981.

3 Bakthin, M.M. Rebelais and His World. Indiana University Press, 1984.

4. Bristol, M. Carnival and Theatre. London : Methuen 1985.

5. Rajendra, P. Sharma. Mikhael Bakthin's Theory of the Novel. New Delhi : Dominant Publisher's and Distributors, 2009.

6 Raymond Williams. Keywords : A vocabulary of Cultural and Soceity. New York : Oxford University Press, 1985.

സർവ്വീസ് സെൽ

അധ്യാപകരുടെ
സർവീസ് സംബന്ധമായ
സംശയങ്ങൾ ഇമെയിൽ
ആയി അറിയിക്കുക
jogyalex@rediffmail.com

# പ്രമോഷൻ കോഴ്സുകൾ

**യുജിസി 2018 റെഗുലേഷൻ പ്രകാരം പ്രൊമോഷൻ ലഭിക്കുന്നതിന് ആവശ്യമായ കോഴ്സുകളിൽ (Orientation / Refresher ) പങ്കെടുക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമം വ്യക്തമാക്കാമോ?**

യുജിസി 2018 റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസ്സർ സ്റ്റേജ് ഒന്നിൽ നിന്ന് രണ്ടിലേക്കും അവിടെ നിന്ന് മൂന്നിലേക്കും പിന്നീട് അസ്സോസിയേറ്റ് പ്രൊഫസ്സർ തസ്തികയിലേക്കും പ്രൊമോഷൻ ലഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## Career Advancement Scheme (CAS) for Colleges teachers

### I. Assistant Professor (Academic Level 10) to Assistant Professor (Senior Scale/AcademicLevel 11)

**Eligibility:**

Assistant Professors who have completed four years of service and having a Ph.D.degree or five years of service and having a M.Phil. / PG Degree in Professional Courses, suchas LLM, M.Tech.,M.V.Sc., M.D., or six years of service for those without Ph.D./M.Phil./ PG Degreein Professional courses.

Attended one Orientation course of 21 days' duration on teaching methodology; andAny one of the following:

Completed one Refresher / Research Methodology Course

OR

Any two of the following: Workshop, Syllabus Up-gradation Workshop, Training Teaching-Learning-Evaluation, Technology Programmes and Faculty Development Programmes of at least oneweek (5 days) duration,

**ജോജി അലക്സ്**
സെന്റ് തോമസ് കോളേജ്, പാല
(കൺവീനർ, സർവ്വീസ് സെൽ)



OR

Completed one MOOCs course (with e-certification) or development of e-contents in four-quadrants/ MOOC's course during the assessment period.

(ഈ വിഭാഗത്തിലെ പ്രമോഷന് 21 ദിവസം ദൈർഘ്യമുള്ള ഒരു orientation course നിർബന്ധമാണ്. ഒപ്പം ഒരു റിഫ്രഷർ കോഴ്സ്. അതുമല്ലെങ്കിൽ 5 ദിവസം ദൈർഘ്യമുള്ള രണ്ട് കോഴ്സുകൾ നിർബന്ധമാണ്)

## II. Assistant Professor (Senior Scale/ Academic Level 11) to Assistant Professor (SelectionGrade/Academic Level 12)

Eligibility:

Assistant Professors who have completed five years of service in Academic Level 11/Senior Scale.

Any two of the following in the last five years of Academic Level-11/ Senior Scale: Completed courses/programmes from among the categories of Refresher Courses/Research Methodology course/ Workshops/Syllabus Up Gradation Workshop/ Teaching-Learning-Evaluation/ Technology Programmes/ Faculty Development Programme/ Syllabus Up-gradation Workshop/ Teaching-Learning- Evaluation/ Technology Programmes/ Faculty Development Programmes of at least two weeks (ten days) duration (or completed two courses of at least one week (five days) duration in lieu of every single course/programme of at least two weeks (ten days) duration); or completed MOOCs course in the relevant subject (with e-certification); or Contribution towards development of e-content in 4-quadrant (at least one quadrant) minimum of 10 modules of a course/contribution towards development of at least 10 modules of MOOCs course/ contribution towards conducting of a MOOCs course during the period of assessment.

ഈവിഭാഗത്തിൽ 10 ദിവസം ദൈർഘ്യമുള്ള രണ്ട്റിഫ്രഷർ കോഴ്സുകൾ അല്ലെങ്കിൽ അല്ലെങ്കിൽ 5 ദിവസം ദൈർഘ്യമുള്ള 4 കോഴ്സുകൾ നിർബന്ധമാണ്. (2010 റെഗുലേഷനിൽ ഇത് ഒരു റിഫ്രഷർ കോഴ്സ് ആണ്.)

## III. Assistant Professor (Selection Grade/ Academic Level 12) to Associate Professor (AcademicLevel 13A)

Eligibility:

Assistant Professor who has completed three years of service in Academic Level 12/Selection-Grade.

A Ph.D. degree in subject relevant /allied/relevant discipline.

Any one of the following during the last three years: completed one course / programme from amongst the categories of Refresher Courses/ Methodology Workshop/Syllabus Up-gradation Workshop/ Teaching- Learning-Evaluation Technology Programme/ Faculty Development Programme of at least two weeks (ten days) duration (or completed two courses of at least one week (five days) duration in lieu of every single course/programme of at least two weeks (ten days) duration); or completed one MOOCs course (with e-certification); or contribution towards development of e-contents in 4-quadrant(at least one quadrant) minimum of 10 modules of a course/contribution towards development of at least 10 modules of MOOCs course/ contribution towards conduct of a MOOCs course during the period of assessment.

ഈ വിഭാഗത്തിൽ 10 ദിവസം ദൈർഘ്യമുള്ള ഒരു റിഫ്രഷർകോഴ്സ് അല്ലെങ്കിൽ 5 ദിവസം ദൈർഘ്യമുള്ള 2 കോഴ്സുകൾ നിർബന്ധമാണ്. (2010 റെഗുലേഷനിൽ ഇത് ഒരു short term കോഴ്സ് മാത്രമാണ്)

യുജിസിയുടെ നിർദ്ദേശമനുസരിച്ച് ഇതിനകം 2010 റെഗുലേഷൻ പ്രകാരം കോഴ്സുകൾ കൂടിയിട്ടുള്ള ആളുകൾക്ക് അത്പ്രകാരം 2021 ജൂലൈ 18 വരെ പ്രൊമോഷൻ നേടാവുന്നതാണ്.

വിവിധ സ്കെയിലുകളിലേക്ക് പ്രമോഷൻ ലഭിക്കാൻ അർഹത ഉള്ളവരും എന്നാൽ കോഴ്സുകളിൽ യഥാസമയം പങ്കെടുക്കാൻ കഴിയാത്തത് മൂലം പ്രൊമോഷൻ ലഭിക്കാതെ ഇരിക്കുകയോ / വൈകുകയോ ചെയ്യുവരും ആയ അധ്യാപകർക്ക് വേണ്ടി യുജിസി 2018 ഡിസംബർ 31 വരെ ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രകാരം 31 / 12 / 2018 നാളിൽ കോഴ്സുകൾ കൂടിയിട്ടുള്ള അധ്യാപകർക്ക് അവരുടെ പ്രൊമോഷൻ ഡേറ്റിൽ തന്നെ പ്രൊമോഷൻ നൽകുന്നതിന് തടസ്സം ഇല്ല എന്ന് റഗുലേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്.

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. ഡി.1/26860/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി. 14/10/2019
ഫോൺ: 0471-2303107

## പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ആർജ്ജിത അവധികൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 1).30/09/2019 തീയതിയിലെ ഡി1/60/2016/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

2). 23/01/2019 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

3). 07/01/2015 തീയതിയിലെ നമ്പർ. 35814/ഡി1/14/ഉ.വി.വ സർക്കാർ കത്ത്.

4). 17/08/2010 തീയതിയിലെ ഈ ഓഫീസിലെ ഡി1/34858/10 നമ്പർ കത്ത്.

****

ഏപ്രിൽ / മേയ് മാസങ്ങളിൽ പരീക്ഷാഡ്യൂട്ടി ചെയ്യുന്നത് വഴി ലഭിക്കുന്ന ആർജ്ജിത അവധികൾ യഥാസമയം സേവനപുസ്തകത്തിൽ രേഖപ്പെടുത്താൻ കഴിയാത്ത കാരണം ആനുകൂല്യങ്ങൾ നഷ്ടമാകുന്നുയെന്ന് കാണിച്ചു കൊണ്ടുള്ള എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനായി സൂചന (2) പ്രകാരം കത്ത് നൽകിയിരുന്നു. സർക്കാർ ഈ വിഷയം പരിശോധിച്ച് സൂചന (1) പ്രകാരം മറുപടി നൽകിയതനുസരിച്ച് ആർജ്ജിതാവധികൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന (4) പ്രകാരം നൽകിയ കത്തിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1). 30/06/2010 ന് ശേഷമുള്ള പരീക്ഷാ ഡ്യൂട്ടി, ഇൻവിജിലേഷൻ ഡ്യൂട്ടി എന്നിവ നോക്കിയിട്ടുള്ള വിവരങ്ങൾ ഇതുവരെ സേവനപുസ്തകത്തിൽ രേഖപ്പെടുത്താത്ത കോളേജുകളിൽ പരീക്ഷാ ഡ്യൂട്ടി രജിസ്റ്റർ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് നിലവിലെ പ്രിൻസിപ്പാൾ എത്ര ദിവസത്തെ ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്ന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പ്രസ്തുത വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ രേഖപ്പെടുത്തുന്ന വിവരങ്ങളിൽ പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് പിന്നീടുള്ള പരിശോധനാ വേളകളിൽ എപ്പോഴെങ്കിലും ബോധ്യപ്പെട്ടാൽ ഇതുവഴി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക

നും പ്രിൻസിപ്പാൾമാരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ആർജ്ജിത അവധി അനുവദിച്ചുകൊണ്ടുള്ള പ്രിൻസിപ്പാളിന്റെ ഉത്തരവും സേവനപുസ്തകവും അനുബന്ധ രേഖകളുടെ ശരിപ്പകർപ്പോടുകൂടി മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിൽ നൽകി സറണ്ടർ ആനുകൂല്യം കൈപ്പറ്റാവുന്നതാണ്.

2). സേവനപുസ്തകങ്ങൾ സർവ്വീസ് സംബന്ധമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനായി മേഖലാഓഫീസുകളിലേക്ക് അയച്ചു കൊടുക്കുന്നതിനാൽ ആർജ്ജിതാവധികൾ യഥാസമയം രേഖപ്പെടുത്താൻ കഴിയാതെ വരുന്നത് ഒഴിവാക്കുന്നതിനായി 2019-20 അദ്ധ്യയന വർഷം മുതൽ പുതുതായി ഒരു Earned Leave Entitlement Register ഡെപ്യൂട്ടി ഡയറക്ടർ സൂക്ഷിക്കേണ്ടതും യഥാസമയം ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെയും പ്രിൻസിപ്പാളിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. അതിലേക്കായി താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**(i).** പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരെ അതിന് അനുവദിച്ചുകൊണ്ട് പ്രിൻസിപ്പാൾ ഉത്തരവ് നൽകേണ്ടതാണ്.

**(ii).** പരീക്ഷാ ഡ്യൂട്ടി ചെയ്ത് കഴിഞ്ഞ് പരീക്ഷാ ഡ്യൂട്ടി കൺട്രോളർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏൺഡ് ലീവിന്റെ അർഹത നിശ്ചയിച്ച് പ്രിൻസിപ്പാൾ ഉത്തരവ് നൽകേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ നടത്തേണ്ടതുമാണ്..

**(iii).** ഇത്തരത്തിൽ സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടോയെന്ന് പ്രസ്തുത അദ്ധ്യാപകൻ പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ വെക്കേഷൻ ഡ്യൂട്ടി ചെയ്ത് മൂന്ന് മാസത്തിനകം അത് സംബന്ധിച്ചുള്ള പരാതി നൽകേണ്ടതുമാണ്.

**(iv).** പ്രിൻസിപ്പാൾ ഇത്തരം പരാതികളിൽ തീരുമാനമെടുക്കാത്തപക്ഷം പ്രസ്തുത അദ്ധ്യാപകൻ ആവശ്യമായ രേഖകൾ സഹിതം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകേണ്ടതാണ്. അത്തരം പരാതികളിൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

**(v).** മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രിൻസിപ്പാളിന്റെ റിട്ടയർമെൻറിന് മുമ്പ് നടത്തുന്ന ആഡിറ്റിൽ സേവനപുസ്തകങ്ങൾ പരിശോധിക്കേണ്ടതും ഏത് പ്രിൻസിപ്പാളിന്റെ കാലയളവാണോ പരിശോധിക്കുന്നത് അദ്ദേഹത്തിന്റെ പ്രവർത്തന കാലയളവിലുള്ള ഏൺഡ് ലീവ് സറണ്ടറിനെ സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ എല്ലാം തന്നെ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**(vi).** ഇത്തരത്തിൽ ഏൺഡ് ലീവ് സറണ്ടറിനായി പരീക്ഷാ ഡ്യൂട്ടി ചെയ്ത കാലയളവ് കൃത്യമായി ഉത്തരവിറക്കി സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാളിനും അത് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട അദ്ധ്യാപകന്റെ കടമയുമായിരിക്കും.

വിശ്വസ്തതയോടെ,

(ഒപ്പ്)

വിഘ്നേശ്വരി. വി IAS

കോളേജ് വിദ്യാഭ്യാസഡയറക്ടർ




# സംസ്ഥാന പ്രവർത്തക ക്യാമ്പ്

എ.കെ.പി.സി.ടി.എ. ദ്വിദിന സംസ്ഥാന ക്യാമ്പ് ഒക്ടോബർ 12, 13 തീയതികളിൽ ബത്തേരി അദ്ധ്യാപക ഭവനിൽ നടന്നു. സിപിഐ(എം) സംസ്ഥാന കമ്മിറ്റി അംഗം സി.കെ. ശശീന്ദ്രൻ ഉദ്ഘാടനം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡോ. സി. പത്മനാഭൻ അദ്ധ്യക്ഷനായി. ഡൽഹി ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലെ പ്രൊഫ. സി.പി. ചന്ദ്രശേഖരൻ മുഖ്യപ്രഭാഷണം നടത്തി. ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ പി.ആർ. ജയപ്രകാശ് സംസാരിച്ചു. എ.കെ.പി.സി.ടി.എ. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പി.എൻ. ഹരികുമാർ സ്വാഗതവും ഡോ. കെ.പി. വിനോദ്കുമാർ നന്ദിയും പറഞ്ഞു. ഡോ. പി.എൻ. ഹരികുമാർ സംഘടനാരേഖ അവതരിപ്പിച്ചു. വിവിധ വിഷയങ്ങളിൽ സബ് കമ്മിറ്റികളുടെ കൺവീനർമാരായ ഡോ. പി.കെ. കുശലകുമാരി, ഡോ. വി.പി. മാർക്കോസ്, ഡോ. കെ.ആർ. കവിത, ജോജി അലക്സ്, ഡോ. എ.എസ്. സുമേഷ് എന്നിവർ സംസാരിച്ചു. ഡോ. പി.കെ. പത്മകുമാർ (എം.ജി.), എ. നിശാന്ത് (കണ്ണൂർ), ഡോ. കെ.പി. വിനോദ്കുമാർ (കലിക്കറ്റ്), ഡോ. കെ. വിജയൻപിള്ള (കേരള) എന്നിവർ സിൻഡിക്കേറ്റ് പ്രവർത്തനരേഖകൾ അവതരിപ്പിച്ചു. ഷീല എം. ജോസഫ് അദ്ധ്യക്ഷയായി. പ്രമോദ് വെള്ളച്ചാൽ ക്യാമ്പിനെ പരിചയപ്പെടുത്തി. പ്രവർത്തനരേഖയിൽ പ്രതിനിധികൾ ഗ്രൂപ്പ് ചർച്ച നടത്തി. ക്യാമ്പിൽ മേഖലകൾ തിരിച്ച് റിപ്പോർട്ടിംഗ് നടന്നു.. സംഘടനാ ചരിത്രം എന്ന വിഷയത്തിൽ പ്രൊഫ. വി.എൻ. മുരളി ക്ലാസ്സെടുത്തു. ആർ. ഇന്ദുലാൽ, പ്രൊഫ. സി.എം. ശ്രീജിത്ത് എന്നിവർ സംസാരിച്ചു. സംസ്ഥാനത്തെ നാല് സർവ്വകലാശാലകളിൽ ഉൾപ്പെട്ട കോളേജുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറോളം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.



KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.275

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- OCTOBER- 2019



***With Best Compliments***

***from***

**mainSpring publishers**

No. 10A (Old No. 64) Ashtalakshmi Nagar,
4th Street, Velachery, Chennai – 600 042.
Email: mainspringpublishers@gmail.com
Phone: 9445156719 / 9344188877



Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Chief Editor : Dr. A.S. Sumesh**